# അയർക്കുന്നം ഗ്രാമപഞ്ചായത്ത്

വാല്യം 54

ള്ളം ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. അയർകുന്നം
2. കുമരകം
3. നാട്ടകം
4. പുതുപ്പള്ളി
5. പനച്ചിക്കാട്
6. തിരുവാർപ്പ്
7. വിജയപുരം



# സമഗ്ര വികസന രേഖ

54 — 1

# അധികാരം ജനങ്ങളിലേക്ക്

ഒമ്പതാം പദ്ധതി ജനകീയ പദ്ധതി

## അയർക്കുന്നം ഗ്രാമ പഞ്ചായത്ത്

## വികസന രേഖ

1996

# എഡിറ്റോറിയൽ ബോർഡ്


| | |
|---|---|
| ചീഫ് എഡിറ്റർ | : എം.ജി. വേലപ്പൻ നായർ |
| സബ് എഡിറ്റേഴ്സ് | : കെ.ഒ. തൊമ്മൻ |
| | : സി.സി. മത്തായി |
| | : കെ.എം. മത്തായി |
| അംഗങ്ങൾ | : എ.എ. മാത്യു ഏലന്താനം |
| | : എൻ. സി. ജോസഫ് |
| | : ടി.ബി. പത്മകുമാരി |
| | : ഫ്ളോറി മാത്യു |
| | : ടി.വി. മോഹൻ കുമാർ |
| | : കെ.വൈ. ജോസഫ് |
| | : സി.ഡി. റെജി, മണിലേട്ട് |
| | : എം.എസ്. എബ്രഹാം |
| | : വി.എസ്. മാത്യു |
| | : പി.കെ. ദാമോദരൻ |
| | : എ.സി. ബേബിച്ചൻ |
| | : സിറിൾ എം. ജോസഫ് |
| ഫോട്ടോ | : അഗ്നി സ്റ്റുഡിയോ, കോട്ടയം |
| കവർ & ലേഔട്ട് | : ഹൈബ, കോട്ടയം |

# നമ്മുടെ സാരഥികൾ



എം.ജി. വേലപ്പൻ നായർ
പ്രസിഡൻറ് (മെമ്പർ വാർഡ് 11)



ജോസഫ് ചാമക്കാല
വൈസ് പ്രസിഡൻറ്
(മെമ്പർ വാർഡ് 6)



ജോയി കൊറ്റത്തിൽ
സ്റ്റാൻറിംഗ് കമ്മറ്റി ചെയർമാൻ
(മെമ്പർ വാർഡ് 9)



മോനി പനവേലിമറ്റം
(മെമ്പർ വാർഡ് 2)



മറിയാമ്മ ജോർജുകുട്ടി
(മെമ്പർ വാർഡ് 3)



ഏലിയാമ്മ ബാബു
(മെമ്പർ വാർഡ് 1)



രാമൻ ശാന്തി
(മെമ്പർ വാർഡ് 4)



സിറിൾ എം. ജോസഫ്
(മെമ്പർ വാർഡ് 7)



കുഞ്ഞുമോൻ വി.സി.
(മെമ്പർ വാർഡ് 8)



മേരി ജോർജ്
(മെമ്പർ വാർഡ് 5)



ടി.ബി. പത്മകുമാരി
(മെമ്പർ വാർഡ് 10)



പി.ഇ.ജി. നമ്പൂതിരി
(മെമ്പർ വാർഡ് 12)



എ.എ. മാത്യു ഏലന്താനം
(ജനറൽ കൺവീനർ)



പോൾ ജേക്കബ്
(സെക്രട്ടറി ഗ്രാമപഞ്ചായത്ത്)



ഫ്ളോറി മാത്യു
(ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡൻറ്)



മാണി വള്ളിക്കാട്
ബ്ലോക്ക് പഞ്ചായത്ത് മെമ്പർ



കേരളം
Kottayam




ERNAKULAM
കോട്ടയം ജില്ല
IDUKKI
ALLEPPEY
കുമരകം
PATHANAMTHITTA
VAIKOM TALUK
MEENACHIL TALUK
CHANGANACHERRY TALUK
KANJIRAPPALLY TALUK

# അയർക്കുന്നം പഞ്ചായത്ത്



“എല്ലാവരുടെയും
അത്യാവശ്യങ്ങൾ
നിറവേറ്റാൻ വേണ്ട
വിഭവങ്ങൾ
ഈ പ്രകൃതിയിലുണ്ട്.
എന്നാൽ ആരുടെയും
ദുരയെ
തൃപ്തിപ്പെടുത്തുവാൻ
വിഭവങ്ങളില്ല താനും.”

– മഹാത്മാഗാന്ധി

# ഉള്ളടക്കം


| | |
|---|---|
| ആമുഖം | 1 |
| പഞ്ചായത്ത്, പൊതു വിവരണം | 3 |
| സാമൂഹിക സാംസ്കാരിക ചരിത്രം | 4 |
| ഭൂപ്രകൃതി- ജലവിഭവം-ജനങ്ങൾ | 8 |
| വികസന മേഖലകൾ | 12 |
| കൃഷിയും ജലസേചനവും | 13 |
| മൃഗസംരക്ഷണവും മത്സ്യബന്ധനവും | 18 |
| വ്യവസായം | 25 |
| ഗതാഗതം-ഊർജം-മാർക്കറ്റ് | 30 |
| വിദ്യാഭ്യാസം | 43 |
| കുടിവെള്ളവും പൊതുജനാരോഗ്യവും | 49 |
| പാർപ്പിടവും സാമൂഹ്യക്ഷേമവും | 51 |
| സംസ്ക്കാരം | 54 |
| വനിതാക്ഷേമം | 56 |
| സഹകരണം | 59 |
| പട്ടികജാതി പട്ടിക വർഗ്ഗ ക്ഷേമം | 62 |
| വിഭവ സമാഹരണം | 64 |
| ഉപസംഹാരം | 70 |



ആദ്യത്തെ പ്രസിഡണ്ട്
കെ.കെ. ജോർജ്
ഞാറയ്ക്കൽ, അരീപ്പറമ്പ്



പഠന പര്യടനം - ഒരു വീക്ഷണം

# ആമുഖം

ഭാരതാംബ അടിമച്ചങ്ങലപൊട്ടിച്ച് സ്വാതന്ത്ര്യം നേടിയ പൊൻപുലരി പൊട്ടിവിടർന്ന പുണ്യദിനം! അതാണ് 1947 ആഗസ്റ്റ് 15:

ഒട്ടേറെ ശുഭപ്രതീക്ഷകളോടു കൂടിയാണ് ജനം സ്വാതന്ത്ര്യദിനം കൊണ്ടാടിയത്. വർഷങ്ങൾ കടന്നു പോയി. അരനൂറ്റാണ്ടു പിന്നിടുകയും ചെയ്തു. പുരോഗതിയുടെ നിലവാരം ഒട്ടുയർന്നതുമില്ല. ജനം നിരാശയിലാണ്ടു. അവർ ചിന്തിക്കുവാൻ തുടങ്ങി. അതാ, ഒരു രജതരേഖ; അവർക്കു മുന്നിൽ തെളിയുകയായി! അതത്രെ ജനകീയാസൂത്രണം! ഒമ്പതാംപദ്ധതിയുടെ അന്ത:സത്തയും!

അധികാരവും ആസൂത്രണവും മുകളിൽ നിന്ന് എന്ന ചിന്താഗതി പ്രബലപ്പെട്ടു! ജനകീയാവശ്യങ്ങൾ പിന്തള്ളപ്പെടുകയും ചെയ്തു. ജനമാണ് പരമാധികാരി എന്ന ജനാധിപത്യതത്വം വിസ്മരിക്കപ്പെട്ടു. സമ്പന്നവർഗ്ഗം കൂടുതൽ സമ്പന്നമായി. ദരിദ്രവർഗ്ഗം കൂടുതൽ ദരിദ്രരും. അയർക്കുന്നം ഗ്രാമത്തെ സംബന്ധിച്ചും ഇതത്രയും ശരി തന്നെ.

അയർക്കുന്നം ഗ്രാമം! പ്രകൃതി കനിഞ്ഞനുഗ്രഹിച്ച ഭൂവിഭാഗം! പ്രകൃതി രമണീയത്തിൽ അദ്വിതീയം! ഫലഭൂയിഷ്ടമായ മണ്ണ്! വൈവിധ്യമാർന്ന സസ്യജാലം! മനോഹരമായ ഭൂപ്രകൃതി! തലങ്ങും വിലങ്ങും പ്രവഹിക്കുന്ന കൊച്ചരുവികൾ! പച്ചപ്പട്ടു വിരിച്ച നെൽപ്പാടങ്ങൾ! വൃക്ഷനിബിഡങ്ങളായ കുന്നുകൾ! ഹരിതാഭമാർന്ന സമ തലങ്ങൾ! തീർന്നില്ല പ്രകൃതി വിഭവങ്ങളുടെ പട്ടിക. ആ പട്ടിക നീളുകയാണ്!

ഇഷ്ട തോഴിയെപ്പോലെ ഗ്രാമത്തിൻെറ വടക്കു പടിഞ്ഞാറുഭാഗത്തെ തഴുകിയൊഴുകുന്ന ഘനഗംഭീരയും, ശാലീനസുന്ദരിയുമായ മീനച്ചിലാറ്! ഗ്രാമത്തെ തെക്കു വടക്കുഭാഗങ്ങളായി തിരിക്കുന്ന, കാലവർഷക്കാലത്ത് സർവ്വസംഹാരിണിയായി ഉഗ്രരൂപം പൂണ്ട് കൂലങ്ങളെ കാർന്നു തിന്നു കൊണ്ട് രക്താഭയോടെ പ്രവഹിക്കുന്ന പന്നഗ സദൃശയായ പന്നഗം തോട്!! ഇവ രണ്ടും, ആറും തോടും- ഗ്രാമത്തിൻെറ പ്രകൃതി ഭംഗിക്ക് മകുടം ചാർത്തുന്നു. മാത്രമല്ല, ഉല്പത്തി സ്ഥാനത്തു നിന്നും എക്കൽ മണ്ണ് കൊണ്ടു വന്ന് ഗ്രാമത്തെ ഫലഭൂയിഷ്ഠമാക്കുന്നു! സമ്പന്നമാക്കുന്നു! ജലസമ്പത്തു കൊണ്ട് ചിലപ്പോഴൊക്കെ ഗ്രാമവാസികളെ വീർപ്പു മുട്ടിക്കുകയും ചെയ്യുന്നു.

എല്ലാറ്റിനുമുപരിയായി, തിലകച്ചാർത്തെന്ന വണ്ണം വിവിധ ജാതി മതസ്ഥരായ ജനസമൂഹം! കണ്ണിലെ കൃഷ്ണമണിപോലെ, അവർ കാത്തു സൂക്ഷിച്ച സമുദായമൈത്രി! ഇവയെല്ലാം സമഞ്ജസമായി സമ്മേളിച്ച് ഗ്രാമജീവിതം അർത്ഥപൂർണ്ണവും അത്യാകർഷകവുമാക്കുന്നു.

''കുളിരുമ്പോഴില്ലാത്ത കുപ്പായം''- അതായിരുന്നു നാം പൂർത്തിയാക്കിയ പഞ്ചവത്സര പദ്ധതികളുടെ ആകെത്തുക. ജനങ്ങൾക്കു പറയാനുള്ളതു കേൾക്കുകയോ അതു പരിഗണിക്കുകയോ ചെയ്തില്ല. അവരുടെ ആശയാഭിലാഷങ്ങൾ പൂവണിഞ്ഞില്ല. അവശതകൾ പരിഹരിക്കപ്പെട്ടുമില്ല. ഉന്നതതലത്തിൽ തയ്യാറാക്കിയ പദ്ധതികൾ ജനകീയ പ്രശ്നങ്ങൾ പരിഹരിച്ചതുമില്ല.

അതുകൊണ്ട് പദ്ധതി രൂപീകരണം മുതൽ അതു നടപ്പിലാക്കുന്നതുവരെ എല്ലാ ഘട്ടങ്ങളിലും ജനപങ്കാളിത്തം ഉറപ്പുവരുത്തുന്ന ഒരു പുതിയ വികസന സംസ്കാരം വളർത്തി എടുക്കുക എന്നത് ജനകീയാസൂത്രണത്തിൻെറ ലക്ഷ്യമാക്കി.

ഓരോ പ്രദേശത്തിൻേറയും ഭൂപ്രകൃതിക്കും അവിടുത്തെ ജനകീയാവശ്യങ്ങൾക്കും അനുസൃതമായി, പദ്ധതികൾ ആസൂത്രണം ചെയ്യാതിരുന്നതുകൊണ്ട് നന്നായി ആവിഷ്ക്കരിക്കപ്പെട്ട

പദ്ധതികൾപോലും പ്രയോഗത്തിൽ പരാജയപ്പെട്ടു. അതുകൊണ്ട് ആസൂത്രണ സമ്പ്രദായങ്ങളിലെ വൈകല്യങ്ങൾ ഒഴിവാക്കി വികസനത്തിൻെറ എല്ലാ തലങ്ങളിലും ജനപങ്കാളിത്തം ഉറപ്പാക്കുന്ന ജനകീയാസൂത്രണ പരിപാടിയുടെ സവിശേഷതകൾ ഉൾക്കൊള്ളിച്ച് പദ്ധതികൾ ആസൂത്രണം ചെയ്യുവാനുള്ള നടപടികൾ സ്വീകരിച്ചു.

ഓരോ വാർഡിലേയും മുഴുവൻ വോട്ടർമാർക്കും പങ്കെടുക്കാവുന്ന ഗ്രാമസഭകൾ രൂപം കൊണ്ടു. ജനങ്ങൾ നേരിട്ടു ഭരണകാര്യങ്ങൾ ചർച്ച ചെയ്യുന്ന ഗ്രാമസഭകൾ അടിത്തട്ടിൽ നിന്നുള്ള ആസൂത്രണ പ്രവർത്തനങ്ങൾക്ക് സഹായകമായ ഒരു സംഘടനാ രൂപമായി.

ഈ പശ്ചാത്തലത്തിൽ കേരളഗവൺമെൻറും പുതിയ സംസ്ഥാന പ്ലാനിംഗ് ബോർഡും 9-ാം പഞ്ചവത്സരപദ്ധതി ജനകീയപദ്ധതി എന്ന ആശയവും അതിനുള്ള കർമ്മപരിപാടികളും, അംഗീകരിച്ചു. പ്ലാനിംഗിനുള്ള അധികാരം ജനങ്ങൾക്കു നൽകപ്പെട്ടു. ആസൂത്രണ പ്രവർത്തനത്തിൽ ജനങ്ങളെ ഫലപ്രദമായി പങ്കെടുപ്പിക്കുന്നതിന് പ്രോത്സാഹനവും പ്രചോദനവും നൽകുന്നതിന് പരിശീലനപരിപാടികളും മറ്റു പ്രവർത്തനങ്ങളും സമയബന്ധിതമായി നടപ്പാക്കി. ആസൂത്രണ പ്രവർത്തനത്തിൽ ഗ്രാമപഞ്ചായത്തുകളേയും നഗരസഭകളേയും സഹായിക്കുവാൻ വിദഗ്ദ്ധ സംഘത്തെ നാട്ടിൽ തന്നെ കണ്ടെത്തി. അവർക്കുവേണ്ട പരിശീലനവും നൽകി. അവരെ ഗ്രാമ -നഗര വികസന റിപ്പോർട്ടും പദ്ധതികളും തയ്യാറാക്കുന്നതിനുള്ള കോർഗ്രൂപ്പാക്കി മാറ്റി. വികസനം കൊതിച്ചിരുന്ന ഗ്രാമീണ ജനത ഈ പുതുപുത്തൻ വ്യതിയാനത്തെ സഹർഷം സ്വാഗതം ചെയ്തു. എല്ലായിടത്തും നൂറുകണക്കിനു ജനങ്ങൾ ആസൂത്രണ പ്രവർത്തനങ്ങളുടെ ഭാഗമായി പഠന പ്രവർത്തനങ്ങളിൽ കൂട്ടായി പങ്കുകൊണ്ടു.

ജനകീയാസൂത്രണ പ്രസ്ഥാനത്തിൻെറ സംസ്ഥാനതല ഉദ്ഘാടനം 1996 ആഗസ്റ്റ് 17-ന് തിരുവനന്തപുരത്തു നടന്നു. പഞ്ചായത്തുതല പ്രവർത്തനത്തിൻെറ ആദ്യപടി മൂന്നു ദിവസത്തെ ജില്ലാതല പരിശീലനമായിരുന്നു. അയർക്കുന്നം ഗ്രാമത്തിൽ നിന്നും 12 പേർ അതിൽ പങ്കെടുത്തു.

1996 സെപ്റ്റംബർ 19ന് പഞ്ചായത്തു തല ഏകദിന പരിശീലന ക്യാമ്പ് സംഘടിപ്പിച്ചു. 125 പേർ പങ്കു കൊണ്ടു. ആ ക്യാമ്പിൽ വച്ച് ഓരോ വാർഡിനും ഓരോ കൺവീനറേയും തെരഞ്ഞെടുത്തു. ഒക്ടോബർ 2-ന് മുമ്പ് പഞ്ചായത്തിലെ 12 വാർഡിലും വിശേഷാൽ ഗ്രാമസഭകൾ ചേർന്നു.

12 വിഷയഗ്രൂപ്പുകളായി തിരിഞ്ഞ് ചർച്ചകൾ നടത്തി. ഓരോ ഗ്രൂപ്പിൽ നിന്നും രണ്ടു പേരെ വീതം പ്രതിനിധികളായി തെരഞ്ഞെടുത്തു. ഗ്രൂപ്പുകൾ പ്രത്യേകം പ്രത്യേകം റിപ്പോർട്ടുകൾ തയ്യാറാക്കി. ഈ റിപ്പോർട്ടുകൾ അതതു വാർഡുകളിൽ ക്രോഡീകരിച്ചു.

പിന്നീട് വികസനറിപ്പോർട്ട്, ദ്വിതീയ വിവരശേഖരണം, വിഭവ ഭൂപട നിർമ്മാണം, വിഷയ ഗ്രൂപ്പു ചർച്ചകളുടെ പഞ്ചായത്തുതല ക്രോഡീകരണം ഇവക്ക് നേതൃത്വം നൽകുന്നതിന് ഒരു പഞ്ചായത്തുതല കമ്മിറ്റി രൂപീകരിച്ചു. ഈ സമിതിയിൽ നിന്ന് 12 പഞ്ചായത്തുതല വിഷയഗ്രൂപ്പുകളും 13 ദ്വിതീയ വിവരശേഖരണ ഗ്രൂപ്പുകളും, വിഭവഭൂപട നിർമ്മാണ സമിതിയും രൂപം കൊണ്ടു. അവ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു.

വികസന റിപ്പോർട്ട് തയ്യാറാക്കുന്നതിന് മൂന്നു ദിവസത്തെ ജില്ലാതല രണ്ടാംഘട്ട പരിശീലനം നവംബർ 7 മുതൽ നടന്നു. അതിൽ 12 പേർ അയർക്കുന്നത്തു നിന്നും പങ്കെടുത്തു.

ഏകദിന പരിശീലനം പിന്നീടു നടന്നു. പഠന പര്യടനം, ചരിത്രപഠനം, വികസന റിപ്പോർട്ടു തയ്യാറാക്കൽ ഇവർക്ക് പ്രത്യേകം സമിതികളും, എഡിറ്റോറിയൽ ബോർഡും രൂപീകരിച്ചു പ്രവർത്തനം തുടങ്ങി. വിവിധ ഓഫീസുകളിൽ നിന്ന് നടപ്പു പദ്ധതികളെക്കുറിച്ച് വിവരവും ശേഖരിച്ചു.

വിവിധ സമിതികളുടെ ശ്രമഫലമായി അയർക്കുന്നം പഞ്ചായത്തിൻെറ ഒരു വികസന റിപ്പോർട്ടും തയ്യാറാക്കി. പഞ്ചായത്തു കമ്മറ്റി അതംഗീകരിക്കുകയും ചെയ്തു. അച്ചടിയും പൂർത്തിയാക്കി.

ഈ റിപ്പോർട്ട് 1997 ജനുവരി 4-ാം തീയതി നടക്കുന്ന വികസന സെമിനാറിൽ അവതരിപ്പിച്ച് വിഷയാടിസ്ഥാനത്തിൽ ചർച്ച ചെയ്യുന്നതും, വികസന സെമിനാറിൽ വെച്ചു തന്നെ ഓരോ വിഷയത്തിനും പദ്ധതി രൂപീകരണത്തിനുള്ള വിദഗ്ദ്ധ സമിതിക്ക് രൂപം കൊടുക്കുന്നതുമായിരിക്കും.

# പഞ്ചായത്ത് പൊതുവിവരണം

## 2

| | |
|---|---|
| പഞ്ചായത്തിൻെറ പേര് | : അയർക്കുന്നം ഗ്രാമപഞ്ചായത്ത് |
| പഞ്ചായത്തിൻെറ സ്ഥാനം | : സ്പെഷ്യൽ ഗ്രേഡ് |
| ഉൾപ്പെടുന്ന വില്ലേജുകൾ | : അയർക്കുന്നം, മണർകാട് |
| താലൂക്ക് | : കോട്ടയം |
| ബ്ലോക്ക് | : പള്ളം |
| ജില്ല | : കോട്ടയം |
| അസംബ്ലി മണ്ഡലം | : പുതുപ്പള്ളി |
| പാർലമെൻറ് മണ്ഡലം | : കോട്ടയം |
| വിസ്തീർണ്ണം | : 30.70 ച.കി.മീ. |
| അതിരുകൾ...... വടക്ക് | : കിടങ്ങൂർ പഞ്ചായത്ത് |
| കിഴക്ക് | : അകലക്കുന്നം- കൂരോപ്പട പഞ്ചായത്തുകൾ |
| തെക്ക് | : വിജയപുരം പഞ്ചായത്ത് |
| പടിഞ്ഞാറ് | : വിജയപുരം- ഏറ്റുമാനൂർ- പഞ്ചായത്തുകൾ |
| ജനസംഖ്യ | : 31818 |
| പുരുഷന്മാർ | : 16010 |
| സ്ത്രീകൾ | : 15808 |
| ജനസാന്ദ്രത | : 1036 |
| വീടുകളുടെ എണ്ണം | : 6254 |
| വാർഡുകൾ | : 12 |
| പ്രസിഡണ്ട് | : ശ്രീ. എം.ജി വേലപ്പൻ നായർ |
| വൈസ് പ്രസിഡണ്ട് | : ശ്രീ. ജോസഫ് ചാമക്കാല |
| സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ | : ശ്രീ. ജോയി കൊറ്റത്തിൽ |
| സെക്രട്ടറി | : ശ്രീ. പോൾ ജേക്കബ്ബ് |
| ആദ്യത്തെ പഞ്ചായത്ത് തെരഞ്ഞെടുപ്പ് | : 1953 ജൂൺ 13 |
| ആദ്യ പ്രസിഡണ്ട് | : ശ്രീ കെ.കെ. ജോർജ് |

# സാമൂഹ്യ സാംസ്കാരിക ചരിത്രം

## 3

മദ്ധ്യേഷ്യയിൽ നിന്ന് ഹിമാലയനിരകളെ ഭേദിച്ച് ആര്യാവർത്തത്തിൽ പ്രവേശിച്ച ആര്യൻമാരിൽ ഒരു വിഭാഗം വിന്ധ്യ-സത്പുരാ പർവതനിരകൾ കടന്ന് ഡക്കാണിൽ പ്രവേശിച്ചു. അവരിൽ ഒരു സംഘം അഗസ്ത്യമുനിയുടെ നേതൃത്വത്തിൽ സഹ്യപർവത നിരകൾ പിന്നിട്ട് കേരളത്തിലുമെത്തി. തുടർന്ന് അവരിലൊരു വിഭാഗം മീനച്ചിലാറിൻെറ പടിഞ്ഞാറെക്കരയിൽ വാസമുറപ്പിച്ചു. അവരിൽ എട്ടു കുടുംബം പടിഞ്ഞാറെക്കരയിലും ആറു കുടുംബങ്ങൾ കിഴക്കേക്കരയിലും താമസമാക്കി. എട്ടു കുടുംബങ്ങൾ താമസിച്ച സ്ഥലം 'എട്ടുമനയൂരും'' ആറു കുടുംബങ്ങൾ താമസിച്ച സ്ഥലം ''ആറുമനയൂരു''മായി. അവ യഥാക്രമം ഏറ്റുമാനൂരും ആറുമാനൂരുമാണ്.

മാത്തൂർമന, ചുമാലമന, കിഴക്കഞ്ചേരിയില്ലം, കാരാട്ടില്ലം, മുരിയമംഗലം, ഇളന്തുരുത്തി ഇല്ലം എന്നിവയാണ് മേൽപറഞ്ഞ ആറുമനകൾ.

ആറുമാനൂരിനു കിഴക്ക് അഗസ്ത്യ മുനി തപസ്സിരുന്ന സ്ഥലം ''അഗസ്ത്യ കുന്നും'' പിന്നീട് അയർക്കുന്നവുമായി. ആറുമാനൂരിലെ ആറു മനകളിലൊന്ന് മാത്തൂർമനയായിരുന്നു. മാത്തൂർ ഭട്ടതിരി, തിരുവിതാംകൂർ മഹാരാജാവായിരുന്ന മാർത്തണ്ഡവർമയ്ക്കു പോലും പ്രിയങ്കരനായിരുന്നു. അദ്ദേഹം സമീപരാജ്യങ്ങളെ വെട്ടിപ്പിടിച്ചപ്പോൾ ചൊരിയപ്പെട്ട രക്തച്ചൊരിച്ചിലിനു പരിഹാരം ചെയ്യുവാൻ വേണ്ടി ആരംഭിച്ച മുറജപത്തിന് തൃശൂരിൽ നിന്നും വാദ്ധ്യാരെ (മുഖ്യ കാർമികൻ) കൊണ്ടു വന്നിരുന്നത് മാത്തൂർ ഭട്ടതിരിയായിരുന്നു. മഹാരാജാവിനെ സന്ദർശിച്ച ശേഷം പുറംതിരിഞ്ഞു പോരുവാനുള്ള അവകാശവും അദ്ദേഹത്തിനുണ്ടായിരുന്നു. മഹാരാജാവിൻെറ ഉപദേശകസമിതിയിൽ വോട്ടവകാശമുള്ള അംഗവുമായിരുന്നു അദ്ദേഹം. മാത്തൂർ ഭട്ടതിരിയുടെ കുലക്ഷേത്രം, ഇന്നത്തെ മാർക്കറ്റിനു സമീപം സ്ഥിതി ചെയ്തിരുന്ന എരമല്ലൂർ ക്ഷേത്രമായിരുന്നു. സമീപത്തുള്ള നെൽപ്പാടം എരമല്ലൂർപ്പാടം എന്നും അറിയപ്പെട്ടു. ഈ നെൽപ്പാടം കടന്നു പോകേണ്ടിയിരുന്ന മാത്തൂർ ഭട്ടതിരിക്കും അന്തർജനങ്ങൾക്കും ചെളിയിൽ ചവിട്ടാതെ ക്ഷേത്രദർശനം നടത്തുന്നതിനും, തീണ്ടലിനെ ഭയന്നും പ്രസ്തുത ക്ഷേത്രം മാത്തൂർ മനയ്ക്കു സമീപത്തേയ്ക്കു മാറ്റി. അതാണ് ഇന്നത്തെ അയർക്കുന്നം ശ്രീകൃഷ്ണസ്വാമിക്ഷേത്രം. ഈ ക്ഷേത്രത്തിനു പടിഞ്ഞാറുവശം ചതുപ്പു നിലമായിരുന്നു. ആറാട്ടിന് കടവില്ലാതിരുന്നതിനാൽ ചതുപ്പു നിലത്തിലെ മണ്ണു നീക്കി കടവുണ്ടാക്കിയതാണ് രണ്ടേക്കറിലധികം വിസ്താരമുള്ള ഇന്നത്തെ പൊയ്കത്തോട്. എടുത്തു മാറ്റപ്പെട്ട (മണ്ണ് നിക്ഷേപിക്കപ്പെട്ട സ്ഥലങ്ങളാണ് ഇന്നറിയപ്പെടുന്ന വേലന്തറ, ചെറിയാൻതറ, ചാക്കത്തറ, പൂഴിത്തറ, കുന്നത്തറ തുടങ്ങിയവ.) തുടർന്ന് പല ഭാഗങ്ങളിലും ഇതുപോലുള്ള കുളങ്ങളുടെ ഒരു ശൃംഖല തന്നെ ഉണ്ടായി. അവയെല്ലാം കൂട്ടിച്ചേർത്ത് മീനച്ചിലാറു മുതൽ പൊയ്കത്തോടുവരെ ഒരു ജലമാർഗം തുറന്നു കിട്ടി. മാത്തൂർ വംശപരമ്പയിൽ ഇന്നവശേഷിക്കുന്ന അംഗം എം.ആർ. നാരായണഭട്ടതിരിയാണ്. ജന്മിത്തത്തിനും പാട്ടവ്യവസ്ഥയ്ക്കുമെതിരെയുള്ള സമരത്തിൽ അദ്ദേഹം സജീവമായി പങ്കെടുത്തിട്ടുണ്ട്.

തെക്കുംകൂർ രാജ്യത്തിൽപ്പെട്ട ഈ പ്രദേശത്തെ ജനങ്ങളിൽ ഒരു വിഭാഗം മാർത്താണ്ഡവർമയുടെ മേൽക്കോയ്മയെ അംഗീകരിക്കാതെ കലാപമുണ്ടാക്കി. അവരെയും മറ്റു കുറ്റവാളികളെയും ശിരച്ഛേദം ചെയ്തിരുന്ന 'നരബലിക്കുന്ന്' പിന്നീട് നരിവേലിക്കുന്നായി.

എരമല്ലൂർപ്പാടം, ഉരുളിപ്പാടം എന്നിവിടങ്ങളിലെ നെൽകൃഷിക്ക് വെള്ളം ശേഖരിക്കുന്നതിന് അയർക്കുന്നം കവലയ്ക്കു പടിഞ്ഞാറും, കണ്ടൻ ചിറഭാഗത്തും ചിറകെട്ടുമായിരുന്നു. ഇതിൻെറ ജലസംഭരണി പുതുച്ചിറയും ആയിരം പാടവുമാണ്. കവലയ്ക്കു തൊട്ടു പടിഞ്ഞാറുള്ള ചിറയ്ക്ക് തടികൊണ്ടുള്ള വാതിൽ വച്ച് പൂട്ടുന്ന പതിവുണ്ടായിരുന്നു. ആവശ്യമുള്ളപ്പോൾ പൂട്ടുതുറന്ന് വെള്ളം ഒഴുക്കിയിരുന്നു. അങ്ങനെ അയർക്കുന്നത്തിന് 'പൂട്ടുചിറ' എന്ന പേരും ഉണ്ടായി. എല്ലാ വർഷവും തുലാമാസം മൂന്നാം തീയതി കൃത്യമായും ചിറ പൂട്ടിയിരുന്നു.

പുരാണപ്രസിദ്ധവും കാട്ടരുവികളാലും വിസ്തൃതമായ തടാകങ്ങളാലും ചുറ്റപ്പെട്ട പച്ചവിരിച്ച പ്രകൃതിസുന്ദരമായ ഒരു പ്രദേശവും അയർക്കുന്നം ഗ്രാമത്തിലുണ്ട്. അതാണ് ഒരു കാലത്ത് 'അഭിമന്യൂർ' എന്നറിയപ്പെട്ടിരുന്ന ഇന്നത്തെ അമയന്നൂർ. രണ്ടായിരത്തി മുന്നൂറു വർഷം മുമ്പ് ഋഷിതുല്യനായ ഒരു തപോധനൻ ദേശാടനത്തിലൂടെ ഈ സ്ഥലത്തെത്തി. ഈശ്വര ചൈതന്യം തുളുമ്പി നിൽക്കുന്ന ഈ ദേശത്തിൻെറ മാഹാത്മ്യത്തിൽ അദ്ദേഹം ആകൃഷ്ടനായി സാക്ഷാത്കരിക്കപ്പെട്ട ശിവചൈതന്യമാണ് ഇന്നത്തെ അമയന്നൂർ ശ്രീ മഹാദേവ ക്ഷേത്രം. അമയന്നൂർ ക്ഷേത്രത്തിനു വടക്കു പടിഞ്ഞാറായി ആറാട്ടിനു വേണ്ടിയുള്ള ഒരു കടവുണ്ട്. അതാണ് ആറാട്ടു കടവ്. അതിനു സമീപം ആറാട്ടിന് ആനയെ നിറുത്തിയിരുന്ന സ്ഥലമാണ് ഇന്നത്തെ ഇരട്ടാനമറ്റം. നങ്ങയാർ, വെളിച്ചപ്പാട് എന്നീ സ്ഥലനാമങ്ങൾ അമയന്നൂർ ക്ഷേത്രവും നമ്പ്യാരന്മാരും വെളിച്ചപ്പാടന്മാരും തമ്മിലുള്ള ബന്ധത്തെയും ക്ഷേത്രത്തിൻെറ പൗരാണികത്വത്തെയും സൂചിപ്പിക്കുന്നു. മാർത്താണ്ഡവർമയുടെ പടയും തെക്കുംകൂർ രാജാവിൻെറ പടയും ഏറ്റുമുട്ടിയ ഒരു സ്ഥലം അയർക്കുന്നത്തിനു സമീപമുള്ളതാണ് ഇന്നത്തെ പടനിലം.

ഇതുപോലെ തന്നെ ചരിത്രപ്രാധാന്യമുള്ള ഒരു സ്ഥലമാണു തിരുവഞ്ചൂർ. ഇവിടുത്തെ ശ്രീ സുബ്രഹ്മണ്യക്ഷേത്രത്തിന് 1800 കൊല്ലത്തെ പഴക്കമുണ്ട്. ഉണ്ണുനീലി സന്ദേശത്തിൽ തിരുവഞ്ചൂരിനെ 'തിരുവഞ്ചിപ്പുഴ' എന്നു പരാമർശിച്ചിരിക്കുന്നു. സന്ദേശവാഹകനായ ആദിത്യവർമയ്ക്ക് ചങ്ങനാശ്ശേരി- തൃക്കൊടിത്താനം- മണർകാട്- തിരുവഞ്ചൂർ- ഏറ്റുമാനൂർ വഴി കടുത്തുരുത്തിയ്ക്കുള്ള മാർഗം പറഞ്ഞു കൊടുക്കുന്നു. "ഛത്രശ്രേണീ വിരചിത നടപ്പന്ത"ലിലൂടെയായിരുന്നു സന്ദേശവാഹകനു പോകേണ്ടിയിരുന്നത്. ഒരു കാലത്ത് ജൈനമതവും ബുദ്ധമതവും ഇവിടെ പ്രബലമായിരുന്നു. ജൈനമത സന്യാസിമാരായിരുന്ന പിഷാരടിമാർഇവിടെ നിന്നും പെരുമ്പാവൂരിനു കിഴക്ക് കല്ലിൽ ഗുഹാക്ഷേത്രം നിർമ്മിച്ച് അവിടെ താമസമാക്കി. ആണ്ടുതോറും അവർ തിരുവഞ്ചൂർ ക്ഷേത്രത്തിൽ വഴിപാടിനെത്തുന്ന പതിവുണ്ട്. പരശുരാമൻെറ പാദസ്പർശത്താൽ പവിത്രീകരിക്കപ്പെട്ട 'പരശുരാമക്കുന്നാ'ണ്, തിരുവഞ്ചൂരിലെ ഇന്നത്തെ പരച്ചിറക്കുന്ന്.

മീനച്ചിലാറ് 'ട'യുടെ ആകൃതിയിലൊഴുകുന്ന 'ട'പ്പുഴയ്ക്കു സമീപത്തുള്ള ക്ഷേത്രമാണ് ആറുമാനൂരിലെ ടാപ്പുഴ ശ്രീകൃഷ്ണസ്വാമിക്ഷേത്രം.

മീനച്ചിലാറിൻെറയും പന്നഗം തോടിൻെറയും സംഗമസ്ഥാനം എക്കൽ മണ്ണുകൊണ്ട് ഫലപുഷ്ടമായി. പൊന്നു വിളയിക്കുന്ന സ്ഥലമായ 'പൊന്നിൻ തുറ' പിന്നീട് പുന്നത്തുറയായി. ഇവിടെയുള്ള തിരുവാമ്പാടി ക്ഷേത്രം അതിപുരാതനവും സമ്പന്നവുമായിരുന്നു.

അമയന്നൂർ, തിരുവഞ്ചൂർ, ടാപ്പുഴ, തിരുവമ്പാടി എന്നീ ക്ഷേത്രങ്ങളിലുണ്ടായിരുന്ന സ്വർണക്കൊടിമരം ടിപ്പുവിൻെറ ആക്രമണത്തെ ഭയന്ന് യഥാക്രമം അമയന്നൂർ ചിറ, മണിയാർകുളം, ടാപ്പുഴ കയം, മുട്ടാർ എന്നിവിടങ്ങളിൽ താഴ്ത്തപ്പെട്ടു.

നീറിക്കാടു ഭാഗത്തുള്ള അയ്യൻകോവിക്കൽ ക്ഷേത്രം അമ്പലത്തൊട്ടിയിൽ ഇല്ലംകാർ കിടങ്ങൂർ ദേവസ്വത്തിലേയ്ക്ക് വിട്ടുകൊടുക്കുകയും അടുത്തകാലത്ത് കരയോഗം ഏറ്റെടുക്കുകയും ചെയ്തു.

അയർക്കുന്നം ഗ്രാമത്തിൻെറ ആദ്ധ്യാത്മിക പൈതൃകത്തിന് രണ്ടുമാനങ്ങളാണുള്ളത്; ഹൈന്ദവവും ക്രൈസ്തവവും. ഹൈന്ദവത്തെപ്പറ്റി നാം പരാമർശിച്ചു കഴിഞ്ഞു. അടുത്ത കാലത്തായി

ആദ്ധ്യാത്മിക രംഗത്ത് ക്രൈസ്തവമായ ഒരു വിസ്ഫോടനം തന്നെയുണ്ടായി. അതിനു തുടക്കം കുറിച്ചത് 1625-ൽ പുന്നത്തുറയാണ്. വിശുദ്ധതോമാശ്ലീഹായുടെ നാമത്തിൽ പഴയപള്ളി വടക്കും തെക്കും ഭാഗക്കാർക്കായി പൊതുവായി സ്ഥാപിച്ചു. പിന്നീട് 1897-ൽ വടക്കുംഭാഗക്കാർ വെള്ളാപ്പള്ളി നിർമിച്ചു. അതോടൊപ്പം തന്നെ അയർക്കുന്നം നരിവേലി സെൻറ് സെബാസ്റ്റ്യൻസ് പള്ളിയും ഉണ്ടായി. 1898-ൽ വടക്കൻ മണ്ണൂർ സെൻറ് തോമസ് ഓർത്തഡോക്സ് പള്ളിയും സെൻറ്മേരീസ് ലത്തീൻ പള്ളിയും സ്ഥാപിതങ്ങളായി.

എല്ലാറ്റിനുമുപരിയായി തിലകച്ചാർത്തെന്ന നിലയിൽ വിവിധ ജാതി മതസ്ഥരായ ഇവിടുത്തെ ജനസഞ്ചയം തങ്ങളുടെ കണ്ണിലെ കൃഷ്ണമണിപോലെ കാത്തു സൂക്ഷിച്ച സർവസമുദായ മൈത്രിക്ക് നേരിയ പോറൽ പോലും ഏൽക്കുന്നതിന് അവർ അനുവദിച്ചിരുന്നില്ല.

ദേശീയപ്രസ്ഥാനത്തിലും അയർക്കുന്നം ഗ്രാമവാസികൾ സജീവമായി പങ്കുകൊണ്ടിരുന്നു. അവരിൽ പ്രമുഖനാണ് അന്തരിച്ച ശ്രീ. പി.എം. ജോസഫ് പൂവംപുഴ. അദ്ദേഹം നമ്മുടെ എം.എൽ. എയും ആയിരുന്നു. 1946-ൽ സ്വാതന്ത്ര്യ സമരകാലത്ത് അമയന്നൂർ ചിറയിലും അയർക്കുന്നം കാട്ടുനിലം മൈതാനത്തും മഹാസമ്മേളനങ്ങൾ നടത്തി ദേശീയപ്രസ്ഥാനത്തിനു കൊഴുപ്പേകി.

1959-ൽ ഒക്ടോബർ മാസത്തിൽ വൈദ്യുതി ഇവിടുത്തെ ജനജീവിതത്തെ പ്രകാശമാനമാക്കി. 1964-ൽ ടെലിഫോൺ സൗകര്യവും ലഭിച്ചു. 1953-നു ശേഷം പന്നഗം പാലവും, ചേന്നാട്ടു പാലവും, പട്ടർമഠം പാലവും, മുതലവാലേൽ പാലവും നിർമിക്കപ്പെട്ടതോടെ ആറുമാനൂർ, പുന്നത്തുറ, നീറിക്കാട് പ്രദേശങ്ങളിലെ ജനങ്ങൾക്ക് ബാഹ്യലോകവുമായുള്ള ബന്ധം സ്ഥാപിച്ചു കിട്ടി.

1959-ലെ ഭൂപരിഷ്കരണ നിയമത്തിൻെറ ഫലമായി കുടികിടപ്പുകാരായ വളരെയധികം പേർ ഭൂവുടമകളായിത്തീർന്നു. ട്രേഡ് യൂണിയൻ പ്രവർത്തനങ്ങളുടെ ഫലമായി തൊഴിലാളികൾക്ക് ജോലി സ്ഥിരതയും മെച്ചപ്പെട്ട വേതനവും ലഭിച്ചു. ക്ഷേത്രപ്രവേശന വിളംബരം സാമുദായിക ബന്ധങ്ങളിൽ കാതലായ മാറ്റം വരുത്തി. ജന്മിത്വം അവസാനിപ്പിച്ചതിനാൽ ഭൂസ്വത്തു വിതരണം ഒരുവിധം സമീകൃതമായി. മാത്തൂർ ഭട്ടതിരിയായിരുന്നു അയർക്കുന്നത്തെ ഏക ജന്മി.

കാർഷികരംഗത്തും ചരക്കു ഗതാഗതത്തിലും കാളകൾ പ്രധാനപങ്കു വഹിച്ചിരുന്നു. അവയുടെ സ്ഥാനത്ത് ട്രാക്ടറുകളും ട്രക്കുകളും കടന്നുവന്നു. വിനോദത്തിനു വേണ്ടിയും കാളകളെ സംരക്ഷിച്ചിരുന്നു. ഒരു കാലത്ത് വളരെ പ്രചാരത്തിലിരുന്ന കാളച്ചന്തകളും നാമാവശേഷമായി. ഈ പഞ്ചായത്തിൽ അമയന്നൂർ ആറാട്ടുകടവിനു സമീപത്തായി ഒരു കാളച്ചന്ത പ്രവർത്തിച്ചിരുന്നു.

വഴിതെറ്റിയ ബാലമനസ്സുകളെ നേർവഴിയിൽ കൊണ്ടു വരുന്നതിനും സാമൂഹ്യ ജീവിതത്തിൽ അവരുടെ സേവനങ്ങൾ ഉറപ്പുവരുത്തുന്നതിനും ഉപകരിക്കുന്ന ഒരു കേന്ദ്രം ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. അതത്രെ തിരുവഞ്ചൂരിലെ ജുവനൈൽ ഹോം.

1966 ഏപ്രിൽ മാസത്തിൽ ആറുമാനൂർ ഗൂർഖണ്ഡസാരി ഇൻഡസ്ട്രിയൽ സൊസൈറ്റിയുടെ ഭരണം ഒരു പുതിയ ഭരണസമിതി ഏറ്റെടുത്തു. അതുവരെയും ശർക്കരയുരുട്ടുന്നതിന് അടുത്തുള്ള ഓലിയിൽ നിന്ന് വെള്ളം മുക്കിയെടുത്തിരുന്നു. പുതിയ ഭരണസമിതി പള്ളം ബ്ലോക്കിൻെറ സഹായത്തോടുകൂടി ഓലിയുടെ സ്ഥാനത്ത് ഒരു കിണർ കുഴിച്ചു ചുറ്റുമതിൽ നിർമ്മിച്ചു ഭദ്രമാക്കി. ആയിരത്തിത്തൊള്ളായിരത്തി എൺപതുകളിൽ അതിരൂക്ഷമായ വരൾച്ചയുണ്ടായപ്പോൾ ആ കിണറ്റിൽ നിന്ന് മോട്ടോർ വച്ച് വെള്ളം ടാങ്കർലോറികളിൽ കയറ്റി സമീപപ്രദേശങ്ങളിൽ ശുദ്ധജലവിതരണം ചെയ്യാൻ തുടങ്ങി. ഈ വെള്ളം സമീപ പഞ്ചായത്തുകളായ അകലക്കുന്നം, കൂരോപ്പട, വിജയപുരം, പുതുപ്പള്ളി, പാമ്പാടി, മീനടം, ഏറ്റുമാനൂർ, നീണ്ടൂർ തുടങ്ങിയ പഞ്ചായത്തുകളിൽ എത്തിച്ചിരുന്നു. ഇപ്പോഴും ഈ രീതി തുടരുന്നു. ലോറിയിൽ എത്രമാത്രം വെള്ളം നിറച്ചാലും കിണറ്റിലെ വെള്ളത്തിൻെറ നിരപ്പ് പെട്ടെന്നുതന്നെ പൂർവ്വസ്ഥിതിയിലെത്തുകയും ചെയ്യുന്നു. ഇതാണ് ഈ കിണറിൻെറ പ്രത്യേകത.

സാമൂഹ്യക്ഷേമരംഗത്ത് ഇത്രയേറെ പുരോഗതിയുണ്ടായിട്ടും പഞ്ചായത്തിലെ ഉല്പാദന മേഖല മുരടിച്ചു നിൽക്കുകയും തൊഴിൽരഹിതരുടെ എണ്ണം പെരുകുകയും ചെയ്യുന്നു. ഇവ പരിഹരിക്കുന്നതിനുള്ള ഊർജം, സമ്പന്നമായ ഭൂതകാലപൈതൃകത്തിൽ നിന്ന് നമുക്കു സമാഹരിക്കാം. അങ്ങനെ പ്രത്യാശിക്കുകയുംചെയ്യാം.

## പഞ്ചായത്തിലെ പ്രധാന ആരാധനാലയങ്ങൾ

വാർഡ്1

1. സെൻറ് ഫിലിപ്സ് സി.എസ്.ഐ ചർച്ച്, അമയന്നൂർ
2. സെൻറ് തോമസ് ഓർത്തഡോക്സ് പള്ളി, കഴുന്നുവലം
3. വാരിക്കാട്ട് ദേവീക്ഷേത്രം, അമയന്നൂർ

വാർഡ് 2.

1. സേക്രട്ട് ഹാർട്ട് ചർച്ച്, അമയന്നൂർ
2. സെൻറ് തോമസ് ഓർത്തഡോക്സ് ചർച്ച്, വടക്കൻമണ്ണൂർ
3. വിശ്വകർമ്മ ക്ഷേത്രം, അമയന്നൂർ
4. സെൻറ് പോൾസ് സി.എസ്.ഐ ചർച്ച്, തിരുവഞ്ചൂർ

വാർഡ് 3

1. ശ്രീ മഹാദേവക്ഷേത്രം, അമയന്നൂർ
2. ശ്രീകൃഷ്ണസ്വാമിക്ഷേത്രം, ചെറുതൃക്ക
3. സെൻറ് മേരീസ് ചർച്ച്, കാരാട്ടുകുന്നേൽ
4. സെൻറ് മേരീസ് മലങ്കര സിറിയൻ കാത്തലിക് ചർച്ച്, അമയന്നൂർ
5 ബ്ലസ്ഡ് അൽഫോൻസാ ചർച്ച് തൈക്കൂട്ടം, അമയന്നൂർ
6. എസ്.എൻ.ഡി.പി ഗുരുമന്ദിരം, അമയന്നൂർ

വാർഡ് 4

1. സെൻറ് ജോൺസ് സി.എസ്.ഐ ചർച്ച്, അയർക്കുന്നം

വാർഡ് 5

1. സെൻറ് സെബാസ്റ്റ്യൻസ് ചർച്ച് അയർക്കുന്നം
2. സെൻറ് മേരീസ് ലാറ്റിൻ ചർച്ച് അയർക്കുന്നം

വാർഡ് 6

1. ശ്രീകൃഷ്ണസ്വാമി ക്ഷേത്രം, കൊങ്ങാണ്ടൂർ

വാർഡ് 7

1. സെൻറ് തോമസ് പഴയപള്ളി, പുന്നത്തറ
2. സെൻറ് തോമസ് വെള്ളാപ്പള്ളി ചർച്ച്, പുന്നത്തറ
3. ശ്രീകൃഷ്ണ ക്ഷേത്രം, തിരുവാമ്പാടി

വാർഡ് 8

1. ശ്രീകൃഷ്ണ സ്വാമി ക്ഷേത്രം അയർക്കുന്നം
2. എസ്. എൻ. ഡി. പി ഗുരുമന്ദിരം അയർക്കുന്നം

വാർഡ് 9

1. ടാപ്പുഴ ശ്രീകൃഷ്ണസ്വാമി ക്ഷേത്രം, ആറുമാനൂർ
2. മംഗളവാർത്താ പള്ളി, ആറുമാനൂർ
3. സെൻറ് ജോസഫ്സ് ലാറ്റിൻ ചർച്ച്, ആറുമാനൂർ

വാർഡ് 10

1. ലൂർദ്ദ് മാതാ ചർച്ച്, നീറിക്കാട്

വാർഡ് 11

1. അയ്യൻ കോയിക്കൽ മഹാദേവ ക്ഷേത്രം, നീറിക്കാട്
2. സെൻറ് തോമസ് യാക്കോബായ സുറിയാനി പള്ളി, തോട്ടംപള്ളി, തിരുവഞ്ചൂർ
3. മാർഗ്രിഗോറിയോസ് യാക്കോബായ സുറിയാനി പള്ളി, തിരുവഞ്ചൂർ
4. എസ്.എൻ.ഡി.പി. ഗുരുമന്ദിരം, നീറിക്കാട്

വാർഡ് 12

1. ദേവീ ക്ഷേത്രം, നരിമറ്റം, തിരുവഞ്ചൂർ
2. ശ്രീ സുബ്രഹ്മണ്യ സ്വാമി ക്ഷേത്രം, തിരുവഞ്ചൂർ
3. സെൻറ് മേരീസ് യാക്കോബായ സുറിയാനി പള്ളി, ചാണകഞ്ചേരി, തിരുവഞ്ചൂർ
4. മൗണ്ട് കാർമൽ കാത്തലിക് ചർച്ച്, തിരുവഞ്ചൂർ

# ഭൂപ്രകൃതി ജലവിഭവം ജനങ്ങൾ

(4)

## ഭൂപ്രകൃതി

ഭൂപ്രകൃതി അനുസരിച്ച് അയർക്കുന്നം പഞ്ചായത്തിനെ താഴെപ്പറയുന്ന പ്രധാന അഞ്ചു മേഖലകളായി തിരിക്കാം. ഓരോ വിഭാഗത്തിൻേറയും വിസ്തൃതി ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | മേഖല | വിസ്തീർണ്ണം ഹെക്ടർ | ശതമാനം |
|---|---|---|---|
| 1 | കുന്നിൻ മുകളിലെ നിരപ്പ് | 413.55 | 13.47 |
| 2 | താഴ്വര പ്രദേശം | 372.83 | 12.14 |
| 3 | ചരിവ് പ്രദേശം | 1317.87 | 42.92 |
| 4 | സമതലപ്രദേശം | 848.55 | 27.64 |
| 5 | നദികളും തോടുകളും കുളങ്ങളും | 117.20 | 3.83 |
| | ആകെ | 3070.00 | 100.00 |

കുന്നിൻ മുകളിലെ മണ്ണ് പൂർണ്ണമായും ചെങ്കൽ മണ്ണാണ്. ചുരുക്കം ചിലയിടങ്ങളിൽ പാറക്കെട്ടുകളുമുണ്ട്. താഴ്വരയും സമതലവും ഫലപുഷ്ടമാണ്. ചെരിവുപ്രദേശം ചെങ്കൽ മണ്ണാണ്. ഇവിടെ മണ്ണൊലിപ്പ് കൂടുതൽ അനുഭവപ്പെടുന്നു. പഞ്ചായത്തിൻെറ വടക്കു പടിഞ്ഞാറു ഭാഗത്തു കൂടി ഒഴുകുന്ന മീനച്ചിലാറും, ആറ്, ഏഴ്, ഒമ്പത് വാർഡുകളിൽ കൂടി ഒഴുകുന്ന പന്നഗം തോടും ഇവിടുത്തെ ഭൂപ്രകൃതിയിൽ സ്വാധീനം ചെലുത്തുന്നുണ്ട്. വർഷത്തിൽ ആറുമാസക്കാലം ചൂടും, ആറുമാസക്കാലം മഴയുമാണ്. പുരയിടങ്ങളിൽ ഭൂരിഭാഗവും കൃഷിക്കുപയോഗിക്കുന്നു. എന്നാൽ നെൽപ്പാടങ്ങളിൽ ചിലഭാഗങ്ങൾ തരിശായി കിടക്കുന്നു.

ഭൂവിനിയോഗം സംബന്ധിക്കുന്ന വിവരങ്ങൾ പട്ടികയിൽ കൊടുക്കുന്നു.

**ഭൂവിനിയോഗം**

| നമ്പർ ഭൂവിനിയോഗം | വിസ്തീർണ്ണം | ശതമാനം |
|---|---|---|
| 1. തെങ്ങ് | 629.50 | 20.50 |
| 2. റബ്ബർ | 938.50 | 30.57 |
| 3.നെല്ല് | 230.00 | 7.49 |
| 4.കുരുമുളക് | 322.00 | 10.49 |
| 5.മിശ്രിതവിളകൾ | 648.97 | 21.14 |
| 6.മിശ്രിതമരങ്ങൾ | 215.50 | 7.02 |
| 7. കൃഷിയോഗ്യതരിശ് | 73.61 | 2.40 |
| 8.കൃഷിയോഗ്യമല്ലാത്ത തരിശ് | 1.75 | 0.06 |
| 9. തോടുകൾ | 10.17 | 0.33 |
| ആകെ | 3070.00 | 100.00 |

**ജലവിഭവം**

വർഷത്തിൽ ജൂൺ, ജൂലായ്, ഓഗസ്റ്റ് മാസ ങ്ങളിൽ ഏറ്റവും കൂടുതൽ മഴ ലഭിക്കുന്നു. മാർച്ച്, ഏപ്രിൽ, മേയ് മാസങ്ങളിൽ കടുത്ത ജലക്ഷാമം അനുഭവപ്പെടുന്നു.

പഞ്ചായത്തിലെ ജലസ്രോതസ്സുകളുടെ പേരും നീളവും ശരാശരി വീതിയും താഴെകൊടുക്കുന്നു

തോടുകളുടേയും പുഴകളുടേയും വിവരം

| | നീളം മീറ്റർ | വീതി മീറ്റർ |
|---|---|---|
| 1. ചിറപ്പാലം കറ്റുവെട്ടിക്കിൽ തോട് | 2500 | 3 |
| 2. ചിറപ്പാലം അരീപ്പറമ്പ് തോട് | 1000 | 2 |
| 3. ചിറപ്പാലം- കുറിച്ചിപ്പടി തോട് | 500 | 3 |
| 4. കുന്നപ്പള്ളി- വെട്ടുവേലിത്തോട് | 350 | 2 |
| 5. പുളിങ്ങാത്തിൽ-പന്നിക്കുഴിതോട് | 150 | 1.5 |
| 6. പന്നിക്കുഴി- പുട്ടൂചിറതോട് | 300 | 2 |
| 7. പന്നഗംതോട് | 9000 | 10 |
| 8. പുല്ലുവേലിത്തോട് | 2000 | 2 |
| 9. ആറാട്ടുകടവ്- വെള്ളുത്തോട് | 300 | 2.5 |
| 10. മീനച്ചിലാറ് | 5000 | 40 |
| 11. പൊയ്ക- നീറിക്കാട്തോട് | 1500 | 4 |
| 12. വിലങ്ങത്തോട് | 1500 | 2 |
| 13. ചേന്നാട്ടുപടി- പൊയ്കത്തോട് | 750 | 3 |
| 14. കണ്ടൻചിറ- ഉരുളിപ്പാടംതോട് | 350 | 3 |
| 15. മൂഴിക്കൽ തോട് | 300 | 3 |
| 16. മടയ്ക്കൽ തോട് | 1000 | 3 |
| 17. പൊയ്കത്തോട് | 1000 | 3 |
| 18.തോട്ടുവാലിത്തോട് | 500 | 3 |
| 19.കിഴുവള്ളിത്തോട് | 1250 | 3 |
| 20.വരകുകാലായിൽ തോട് | 100 | 3 |
| 21.ഇലവുങ്കൽ തോട് | 200 | 4 |
| 22.മുക്കോട്ട് തോട് | 500 | 3 |
| 23.ഉരുളിപ്പാടത്തുതോട് | 700 | 3 |
| 24.കൈപ്പാലത്തോട് | 100 | 3 |
| 25. കാക്കത്തോട് | 1000 | 5.5 |
| 26. നീറിക്കാട്ടുപാടം തോട് | 500 | 4 |

# ജനങ്ങൾ

ആകെ ജനസംഖ്യ 1991-ലെ സെൻസസ് അനുസരിച്ച് 31,818 ആണ്. ജനസംഖ്യാവർദ്ധനവ് ഗണ്യമായ തോതിലുണ്ട്. ഭൂരിപക്ഷം ജനങ്ങളും വിദ്യാസമ്പന്നരാണ്. സാക്ഷരതാനിരക്ക് 97% ആണ്. മൊത്തം തൊഴിലാളികളുടെ എണ്ണം 9388. ഇതുമൊത്തം ജനസംഖ്യയുടെ 31.15% ആണ്. തൊഴിലില്ലായ്മ രൂക്ഷമാണ്. ജനങ്ങളുടെ മുഖ്യതൊഴിൽ കൃഷി.

ജനസംഖ്യയെ സംബന്ധിക്കുന്ന വിവരങ്ങൾ പട്ടികയിൽ ചേർത്തിരിക്കുന്നു. പട്ടിക മൂന്നു കാണുക.

പട്ടിക 3 — വാർഡ് തല ജനസംഖ്യാ വിവര പട്ടിക

| വാർഡ് നമ്പർ | ജനസംഖ്യ | | | 0-6 വയസ്സു വരെയുള്ളവരുടെ എണ്ണം | | | പട്ടികജാതി ജനസംഖ്യ | | പട്ടിക വർഗ്ഗ ജനസംഖ്യ | | സാക്ഷരരുടെ എണ്ണം | | വീടുകളുടെ എണ്ണം | കുടുംബങ്ങളുടെ എണ്ണം |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | പുരുഷന്മാർ | സ്ത്രീകൾ | ആകെ | പുരുഷന്മാർ | സ്ത്രീകൾ | ആകെ | പുരുഷന്മാർ | സ്ത്രീകൾ | പുരുഷന്മാർ | സ്ത്രീകൾ | പുരുഷന്മാർ | സ്ത്രീകൾ | | |
| I | 1368 | 1371 | 2739 | 162 | 154 | 316 | 51 | 56 | 14 | 25 | 1184 | 1175 | 583 | 583 |
| II | 1176 | 1225 | 2401 | 142 | 154 | 296 | 33 | 43 | 2 | 2 | 1017 | 1036 | 467 | 467 |
| III | 1382 | 1319 | 2701 | 185 | 145 | 330 | 21 | 19 | 9 | 7 | 1191 | 1105 | 550 | 551 |
| IV | 1240 | 1167 | 2407 | 140 | 134 | 224 | 48 | 45 | - | - | 1053 | 950 | 457 | 457 |
| V | 967 | 933 | 1900 | 65 | 86 | 151 | 58 | 61 | - | - | 902 | 801 | 378 | 379 |
| VI | 1500 | 1481 | 2981 | 164 | 152 | 316 | 59 | 62 | 11 | 8 | 1307 | 1275 | 561 | 562 |
| VII | 1200 | 1359 | 2559 | 145 | 133 | 278 | 162 | 165 | - | - | 1013 | 1171 | 468 | 477 |
| VIII | 1135 | 1122 | 2257 | 134 | 140 | 274 | 27 | 26 | - | - | 987 | 950 | 435 | 435 |
| IX | 1505 | 1389 | 2894 | 166 | 157 | 323 | 161 | 155 | 2 | 3 | 1318 | 1173 | 541 | 541 |
| X | 1126 | 1107 | 2233 | 129 | 119 | 248 | 13 | 13 | - | - | 968 | 933 | 447 | 447 |
| XI | 1482 | 1348 | 2830 | 180 | 154 | 334 | 166 | 166 | 5 | 4 | 1252 | 1133 | 589 | 589 |
| XII | 1929 | 1987 | 3916 | 225 | 252 | 377 | 178 | 201 | - | - | 1683 | 1662 | 778 | 778 |
| Total | 16010 | 15808 | 31818 | 1837 | 1780 | 3617 | 977 | 1012 | 43 | 49 | 13867 | 13364 | 6254 | 6266 |

അവലംബം 1991ലെ സെൻസസ് റിപ്പോർട്ട്

ജനങ്ങളുടെ മുഖ്യതൊഴിലുകളെ സംബന്ധിക്കുന്ന വിവരങ്ങൾ താഴെ ചേർക്കുന്നു. തൊഴിൽ ചെയ്യുന്നവരുടെ എണ്ണം വിവിധമേഖലകളിൽ.

| തൊഴിൽ | പുരുഷന്മാർ | സ്ത്രീകൾ | ആകെ | ശതമാനം |
|---|---|---|---|---|
| 1. കൃഷിക്കാർ | 2258 | 61 | 2319 | 24.70 |
| 2. കർഷകത്തൊഴിലാളികൾ | 2336 | 293 | 2629 | 28.00 |
| 3. മൃഗപരിപാലനം | 315 | 19 | 334 | 3.56 |
| 4. പാറപൊട്ടിക്കൽ | 21 | --- | 21 | 0.22 |
| 5. കുടിൽ വ്യവസായം | 109 | 19 | 128 | 1.36 |
| 6. കുടിലേതര വ്യവസായം | 804 | 108 | 912 | 9.71 |
| 7. കെട്ടിട- റോഡ് നിർമ്മാണം | 461 | 6 | 467 | 4.97 |
| 8. വാണിജ്യം | 770 | 71 | 841 | 8.96 |
| 9. ഗതാഗതം | 394 | 22 | 416 | 4.45 |
| 10. മറ്റു സേവനങ്ങൾ | 804 | 517 | 1321 | 14.07 |
| മൊത്തം തൊഴിലെടുക്കുന്നവർ | 8272 | 1116 | 9388 | 100.00 |

1991ലെ സെൻസസ് റിപ്പോർട്ടിനു ശേഷം പഞ്ചായത്തിൽ നടന്നിട്ടുള്ള ജനനമരണങ്ങളുടെ വിവരവും 1994ലെ മൊത്തം ജനസംഖ്യയും താഴെ പട്ടിക 4ൽ കൊടുത്തിരിക്കുന്നു.

പട്ടിക 4

| 1991ലെ സെൻസസ് റിപ്പോർട്ടു പ്രകാരം ജനസംഖ്യ | 1991ലെ സെൻസസിനും 1.3.1994നും ഇടയ്ക്കുള്ള ജനനം | 1991ലെ സെൻസസിനും 1.3.1994നും ഇടയ്ക്കുള്ള മരണം | 1991ലെ സെൻസസിനും 1.3.1994നും ഇടയ്ക്കുള്ള ശിശു മരണം | 1.3.1994ലെ ജനസംഖ്യ |
|---|---|---|---|---|
| 31818 | 599 | 298 | - | 32119 |

പഞ്ചായത്തിൻെറ വികസനത്തിന് തികച്ചും അനുയോജ്യമായ ഭൂപ്രകൃതിയും ജലവിഭവങ്ങളുമാണുള്ളതെങ്കിലും അവയെ ശരിയായി ചൂഷണം ചെയ്യുവാൻ നാളിതുവരെ കഴിഞ്ഞിട്ടില്ല. വരും നാളുകളിൽ ശരിയായ ആസൂത്രണപ്രക്രിയയിലൂടെ നാടിൻെറ വികസനം കൈവരിക്കാവുന്നതാണ്. കാർഷിക മേഖലയുടെ ശക്തമായ വളർച്ചയിലൂടെ മാത്രമേ നാടിനും ജനങ്ങൾക്കും അഭി വൃദ്ധി നേടാനാകൂ.

# വികസനമേഖലകൾ

## 5

ജീവിതസ്പർശ്ശിയായ 12 വികസന മേഖലകളെ
അധികരിച്ചുള്ള ഗ്രാമസഭാറിപ്പോർട്ടുകൾ
നമ്മുടെ മുമ്പിലുണ്ട്. അവയെ അടിസ്ഥാനമാക്കി
ഇന്ന് സമൂഹം നേരിടുന്ന പ്രശ്നങ്ങളും അവയ്ക്കുള്ള
പരിഹാരമാർഗ്ഗങ്ങളും നാം കണ്ടെത്തിക്കഴിഞ്ഞു.
അവ വിവിധ വേദികളിൽ പ്രാഥമിക ചർച്ചയ്ക്ക്
വിധേയമാകുകയും ചെയ്തു. ഇനിയും
ഈ പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും 12 മേഖലകളായി
തരം തിരിച്ച് വിശദമായ ചർച്ചയ്ക്ക് വിധേയമാക്കണം.
അതിൻെറ അടിസ്ഥാനത്തിൽ പ്രോജക്ടുകൾക്ക് രൂപം
കൊടുത്ത് അവ സാക്ഷാൽക്കരിക്കപ്പെടുമ്പോൾ
"ക്ഷേമ രാഷ്ട്രം" എന്ന മോഹന സ്വപ്നം
യാഥാർത്ഥ്യമായിത്തീരും.

# കൃഷിയും ജലസേചനവും

5.1

## കാർഷിക ചരിത്രം

അയർക്കുന്നം ഗ്രാമപഞ്ചായത്തിലെ ജനങ്ങളിൽ 80%വും കൃഷിയെ ആശ്രയിച്ചു ജീവിക്കുന്നവരാണ്. ഈ നൂറ്റാണ്ടിൻെറ ആരംഭത്തിൽ ജന്മി-കുടിയാൻ വ്യവസ്ഥിതി അയർക്കുന്നം പഞ്ചായത്തിൽ നിലനിന്നിരുന്നു. തൽഫലമായി യഥാർത്ഥമായും കാർഷിക വൃത്തിയിൽ ഏർപ്പെട്ടിരുന്ന ജനങ്ങൾക്ക് അർഹിക്കുന്ന പ്രതിഫലം ലഭിച്ചിരുന്നില്ല. അക്കാലത്തു കൃഷിപ്പണികൾ മൺസൂണിനെ ആശ്രയിച്ചു മാത്രമായിരുന്നു. കൃഷിനാശങ്ങൾ അടിക്കടി ഉണ്ടായപ്പോൾ നഷ്ടങ്ങൾ സ്വയം ഏറ്റുവാങ്ങിക്കൊണ്ടിരുന്ന കൃഷിക്കാർക്ക് പുരോഗതി ഒരു മരീചികമാത്രമായിരുന്നു. തുടർച്ചയായി വെള്ളപ്പൊക്കം മൂലം മീനച്ചിലാറും പന്നഗം തോടും കരകവിഞ്ഞൊഴുകുന്നതു കൊണ്ട് ഭക്ഷ്യക്ഷാമം അതിരൂക്ഷമായി. മീനച്ചിലാറിൻേറയും പന്നഗം തോടിൻേറയും ആഴം കൂടിയതോടുകൂടിയാണ് അയർക്കുന്നം പഞ്ചായത്തിലെ പടിഞ്ഞാറൻ ഭാഗങ്ങളായ ആറുമാനൂർ, പുന്നത്തുറ, നീറിക്കാട്, കൊങ്ങാണ്ടൂർ പ്രദേശങ്ങളിൽ അടിക്കടിയുണ്ടായിക്കൊണ്ടിരുന്ന വെള്ളപ്പൊക്കകെടുതിക്ക് ഒരു ശമനമുണ്ടായതും അതു മൂലം ഭക്ഷ്യോൽപാദന രംഗത്ത് മാറ്റം വന്നതും. കപ്പ, വാഴ, കിഴങ്ങുവർഗ്ഗങ്ങൾ, നെല്ല് തുടങ്ങിയവ കൃഷി ചെയ്യാൻ കഴിയുകയും ജനങ്ങളുടെ ഭക്ഷ്യക്ഷാമത്തിന് അറുതി വരുത്താൻ കഴിയുകയും ചെയ്തു.

ഒറ്റി-പാട്ടം വ്യവസ്ഥിതികളിൽ കൂടി കൃഷിഭൂമികളിൽ അദ്ധ്വാനശീലരായ കർഷകർ കൃഷി നടത്തി. 1957-ലെ ഭൂപരിഷ്കരണ നിയമവും, ആധുനിക കൃഷിരീതിയും (വിത്ത് വളപ്രയോഗം) കാർഷികരംഗത്ത് ഒരു വലിയ മാറ്റത്തിനു തന്നെ തുടക്കം കുറിച്ചു. കൃഷിഭൂമികൾ കർഷകർക്ക് സ്വന്തമായതോടു കൂടി ഉല്പാദനക്ഷമത വർദ്ധിച്ചു. ഈ കാലഘട്ടത്തിൽ കൃഷിക്കാരുടെ ഇടയിലെ യോജിപ്പും, പ്രത്യേകിച്ച് കൂലിപ്പണി, പരസ്പര സഹായസഹകരണം എന്നിവ നിലനിന്നിരുന്നതു കൊണ്ടും തൊഴിൽരംഗത്ത് യാതൊരുവിധ പ്രതിസന്ധികളും ഉണ്ടായിരുന്നില്ല. എന്നാൽ എഴുപതുകളിൽ ഈ പ്രദേശത്തുള്ളവർ ഭക്ഷ്യവിളകൾ നിർത്തി റബ്ബർ കൃഷിയിലേക്ക് ശ്രദ്ധതിരിച്ചു. ഭക്ഷ്യോൽപന്നങ്ങൾക്ക് ഉൽപാദന ചിലവനുസരിച്ചുള്ള വില ലഭിക്കാതിരുന്നതാണ് കാർഷിക രംഗത്തുണ്ടായ ഈ മാറ്റത്തിനു കാരണം.

### പ്രധാന വിളകൾ

ഈ പഞ്ചായത്തിൽ ആകെയുള്ള 3070 ഹെക്ടർ സ്ഥലത്തിൽ പുരയിട കൃഷിക്ക് 2418.52 ഹെ. സ്ഥലവും നിലം കൃഷിക്ക് 417.00 ഹെ. സ്ഥലവും ഉപയോഗിക്കുന്നു. പുരയിടകൃഷിയിൽ മുഖ്യമായ വിള റബ്ബറാണ്. ഏതാണ്ട് 30 ശതമാനത്തിലധികം ഭാഗത്ത് റബ്ബർ കൃഷി ചെയ്യുമ്പോൾ 20% തെങ്ങു കൃഷിക്കും 10% വാഴകൃഷിക്കും, 5 % കപ്പ, കൈത തുടങ്ങിയവയ്ക്കും ഉപയോഗിക്കുന്നു.

തെങ്ങു കൃഷി സംബന്ധിച്ച വിശദ വിവരങ്ങൾക്ക് പട്ടിക ഒന്നു നോക്കുക.

ഏതാണ്ട് ആകെയുള്ളതിൻെറ 5% സ്ഥലത്ത് കരിമ്പ്, ഇഞ്ചി, ജാതി, ഗ്രാമ്പൂ, കുരുമുളക്, കൊക്കൊ, കമുക്, പച്ചക്കറികൾ, തുടങ്ങിയവയും കൃഷി ചെയ്യുന്നു.

വിശദ വിവരങ്ങൾക്ക് പട്ടിക രണ്ടു നോക്കുക.

പട്ടിക 1

## തെങ്ങുകൃഷി സംബന്ധിച്ച വിവരങ്ങൾ

| വാർഡ് നമ്പർ | തെങ്ങ് | | | | രോഗം ബാധിച്ച തെങ്ങ് | | | | |
|---|---|---|---|---|---|---|---|---|---|
| | വിസ്തീർണ്ണം Htr. | കായ്കാത്തത് Nos. | കായ്ക്കുന്നത് Nos. | ആകെ Nos. | റൂട്ട് വിൽറ്റ് Nos. | ലീഫ് വിൽറ്റ് Nos. | ബഡ് റൂട്ട് Nos. | സ്റ്റം ബ്ലീഡിങ്ങ് Nos. | ആകെ Nos. |
| I | 62 | 2500 | 8000 | 10500 | 1000 | 100 | 10 | 8 | 1118 |
| II | 54 | 2180 | 6000 | 8180 | 700 | 80 | - | 12 | 792 |
| III | 225 | 8850 | 29000 | 37850 | 3000 | 1000 | 15 | 100 | 4115 |
| IV | 64 | 5000 | 5726 | 10726 | 850 | 38 | 30 | 300 | 1218 |
| V | 33 | 1531 | 3869 | 5400 | 350 | 25 | 20 | 318 | 713 |
| VI | 95 | 5022 | 10978 | 16000 | 1000 | 900 | 10 | 410 | 2420 |
| VII | 18 | 240 | 2820 | 3060 | 250 | 20 | 10 | 210 | 490 |
| VIII | 65 | 2980 | 8070 | 11050 | 800 | 180 | 12 | 60 | 1052 |
| IX | 115 | 4395 | 14855 | 19250 | 1250 | 1050 | 20 | 70 | 2390 |
| X | 20 | 350 | 3050 | 3400 | 115 | 150 | 12 | 18 | 295 |
| XI | 8 | 160 | 400 | 560 | 100 | 10 | 20 | 15 | 145 |
| XII | 24 | 1000 | 3080 | 4080 | 250 | 20 | 25 | 25 | 320 |

അവലംബം കൃഷിഭവൻ അയർക്കുന്നം

പട്ടിക 2 വിളകളുടെ വിസ്തീർണ്ണം, ഉൽപാദനം, ഉൽപാദനക്ഷമത

| വിള | വിസ്തീർണ്ണം ഹെക്ടർ | മൊത്തംഉത്പാദനം | ഉത്പാദനക്ഷമത |
|---|---|---|---|
| നെല്ല് | | | |
| (ഒന്നാംവിള) | 60.00 | 1,09,760 കി.ഗ്രാം | 2520 കി.ഗ്രാം/ ഹെ. |
| രണ്ടാംവിള | 160.00 | 4,92,800 കി.ഗ്രാം | 3080 കി.ഗ്രാം/ ഹെ. |
| പച്ചക്കറികൾ | 5.00 | 2,500.00 കി.ഗ്രാം | 500 കി.ഗ്രാം/ ഹെ. |
| തെങ്ങ് | 629.50 | 34,55,570 എണ്ണം | 4402 എണ്ണം/ ഹെ. |
| വാഴ | 46.00 | 3,02,496 കി.ഗ്രാം | 6576 കി.ഗ്രാം/ ഹെ. |
| മരച്ചീനി | 70.00 | 12,75,820 കി.ഗ്രാം | 18226 കി.ഗ്രാം/ ഹെ. |
| കുരുമുളക് | 322.00 | 57,960 കി.ഗ്രാം | 180 കി.ഗ്രാം/ ഹെ. |
| റബ്ബർ | 938.50 | 510 മെ.ടൺ | 650 കി.ഗ്രാം/ ഹെ. |
| ഇഞ്ചി | 4.50 | 11.7 മെ.ടൺ | 2600 കി.ഗ്രാം/ ഹെ. |
| കൈതച്ചക്ക | 65.00 | 829.85 മെ.ടൺ | 12750 കി.ഗ്രാം/ ഹെ. |
| കൊക്കോ | 25.00 | 12.50 മെ.ടൺ | 500 കി.ഗ്രാം/ ഹെ. |

(വിളകളുടെ വിസ്തീർണ്ണം, ഉത്പാദനം, ഉല്പാദനക്ഷമത

പ്ലാവ്, തേക്ക്, ആഞ്ഞലി, മാവ് തുടങ്ങിയ ഫലവൃക്ഷങ്ങളും മാഞ്ചിയം- പൊങ്ങല്യം തുടങ്ങിയ വൃക്ഷങ്ങളും ഈ പ്രദേശത്ത് ധാരാളമായി കൃഷി ചെയ്തും അല്ലാതെയും വളരുന്നു.

ഈ പഞ്ചായത്തിലെ നിലങ്ങൾ, ഒന്നാം വാർഡിൽ എട്ടുപറ ചിറപ്പാലം, രണ്ടാം വാർഡിൽ 60 ഹെക്ടർ വരുന്ന മാലത്തുപാടം, നാലാംപാടം, വിലങ്ങപ്പാടം, ആറാം വാർഡിൽ ഒലോപ്രപാടം, ആക്കാമറ്റം പാടം, ഏഴാം വാർഡിൽ മൈലിപ്പാടം, എട്ടാം വാർഡിൽ എരമല്ലൂർപ്പാടം, ആയിരം പാടം, ഉരുളിപ്പാടം, ഒമ്പതാം വാർഡിൽ കാരക്കുളംപാടം, ആറുമാനൂർ പാടം, ഏഴായിപ്പാടം, എരമല്ലൂർ പാടം, വാഴംവേലിപ്പാടം, പത്താം വാർഡിൽ നീറിക്കാട്ടു പാടം, പതിനൊന്നാം വാർഡിൽപ്പെട്ട കിഴുതുള്ളിപ്പാടം പന്ത്രണ്ടാം വാർഡിൽപ്പെട്ട എളവപ്പാടം, ചിറമറ്റം പാടം, വടവാതൂർ പാടം, എന്നിവയാണ്. ഈ പാടശേഖരങ്ങളിൽ ഒരിപ്പൂ കൃഷിനില നിൽക്കുന്നു. മുണ്ടകൻകൃഷിയാണ് അധികം ചെയ്തുവരുന്നത്. ആധുനിക വിത്തിനങ്ങളിൽ പെട്ട പന്ത്രണ്ട് എമ്പത്തിയഞ്ച്, ജ്യോതി, കൾച്ചർ ഫോർ, ത്രിവേണി തുടങ്ങിയ വിത്തിനങ്ങൾ കൃഷിക്കാർ ഉപയോഗിച്ചു വരുന്നു. കൃഷി മുഖ്യമായും മൺസൂണിനെ ആശ്രയിച്ചു ചെയ്തു വരുന്നു. ജലസേചന സൗകര്യങ്ങൾ അപര്യാപ്തമാണ്. മിക്കപാടശേഖരങ്ങളിലും, അയർക്കുന്നം കൃഷിഭവന്റെ നേതൃത്വത്തിൽ ഗ്രൂപ്പ് ഫാമിംഗ് സംവിധാനം ഏർപ്പെടുത്തിയിരിക്കുന്നു. എരമല്ലൂർ നെല്ലുൽപാദനസംഘം സ്വന്തമായ കെട്ടിടത്തോടു കൂടി ആറുമാനൂർ കൃഷിക്കാർക്കു സഹായകരമായി പ്രവർത്തിച്ചു വരുന്നു. കീടനാശിനിയും പമ്പുസെറ്റുകളും കുറഞ്ഞ നിരക്കിൽ കൃഷിക്കാർക്ക് അവിടെ നിന്നും ലഭ്യമാകുന്നു.

അയർക്കുന്നം കൃഷിഭവൻ കൃഷിക്കാർക്ക്, കാർഷികരംഗത്ത് വിദഗ്ദ്ധമായ ഉപദേശങ്ങളും സേവനങ്ങളും നൽകിക്കൊണ്ടിരിക്കുന്നു.

## നിലവിലുള്ള ജലസേചന സൗകര്യങ്ങൾ

ആറുമാനൂർ വാർഡിൽ കിഴുവള്ളിതോട്ടിൽ നിന്നും എരമല്ലൂർപാടത്ത് ഇറിഗേഷൻ മുഖാന്തിരം കൃഷിക്ക് ജലസേചനസൗകര്യം ഉണ്ടാക്കിക്കൊടുക്കുന്നു. മറ്റുയാതൊരുവിധ ഇറിഗേഷൻ പദ്ധതികളും അയർക്കുന്നം പഞ്ചായത്തിൽ പ്രവർത്തിക്കുന്നില്ല.

### സഹകരണസംഘങ്ങൾ നൽകിയ കാർഷിക വായ്പകൾ

| നമ്പർ ബാങ്കിന്റെ പേര് | വായ്പ നൽകിയ തുക |
|---|---|
| 1. അയർക്കുന്നം സർവീസ് സഹകരണ ബാങ്ക് കെ. 4147 | 1,0,50,000 രൂപ |
| 2. പുന്നത്തു സർവീസ് സഹകരണ ബാങ്ക് കെ. 1712 | 34,28,816 രൂപ |
| 3. തിരുവഞ്ചൂർ സർവീസ് സഹകരണ ബാങ്ക് കെ. 1942 | 57,30,250 രൂപ |
| 4. പൈനാപ്പിൾ മാർക്കറ്റിംഗ് സഹകരണ സംഘം | 24,447 രൂപ |
| 4. ആറുമാനൂർ ശർക്കര വ്യവസായ സഹകരണ സംഘം കെ. 454 | 12,050 രൂപ |

## പ്രശ്നങ്ങൾ

(എ) പുരയിടകൃഷി

1) ഭൂമിയുടെ വില വർദ്ധനവും ഉത്പാദനചിലവിന്റെ വർദ്ധനവും കണക്കിലെടുക്കുമ്പോൾ കാർഷികോല്പന്നങ്ങളുടെ വില അപര്യാപ്തമാണ്.
2) കാർഷികോൽപ്പന്നങ്ങളുടെ സംസ്കരണം നടത്തുവാനുള്ള കാര്യക്ഷമമായ സംവിധാനം അയർക്കുന്നം പഞ്ചായത്തിൽ നിലവിലില്ലാത്തതിനാൽ കൃഷിക്കാർക്ക് കാർഷികോല്പന്നങ്ങൾക്ക് ലാഭകരമായ വില ലഭിക്കുന്നില്ല.
3) നിലവിലുള്ള ജലസേചനക്കുറവുകൾ അയർക്കുന്നം പഞ്ചായത്തിലെ കൃഷികാര്യങ്ങൾക്ക് തടസ്സങ്ങൾ സൃഷ്ടിക്കുന്നു.
4) തൊഴിലാളികളുടെ ലഭ്യത കുറവുമൂലം യഥാസമയം കൃഷിപ്പണികൾ നടക്കുന്നില്ല.
5) അശാസ്ത്രീയമായ കൃഷി രീതികൾ (കൃഷിഭൂമി തുണ്ടു തുണ്ടാക്കുക; പല വിളകൾ ഒന്നിച്ച് കൃഷി ചെയ്യുക; സ്ഥിരമായ രാസവള പ്രയോഗം)
6) കൃഷിവിളകൾക്കുണ്ടാകുന്ന രോഗങ്ങൾ

ഫലപ്രദമായി പ്രതിരോധിക്കാൻ കഴിയായ്ക.

7) സ്ഥിരമായുണ്ടാകുന്ന പ്രകൃതിക്ഷോഭം മൂലമുള്ള കാർഷികക്കെടുതി.

8) തൃപ്തികരമല്ലാത്ത കാർഷികവായ്പാ സംവിധാനം.

9) വിള ഇൻഷ്വറൻസ് പദ്ധതിയുടെ വ്യവസ്ഥകൾ കർഷകർക്കു പ്രയോജനരഹിതമാണ്.

10) കാർഷിക വിദഗ്ദ്ധോപദേശത്തിൻെറ കുറവ്.

**ബി. നെൽകൃഷി**

1) ജലസേചനക്കുറവ്

2) രോഗകീടബാധ

3) പ്രകൃതിക്ഷോഭ കെടുതി

4) കർഷകതൊഴിലാളികളുടെ ലഭ്യത കുറവ്

5) കൂലിവർദ്ധനവ്, സേവനക്കുറവ്

6) വിളവിൻെറ വിലക്കുറവ്

7) മണ്ണുപരിശോധനയ്ക്കുള്ള സംവിധാന കുറവ്.

## പരിഹാരമാർഗ്ഗങ്ങൾ

1) കാർഷികോല്പന്നങ്ങളുടെ വിലക്കുറവു പരിഹരിക്കുവാൻ അവയുടെ സംസ്കരണം പഞ്ചായത്തിൽ തന്നെ നടത്തുകയും സഹകരണ വിപണന സംഘങ്ങളിലൂടെ വില്പന നടത്തി കർഷകർക്ക് കൂടിയ വിലയും ബോണസ്സും ലഭ്യമാക്കുന്നതിനും കഴിയണം.

2) ജലസേചന സൗകര്യക്കുറവ് അയർക്കുന്നത്തെ എല്ലാ കൃഷിയേയും ബാധിക്കുന്നു. നിർമ്മാണം മുടങ്ങികിടക്കുന്ന ആറുമാനൂർ- നീറിക്കാട്- തിരുവഞ്ചൂർ ലിഫ്റ്റ് ഇറിഗേഷൻ, കുന്നത്തൂർ ലിഫ്ററ് ഇറിഗേഷൻ, തുടങ്ങിയ പദ്ധതികളുടെ പണി പൂർത്തിയാക്കുക. മരുതുർപാലത്തിനു താഴെയായി രണ്ടു ചെക്കുഡാമുകൾ പണിത് സംരക്ഷണഭിത്തിക്കു നാശമുണ്ടാകാതെയും, വെള്ളത്തിൻെറ ശക്തമായ ഒഴിക്കിനെ നിയന്ത്രിക്കുക.

3) പൊയ്കത്തോടിൻെറ ഈന്തുങ്കൽ കടവിൽ മോട്ടോർ സ്ഥാപിച്ച് കുര്യതോട്ടിൽ കൂടി വെള്ളം കൊണ്ടുപോയി കാരക്കാക്കുളം പാടത്ത് വെള്ളം ഉപയോഗപ്പെടുത്താം.

4) ആറുമാനൂർ ഒമ്പതാം വാർഡിൽ കടുതോട്ടിൻ കടവിൽ നിന്നും പൊയ്കവരെയുള്ള തോട് നാലടി താഴ്ത്തിയാൽ വെള്ളപ്പൊക്കം നിയന്ത്രിക്കുകയും പൊയ്കത്തോട്ടിൽ കൂടുതൽ ജലം ശേഖരിച്ച് വേനൽക്കാലത്ത് കൃഷിക്ക് ഉപയോഗിക്കുകയും ചെയ്യാം.

5) മൂഴിക്കൽ തോട്ടിൽ നിലവിലുള്ള ചീപ്പിൻെറ ചോർച്ച നിർത്തുന്നതിനു ആവശ്യമായ നടപടികൾ സ്വീകരിച്ചാൽ വേനൽക്കാലത്ത് ആ പ്രദേശത്ത് ജലസേചനത്തിനും കുടിവെള്ളത്തിനും ആവശ്യത്തിന് ജലം ലഭിക്കുന്നു.

6) കാരക്കുളം പാടത്ത് വെള്ളം വറ്റിക്കുന്നതിനുള്ള തോടിന് ആഴവും വീതിയും വർദ്ധിപ്പിക്കണം.

7) എരമല്ലൂർചാലിന് വിസ്താരവും ആഴവും കൂട്ടി ജലസംഭരണശേഷി വർദ്ധിപ്പിക്കുക.

8) ചേന്നാട്ടു പാലത്തിനു മുമ്പിലായി തോട്ടിൽ ഒരു ചീപ്പ് നിർമ്മിക്കുക.

9) ആയിരം പാടത്തിനു ജലനിർഗ്ഗമസൗകര്യം വർദ്ധിപ്പിക്കുന്നതിന് തോടിൻെറ ആഴവും വീതിയും കൂട്ടി സൈഡ് കെട്ടുക.

10) ഉരുളിപ്പാടത്തു നിന്നും ജലനിർഗമന സൗകര്യം വർദ്ധിപ്പിക്കുന്നതിന് ആറാട്ടുകടവിലേക്ക് തോടു നിർമ്മിക്കേണ്ടതാണ്.

11) ഒന്നാം വാർഡിൽ- മുങ്ങാട്ടുകുളം ആഴവും വീതിയും വർദ്ധിപ്പിച്ച് പമ്പു സെറ്റുകൾ സ്ഥാപിച്ച് ജലസേചന സൗകര്യങ്ങളേർപ്പെടുത്തുക.

12) വാലുങ്കൽ തോട്ടിൽ ഒരു ക്രോസ് ബാർ നിർമ്മിച്ച് പമ്പു സെറ്റു സ്ഥാപിക്കുക.

13) ചിറപ്പാലത്തിനു താഴെ മണ്ണൂർ തോട്ടിലും വെള്ളൂത്തോട്ടിലും ആര്യമ്പറനിലത്തിനു സമീപം ക്രോസ്ബാർ കെട്ടിയും റോഡിൻെറ ഇരുവശങ്ങളിലും കരിങ്കൽ ഭിത്തികെട്ടിയും മടവീഴ്ച തടയണം.

14) മീനച്ചിലാറ്റിൽ നിന്നും വരുന്ന ഇറിഗേഷൻ വെള്ളം ആറാട്ടു കടവിങ്കലെത്തിക്കണം.

15) വിലങ്ങത്തോടിൻെറ ഇരുവശവും കരിങ്കൽ ഭിത്തി കെട്ടുകയും താളിക്കല്ലുഭാഗത്തും വിലങ്ങത്തോട്ടിൽ ചക്കുപാറഭാഗത്തും ചെക്കുഡാമുകൾ നിർമ്മിച്ച് ചേന്നാമറ്റം പാടം കൃഷിയോഗ്യമാക്കണം.

16) ആറാംവാർഡിലെ ഓലോപ്പുറപ്പാടത്തും

ആക്കാമറ്റം ഭാഗങ്ങളും കുളങ്ങൾ കുത്തി പമ്പു സെറ്റുകൾ സ്ഥാപിച്ച് ജലസേചന സൗകര്യമുണ്ടാക്കണം. പന്നഗം തോട്ടിൽ നിന്നുള്ള പാദുവാതോട് വീതി കൂട്ടിയും ഇരുവശങ്ങളിൽ കരിങ്കൽ ഭിത്തികൾ കെട്ടിയും കൃഷിഭൂമികളെ സംരക്ഷിക്കണം.

17) പന്നഗം തോടിൻെറ ഇരുവശവും 7 കി.മീ നീളത്തിൽ കരിങ്കൽ ഭിത്തി കെട്ടി കരയിടിച്ചിൽ തടയണം.

18) പുന്നത്തുറ മൈലിപ്പാടത്തെ ജലസേചനത്തിനായി ആതപ്പള്ളി ഭാഗത്ത് പമ്പുസെറ്റുകൾ സ്ഥാപിക്കുക.

19) നീറിക്കാട്ടു പാടത്തു അമ്പലത്തൊട്ടിൽ ഭാഗത്തുള്ള തോടിൻെറ ഇരുവശവും കരിങ്കൽ കെട്ടിവെള്ളമൊഴുകുന്നതിനുള്ള സൗകര്യമുണ്ടാക്കണം.

20) പതിനൊന്നാം വാർഡിൽ മന്നത്തുപടിയിലുള്ള ബണ്ട് നന്നാക്കി കേടായി കിടക്കുന്ന പലകകൾ ഇടണം.

21) പൂവത്തും മൂടുമുതൽ വടവാതൂർ പാടംവരെയുള്ള തോട് വീതികൂട്ടിയും ആഴം വർദ്ധിപ്പിച്ചു ഇരുവശവും കെട്ടണം.

22) കുന്നത്തു തോട്ടിൽ നിലവിലുള്ള ക്രോസ് ബാറിൽ 20 എച്ച്.പി. പെട്ടിയും സ്ഥാപിച്ചാൽ എളവപ്പാടത്തു മൂന്നു കൃഷിയിറക്കുവാൻ സാധിക്കും.

23) വിജയപുരം ലിഫ്റ്റ് ഇറിഗേഷൻെറ കനാൽ എളവപ്പാടത്തിൻെറ സൈഡുവഴി കൊണ്ടുവന്ന് അവിടെ ജലസേചനം നടത്തേണ്ടതാണ്.

24) തിരുവഞ്ചൂർ വാട്ടർ വർക്സിനു സമീപം മീനച്ചിലാറ്റിൽ നിന്നുമൊഴുകുന്ന നാട്ടുതോട്ടിൽ സ്ഥിരം ബണ്ടു നിർമ്മിച്ചത് വർഷകാലത്തെ വെള്ളപ്പൊക്കം നിയന്ത്രിക്കണം.

25) അരിമ്പനച്ചിറയും മരവത്തുചിറയും ഇരു സൈഡിലും കരിങ്കല്ലുകെട്ടി ഒരു ക്രോസ് ബാർ നിർമ്മിച്ചാൽ ചിറമറ്റം ഭാഗത്ത് രണ്ടു കൃഷി നടത്താം.

26) എല്ലാ പാടശേഖരങ്ങളിലേക്കും ട്രാക്റ്റർ ഇറക്കുന്നതിനുള്ള പൊതുവഴി നിർമ്മിക്കേണ്ടതാണ്.

27) വിള ഇൻഷ്വറൻസ് കൂടുതൽ ലളിതമാക്കണം. ഏതു കാരണത്താലും വിള നശിച്ചാൽ കർഷകർക്ക് ഇൻഷ്വറൻസിൻെറ ആനുകൂല്യം ലഭിക്കണം.

28) തെങ്ങു രോഗത്തിന് പ്രതിവിധി കണ്ടെത്തണം.

29) കേടുവന്ന തെങ്ങുകൾ വെട്ടിമാറ്റി പുതിയ തൈകൾ വയ്ക്കുന്നതു സംബന്ധിച്ച് നിലവിലുള്ള സ്കീമിനെ കുറിച്ചു ബോധവൽക്കരണം കൃഷിക്കാർക്കു വേണ്ടി നടത്തുക.

30) കൃഷിക്കാർക്ക് ആവശ്യമെങ്കിൽ കുളങ്ങളും കിണറുകളും നിർമ്മിച്ച്, പമ്പു സെറ്റു സ്ഥാപിച്ച് ജലസേചനം നടത്തുന്നതിന് സബ്സിഡിയോടുകൂടി സാമ്പത്തിക സഹായം ലഭ്യമാക്കുക.

31) കൃഷി നഷ്ടം വരുമ്പോൾ പ്രത്യേക ആനുകൂല്യങ്ങൾ നൽകി വിള നിലനിറുത്തുക.

32) പഞ്ചായത്തിലെ എല്ലാ വാർഡുകളിലും പോയി മണ്ണു പരിശോധിക്കുവാനുള്ള മൊബൈൽ കേന്ദ്രങ്ങളുടെ പ്രവർത്തനം ലഭ്യമാക്കുക.

33) കൃഷി ഭവനിലെ ഉദ്യോഗസ്ഥരുടെ വിദഗ്ദ്ധോപദേശം കർഷകർക്ക് കൃഷിയിടങ്ങളിൽ ലഭിക്കുന്നതിനുള്ള സൗകര്യമുണ്ടാക്കുക. കൃഷിഭവൻെറ സേവനം കാര്യക്ഷമമാക്കുക.

34) വായ്പാസൗകര്യങ്ങൾ കൂടുതൽ ഉദാരവൽക്കരിക്കുകയും കുറഞ്ഞ പലിശയ്ക്ക് ലഭ്യമാക്കുകയും ചെയ്യണം.

35) രോഗനിവാരണത്തിനാവശ്യമായ നടപടികൾ കൃഷി ഭവൻ മുഖേന തക്കസമയത്തുണ്ടാക്കുന്നതിനുള്ള നടപടി ഉണ്ടാക്കണം. അതോടൊപ്പം തന്നെ എലി നശീകരണത്തിന് പൊതുവായ സമയബന്ധിത പരിപാടി നടപ്പിലാക്കുക.

36) മാതൃകാ കർഷകരെ വാർഡു തലത്തിലും പഞ്ചായത്തു തലത്തിലും തെരഞ്ഞെടുത്ത് പ്രോത്സാഹിപ്പിക്കുക.

37) 10-ാം വാർഡിൽ സർക്കാർ ഉടമയിലുള്ള കണിയാംതൊട്ടിക്കുളം (10 സെൻറ്) ആഴം വർദ്ധിപ്പിച്ച് സൈഡ് കെട്ടിയാൽ ജലസേചനത്തിനും കുടിവെള്ളത്തിനും ഉപയോഗിക്കാം.

38) രണ്ടാംവാർഡിലെ പുന്നവേലി പാടത്ത് കൃഷിക്കാർ നിർമ്മിച്ചിരിക്കുന്ന ബണ്ടിന് 'ക്രോസ്ബാർ' നിർമ്മിച്ചാൽ 100 ഏക്കർ കൃഷിനിലത്തിനു പ്രയോജനം ലഭിക്കും.

# മൃഗസംരക്ഷണം മത്സ്യബന്ധനം

## 5.2

ഇക്കഴിഞ്ഞ മൂന്നു ദശാബ്ദക്കാലങ്ങളായി സംസ്ഥാനത്തെ ഒരു പ്രധാനപ്പെട്ട ഉല്പാദന മേഖല എന്ന നിലയ്ക്ക് സംസ്ഥാനത്തിൻെറ സാമൂഹ്യ സാമ്പത്തിക വളർച്ചയിൽ മൃഗസംരക്ഷണ രംഗം അനുസ്യൂതമായ സംഭാവനയാണു നൽകിയിട്ടുള്ളത്. വ്യവസായസംരംഭങ്ങളുടെ മുരടിപ്പും ആളോഹരി കൃഷി ഭൂമിയുടെ ലഭ്യതയിലുള്ള കുറവും അവ മൂലമുണ്ടായ തൊഴിലില്ലായ്മയും ഈ രംഗത്തിൻെറ പ്രസക്തി വർദ്ധിപ്പിക്കുകയാണ്. ചുരുങ്ങിയ മുതൽ മുടക്കിൽ കുറഞ്ഞ കാലയളവിൽ കൂടുതൽ സമ്പദ്‌വർദ്ധനവിന് ഉതകുന്ന ഒരു മേഖല എന്ന നിലയ്ക്കും മാറുന്ന സാഹചര്യങ്ങൾക്കനുസൃതമായി വേണ്ട തീരുമാനങ്ങളും പരിവർത്തനങ്ങളും വരുത്താവുന്ന ഉല്പാദനരംഗം എന്ന നിലയ്ക്കും ഈ രംഗം കൂടുതൽ പ്രാധാന്യമർഹിക്കുന്നു.

ഇപ്പോൾ 9-ാം പദ്ധതിയുടെ ആസൂത്രണകാലത്ത് നാം ഒരു വ്യവസായ വിപ്ലവത്തെയോ, ഒരു ഊർജ വിപ്ലവത്തെയോ, ഒരു രണ്ടാം കാർഷിക വിപ്ലവത്തെയോ അത്ര കണ്ട് പ്രതീക്ഷിക്കാതിരിക്കുന്ന ഒരു കാലയളവിൽ മൃഗസംരക്ഷണ മേഖലയ്ക്ക് നമ്മുടെ സമ്പദ് വ്യവസ്ഥയിൽ ഒരു വ്യക്തമായ സ്ഥാനമുണ്ട്. നമ്മുടെ കന്നുകാലി ഉടമകളിൽ ബഹുഭൂരിപക്ഷവും ചെറുകിട കർഷകരും കർഷകത്തൊഴിലാളികളുമാണ്. മാത്രമല്ല, നമ്മുടെ കന്നുകാലി സമ്പത്തിൻെറ ഏകദേശം 95% ഗ്രാമപ്രദേശങ്ങളിലാണു കേന്ദ്രീകരിച്ചിരിക്കുന്നത്. വികസനമെന്നത് ജനങ്ങളുടെ ജീവിത നിലവാരത്തെ പടിപടിയായി ഉയർത്തുന്ന ഒരു സാമൂഹ്യ പ്രക്രിയയാണെന്നതിനാൽ മൃഗസംരക്ഷണ മേഖലയിലുണ്ടാകുന്ന ഏതു പുരോഗതിയും ഗ്രാമീണ സമ്പദ്ഘടനയെ സമ്പുഷ്ടമാക്കുമെന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല.

കോട്ടയം ജില്ലയിലെ ഒട്ടും അപ്രധാനമല്ലാത്ത കാർഷികമേഖലയായ അയർക്കുന്നം പഞ്ചായത്തിലെ 12 വാർഡുകളിലായി ഇവിടുത്തെ കന്നുകാലി സമ്പത്ത് പരന്നു കിടക്കുന്നു. കാർഷിക പ്രാധാന്യമുള്ള ഈ പഞ്ചായത്തിൽ കാളകളുടെ ഉപയോഗം വളരെയധികമായിരുന്നു. കൃഷിക്കാർ അവരുടെ സാധനങ്ങൾ ചന്തയിൽ കൊണ്ടുപോകുന്നതിനും മറ്റും കാളവണ്ടിയെ ആശ്രയിച്ചു വന്നു. കൃഷിയിടങ്ങൾ കാളയും കലപ്പയും ഉപയോഗിച്ച് ഉഴുതുമറിക്കുന്ന സമ്പ്രദായമാണ് നിലനിന്നിരുന്നത്. ചെളിക്കണ്ടങ്ങൾ ഞവരി അടിക്കുന്നതിനും കാളയെയും പോത്തിനെയും ഉപയോഗിച്ചു പോന്നിരുന്നു. ആറുമാനൂർ, പുന്നത്തുറ, കൊങ്ങാണ്ടൂർ, നീറിക്കാട് പ്രദേശങ്ങളിൽ കൃഷി ചെയ്തിരുന്ന കരിമ്പ് ആട്ടുന്നതിനും കാളച്ചക്കാണ് ഉപയോഗിച്ചിരുന്നത്. ഈ പഞ്ചായത്തിലെ 3-ാം വാർഡായ അമയന്നൂരിലെ ആറാട്ടു കടവിനോടു ചേർന്നു. ഒരു കാളച്ചന്ത വളരെ കാര്യക്ഷമമായി പ്രവർത്തിച്ചിരുന്നു. പുറം നാടുകളിൽ നടക്കുന്ന കാള ഓട്ടമത്സരത്തിനും, കാളവണ്ടി ഓട്ടമത്സരത്തിനും ഇവിടെ നിന്നും കൃഷിക്കാർ കാളകളുമായി പോയി പങ്കെടുത്ത് സമ്മാനങ്ങൾ വാങ്ങിയിരുന്നു. ഇതിൽ നിന്നും ഈ പഞ്ചായത്തിലെ കൃഷിക്കാരുടെ ഇടയിൽ കാളകൾക്കുണ്ടായിരുന്ന പ്രാധാന്യം നമുക്കു മനസ്സിലാക്കാവുന്നതേയുള്ളൂ. എന്നാൽ ഈ അടുത്ത കാലത്തുണ്ടായ ആധുനിക യന്ത്രവൽകൃത സംവിധാനങ്ങൾ ടി മേഖലകൾ കൈയടക്കിയതോടു കൂടി ഈ പ്രദേശത്ത് കാള-പോത്ത് വളർത്തൽ നാമമാത്രമായിരിക്കുന്നു. ബീജ സങ്കലനത്തിനു വേണ്ടി മൂരി വളർത്തൽ ചിലർ തൊഴിലായി സ്വീകരിച്ചിരുന്നു. കൃത്രിമ ബീജസങ്കലനം സംസ്ഥാനത്ത് ആരംഭിച്ച കാലം മുതൽ ഈ പഞ്ചായത്തിൽ മൃഗസംരക്ഷണ രംഗത്ത് പടിപടിയായ ഉയർച്ച ദൃശ്യമായിട്ടുണ്ട്. അറുപതുകൾക്ക് മുമ്പ് നാടൻ ഇനം കന്നുകാലികളും നാടൻകോഴികളും ആടുകളും മാത്രമുണ്ടായിരുന്ന ഈ പഞ്ചായത്തിൽ ഇന്ന് സങ്കരയിനം കന്നുകാലികളുടെ നല്ല ശേഖരം തന്നെയുണ്ട്.

എന്നാൽ ആനുകാലികമായി മൃഗസംരക്ഷണ പ്രവർത്തനത്തിൽ, പ്രത്യേകിച്ച് കന്നുകാലി വളർത്തലിൽ മുമ്പുണ്ടായിരുന്ന ഉത്സാഹവും ആവേശവും പഴയ അളവിൽത്തന്നെയുണ്ടോ എന്ന കാര്യത്തിൽ സംശയം അവശേഷിക്കുന്നു. അഭ്യസ്ത വിദ്യരായ യുവജനങ്ങൾക്ക് വൈറ്റ് കോളർ തൊഴിലുകളോടുള്ള ആഭിമുഖ്യവും, ഈ രംഗത്തിന്റെ വമ്പിച്ച സാധ്യതകളെക്കുറിച്ചുള്ള അജ്ഞതയും ഇതിന്റെ പ്രധാനകാര്യമായി വർത്തിക്കുന്നു. കാലി കർഷകരിൽ ഏതാണ്ട് 75%വും ഇതൊരു മുഖ്യതൊഴിലായിത്തന്നെ സ്വീകരിച്ചിട്ടുള്ളവരാണ്. കാലിത്തീറ്റയുടെ അനിയന്ത്രിതമായ വിലയും, വൈക്കോൽ, പുല്ല് മുതലായ ഖരാഹാരങ്ങളുടെ ദൗർലഭ്യവും ഈ വിഭാഗക്കാരുടെ ഈ രംഗത്തോടുള്ള താല്പര്യം കാര്യമായി കുറച്ചിരിക്കുകയാണ്. മെച്ചപ്പെട്ട ഒരു വിപണന ശൃംഖലയുടെ അഭാവവും ഈ രംഗത്തെ ഒരു പിന്നോക്കാവസ്ഥയാണ്. സങ്കരയിനം പന്നികളെ വളർത്തുന്ന ചെറുകിട യൂണിറ്റുകൾ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. പന്നിയിറച്ചിയുടെ ഉപഭോഗം വലിയ അളവിലുള്ള ഒരു പഞ്ചായത്ത് എന്ന നിലയ്ക്ക് ഈ രംഗത്തെ വികസനം അഭികാമ്യമായിരിക്കും. ഏതാണ്ട് 15-ഓളം ഇറച്ചിക്കോഴി വളർത്തൽ കേന്ദ്രങ്ങൾ ഈ പഞ്ചായത്തിലുണ്ട്. ഇതിന്റെ പല മടങ്ങു യൂണിറ്റുകൾക്കുള്ള സാധ്യത ഇവിടെയുണ്ട്. മെച്ചപ്പെട്ട വിപണന സംവിധാനത്തിന്റെ അഭാവം ഇവിടെയും പ്രകടമാണ്. ഇതുപോലെ തന്നെ ആടുവളർത്തലിനും വമ്പിച്ച സാധ്യതയുള്ള ഒരു പ്രദേശമാണ് അയർക്കുന്നം. ഇറച്ചി ഉൽപാദനത്തിന് മെച്ചപ്പെട്ട ഇനം ആടുകളെ വിതരണം ചെയ്യുക വഴി ഈ രംഗത്ത് ഒരു കുതിച്ചു കയറ്റം തന്നെ ഉണ്ടാക്കാവുന്നതാണ്. 1987ലെ സെൻസസ് പ്രകാരം അയർക്കുന്നം പഞ്ചായത്തിലെ വളർത്തു പക്ഷിമൃഗാദികളുടെ എണ്ണം ഇപ്രകാരമാണ്.

| | കന്നുകാലികൾ | | എരുമ/പോത്ത് |
|---|---|---|---|
| | സങ്കരയിനം | നാടൻ | |
| ആൺ | 559 | 209 | 40 |
| പെൺ | 4240 | 1043 | 85 |
| കറവയുള്ളത് | 2728 | 682 | 52 |

| ആട് | പന്നി | പട്ടി | നാടൻ കോഴി | സങ്കരയിനംകോഴി | താറാവ് |
|---|---|---|---|---|---|
| 2504 | 789 | 1439 | 26266 | 4616 | 588 |

മിക്കവാറും എല്ലാ വീടുകളിലും കോഴികളെ വളർത്തുന്നുണ്ട്. അത്യുല്പാദനശേഷിയുള്ളതും സംഘടിതവുമായ കോഴിവളർത്തൽ ഇവിടെയില്ല. ഏതാണ്ട് 9000 ഭവനങ്ങളുള്ള ഈ പഞ്ചായത്തിൽ ദിവസേന ഒരു വീടിന് 2 മുട്ട എന്ന നിരക്കിലെങ്കിലും മുട്ടയുടെ ഉപഭോഗം കണക്കാക്കുകയാണെങ്കിൽ ഏകദേശം 18,000 മുട്ടയുടെ ആവശ്യം ഇവിടെയുണ്ട്. എന്നാൽ ആഭ്യന്തര ഉത്പാദനം കൊണ്ട് ഇതു സാധിക്കാത്തതിനാൽ പുറമേ നിന്ന് ധാരാളം മുട്ട ഇവിടുത്തെ കടകളിൽ എത്തുന്നുണ്ട്.

## പഞ്ചായത്തിലെ മൃഗസംരക്ഷണ സ്ഥാപനങ്ങൾ

അയർക്കുന്നംപഞ്ചായത്തിൽ ഒരു മൃഗാശുപത്രിയും ഒരു ഐ.സി.ഡി.പി ഉപകേന്ദ്രവും പ്രവർത്തിച്ചു വരുന്നു. പഞ്ചായത്തിന്റെ ഭൂപ്രകൃതിയുടെയും വിശാലതയുടെയും പ്രത്യേകത കാരണം ബീജസങ്കലനത്തിന് കർഷകർക്ക് അയർക്കുന്നം ടൗണിൽ മേൽപറഞ്ഞ സ്ഥാപനങ്ങളെ ആശ്രയിക്കേണ്ടതായി വരുന്നു. അതിനാൽ ആവശ്യാനുസരണം നിലവിലുള്ള ഐ.സി.ഡി.പി കേന്ദ്രം ജനങ്ങൾക്ക് ഉപയോഗപ്രദമായ സ്ഥലത്തേക്ക് മാറ്റി സ്ഥാപിക്കുകയും മറ്റുള്ള ഒന്നോ രണ്ടോ സ്ഥലങ്ങളിൽ പുതിയതായി ഐ.സി.ഡി.പി ഉപകേന്ദ്രങ്ങൾ തുടങ്ങേണ്ടതുമാകുന്നു. നീറിക്കാട്,കൊങ്ങാണ്ടൂർ, അമയന്നൂർ പ്രദേശങ്ങളിൽ ബീജസങ്കലനകേന്ദ്രങ്ങൾ ആരംഭിക്കാവുന്നതാണ്. പഞ്ചായത്തുതലത്തിൽ ഒരു മുഴുവൻ സമയ ആശുപത്രിയുടെ സാധ്യത കുറവായതിനാൽ ബ്ലോക്ക് അടിസ്ഥാനത്തിലെങ്കിലും 24 മണിക്കൂർ പ്രവർത്തിക്കുന്ന മൃഗാശുപത്രി തുടങ്ങേണ്ടിയിരിക്കുന്നു.

മൃഗാശുപത്രിയെന്നാൽ കേവലം രോഗചികിത്സയ്ക്കുള്ള ഒരു കേന്ദ്രമെന്നതിലുപരിയായി പഞ്ചായത്തിലെ സമഗ്രമായ മൃഗസംരക്ഷണ മേഖലയുടെ ഒരു ഏകോപന ബോധവൽക്കരണ കേന്ദ്രമെന്ന നിലയിൽ പ്രവർത്തിക്കേണ്ടിയിരിക്കുന്നു. അതിനായി മൃഗാശുപത്രിയുടെ ഇന്നത്തെ സൗകര്യങ്ങൾ തീരെ അപര്യാപ്തമാണ്. അതിനാൽ മൃഗാശുപത്രി വികസനം നമ്മുടെ ഈ പദ്ധതിയിലെ ഒരു മുഖ്യ ഇനം തന്നെയായിരിക്കണം. അതിൻെറ പരമപ്രധാനമായ കാര്യം മൃഗാശുപത്രിക്ക് സ്വന്തമായി ഒരു നല്ല കെട്ടിടം നിർമിക്കുകയെന്നുള്ളതാണ്. ലബോറട്ടറി, കോൺഫറൻസ് ഹാൾ, വിജ്ഞാന വ്യാപനകേന്ദ്രം, പ്രാഥമികാവശ്യങ്ങൾക്കുള്ള സൗകര്യങ്ങൾ. ഓപ്പറേഷൻ തീയേറ്റർ, സ്റ്ററിലൈസർ, മൈക്രോസ്കോപ്പ്, ടെലിഫോൺ എന്നീ സൗകര്യങ്ങൾ കൂടി ഏർപ്പെടുത്തി ആശുപത്രി കൂടുതൽ പ്രവർത്തനക്ഷമമാക്കേണ്ടതുണ്ട്. വരും കാലങ്ങളിൽ മൃഗാശുപത്രിയുടെ വിജ്ഞാപന വ്യാപന പ്രവർത്തനവും അടിയന്തിര ചികിത്സാ സംവിധാനങ്ങളും ഫലപ്രദമായി നടപ്പാക്കുന്നതിനും ഒരു വാഹനത്തിൻെറ ആവശ്യവും ഗൗരവമായി കണക്കിലെടുക്കേണ്ടിയിരിക്കുന്നു. ഇങ്ങനെ സുസജ്ജമായ ഒരു മൃഗാശുപത്രിയിൽ ചികിത്സ, സർജറി, കൃത്രിമ ബീജ ദാനം എന്നിവയ്ക്കു പറമെ കർഷക പരിശീലനം, വന്ധ്യത ക്ലിനിക്, പ്രതിരോധ കുത്തിവയ്പുകൾ, പേവിഷബാധയെക്കുറിച്ചുള്ള ബോധവൽക്കരണവും പ്രതിരോധവും മൃഗസംരക്ഷണ മേഖലയിലെ സാധ്യമായ പദ്ധതികളുടെ നടത്തിപ്പിൽ അറിവും പരിശീലനവും എന്നിങ്ങനെ ഒട്ടനവധി പ്രവർത്തനങ്ങൾ നടത്താൻ സാധിക്കുന്നതാണ്. ഐ.സി.ഡി.പി ഉപകേന്ദ്രങ്ങളിലും കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തി അവയുടെ പ്രവർത്തനങ്ങളും മെച്ചപ്പെടുത്താവുന്നതാണ്. അവിടുത്തെ ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർമാർ മുഖേന പഞ്ചായത്തിലുടനീളം ആവശ്യാനുസരണം പ്രതിരോധ കുത്തിവയ്പു ക്യാമ്പുകൾ നടപ്പിലാക്കാവുന്നതാണ്.

ഈ രംഗത്തെ പദ്ധതികളുടെ ബോധവൽക്കരണം സാധാരണ കന്നുകാലി കർഷകനെത്തിക്കുന്നതിനുള്ള ഒരു ഫലപ്രദമായ സംവിധാനം എന്ന നിലയിൽ പഞ്ചായത്ത് പ്രസിഡൻറ് അധ്യക്ഷനും പഞ്ചായത്ത് വെറ്റിനറി സർജൻ കൺവീനറുമായി ഓരോ വാർഡിൽ നിന്നും രണ്ടംഗങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് ഒരു സമിതി രൂപീകരിക്കാവുന്നതാണ്. വാർഡ് മെമ്പർ, ജനപ്രതിനിധികൾ, അതാതു പ്രദേശങ്ങളിലെ മിൽക് സൊസൈറ്റികളുടെ പ്രതിനിധികൾ, സന്നദ്ധ സംഘടനകൾ എന്നിവയുടെ ഭാരവാഹികൾ തുടങ്ങിയവരെ ഇതിൽ അംഗങ്ങളായി ഉൾപ്പെടുത്താം.

## മുൻ വർഷങ്ങളിൽ നടപ്പാക്കിയ പദ്ധതികൾ

1. കോഴിക്കുഞ്ഞു വിതരണം: രണ്ടു മാസം പ്രായമുള്ള മൂന്നു കോഴിക്കുഞ്ഞുങ്ങളെ മൂന്നിലൊന്നുവിലയ്ക്ക് നൽകുക.
2. കോളനികളിൽ തെരഞ്ഞെടുത്ത ഉപഭോക്താക്കൾക്ക് കിടാരികളെ വിതരണം ചെയ്യുക (2000 രൂപയുടെ ധനസഹായം)
3. കോളനികളിൽ ആടു വിതരണം (1000രൂപയുടെ ധനസഹായം).
4. പന്നി ബ്രീഡിംഗ് യൂണിറ്റുകൾ - 5 പെൺ പന്നികളും ഒരാൺപന്നിയും അടങ്ങുന്ന യൂണിറ്റുകൾ -പന്നിക്കുഞ്ഞുങ്ങളെ പകുതിവിലയ്ക്ക് (കൂടുണ്ടാക്കാൻ 7000 രൂപയുടെ ധനസഹായം)
5. പന്നിവളർത്തൽ യൂണിറ്റുകൾ - 2 പന്നിക്കുഞ്ഞുങ്ങളെ പകുതിവിലയ്ക്ക്.
6. വന്ധ്യതാ പരിശോധനാ ക്യാമ്പുകൾ, ഗോരക്ഷാ ക്യാമ്പുകൾ.
7. കുളമ്പു രോഗത്തിനെതിരെയുള്ള വാക്സിനേഷൻ ക്യാമ്പ്.
8. കന്നുകുട്ടി പരിപാലന പദ്ധതി- ആറുമാനൂർ മിൽക്ക് സൊസൈറ്റി വഴി നടപ്പാക്കിക്കൊണ്ടിരിക്കുന്നു. മൂന്നുമാസം മുതൽ ഒമ്പതു മാസം വരെ പ്രായമുള്ള കിടാക്കളെ തെരഞ്ഞെടുത്ത് സൗജന്യമായി കാലിത്തീറ്റ വിതരണം ചെയ്യുന്നു. 30 മാസം പ്രായം വരെയോ ആദ്യ പ്രസവം വരെയോ ആനുകൂല്യം ലഭിക്കുന്നു.

## സമഗ്ര പേവിഷ നിർമ്മാർജന പദ്ധതി

മേൽപ്പറഞ്ഞ പല സ്കീമുകളുടെ ലഭ്യതയും, ലഭിച്ചാൽത്തന്നെ പദ്ധതി വിഹിതത്തിലുള്ള അപര്യാപ്തതയും ഈ രംഗത്തെ സമഗ്രമായ ഒരു വികസനത്തിനു വഴി തെളിയിച്ചിട്ടില്ല. അതിനാൽ കൂടുതൽ പദ്ധതി വിഹിതത്തോടുകൂടി നടപ്പാക്കേണ്ടതായിട്ടുണ്ട്.

## പാലുൽപാദനരംഗം

പ്രധാനമായും 4 പാലുൽപാദന സഹകരണ സംഘങ്ങൾ അയർക്കുന്നം പഞ്ചായത്തിൽ പ്രവർത്തിക്കുണ്ട്.

1. ചേന്നാമറ്റം
2. കൊങ്ങാണ്ടൂർ
3. തൂത്തൂട്ടി
4. ആറുമാനൂർ

ഇതിനുപരിയായി വലിയ അളവുകളിൽ പാൽ ക്രയവിക്രയം ചെയ്യുന്ന സ്വകാര്യമിൽക്ക് വെണ്ടർമാരും ഇവിടെ പ്രവർത്തിക്കുന്നുണ്ട്. പഞ്ചായത്തിലെ പ്രമുഖ പാലുൽപാദന മേഖലയായ തൈക്കൂട്ടം, അമയന്നൂർ പൂതിരി പ്രദേശത്തെ കർഷകർ ഒറവയ്ക്കൽ പാൽ സഹകരണ സംഘത്തെയാണ് ആശ്രയിക്കുന്നത്.

കാലിത്തീറ്റയുടെ വിലവർദ്ധന, പുല്ല്, വൈക്കോൽ മുതലായവയുടെ അപര്യാപ്തത, ഉല്പാദന രോഗങ്ങൾ, അശാസ്ത്രീയമായ തീറ്റിക്രമം, വൃത്തിഹീനമായ തൊഴുത്തുകളും അതിൽനിന്നുമുണ്ടാകുന്ന അകിടുവീക്കങ്ങളും, അതിന്റെ സാമ്പത്തിക വശങ്ങളും കൃത്യമായ സമയത്ത് ബീജസങ്കലനം നടത്തായ്ക, വന്ധ്യത എന്നിങ്ങനെ ഒട്ടനവധി കാര്യങ്ങൾ പാലുൽപാദനരംഗത്തെ പുറകോട്ട് പിടിച്ചു വലിക്കുന്നു. ഇതിനു പരിഹാരം കാണുന്ന രീതിയിലായിരിക്കണം നമ്മുടെ പദ്ധതി ആസൂത്രണം ലക്ഷ്യം വയ്ക്കേണ്ടത്. അതിനായി താഴെപ്പറയുന്നു. പരിപാടികൾ നിർദേശിക്കാവുന്നതാണ്.

1. കാലിത്തീറ്റയുടെ അമിതമായ വിലയിൽ നിന്നും രക്ഷപെടുന്നതിനായി പ്രാദേശികമായി ലഭ്യമാകുന്ന അസംസ്കൃത സാധനങ്ങൾ (കപ്പ, പുളിങ്കുരു, റബ്ബർക്കായ്, പൈനാപ്പിൾ വെയ്സ്റ്റ്) മുതലായവ ഉപയോഗിച്ച് പഞ്ചായത്തു തലത്തിൽ ഒരു മിനി ഫീഡ് മിക്സിംഗ് യൂണിറ്റ് സ്ഥാപിക്കുക. ഇത് സഹകരണ മേഖലയിൽ കൂടി സാധ്യമാക്കാവുന്നതാണ്. നിലവിൽ ലഭ്യമാക്കുന്ന തീറ്റകളുടെ ഗുണനിലവാരം ഉറപ്പാക്കുവാനും സർക്കാരിനോടാവശ്യപ്പെടാവുന്നതാണ്. വിപുലമായ ബോധവൽക്കരണ പരിപാടികൾ, ചർച്ചാക്ലാസുകൾ, കന്നുകാലി കർഷകർക്ക് പരിശീലന ക്ലാസുകൾ തുടങ്ങിയവ സംഘടിപ്പിക്കുക.

**2. പദ്ധതികൾ**

മിനിഡയറി യൂണിറ്റുകൾ, വനിതാ സംരംഭകർക്കുള്ള പശുവളർത്തൽ, (15 വനിതകളെ ഉൾപ്പെടുത്തി ചാരിറ്റബിൾ സൊസൈറ്റി ആക്ട് പ്രകാരം രജിസ്റ്റർ ചെയ്യാവുന്നതും ഗ്രാമവികസന വകുപ്പിൽ നിന്നും ധനസഹായം ലഭിക്കുന്നതും) കന്നുകുട്ടി പരിശീലനപദ്ധതി, കിടാരി വളർത്തൽ യൂണിറ്റ്, കുറഞ്ഞ ചെലവിൽ ക്ഷീരോൽപാദന നിർമാണ യൂണിറ്റുകൾ, വൃത്തിയുള്ള തൊഴുത്തുകൾ ഉണ്ടാക്കുവാനുള്ള ധനസഹായപദ്ധതി എന്നിവ.

3. പാൽസൊസൈറ്റികൾ ഇല്ലാത്ത പ്രദേശത്ത് സഹകരണാടിസ്ഥാനത്തിൽ സൊസൈറ്റികൾ ആരംഭിക്കുക, മെച്ചപ്പെട്ട വിപണനം, പ്രാവർത്തികമാക്കുക.

**4. തീറ്റപുൽകൃഷി**

കന്നുകാലികളുടെ മുഖ്യ ആഹാരം എന്ന നിലയിൽ തീറ്റപ്പുൽകൃഷി വ്യാപകമാക്കുക. തരിശായി കിടക്കുന്ന സ്ഥലങ്ങളിലും വിളവെടുപ്പു നടന്ന പാടങ്ങളിലും അതിരുകളിലും സ്കൂൾ കോമ്പൗണ്ടുകൾ അടക്കം ലഭ്യമായ സ്ഥലത്തൊക്കെ പുൽകൃഷി വ്യാപിപ്പിക്കുക. പാൽസൊസൈറ്റികൾക്കും, തീറ്റപുൽ കൃഷിയും വിൽപ്പനയും പ്രാവർത്തികമാക്കാവുന്നതാണ്. ചുരുക്കത്തിൽ പറഞ്ഞാൽ തീറ്റപുൽകൃഷി ഒരു പദ്ധതി എന്നതിലുപരിയായി ഒരു സംസ്ക്കാരമായിത്തന്നെ വളർത്തേണ്ടിയിരിക്കുന്നു. അതിനായി തീറ്റപുൽകൃഷിഉൾപ്പെടുത്തിക്കൊണ്ട് പഞ്ചായത്തിന് ഒരു വിളക്രമം തന്നെ രൂപീകരിക്കേണ്ടതുണ്ട്. മിച്ചമായി വരുന്ന പുല്ല് സൈലേജ്, ഹേ എന്നീ വസ്തുക്കളായി സൂക്ഷിക്കുക.

**5. മാംസോൽപ്പാദന രംഗം**

തികഞ്ഞ അരാജകത്വവും അശാസ്ത്രീയതയും വൃത്തിഹീനതയും നടമാടുന്ന ഒരു രംഗമാണിത്. അയർക്കുന്നം പഞ്ചായത്തിലെ ഭൂരിഭാഗം ജനങ്ങളും മാംസഭുക്കുകളാണ്.

എന്നാൽ മെച്ചപ്പെട്ട ഗുണനിലവാരമുള്ള മാംസത്തിന്റെ അഭാവം ഇവിടെയുണ്ട്. ഇറച്ചിയ്ക്കാവശ്യമായ മൃഗങ്ങൾ പഞ്ചായത്തിനു പുറത്തു നിന്ന് കൊണ്ടുവരപ്പെടുകയാണ്. പഞ്ചായത്തു മാർക്കറ്റിലടക്കം പല കേന്ദ്രങ്ങളിലും അവയുടെ അറവും വിപണനവും നടക്കുന്നുണ്ടെങ്കിലും വൃത്തിഹീനവും രോഗബാധിതവുമായി ഒട്ടും തന്നെ നിലവാരമില്ലാത്ത ഇറച്ചിയാണു നമുക്കു ലഭ്യമാകുന്നത്. അതിനാൽ ഒരു ശാസ്ത്രീയ അറവുശാല പഞ്ചായത്തു തലത്തിൽ സ്ഥാപിക്കേണ്ട ആവശ്യകതയുണ്ട്. ഇതിന്റെ പ്രവർത്തനം പഞ്ചായത്ത് തനിയെയോ അല്ലെങ്കിൽ പുതിയതായി രൂപീകരിക്കാവുന്ന മാംസോൽപ്പാദക സഹകരണ സംഘങ്ങൾ വഴിയോ നടപ്പിലാക്കാവുന്നതാണ്. ഇതോടൊപ്പം തന്നെ ഉപോൽപ്പന്നങ്ങൾക്ക് ഒരു സംസ്ക്കരണശാല, ബ്ലോക്ക് തലത്തിലോ ജില്ലാ തലത്തിലോ സ്ഥാപിക്കാവുന്നതാണ്. മാംസോൽപ്പാദനം, സംസ്ക്കരണം, വിപണനം എന്നിവ വഴി വമ്പിച്ചരീതിയിൽ തൊഴിൽ സാധ്യതകൾ കൂടി ഈ രംഗത്തുണ്ട്. ഇതോടൊപ്പം തന്നെ ഈ കാര്യങ്ങളിൽ പൊതുജനങ്ങൾക്ക് ബോധവൽക്കരണ പരിപാടികളും സംഘടിപ്പിക്കേണ്ടതുണ്ട്. ഇതിന്റെ ഒരു തുടക്കമെന്ന നിലയ്ക്ക് അറവിന് ലൈസൻസിംഗ് ഏർപ്പെടുത്തണം.

മാംസോൽപ്പാദനത്തിൽ അയർക്കുന്നം പഞ്ചായത്തിന് സ്വയംപര്യാപ്തത കൈവരിക്കുക എന്ന ലക്ഷ്യത്തോടു കൂടി ആട്, പന്നി, മൂരിക്കുട്ടി പോത്തിൻ കുട്ടി, ഇറച്ചിക്കോഴിഎന്നിവയുടെ വളർത്തൽ പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്.

**ആടുവളർത്തൽ**

മരങ്ങളുടെ ഇലകളും മറ്റു തീറ്റകളും ഉപയോഗിച്ച് കുറഞ്ഞ ചെലവിൽ ആടുവളർത്തലിനുള്ള പദ്ധതികൾ കൊണ്ടുവരണം. നല്ല വളർച്ചാനിരക്കുള്ള ആട്ടിൻ കുട്ടികളെ സർക്കാർ ഫാമുകൾ മുഖേനയോ സ്വകാര്യ ഏജൻസി മുഖേനയോ വിതരണം ചെയ്യണം.

**പന്നി വളർത്തൽ**

നിലവിലുള്ള സ്കീമുകൾ തുടരുകയും കൂടുതൽ ജനങ്ങളെ ഈ രംഗത്തേക്ക് ആകർഷിക്കുകയും ചെയ്യണം. പദ്ധതികൾ കൂടുതൽ ആകർഷകമാക്കണം.

**മൂരിക്കുട്ടി/പോത്തിൻകുട്ടി വളർത്തൽ**

അയർക്കുന്നം പഞ്ചായത്തിലുണ്ടാകുന്ന മുരിക്കുട്ടി/പോത്തിൻകുട്ടികൾ ഭൂരിഭാഗവും (70-90%) ശ്രദ്ധക്കുറവും തീറ്റയുടെ അപര്യാപ്തതയും മൂലം ചത്തുപോവുകയാണ്. ഇവയെ ശാസ്ത്രീയമായി സംരക്ഷിച്ച് സൗജന്യ നിരക്കിൽ തീറ്റ വിതരണ ചെയ്ത് ഒരു പരിധിവരെ പഞ്ചായത്തിന്റെ മാംസ്യാവശ്യങ്ങൾ പരിഹരിക്കണം

**ഇറച്ചിക്കോഴി വളർത്തൽ**

ഇപ്പോൾ അയർക്കുന്നം പഞ്ചായത്തിൽ 15-ൽ പരം ഇറച്ചിക്കോഴി വളർത്തൽ കേന്ദ്രങ്ങൾ ഉണ്ട്. കൂടുതൽ ആൾക്കാർ ഈ രംഗത്തേക്കു കടന്നുവരാൻ താൽപര്യം കാണിക്കുന്നുമുണ്ട്. നല്ലയിനം കോഴിക്കുഞ്ഞുങ്ങളുടെ സമയാസമയങ്ങളിലെ ലഭ്യതയും തീറ്റയുടെ വിലയും വിപണന രംഗത്തെ ബുദ്ധിമുട്ടുകളും വികസനത്തിനു തടസ്സം നിൽക്കുന്നു. ഇറച്ചികുഞ്ഞുങ്ങളുടെ ലഭ്യത ഉറപ്പുവരുത്താൻ ജില്ലാതലത്തിൽ ഹാച്ചറികൾ സ്ഥാപിക്കണം. പഞ്ചായത്തുതല ഫീഡ്മിക്സിംഗ് യൂണിറ്റുകളിൽ നിന്നും നല്ലയിനം തീറ്റയും ലഭ്യമാക്കണം. (മേൽപ്പറഞ്ഞ രംഗങ്ങളിൽ പരിശീലനം നൽകുന്നതിനായി കർഷകരെ മൃഗസംരക്ഷണ വകുപ്പിന്റെ വിവധ ട്രെയിനിംഗ് സെൻററുകളിൽ സൗജന്യമായി അയയ്ക്കേണ്ടതാകുന്നു.) കുടുംബത്തിലെ സ്ത്രീകളുടെയും കുട്ടികളുടെയും ഒഴിവുസമയം ഉപയോഗപ്പെടുത്തി രണ്ടാഴ്ചയിൽ കുറഞ്ഞത് 250 ഇറച്ചിക്കോഴികളെ വീതം വിൽപനയ്ക്കു സജ്ജമാക്കുന്ന പദ്ധതി തയ്യാറാക്കാവുന്നതാണ്. ഗ്രാമീണ വനിതകൾക്കുള്ള ചെറുകിട ഇറച്ചിക്കോഴി യൂണിറ്റുകളും ആരംഭിക്കണം. ഇരുപതു വനിതകൾ അടങ്ങുന്ന സംഘങ്ങൾ രൂപീകരിക്കാവുന്നതാണ്. പ്രാദേശിക ബാങ്കുകളിൽ പ്രസ്തുത ഗുണഭോക്താക്കളുടെ പേരിൽ തുടങ്ങുന്ന അക്കൗണ്ടുകൾ വഴി ഈ പദ്ധതിയുടെ ധനവിനിയോഗം നടത്തണം. ഗ്രാമ വികസന വകുപ്പിന്റെ ഗ്രാമീണ വനിതാ-ശിശു വികസന പദ്ധതിയിൽ ലഭിക്കുന്ന ധനസഹായം ഉപയോഗപ്പെടുത്താവുന്നതാണ്.

**മുയൽ, കാട, ടർക്കി, താറാവ് വളർത്തൽ**

മേൽപ്പറഞ്ഞ പക്ഷിമൃഗാദികളെ മാംസാവശ്യത്തിനായി വളർത്താവുന്നതാണ്. കുഞ്ഞുങ്ങളുടെ ലഭ്യത, കർഷകരുടെ താല്പര്യം, ഇറച്ചിയുടെ വിപണന സാധ്യത എന്നിവ കണക്കിലെടുത്ത് ചെറുകിട യൂണിറ്റുകൾ ആരംഭിക്കാവുന്നതാണ്.

ഇതിനൊക്കെപ്പുറമെയായി ഇറച്ചിയുടെയും, സംസ്ക്കരിച്ചതും പാകം ചെയ്തതുമായ ഇറച്ചിയുടെയും വിപണനത്തിനും സാധ്യതകളുണ്ട്.

**മുട്ട ഉല്പാദന രംഗം**

അയർക്കുന്നം പഞ്ചായത്തിലെ ഉപഭോഗത്തിനായി പുറമെ നിന്ന് ധാരാളം മുട്ട പഞ്ചായത്തിലേയ്ക്ക് എത്തുന്നുണ്ട്. എന്നാൽ ഈ രംഗത്തെ സ്വയം പര്യാപ്തത ഒരു തൊഴിൽ, ഉപതൊഴിൽ, വിനോദം എന്നീ രീതികളിൽ നമുക്കു സാധിക്കാവുന്നതാണ്. അതിനായി നിലവിലുള്ള പദ്ധതികൾ വിപുലമായിത്തുടരുകയും പുതിയ പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതുമാണ്.

**അടുക്കളമുറ്റത്തെ കോഴിവളർത്തൽ**

ഏറ്റവും കുറഞ്ഞ ചെലവിൽ വീടുകളിൽ നിന്നു തന്നെ മുട്ട ഉല്പാദനം സാധ്യമാകുന്നു. വീട്ടാവശ്യത്തിനുള്ള മുട്ട, മാംസാഹാരത്തിന്റെ വർദ്ധനവ്, വീട്ടമ്മയുടെ വരുമാന വർദ്ധനവ് എന്നിവ ലക്ഷ്യം. 45-60 ദിവസം പ്രായമായ നാലോ അഞ്ചോ കോഴിക്കുഞ്ഞുങ്ങളെ വീതം നൽകി കുറഞ്ഞത് 2000 യൂണിറ്റുകൾ എങ്കിലും ഒരു വർഷത്തിൽ സ്ഥാപിക്കാം.

**സ്ക്കൂൾ പൗൾട്രി ക്യാമ്പ്**

കുട്ടികളിൽ പഠനത്തോടൊപ്പം സമ്പാദ്യശീലവും കോഴിവളർത്തലിൽ താൽപര്യവും ജനിപ്പിക്കാനായുള്ള പദ്ധതി. സ്ക്കൂളിലെ ഒരു അധ്യാപകന്റെ മേൽനോട്ടത്തിൽ 200 കുട്ടികൾക്കെങ്കിലും 3 മുട്ടകോഴിക്കുഞ്ഞുങ്ങളെ (60 ദിവസം പ്രായം) സൗജന്യമായി വിതരണം ചെയ്യുക. 10 രൂപ അംഗത്വ ഫീസ് നൽകി സ്ക്കൂൾ പൗൾട്രി ക്യാമ്പിൽ അംഗത്വമെടുക്കുന്നവരെ പദ്ധതിയിൽ ഉൾപ്പെടുത്താം. കുട്ടികളുടെ ഭക്ഷണം എന്നതിനുപരിയായി മുട്ട വിറ്റു കിട്ടുന്ന വരുമാനം സ്ക്കൂൾ സഞ്ചയിക ബാങ്കിൽ നിക്ഷേപിക്കാനുള്ള സൗകര്യം നൽകുക.

### ചെറുകിട മുട്ടക്കോഴി വളർത്തൽ യൂണിറ്റ്

വീടുകളിൽ മുട്ടക്കോഴി വളർത്തുന്നതിനായി 60 ദിവസം പ്രായമായ 10 മുട്ടക്കോഴിക്കുഞ്ഞുങ്ങളെയും അതിനുള്ള കൂടും നൽകുന്ന പദ്ധതി. കുറഞ്ഞത് 500 യൂണിറ്റുകളെങ്കിലും വർഷത്തിൽ നടപ്പാക്കേണ്ടവിധം പദ്ധതി ആവിഷ്ക്കരിക്കുക.

### എഗ്ഗർ നഴ്സറി

മേൽപ്പറഞ്ഞ പദ്ധതികൾക്ക് വിതരണം ചെയ്യാനായി ഗുണമേന്മയുള്ള കോഴിക്കുഞ്ഞുങ്ങളെ ലഭ്യമാക്കുകയാണ് ഇതിൻെറ ലക്ഷ്യം. 1 ദിവസം പ്രായമായ കുഞ്ഞുങ്ങളെ 60 ദിവസം വരെ ശാസ്ത്രീയരീതിയിൽ വളർത്തി വിപണനത്തിനു തയ്യാറാക്കുകയാണ് ഇതിൻെറ പ്രവർത്തനം. മൃഗസംരക്ഷണ വകുപ്പുപരിശീലന കേന്ദ്രത്തിൽ നിന്നും പരിശീലനം ചെയ്ത അഭ്യസ്തവിദ്യരായ തൊഴിൽ രഹിതരെ ഇതിൻെറ ഗുണഭോക്താക്കളായി തെരഞ്ഞെടുക്കാം. കുറഞ്ഞത് 500 കുഞ്ഞുങ്ങൾ വീതമുള്ള യൂണിറ്റുകൾ ആരംഭിക്കണം. വർഷത്തിൽ 5 ബാച്ച് കോഴിക്കുഞ്ഞുങ്ങളെ വളർത്തി വില്ക്കാം.

### മുട്ടക്കോഴി വളർത്തൽ വ്യവസായികാടിസ്ഥാനത്തിൽ

മുട്ടക്കോഴി വളർത്തൽ പദ്ധതിയിൽ താൽപര്യമുള്ളവർ സാമ്പത്തിക ശേഷിയുള്ള കർഷകർ, ഗൾഫിൽ നിന്നും മടങ്ങിയെത്തിയ സാധാരണക്കാർ തുടങ്ങിയവർക്ക് ഈ പദ്ധതി ആരംഭിക്കാവുന്നതാണ്. ഇവരെ ഏകോപിപ്പിച്ച് മുട്ട ഉല്പാദന വിപണന സഹകരണസംഘങ്ങളും രൂപീകരിക്കാം. കോഴിത്തീറ്റ ഉല്പാദനവും സംഘം തന്നെ ഏറ്റെടുത്തു നടത്തണം. 5000 മുട്ടക്കോഴികളെങ്കിലും ഒരു യൂണിറ്റിലുണ്ടാവണം. ഉല്പാദന കാലശേഷം ഇവയെ ഇറച്ചിക്കായി ഉപയോഗിക്കുകയും ചെയ്യാം.

### താറാവ്, കാട, ടർക്കി, ഗിനി എന്നിവയുടെ മുട്ട ഉല്പാദനം

ഈ രംഗങ്ങളിൽ താല്പര്യമുള്ളവർക്കുവേണ്ടി പ്രത്യേകം പദ്ധതികൾ രൂപീകരിക്കാവുന്നതാണ്.

### തുകൽ/ അറവുശാല ഉപോല്പന്നങ്ങളുടെ സംസ്കരണം

അസംസ്കൃത വസ്തുക്കളുടെ ലഭ്യതയനുസരിച്ച് ബ്ലോക്ക്തലത്തിലോ ജില്ലാതലത്തിലോ സംസ്കരണ യൂണിറ്റുകൾ ഉണ്ടാക്കാവുന്നതാണ്.

### ജൈവവളം

ശരാശരി ഒരു കാലിയിൽ നിന്ന് 30 കി.ഗ്രാം. ചാണകം ലഭിക്കുന്നു. പഞ്ചായത്തിൽ മൊത്തമായി 10,000 കന്നുകാലികൾ ഉള്ളതായി കണക്കുകൾ സൂചിപ്പിക്കുന്നു. അതായത് ഏതാണ്ട് 3 ലക്ഷം കിലോ ജൈവവളം അയർക്കുന്നം പഞ്ചായത്തിൽ തന്നെ ഉല്പാദിപ്പിക്കപ്പെടുന്നു. ഇവയുടെ ശരിയാംവണ്ണമുള്ള ഉപയോഗം കൃഷിയിലും പുൽവളർത്തലിലും രാസവളങ്ങളുടെ അളവിനെ ഒരു പരിധിവരെ കുറയ്ക്കുന്നു.

### പാരമ്പര്യേതര ഊർജം

ചാണകത്തിൽ നിന്നും മറ്റും പാഴായിപ്പോകുന്ന ബയോഗ്യാസ് ഉൽപാദനം നടത്തുക വഴി വൈദ്യുതിയുടെയും മറ്റ് ഊർജ്ജസ്ത്രോതസ്സുകളുടെ യും ഉപഭോഗം വളരെയധികം കുറയ്ക്കാൻ കഴിയും. മൂന്നു പശുക്കളെ വളർത്തുന്ന ഒരു കർഷകന് ഒരു ബയോഗ്യാസ് പ്ലാൻറ് നടത്തിക്കൊണ്ടു പോകുവാൻ സാധിക്കും. അതിനാൽ ബയോഗ്യാസ് പ്ലാൻറുകൾ സബ്സിഡി നിരക്കിൽ സ്ഥാപിക്കുവാനുള്ള പദ്ധതി അയർക്കുന്നം പഞ്ചായത്തിൽ പ്രസക്തമാണ്.

### കർഷക പരിശീലനം

കർഷകർക്ക് നൂതന സാങ്കേതിക വിദ്യകൾ സ്വായത്തമാക്കാനായി ജില്ലാതല മൃഗസംരക്ഷണ പരിശീലനകേന്ദ്രം ആരംഭിക്കാൻ സർക്കാരിനോടാവശ്യപ്പെടണം.

### വന്ധ്യതാ നിവാരണം

കറവ പശുക്കളിലെ വന്ധ്യത ഇന്നും ഒരു പ്രശ്നമായിത്തന്നെ അവശേഷിക്കുകയാണ്. കാളകൾ വഴിയുള്ള ബീജസങ്കലനവും സമയം തെറ്റിയുള്ള ബീജദാനവും ഇതിന് ഒരു പ്രധാന കാരണമായി വർത്തിക്കുന്നു. ആയതിനാൽ പഞ്ചായത്തു തല വന്ധ്യതാ നിവാരണക്യാമ്പുകൾ കാലാകാലങ്ങളിലായി സംഘടിപ്പിക്കേണ്ടതുണ്ട്. ഇതിനുവേണ്ടി ഒരു പ്രത്യേക പദ്ധതി ബ്ലോക്ക് തലത്തിലോ ജില്ലാതലത്തിലോ രൂപീകരിക്കുക. അതിനായി ഒരു കർമസേനയെ നിയോഗിക്കാൻ മൃഗസംരക്ഷണ വകുപ്പിനോട് ആവശ്യപ്പെടുകയും ചെയ്യണം.

### പേവിഷബാധാ നിർമാർജ്ജനം

പഞ്ചായത്തിലെ എല്ലാ വളർത്തുനായ്ക്കളും സൗജന്യനിരക്കിൽ പേവിഷബാധയ്ക്കെതിരേയുള്ള കുത്തിവയ്പു നൽകുക, ലൈസൻസിംഗ് നിർബന്ധമാക്കുക, അലഞ്ഞു തിരിഞ്ഞു നടക്കുന്ന നായ്ക്കളെ നശിപ്പിക്കുക മുതലായ പ്രവർത്തനങ്ങൾ നടത്തണം. പേവിഷബാധയെക്കുറിച്ചുള്ള അജ്ഞത അകറ്റുന്നതിനും അതിൻെറ ഭീകരത മനസ്സിലാക്കിക്കൊടുക്കുന്നതിനും ബോധവൽക്കരണ സെമിനാറുകൾ, ഫിലിം ഷോകൾ, സ്കൂൾ തലങ്ങളിൽ ക്വിസ് മത്സരങ്ങൾ മുതലായവ സംഘടിപ്പിക്കുക.

### അറവുശാല മാംസപരിശോധന

ഗുണനിലവാരമുള്ള മാംസം ലഭിക്കുന്നതിനായി അറവുശാലകളിൽ മൃഗങ്ങളെ കശാപ്പിനു മുമ്പും പിമ്പും വെറ്റിനറി സർജൻെറ പരിശോധന നിർബന്ധമാക്കുക. അങ്ങനെ ഗുണനിലവാരമില്ലാത്തതും രോഗബാധിതവും മറ്റുമായ ഇറച്ചിയുടെ ഉപഭോഗം ഒഴിവാക്കി നല്ല ഇറച്ചിയുടെ ഉപയോഗം വർദ്ധിപ്പിക്കുക.

**കന്നുകാലി ഇൻഷ്വറൻസ്**

കന്നുകാലികളുടെ ആകസ്മിക മരണം മൂലമുണ്ടാകുന്ന നഷ്ടങ്ങളിൽ നിന്നും കർഷകർക്ക് പരിരക്ഷ നൽകുവാൻ ഒരു സമഗ്ര സൗജന്യ കന്നുകാലി ഇൻഷ്വറൻസ് പദ്ധതി അയർക്കുന്നം പഞ്ചായത്തിനായി വിഭാവനം ചെയ്യുക.

**മൃഗസംരക്ഷണ ദിനം, കർഷകർക്ക് അംഗീകാരം**

വർഷത്തിലൊരിക്കൽ പഞ്ചായത്തിലെ തെരഞ്ഞെടുത്ത ഏതെങ്കിലും സ്ഥലത്തുവച്ച് ഒരു മൃഗസംരക്ഷണമേള വളരെ വിപുലമായ രീതിയിൽ സംഘടിപ്പിക്കണം. തദവസരത്തിൽ പഞ്ചായത്തിലെ ഏറ്റവും നല്ല കന്നുകാലി കർഷകന് അവാർഡ് നൽകി ആദരിക്കാനുള്ള നടപടികൾ എടുക്കണം.

**പഞ്ചായത്തിൽ മൃഗസംരക്ഷണ മേഖലയുടെ വികസനത്തിന് പൊതുവായ നിർദേശങ്ങൾ**

1. മൃഗാശുപത്രിക്ക് പ്രത്യേക കെട്ടിടവും സമഗ്രമായ വികസനവും അതുവഴി കൂടുതൽ മെച്ചപ്പെട്ട സേവനവും ഉറപ്പുവരുത്തുക, മൃഗസംരക്ഷ ണ വികസന സമിതി രൂപീകരിക്കുക.
2. നടപ്പുപദ്ധതികൾക്കുള്ള വിഹിതം വർധിപ്പിച്ച് കൂടുതൽ ഗുണഭോക്താക്കൾക്ക് എത്തിക്കുക. പഞ്ചായത്തിനനുസൃതമായ പുതിയ പദ്ധതികൾ ആവിഷ്കരിക്കുക.
3. കാലിത്തീറ്റ മിതമായ നിരക്കിൽ വിതരണം ചെയ്യുന്നതിനായി ഒരു പ്രാദേശിക ഫീഡ് മിക്സിംഗ് യൂണിറ്റ് സ്ഥാപിക്കുക. ക്ഷീരകർഷകർക്ക് പ്രയോജനപ്പെടുന്ന രീതിയിൽ നടപ്പാക്കുക.
4. പാൽ സൊസൈറ്റികളുടെ സേവനം ലഭിക്കാത്ത സ്ഥലങ്ങളിൽ സഹകരണാടിസ്ഥാന ത്തിൽ സംഘങ്ങൾ സ്ഥാപിക്കുക.
5. തീറ്റപുൽകൃഷി ഒരു വിളക്രമമായി അംഗീകരിച്ച് അതിൻെറ ഉൽപാദനം ഉയർത്തുക.
6. ശാസ്ത്രീയമായ രീതിയിൽ പ്രവർത്തിക്കുന്ന ഒരു അറവുശാല സ്ഥാപിക്കുക, മാംസപരിശോധന കർശനമാക്കുക വഴി ഗുണനിലവാരമുള്ള മാംസവിതരണം ചെയ്യുക. മാംസോല്പാദനരംഗത്ത് സ്വയം പര്യാപ്തത കൈവരിക്കുന്നതിനായി പ്രാദേശിക തലത്തിൽ തന്നെ ഇറച്ചിക്കുള്ള മൃഗങ്ങളുടെ ഉൽപാദനം വർധിപ്പിക്കാൻ പദ്ധതികൾ ആവിഷ്ക്കരിക്കുക, ഇറച്ചിക്കോഴി വളർത്ത ൽ പ്രോത്സാഹിപ്പിക്കുക.
7. മുട്ടയുടെ ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിക്കാൻ വിവിധ പദ്ധതികൾ നടപ്പാക്കുക.
8. തുകലിൻെറയും അറവുശാലകളിലെ ഉപോല്പന്നങ്ങളുടെയും സംസ്കരണത്തിനുള്ള യൂണിറ്റുകൾ സ്ഥാപിക്കുക.
9. ജൈവ വളത്തിൻെറ പരമാവധി ഉപയോഗത്തിനും ബയോഗ്യാസ് പോലുള്ള പാരമ്പര്യേതര ഊർജ സ്ത്രോതസ്സുകളുടെ വികസനം എന്നിവയ്ക്കുള്ള പദ്ധതികൾ.
10. കർഷകർക്ക് മൃഗസംരക്ഷണരംഗത്ത് പരിശീലനം, കറവമാടുകളിലെ വന്ധ്യതാ നിവാരണം എന്നിവയ്ക്ക് പഞ്ചായത്ത്, ബ്ലോക്ക്, ജില്ലാ തലങ്ങളിൽ സംവിധാനം.
11. പേവിഷബാധാ നിർമാർജനത്തിനുള്ള പരിപാടികളും ബോധവൽക്കരണവും.
12. പഞ്ചായത്തിലെ എല്ലാ കന്നുകാലികൾക്കും ഇൻഷ്വറൻസ് സംരക്ഷണം
13. മൃഗസംരക്ഷണദിനം, കർഷകർക്ക് അവാർഡ്, കർഷകരെ ആദരിക്കൽ മുതലായ പരിപാടികൾ
14. കാലിത്തൊഴുത്തുനിർമിക്കാൻധനസഹായം.

**മത്സ്യബന്ധനം**

അയർക്കുന്നം പഞ്ചായത്തിലെ ഏകദേശം 10% ജനങ്ങൾ സ്വന്തമാവശ്യങ്ങൾക്കായി ആറ്, തോട്, ചാല് എന്നിവയിൽ നിന്നും മത്സ്യബന്ധനം നടത്തുന്നു. ഇവർക്ക് ശാസ്ത്രീയമായ പരിശീലനമോ ശാസ്ത്രീയ ഉപകരണങ്ങളോ ലഭ്യമല്ല. സ്വന്തമായി നിർമിക്കുന്ന ഉപകരണങ്ങളാണ് സാധാരണയായി ഉപയോഗിക്കുന്നത്. ഇവർക്ക് ശാസ്ത്രീയ പരിശീലനം നടപ്പിലാക്കിയാൽ കുറെ പേർക്കെങ്കിലും തൊഴിൽ ലഭിക്കും. പഞ്ചായത്തിലെ വിവിധ വാർഡുകളിൽ ഇഷ്ടിക നിർമാണത്തിനായി മണ്ണെടുത്തു പാഴായിക്കിടക്കുന്ന കുഴികൾ, കൃഷി ചെയ്യാതെ കിടക്കുന്ന പാടങ്ങൾ, ഉൾനാടൻ തോടുകൾ എന്നിവകൾ നല്ലവണ്ണം ക്രമീകരിച്ച് മത്സ്യകൃഷി നടപ്പാക്കാവുന്നതാണ്. അതുപോലെ നല്ലയിനം മത്സ്യക്കുഞ്ഞുങ്ങളെ ഫിഷറീസ് വകുപ്പു മുഖേന വിതരണം ചെയ്യാവുന്നതാണ്. അതുപോലെ തന്നെ നല്ല രീതിയിലുള്ള മത്സ്യബന്ധന പരിപാടിയിലേയ്ക്ക് വള്ളം, വല, കൂട് എന്നിവ സബ്സിഡി നിരക്കിൽ നൽകുന്ന പദ്ധതികൾ തയ്യാറാക്കുക. മത്സ്യകൃഷിയോടൊപ്പം കോഴി, പന്നി എന്നിവ ഉൾപ്പെടുന്ന 'ത്രീടയർ സംവിധാനം'' രൂപപ്പെടുത്താവുന്നതാണ്. തോട്, കുളം, ആറ്, ചാൽ തുടങ്ങി ജലാശയങ്ങളിൽ നഞ്ച്, തോട്ട എന്നിവ ഉപയോഗിച്ചുള്ള മത്സ്യബന്ധനം ഒഴിവാക്കേണ്ടതാണ്. നല്ല രീതിയിലുള്ള നിർദേശങ്ങൾക്കും ധനവായ്പക്കും ഉതകുന്ന മത്സ്യത്തൊഴിലാളി സഹകരണസംഘങ്ങൾ രൂപീകരിക്കാവുന്നതാണ്. സഹകരണ സംഘങ്ങൾ വഴി മത്സ്യവിതരണം നടത്തിയാൽ കൂടുതൽ തൊഴിലവസരം ലഭിക്കുന്നതാണ്.

# വ്യവസായം

5.3

**ലോ**കമെമ്പാടുമുള്ള വികസിത- വികസ്വര രാഷ്ട്രങ്ങൾ ഇന്നത്തെ നിലയിൽ പുരോഗതി പ്രാപിച്ചതിന്റെ പ്രധാന ഘടകം അവിടുത്തെ വ്യവസായ വളർച്ചയാണെന്നതിന് സംശയമില്ല. ഒരു രാജ്യത്തിന്റെ സാമ്പത്തിക വളർച്ചയ്ക്ക് സുപ്രധാന ഘടകവും വ്യവസായം തന്നെയാണ്. വ്യവസായവൽക്കരിക്കുക അല്ലെങ്കിൽ നശിക്കുക എന്നതാണ് ആപ്തവാക്യം.

നമ്മുടെ രാജ്യം ഇന്ന് അഭിമുഖീകരിക്കുന്ന ഏറ്റവും ഗുരുതരമായ പ്രശ്നം തൊഴിലില്ലായ്മയാണ്. പ്രത്യേകിച്ച് അഭ്യസ്തവിദ്യരായ യുവതീ- യുവാക്കൾക്ക്-സർക്കാർ തലത്തിൽ പല പദ്ധതികളും ആസൂത്രണം ചെയ്തു നടപ്പാക്കിക്കൊണ്ടിരിക്കുന്നു എങ്കിലും ഈ പ്രശ്നത്തിന് കാര്യമായ പരിഹാരം ഇതുവരെയും കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. ഇവരുടെ എണ്ണം ആണ്ടുതോറും വർദ്ധിച്ചുകൊണ്ടിരിക്കുന്നു. തൊഴിൽ ലഭിക്കുവാൻ സാദ്ധ്യത കാണാതെ ഒരു വിഭാഗം സാമൂഹ്യവിരുദ്ധരും കുറ്റവാളികളുമായി മാറി നാട്ടുകാർക്കും, വീട്ടുകാർക്കും, സമൂഹത്തിനും പ്രയോജനമില്ലാത്തവരായിത്തീരുന്നു.

ഇൻഡ്യ സ്വാതന്ത്ര്യം നേടിയതിനുശേഷം കഴിഞ്ഞ എട്ടു പഞ്ചവത്സരപദ്ധതികളിലൂടെ നേടിയ പുരോഗതി വിലയിരുത്തുമ്പോൾ വ്യവസായ മേഖലയിൽ വളരെയധികം നേട്ടങ്ങൾ ഇനിയും കൈവരിക്കുവാനുണ്ട്. അവയുടെ ആസൂത്രണം മുകളിൽ നിന്നും കീഴോട്ടായിരുന്നതിനാൽ വ്യവസായ പുരോഗതി ഗ്രാമപ്രദേശങ്ങളിൽ വഴിമുട്ടി നിൽക്കുകയാണ്. ഇതിന്റെ പ്രധാന കാരണം ജനപങ്കാളിത്തം ഇല്ലായ്മയാണ്. പദ്ധതികളൊന്നും തന്നെ ജനങ്ങളുടെ താൽപര്യം മുൻനിർത്തിക്കൊണ്ടായിരുന്നില്ല. ഇവയെല്ലാം പരിഹരിച്ചുകൊണ്ട് ഒമ്പതാം പഞ്ചവത്സരപദ്ധതി ജനപങ്കാളിത്തത്തോടെ ആസൂത്രണം ചെയ്തുകൊണ്ടിരിക്കുന്നു.

അയർക്കുന്നം ഗ്രാമപഞ്ചായത്തിലെ 31818 ജനങ്ങളിൽ ബഹുഭൂരിപക്ഷവും കൃഷിയെ ആശ്രയിച്ച് ജീവിക്കുന്നവരാണ്. കൃഷിഭൂമിയും പരിമിതമായിക്കൊണ്ടിരിക്കുന്ന ഈ സന്ദർഭത്തിൽ ഈ രംഗത്ത് കൂടുതൽ ജനങ്ങൾക്ക് തൊഴിൽ നൽകാൻ സാധിക്കുകയില്ല. അതുകൊണ്ട് തൊഴിൽ കണ്ടെത്തുന്നതിനും സാമ്പത്തിക വളർച്ചയ്ക്കും വ്യവസായത്തിന്റെ പ്രാധാന്യം അനുദിനം വർദ്ധിച്ചു വരുന്നു.

അയർക്കുന്നം ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള വ്യവസായങ്ങളെയും പ്രശ്നങ്ങളെയും പരിഹാരമാർഗങ്ങളെയും സാദ്ധ്യതകളെയും അടിസ്ഥാനപ്പെടുത്തി ഇവിടുത്തെ 12 വാർഡുകളിലേയും വിശേഷാൽ ഗ്രാമസഭകളിൽ, വിശദമായ ചർച്ചയ്ക്കു വിധേയമായ വ്യവസായ റിപ്പോർട്ടുകൾക്രോഡീകരിച്ച് ഈ പഞ്ചായത്തിൽ നടപ്പാക്കേണ്ട വ്യവസായ പദ്ധതികളെപ്പറ്റിയുള്ള റിപ്പോർട്ട് താഴെ ചേർക്കുന്നു.

## വ്യവസായ പശ്ചാത്തലം

പഞ്ചായത്തിന്റെ മൊത്തം വിസ്തീർണ്ണം 3070 ഹെക്ടർ ആണെങ്കിലും കൃഷിക്ക് ഉപയോഗിക്കുന്നത് 2835.52 ഹെക്ടർ മാത്രമാണ്. ഇതിൽ 50% റബ്ബർകൃഷിക്കും, 25 % തെങ്ങുകൃഷിക്കും, 10 % നെൽകൃഷിക്കും ബാക്കിയുള്ള സ്ഥലത്ത് വാഴ, കപ്പ, കൈതച്ചക്ക, കൊക്കോ, കരിമ്പ്, പച്ചക്കറികൾ, തുടങ്ങിയ വിവിധയിനം വിളകളും കൃഷി ചെയ്യുന്നു. വ്യാവസായികമായി വളരെ പിന്നോക്കാവസ്ഥയിലുള്ള ഈ പഞ്ചായത്തിൽ കാർഷികോല്പന്നങ്ങളെ അടിസ്ഥാനപ്പെടുത്തിയുള്ള വ്യവസായങ്ങൾക്കാണ് കൂടുതൽ സാധ്യത. പരമ്പരാഗത വ്യവസായം, ആധുനിക വ്യവസായം എന്നിവ പരിഗണിക്കുമ്പോൾ ഇവിടുത്തെ മുഖ്യവ്യവസായത്തുറ ആധുനിക വ്യവസായമാണ്.

ഇതിൽ ചെറുകിട വ്യവസായത്തിനും ഫാക്ടറി വ്യവസായത്തിനും നല്ല ഭാവിയുണ്ട്.

## നിലവിലുള്ള പരമ്പരാഗത വ്യവസായങ്ങൾ

കൊട്ടനെയ്ത്ത്, പായ്നെയ്ത്ത്, കൊല്ലപ്പണി, ആശാരിപ്പണി എന്നിവയാണ് ഇവിടുത്തെ പരമ്പരാഗത വ്യവസായങ്ങൾ. ഇവ വ്യക്തികൾ

കുടിൽ വ്യവസായമായി നടത്തിവരുന്നു.

ഈ രംഗത്ത് ചെറുകിട വ്യവസായങ്ങളോ, ഫാക്ടറി വ്യവസായങ്ങളോ, പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളോ ഇല്ല.

## നിലവിലുള്ള ആധുനിക വ്യവസായങ്ങൾ

പഞ്ചായത്തിലെ 12 വാർഡുകളിൽ കുടിൽ, ചെറുകിട, ഖാദി വ്യവസായമേഖലകളിലായി ഏകദേശം 150 യൂണിറ്റുകൾ പ്രവർത്തിക്കുന്നു. ഒന്ന്, മൂന്ന്, ഒമ്പത് വാർഡുകളിലാണ് കൂടുതൽ വ്യവസായ യൂണിറ്റുകൾ. താഴെപ്പറയുന്ന വ്യവസായങ്ങളാണ് ഇവിടെ ഇപ്പോൾ നിലവിലുള്ളത്.

1. **റബ്ബർ അധിഷ്ഠിത വ്യവസായം:-** റബ്ബർ ചപ്പലിനുള്ള സ്ട്രാപ്പ്, ഹാവായ് ചപ്പൽ, റബ്ബർ ബാൻഡ്, റബ്ബർ മോർഡുകൾ, റബ്ബർ വെയിസ്റ്റ് പൊടി, ഗ്രയിഡ് റബ്ബർ
2. **തടി:-** പാക്കിംഗ് കേയിസ്, ഫർണിച്ചറുകൾ, ബിൽഡിംഗ് മെറ്റീരിയൽ, തീപ്പെട്ടിക്കൊള്ളി.
3. **കെട്ടിടനിർമ്മാണം:-** ഓട്, ചുടുകട്ട, സിമൻറ് കട്ട, സിമിൻറ് പെയിൻറ്, ലിക്വിഡ് പെയിൻറ്. ഇതിൽ ചുടുകട്ട നിർമ്മാണം സീസണിലുള്ള പ്രവർത്തനമാണ്. നിലവിലുള്ള ചുടുകട്ട നിർമാണ യൂണിറ്റുകൾ, പുന്നത്തുറ കൊങ്ങാണ്ടൂർ, ആറുമാനൂർ, നീറിക്കാട് എന്നീ വാർഡുകളിൽ പ്രവർത്തിക്കുന്നു. ഏകദേശം 1000ത്തിൽപരം തൊഴിലാളികൾ ഈ രംഗത്തു പണിയെടുക്കുന്നു. തൊഴിലാളികളിലധികവും മറ്റു സംസ്ഥാനങ്ങളിൽ നിന്നും വന്നിട്ടുള്ളവരാണ്.
4. **ജനറൽ എൻജിനീയറിംഗ്:-** ഇരുമ്പു ഗേറ്റ്, ഗ്രിൽസ്, റബ്ബർമെഷീൻ, ഓട്ടോമൊബൈൽ, വാഹന ബോഡി നിർമ്മാണം.
5. **വസ്ത്ര നിർമ്മാണം:-** തയ്യൽ. റെഡിമെയ്ഡ് വസ്ത്രം
6. **ആഹാരപദാർത്ഥങ്ങൾ:-** ചിപ്സ്, പലഹാരങ്ങൾ, കറിപ്പൊടികൾ, കാപ്പിപ്പൊടി, കൈതച്ചക്ക ജാം, സിറപ്പ്, സ്ക്വാഷ്.
7. **കാലിത്തീറ്റ:-** കപ്പപ്പൊടി, പുളിമ്പൊടി
8. **പ്ലാസ്റ്റിക്:-** പ്ലാസ്റ്റിക് ഷീറ്റുകൾ, ബാഗ്
9. **ഇലക്ട്രോണിക് ഉപകരണങ്ങൾ:-** ഈ രംഗത്തെ ഏക പരിശീലനകേന്ദ്രം അമയന്നൂരിലെ നിതാസഹകരണസംഘമാണ്.
10. **വ്യവസായ സഹകരണസംഘങ്ങൾ:-** രണ്ട് വ്യവസായ സഹകരണ സംഘങ്ങളാണ് ഈ പഞ്ചായത്തിലുള്ളത്. ഒന്ന് അരീപ്പറമ്പ് പൈനാപ്പിൾ സഹകരണസംഘം. ഇവിടെ കൈതച്ചക്കയിൽ നിന്ന് ജാം, സ്ക്വാഷ്, സിറപ്പ് എന്നിവ ഉൽപ്പാദിപ്പിക്കുന്നു. ഇവിടെ ഉൽപ്പാദിപ്പിക്കുന്ന കൈതച്ചക്കയുടെ 10% മാത്രമേ ഉപയോഗപ്പെടുത്തുന്നുള്ളൂ. മറ്റൊരു വ്യവസായ സഹകരണസംഘം ആറുമാനൂർ ഗൂർക്കണ്ട സാരിയാണ്. കരിമ്പിൽ നിന്നും ശർക്കര ഉൽപാദനമാണ് പ്രധാന പ്രവർത്തനം.
11. **ഖാദി യൂണിറ്റുകൾ:-** പഞ്ചായത്തിലെ രണ്ട്, മൂന്ന്, ഒമ്പത് വാർഡുകളിൽ ഖാദിയൂണിറ്റുകൾ പ്രവർത്തിക്കുന്നു. ഒരു ഓട് നിർമാണ ഫാക്ടറിയും രണ്ട് നൂൽ നിർമാണ യൂണിറ്റുകളുമാണുള്ളത്. ഓട് നിർമാണ ഫാക്ടറി പല കാരണങ്ങളാൽ പീഡിതവ്യവസായമായി കഴിയുന്നു. 50 പേർക്ക് പ്രത്യക്ഷമായും 100 പേർക്ക് പരോക്ഷമായും തൊഴിൽ നൽകാൻ കഴിവുള്ള ഒരു സ്ഥാപനമാണിത്. നൂൽ നിർമാണ യൂണിറ്റുകൾ രണ്ടും പ്രവർത്തിക്കുന്നു എങ്കിലും ആവശ്യത്തിന് സ്ലൈലം ലഭിച്ചാൽ ഇപ്പോൾ 3000 കഴി എടുക്കന്നിടത്ത് 10000 കഴി കൂടുതൽ എടുക്കാൻ കഴിയും. തൻമൂലം തൊഴിലാളികൾക്ക് കൂലി വർദ്ധനവും ലഭിക്കും.
12. **മിനി വ്യവസായ എസ്റ്റേറ്റ്**

ഈ ഗ്രാമപഞ്ചായത്തിലെ ഏക യൂണിറ്റ് അമയന്നൂർ മിനി വ്യവസായ എസ്റ്റേറ്റാണ്. കാലിത്തീറ്റകൾക്കുള്ള പുളിമ്പൊടി, പ്ലാസ്റ്റിക് ഷീറ്റ്, ബാഗ്, പെയിൻറ്, സിമൻറ് പെയിൻറ് എന്നിവയാണ് പ്രധാന ഉല്പന്നങ്ങൾ. ഇവയൊന്നും കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല.

## പുരോഗതിയും ലാഭനഷ്ടവും

പ്രതികൂലമായ സാഹചര്യങ്ങൾ കാരണം വ്യവസായങ്ങളുടെ എണ്ണം ആണ്ടുതോറും കുറഞ്ഞുവരുന്നു. ചിലത് പ്രവർത്തനരഹിതമാകുന്നു. മറ്റു ചിലത് വ്യവസായമായിത്തീരുന്നു. വ്യവസായ മുരടിപ്പു കാരണം തൊഴിലാളികളുടെ എണ്ണം കുറയുകയും അവർ മറ്റു സ്ഥലങ്ങളിൽ തൊഴിൽ അന്വേഷിച്ചു പോവുകയും ചെയ്യുന്നു. പഞ്ചായത്തിലെ വ്യവസായരംഗത്ത് ഏകദേശം 1040 തൊഴിലാളികളുണ്ട്. അവരുടെ കൂലിനിരക്ക് താരതമ്യേന കുറവാണ്. പരുഷന് ശരാശരി 70 രൂപയും സ്ത്രീക്ക് ശരാശരി 50 രൂപയും കൂലി ലഭിക്കുന്നു. സ്ത്രീ തൊഴിലാളികളുടെ എണ്ണം നേരിയ തോതിൽ വർദ്ധിക്കുന്നുണ്ട്. സംഘടിത തൊഴിലാളികളുടെയും അസംഘടിത തൊഴിലാളികളുടെയും കൂലികൾതമ്മിൽ വലിയ അന്തരം നിലനിൽക്കുന്നു. നിലവിലുള്ള വ്യവസായങ്ങൾ പലതും നഷ്ടത്തിലാണ്. അല്ലാത്തവയിൽ നിന്നും ലഭിക്കുന്ന ലാഭവും പരിമിതമാണ്.

## അസംസ്കൃത വസ്തുക്കൾ

അസംസ്കൃത സാധനങ്ങളുടെ വളരെയധികം വിഭവശേഷിയുള്ള പഞ്ചായത്തിലെ പല വസ്തു

ക്കളും വ്യവസായാവശ്യത്തിന് ഉപേയാഗിക്കാതെ നഷ്ടപ്പെട്ടുപോകുന്നു. കൃഷിയിൽ മുൻപന്തിയിൽ നിൽക്കുന്ന റബ്ബറിൻെറ ഉല്പാദനത്തിൽ ഒരു ശതമാനം പോലും ഇവിടെ വ്യവസായാവശ്യത്തിന് ഉപയോഗിക്കുന്നില്ല. റബ്ബർപാൽ അമോണിയേറ്റ് ചെയ്ത് വീപ്പകളിലാക്കിയും, റബ്ബർഷീറ്റുകളാക്കിയും അന്യസ്ഥലങ്ങളിൽ വിറ്റഴിക്കുന്നു. കൈതക്കൃഷിയിൽ നിന്നുണ്ടാകുന്ന കൈതച്ചക്കയുടെ 90%വും പ്രയോജനപ്പെടുത്തുന്നില്ല. അതുപോലെ തന്നെ ഇവിടെയുണ്ടാകുന്ന ചക്കപ്പഴം, വാഴപ്പഴം, കപ്പ, ഏത്തക്കുല, നാളികേരം, കരിമ്പ്, നെല്ല്, വാഴനാര്, കൊക്കൊ മുതലായവ ഒന്നും തന്നെ വ്യവസായ ഉല്പന്നങ്ങളായി മാറുന്നില്ല. ഈ പഞ്ചായത്തിൽ സുലഭമായി ലഭിക്കുന്ന റബ്ബർ ത്തടിയിൽ 99%വും അന്യസ്ഥലങ്ങളിൽ വിറ്റഴിക്കുന്നു. നിലവിലുള്ള വ്യവസായങ്ങളുടെ അസംസ്കൃതവസ്തുക്കളിൽ ഭൂരിഭാഗവും ഇവിടെത്തന്നെയുള്ളവയാണ്. കാലിത്തീറ്റയ്ക്കുള്ള കപ്പപ്പൊടി, പുളിങ്കുരു, ഖാദിവ്യവസായത്തിനുള്ള പഞ്ഞി, കറിപ്പൊടി, കാപ്പിപ്പൊടി എന്നിവയ്ക്കുള്ള അസംസ്കൃതവസ്തുക്കളും അന്യസ്ഥലങ്ങളിൽ നിന്നും കൊണ്ടുവരുന്നു.

## പ്രശ്നങ്ങൾ

ഈ പഞ്ചായത്തിനെ സംബന്ധിച്ച് വ്യവസായവളർച്ചയ്ക്ക് അനുകൂലഘടകങ്ങളായ ഉയർന്ന വിദ്യാഭ്യാസം, മെച്ചപ്പെട്ട ഉപഭോഗനിലവാരം, അനുകൂലമായ കാലാവസ്ഥ, ധാരാളം അസംസ്കൃതവസ്തുക്കൾ എന്നിവയെല്ലാം ഉണ്ടെങ്കിലും വ്യവസായ വളർച്ചയ്ക്ക് പ്രതിബന്ധമായി നിൽക്കുന്ന കാരണങ്ങൾ താഴെ ചേർക്കുന്നു.

1. **അടിസ്ഥാന സൗകര്യങ്ങൾ:** വ്യവസായ സ്ഥാപനങ്ങൾക്കു പറ്റിയ സ്ഥലം, ജലം, വൈദ്യുതി, ടെലിഫോൺ ഇവ ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ടുകൾ.
2. **ധനസഹായം:-** പഞ്ചായത്തിലെ ജനങ്ങളിൽ ഭൂരിഭാഗവും ഇടത്തരം വരുമാനക്കാരും സാമ്പത്തികബുദ്ധിമുട്ടുള്ളവരുമാണ്. അതുകൊണ്ട് ധനസഹായ സ്ഥാപനങ്ങളിൽ നിന്ന് വായ്പ ലഭിക്കു ന്നതിനും അടിസ്ഥാന മൂലധനം മുടക്കുന്നതിനും കഴിയുന്നില്ല.
3. **വൈദ്യുതി:-** വ്യവസായത്തിൻെറ സുപ്രധാനഘടകമായ വൈദ്യുതി കൃത്യമായി ആവശ്യത്തിനു ലഭിക്കുന്നില്ല.
4. **കാലതാമസം:-** പഞ്ചായത്ത്, വ്യവസായ വകുപ്പ്, ധനകാര്യസ്ഥാപനങ്ങൾ എന്നിവയിൽ നിന്ന് അംഗീകാരം, ധനസഹായം, വ്യവസായ ആ നുകൂല്യങ്ങൾ ഇവ ലഭിക്കുന്നതിനുള്ള കാല താമസം.
5. **പരിജ്ഞാനക്കുറവ്:-** ഉല്പന്നം തെരഞ്ഞെ ടുക്കുന്നതിനും വ്യവസായം നടത്തുന്നതിനും വേണ്ടത്ര സാങ്കേതിക പരിശീലനം ലഭിക്കുന്നതിനുള്ള സംവിധാനമില്ലായ്മ.
6. **വിപണനം:-** ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിനുള്ള വിപണി കണ്ടെത്തുന്നതിന് നേരിടുന്ന ബുദ്ധിമുട്ടുകൾ. ഭൂരിഭാഗം ഉല്പന്നങ്ങളും മറ്റു സ്ഥലങ്ങളിൽ ചെലവാക്കുന്നു. ഇതിന് പല പ്രതിബന്ധങ്ങളെയും നേരിടേണ്ടി വരുന്നു. ഈ പഞ്ചായത്തിൽ ഉല്പന്നങ്ങളുടെ വിപണനത്തിനായി പ്രത്യേകം മാർക്കറ്റിംഗ് സഹകരണസംഘങ്ങളോ മാർക്കറ്റിംഗ് ഏജൻസികളോ പ്രവർത്തിക്കുന്നില്ല.
7. **തൊഴിൽ വൈദഗ്ദ്ധ്യം:-** വിദഗ്ദ്ധ തൊഴിലാളികളുടെയും സാങ്കേതിക പരിശീലനം നേടിയവരുടെയും അപര്യാപ്തത.
8. **മലിനീകരണം:-** പരിസര മലിനീകരണവും അന്തരീക്ഷ മലിനീകരണവും പരിഹരിക്കുന്നതിനുള്ള ബുദ്ധിമുട്ടുകൾ.
9. **അസംസ്കൃത സാധനങ്ങൾ:-** ഓരോ വ്യവസായ യൂണിറ്റിനും ആവശ്യമുള്ള അസംസ്കൃത വസ്തുക്കൾ കൃത്യമായി ലഭിക്കുന്നതിനുള്ള പ്രതിബന്ധങ്ങൾ.
10. **പീഡിത വ്യവസായങ്ങൾ:-** പീഡിത വ്യവസായങ്ങൾ പുനരുദ്ധരിക്കുന്നതിനു നേരിടുന്ന കാലതാമസം.
12. **വനിതാ-വ്യവസായ യൂണിറ്റുകൾ:-** വനിതകൾക്ക് തൊഴിലവസരം ലഭിക്കുന്നതും വ്യവസായരംഗത്തേക്ക് ആകർഷിക്കുന്നതുമായ വനിതാ യൂണിറ്റുകളുടെയും വനിതാ സഹകരണസംഘങ്ങളുടെയും അഭാവം.
13. **പരമ്പരാഗത വ്യവസായങ്ങൾ:-** പരമ്പരാഗത വ്യവസായ മേഖലയിലെ തൊഴിലാളികൾക്ക് പരിശീലനം ലഭിക്കുന്നതിനും അർഹമായ കൂലിവർദ്ധനവ് നൽകുന്നതിനും സാധ്യതഇല്ലായ്മ.
14. **സഹകരണമേഖല:-** സഹകരണമേഖല യിലുള്ള വ്യവസായങ്ങളുടെ കുറവ്.
15. **മിനി വ്യവസായ എസ്റ്റേറ്റുകൾ:-** അടിസ്ഥാന ആവശ്യങ്ങൾ പരിഹരിക്കാൻ കഴിവുള്ള വ്യവസായ എസ്റ്റേറ്റുകളുടെ അഭാവം.
16. **ഗതാഗത സൗകര്യം:-** അസംസ്കൃത വസ്തുക്കളും ഉല്പന്നങ്ങളും കൊണ്ടു വരുന്നതിനും കൊണ്ടുപോകുന്നതിനുമുള്ള ഗതാഗത സൗകര്യക്കുറവ്.

## പ്രശ്നപരിഹാര മാർഗ്ഗങ്ങൾ

1. അടിസ്ഥാന സൗകര്യങ്ങൾ

മീനച്ചിലാറ്റിലെ വെള്ളം തോടുകൾ വഴി വിവിധസ്ഥാപനങ്ങളിൽ എത്തിച്ചാൽ അടിസ്ഥാന സൗകര്യങ്ങളിലൊന്നായ ജലത്തിൻെറ ബുദ്ധിമുട്ട് ഒഴിവാകും. അയർക്കുന്നം ടെലിഫോൺ എക്സ്ചേഞ്ച് വികസിപ്പിച്ചാൽ ടെലിഫോൺ ലഭിക്കും.

വ്യവസായത്തിൻെറ ഏറ്റവും പ്രധാന ഘടകമായ വിദ്യുച്ഛക്തി യഥാ സമയം ലഭിക്കുന്നതിന് കൂടുതൽ ട്രാൻസ്ഫോർമർ സ്ഥാപിക്കുക. പ്രശ്നം ശാശ്വതമായി പരിഹരിക്കുന്നതിന് അയർക്കുന്നം പഞ്ചായത്തിൽ ഒരു കെ.എസ്.ഇ.ബി സബ്സ്റ്റേഷൻ സ്ഥാപിക്കുക.

2. വ്യവസായ എസ്റ്റേറ്റുകളും ഡവ:പ്ലോട്ടുകളും.

അടിസ്ഥാനസൗകര്യങ്ങൾ എത്രയും വേഗവും കുറഞ്ഞ ചെലവിലും ലഭിക്കുന്നതിന് ഉപകരിക്കത്തക്കവണ്ണം പഞ്ചായത്തിലെ വിവിധ വാർഡുകളിൽ വ്യവസായ എസ്റ്റേറ്റുകൾ ആരംഭിക്കുക. ഇതിനുള്ള സ്ഥലവും മറ്റു സൗകര്യങ്ങളും പഞ്ചായത്തിൽ നിന്നു കണ്ടെത്തുക.

3. ധനസഹായം

ധനസഹായസ്ഥാപനങ്ങളുടെ പ്രതിനിധികൾ, ഗവൺമെൻറ് പ്രതിനിധി, വ്യവസായ പരിചയസമ്പന്നർ എന്നിവ ഉൾപ്പെടുന്ന ഒരു പഞ്ചായത്തുതല കോർഡിനേഷൻ കമ്മറ്റി രൂപീകരിച്ച് ഇവരുടെ നേതൃത്വത്തിൽ സംരംഭകർക്ക് ധനസഹായം ലഭ്യമാക്കുക.

4. കാലതാമസം ഒഴിവാക്കുക

ധനസഹായം, സബ്സിഡികൾ, ലൈസൻസുകൾ, അനുവാദങ്ങൾ എന്നിവ ലഭിക്കുന്നതിനുണ്ടായിക്കൊണ്ടിരിക്കുന്ന കാലതാമസം ഒഴിവാക്കുക.

5. തൊഴിൽ പ്രശ്നങ്ങൾ

നിലവിലുള്ള വ്യവസായങ്ങൾ നേരിടുന്ന തൊഴിൽ പ്രശ്നങ്ങളും മറ്റു പ്രശ്നങ്ങളും പഠിച്ച് വിലയിരുത്തി പരിഹരിക്കുന്നതിന് ധനസഹായ സ്ഥാപനങ്ങളുടെ പ്രതിനിധികൾ, വ്യാവസായിക പ്രതിനിധികൾ, തൊഴിലാളികളുടെ പ്രതിനിധികൾ, പരിചയ സമ്പന്നർ എന്നിവർ അടങ്ങുന്ന ഒരു സമിതിയുണ്ടാക്കി അവരുടെ നേതൃത്വത്തിൽ പ്രശ്നങ്ങൾ പരിഹരിക്കുക.

6. പരമ്പരാഗത വ്യവസായങ്ങൾ നവീകരിക്കുക.

7. സംരംഭകർക്കും തൊഴിലാളികൾക്കും പരിശീലനം ലഭിക്കുന്നതിനുള്ള മാർഗങ്ങൾ ഏർപ്പെടുത്തുക.

8. ഉല്പന്നങ്ങളുടെ വിപണനത്തിന് പഞ്ചായത്തിൻെറ ചുമതലയിൽ ഒരു മാർക്കറ്റിംഗ് ഏജൻസി രൂപീകരിക്കുക.

9. സഹകരണമേഖലയിൽ പുതിയ വ്യവസായങ്ങൾ ആരംഭിക്കുക.

10. വനിതകളുടെ വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുക.

11. ലഭ്യമായ അസംസ്കൃതസാധനങ്ങളുടെ അടിസ്ഥാനത്തിൽ വ്യവസായ വികസനത്തിന് ഒരു മാസ്റ്റർപ്ലാൻ തയ്യാറാക്കുക.

12. വിദേശപണം വ്യവസായരംഗത്ത് മുതൽ മുടക്കാൻ പ്രേരിപ്പിക്കുക.

13. പീഢിത വ്യവസായങ്ങളെ ഏറ്റവും വേഗം പുനരുദ്ധരിക്കുക.

14. ഗതാഗതസൗകര്യം വർധിക്കുന്നതിന് റോഡുകൾ ടാർ ചെയ്ത് സഞ്ചാരയോഗ്യമാക്കുക.

15. അയർക്കുന്നം മാർക്കറ്റ് പുനരുദ്ധരിക്കുക.

16. കൂലിനിരക്ക് ശാസ്ത്രീയമാക്കുക.

## സാധ്യതകൾ

അയർക്കുന്നം ഗ്രാമപഞ്ചായത്തിലെ വ്യവസായ വികസനത്തെപ്പറ്റി ചിന്തിക്കുമ്പോൾ 2-ാം വാർഡിൽ തുടങ്ങുന്നതിന് പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്ന കെ.ഇ.എൽ എന്ന സ്ഥാപനം വളരെ പ്രാധാന്യം അർഹിക്കുന്നു. ഈ സ്ഥാപനം പഞ്ചായത്തിൻെറ ഒട്ടാകെയുള്ള വ്യവസായ വികസനത്തിൻെറ കേന്ദ്രബിന്ദുവാണ്. ഇതോടൊപ്പം വളരെയധികം അനുബന്ധവ്യവസായങ്ങൾക്കും സാധ്യതയുണ്ട്. ആയതിനാൽ കെ.ഇ.എൽ-ൻെറ പ്രവർത്തനം എത്രയും വേഗം ആരംഭിക്കേണ്ടതാണ്.

താഴെപ്പറയുന്ന കുടിൽ, ചെറുകിട, ഖാദി ഗ്രാമവ്യവസായങ്ങൾ വ്യക്തികളായും, കൂട്ടായും, സഹകരണമേഖലയിലും ആരംഭിക്കാവുന്നതാണ്. അവയെല്ലാം ഇവിടെ ലഭിക്കുന്ന അസംസ്കൃത വിഭവങ്ങളെ അടിസ്ഥാനപ്പെടുത്തിയുള്ളതാണ്.

1. റബ്ബർ അധിഷ്ഠിത വ്യവസായം
2. കാർഷികോല്പന്നങ്ങളെ അടിസ്ഥാനമാക്കിയുള്ളവ.
3. റെഡിമെയ്ഡ് വസ്ത്ര നിർമ്മാണവും തയ്യലും.
4. റബ്ബർത്തടിയും മറ്റു തടികളും ഉപയോഗിച്ചുള്ളവ.
5. കാലിത്തീറ്റ
6. നോട്ടുബുക്കു നിർമാണം
7. പ്രിൻറിംഗ്

8. ഇലക്ട്രോണിക്സ്
9. കരകൗശല ഉല്പന്നങ്ങൾ
10. പരമ്പരാഗത വ്യവസായങ്ങൾ
11. കളിമണ്‍ വ്യവസായം
12. ഡക്കറേറ്റിംഗ്
13. തീപ്പെട്ടി വ്യവസായം
14. ശർക്കര വ്യവസായം
15. നാളികേരം, വെളിച്ചെണ്ണ, ഓയിൽ എക്സ് പെല്ലർ
16. പ്ലാസ്റ്റിക്
17. പെയിഡൻറ്
18. ഓട്ടോമൊബൈൽ
19. ഇരുചക്രവാഹനങ്ങളുടെ വർക്ക്ഷോപ്പ്
20. കറിപൗഡർ, കാപ്പിപ്പൊടി
21. സോപ്പ്, സോപ്പുപൊടി
22. സിമൻറുകട്ട, ജനൽ, വാതിൽ
23. ജനറൽ എൻജിനീയറിംഗ്
24. സ്റ്റീൽ ഫർണിച്ചർ
25. പഞ്ഞി, മെത്ത, റബ്ബർ മെത്ത

## വൻകിട വ്യവസായം

റബ്ബർ അധിഷ്ഠിത വൻകിട വ്യവസായം

മേൽപറഞ്ഞ നിർദേശങ്ങൾ ചർച്ചയുടെ അടിസ്ഥാനത്തിൽ മുൻഗണനക്രമം നിശ്ചയിച്ച് നടപ്പാക്കിയാൽ നമ്മുടെ പഞ്ചായത്തിൽ അടുത്ത ഏതാനും വർഷങ്ങൾക്കുള്ളിൽ ചെറുകിട വ്യവസായരംഗത്ത് കാര്യമായ പുരോഗതി ഉണ്ടാക്കാൻ കഴിയും. തന്മൂലം, ആവശ്യമായ നിത്യോപയോഗ സാധനങ്ങൾ ഇവിടെത്തന്നെ ലഭ്യമാവുകയും ചെയ്യും. ഇത് കാർഷിക വിളകളെ പ്രോത്സാഹിപ്പിക്കുന്നതിനോടൊപ്പം തൊഴിലില്ലായ്മ ഒരു പരിധിവരെ പരിഹരിക്കുന്നതിനും സഹായിക്കും. അങ്ങനെ പഞ്ചായത്തിൻെറ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുകയും ആളോഹരി വരുമാനം വർധിക്കുകയും ചെയ്യും. ഇത് ജനങ്ങളുടെ സാമൂഹ്യ സാമ്പത്തിക- സാംസ്കാരിക പുരോഗതിക്ക് ആക്കം കൂട്ടും.

# ഗതാഗതം, ഊർജം, മാർക്കറ്റ്

5.4

**1954**-ൽ പഞ്ചായത്ത് രൂപീകൃതമായപ്പോൾ അയർക്കുന്നം നിവാസികൾ പുറം ലോകവുമായി ബന്ധപ്പെട്ടിരുന്ന ഏക റോഡാണ് കോട്ടയം മണർകാട് അയർക്കുന്നം റോഡ്. എന്നാൽ പന്നഗം തോട്ടിലും കിടങ്ങൂർ ക്ഷേത്രത്തിന് സമീപം മീനച്ചിലാറ്റിലും അയർക്കുന്നത്ത് പൂട്ടുചിറ തോട്ടിലും വല്യചേന്നാട്ടും പാലങ്ങൾ ഉണ്ടായതോടെ റോഡുകളുടെ കാര്യത്തിൽ അയർക്കുന്നത്ത് ഒരു മുന്നേറ്റം തന്നെയുണ്ടായി. റോഡുകളുടെ ശോചനീയാവസ്ഥ നിലനില്ക്കെത്തന്നെ ഗതാഗത സൗകര്യങ്ങളുടെ കാര്യത്തിൽ നാം മുൻപന്തിയിൽ തന്നെയാണ് എന്നു പറയാം.

നമ്മുടെ പഞ്ചായത്തിൽ ഏതാനും P.W.D. റോഡുകളും,167 പഞ്ചായത്ത് റോഡുകളും ഉണ്ട്.പഞ്ചായത്തു റോഡുകളുടെയും കെട്ടിടങ്ങളുടെയും വാർഡു തിരിച്ചുള്ള സ്ഥിതി വിവര കണക്ക് ചുവടെ ചേർക്കുന്നു.

| വാർഡ് | ഗതാഗതം<br>പഞ്ചായത്ത് റോഡുകളുടെ<br>എണ്ണം | <br><br>നീളം | രജിസ്റ്റർ ചെയ്ത കെട്ടിടങ്ങൾ |
|---|---|---|---|
| 1 | 20 | 11500 മീ. | 912 |
| 2 | 13 | 10150 മീ. | 661 |
| 3 | 18 | 27450 മീ. | 778 |
| 4 | 12 | 11400 മീ. | 569 |
| 5 | 13 | 11055 മീ. | 659 |
| 6 | 19 | 25690 മീ. | 713 |
| 7 | 13 | 11900 മീ. | 620 |
| 8 | 6 | 6388 മീ. | 669 |
| 9 | 19 | 17600 മീ. | 729 |
| 10 | 5 | 2515 മീ. | 574 |
| 11 | 11 | 8195 മീ. | 728 |
| 12 | 18 | 13180 മീ. | 1099 |
| ആകെ | 167 | 1,57,023 മീ | 8711 |

എല്ലാ റോഡുകളും യാത്രക്ക് യോചിച്ചവയല്ല. മഴക്കാലങ്ങളിൽ കാൽനടയാത്ര പോലും ബുദ്ധിമുട്ടായി തീരുന്നു. റോഡുകളുടെ ഇരുവശങ്ങളിലും ഓട തീർക്കാത്തതാണ് ഇതിനൊരു പ്രധാന കാരണം.

അയർക്കുന്നം ടൗണിലെ ഗതാഗതം ഇന്ന് ഒരു പേടിസ്വപ്നമായി മാറിയിരിക്കുകയാണ്. വാഹനങ്ങളുടെ ബാഹുല്യവും റോഡിൻെറ വീതിക്കുറവും ഇതിനൊരു കാരണമാണ്. കൂടാതെ ടാക്സികളും ഓട്ടോറിക്ഷാകളും ടൗണിൻെറ ഹൃദയഭാ

ഗത്തു തന്നെ പാർക്കു ചെയ്യുന്നതും മറ്റൊരു കാരണമാണ്. കാൽ നടയാത്രക്കാർക്ക് സുരക്ഷിതമായി സഞ്ചരിക്കുവാൻ സൗകര്യങ്ങൾ ഒന്നും ഇല്ല.

ഗതാഗത സൗകര്യങ്ങളുടെ കാര്യത്തിൽ നാം മുൻ പന്തിയിലാണ് എന്നഭിമാനിക്കുന്നുണ്ടെങ്കിലും രാത്രി 9 മണിക്ക് ശേഷം ബസ് സർവ്വീസ് ഇല്ല. ഓട്ടോയോ ടാക്സിയോ പോലും കിട്ടാൻ ബുദ്ധിമുട്ടാണ്. കെ.എസ്.ആർ.ടി.സി ബസുകൾ കേവലം രണ്ടെണ്ണം മാത്രമേയുള്ളു.

പുന്നത്തുറ, നീറിക്കാട് മേഖലകളിൽ പ്രൈവറ്റ് ബസുകൾ പോലും ചെല്ലാത്തത് ആ പ്രദേശത്ത് വസിക്കുന്നവർക്ക് വളരെയധികം ബുദ്ധിമുട്ടുകൾ ഉളവാക്കുന്നുണ്ട്.

തിരുവഞ്ചൂർ പൂവത്തുംമൂട് കടവിലെ പഴകി ദ്രവിച്ച കടത്തുവള്ളം സ്ത്രീകളും കുട്ടികളുമടക്കമുള്ള യാത്രക്കാർക്ക് വലിയ ഒരു ഭീഷണിയാണ്.

**നിർദ്ദേശങ്ങൾ:**

റോഡുകൾക്ക് താങ്ങാൻ പറ്റാത്ത രീതിയിൽ വർദ്ധിച്ച തോതിലുള്ള ഗതാഗതവും ഒപ്പം ഭാരവണ്ടികളുടെ ഇടതടവില്ലാത്ത വരവും നമ്മുടെ കാലാവസ്ഥയുടെ പ്രത്യേകതയും റോഡുകളെ വളരെ പെട്ടെന്ന് യാത്രായോഗ്യമല്ലാതാക്കി തീർക്കുന്നു.

ടൗണിലുള്ള P.W.D. റോഡിലെ ടാറിംഗ് രണ്ട് സൈഡിലേക്കും പരമാവധി വർദ്ധിപ്പിക്കുക.

ടൗണിലെ വഴിയിലേക്കിറങ്ങി നില്ക്കുന്ന പോസ്റ്റുകൾ കഴിവതും സൈഡിലേക്ക് മാറ്റി സ്ഥാപിക്കുക.

വഴിയിലേക്കിറങ്ങി നില്ക്കുന്ന ചാർത്തുകളും മറ്റും കാലാകാലങ്ങളിൽ നീക്കം ചെയ്യുന്നതിനുള്ള സംവിധാനം ഉണ്ടാകണം.

ടാറിംഗ് റോഡിലുണ്ടാകുന്ന കേടുപാടുകൾ അടിയന്തിരമായി ചെയ്തു തീർക്കാനുള്ള സംവിധാനം ഉണ്ടാകണം.

പുതിയ റോഡുകൾ വെട്ടുമ്പോഴുണ്ടാകുന്ന പ്രശ്നങ്ങൾ, കേസുകൾ തുടങ്ങിയവ പഞ്ചായത്ത് ഏറ്റെടുത്ത് പരിഹാരം ഉണ്ടാക്കണം.

വടക്കൻ ജില്ലകളിലേക്കും തെക്കൻ ജില്ലകളിലേക്കും പോകുന്ന കെ.എസ്.ആർ.ടി.സി ബസുകൾ പാലാ ഡിപ്പോയിൽ നിന്ന് തിരിച്ച് അയർക്കുന്നം വഴി വിടണം.

കോട്ടയം അയർക്കുന്നം -പാല-കോട്ടയം, കോട്ടയം- അയർക്കുന്നം - മറ്റക്കര -പാല, പൊൻകുന്നം -അയർക്കുന്നം-ആറുമാനൂർ - ഏറ്റുമാനൂർ -മെഡിക്കൽകോളജ്, പാലാ-അയർക്കുന്നം-തിരുവഞ്ചൂർ-കോട്ടയം എന്നിവിടങ്ങളിലേക്ക് കെ. എസ്.ആർ.ടി.സി സർവ്വീസ് തുടങ്ങണം.

അയർക്കുന്നത്ത് ചാർജ്ജിംഗ് സ്റ്റേഷനോ അവുട്ട് പോസ്റ്റോ സ്ഥാപിച്ച് ഗതാഗത നിയന്ത്രണം നിർബന്ധമായും ഉണ്ടാക്കുകയും രാത്രികാലങ്ങളിൽ യാത്രക്കാർക്ക് ബുദ്ധിമുട്ടുണ്ടാകാതിരിക്കാൻ ''പെട്രോളിംഗ്'' ഏർപ്പെടുത്തുകയും വേണം.

കമ്പനിക്കടവിലെ പാലത്തിൽ നടപ്പാത ഉണ്ടാക്കുകയും വേണം.

കുളിക്കടവ്, പ്രധാന ജംഗഷ്ഷൻ എന്നിവിടങ്ങളിൽ മെർക്കുറി ലൈറ്റും പ്രധാന തെരുവുകളിൽ ടൂബ് ലൈറ്റും ഇടണം.

നിലവിലുള്ള എല്ലാ പഞ്ചായത്ത് റോഡുകളിലൂടെയും സ്ട്രീറ്റ് ലൈറ്റ് ഇടണം.

അയർക്കുന്നം ടൗണിൽ രണ്ടു വശങ്ങളിലും ഓടവാർത്ത് അതിന് മുകളിൽ സ്ലാബ് ഉറപ്പിച്ച് അത് നടപ്പാതയായി മാറ്റാവുന്നതാണ്.

ടൗണിലെ ഓട്ടോ ടാക്സി ടെമ്പോ പാർക്കിംഗ് റോഡ് സൈഡിൽ നിന്നും മാറ്റേണ്ടതാണ്. ഇതിനായി ഇപ്പോൾ ലോറികൾ പാർക്ക് ചെയ്യുന്ന പൂട്ടുചിറ തോടിന്റെ സൈഡിലുള്ള പഞ്ചായത്ത് വക സ്ഥലത്ത് സ്റ്റാന്റുകൾ പണിയാവുന്നതാണ്. കൂടാതെ അയർക്കുന്നം ചന്തയുടെ ഒരുസൈഡിൽ, അതുമല്ലെങ്കിൽ പഴയ പോലീസ് ഔട്ട് പോസ്റ്റിന്റെ സ്ഥലം ലേലം ചെയ്യുമ്പോൾ പഞ്ചായത്ത് എടുത്ത് ഇതിനായി ഉപയോഗിക്കാവുന്നതാണ്. വണ്ടിയുടെ പാർക്കിംഗ് ടൗണിൽ നിന്ന് മാറിക്കഴിയുമ്പോൾ ടൗൺ വൃത്തിയായും ശുചിയായും സൂക്ഷിക്കുന്നതിന് സൗകര്യം ഏറുന്നു. ഒപ്പം അയർക്കുന്നം ടൗണിലെ റോഡിന്റെ

വിസ്തീർണ്ണം വർദ്ധിക്കുകയും ചെയ്യുന്നു.

167 റോഡിനും റോഡിൻെറ പേരും ദൂരവും അടയാളപ്പെടുത്തിയ ബോർഡ് എഴുതിവയ്ക്കേണ്ടതാണ്.

**പുതിയ റോഡുകൾ**

1. താളിക്കല്ല് മുളക്കാൻകുന്നു വഴി പാലക്കാത്തടം റോഡ്
2. വെട്ടിക്കാപ്പുഴ-നല്ലമ്പുഴ
3. പുത്തൻപുര-കണ്ണോങ്കൽ
4. ഖാദിബോർഡ്-വരക്മല-പാറ റോഡ് ബാക്കി ഭാഗം വെട്ടി പാറപ്പുറം റോഡുമായി ബന്ധിപ്പിക്കണം.
5. പുതുമായിൽ - പൂവേലിക്കുന്നുപുറം റോഡ്
6. മുടപ്പാല- ചാരാത്ത്പടി റോഡ്
7. ചാരാത്തുപടി - ആക്കാമ റോഡ്
8. കുടാരപ്പള്ളി - എടാട്ടുപടി റോഡ് ബാക്കി ഭാഗം വെട്ടി കിടങ്ങൂർ റോഡുമായി ബന്ധിപ്പിക്കണം.
9. കറ്റുവട്ടിക്കവല ഗൂർഖണ്ടസാരി റോഡ്
10. കുഴിയുഴത്തിൽ - തട്ടോർകുന്ന് റോഡ്
11. ആനിക്കാകുന്നേൽ തടുക്കുഴി റോഡ്
12. പുത്തൻ പടിക്കൽ - കല്ലംപള്ളി തയ്യിൽ മാലി റോഡ്
13. പുത്തേട്ട്പടി ചക്കുംമൂട്ട് കടവ്
14. കുരിശുംപള്ളി- പഴുമാലിൽ-ചക്കുംമൂട് റോഡ്
15. ഇറഞ്ഞാൽ റോഡ്-തിരുവഞ്ചൂർ ക്ഷേത്രം റോഡ്

പുതിയ റോഡുകൾ നിർമ്മിക്കുന്നതിനെപ്പറ്റി ആലോചിക്കുമ്പോൾ മുൻഗണന അർഹിക്കുന്ന ഒരു റോഡാണ് 10, 11 എന്നീ വാർഡുകളെ 8-ാം വാർഡിലൂടെ അയർക്കുന്നം ടൗണുമായി എളുപ്പത്തിൽ ബന്ധിപ്പിക്കാവുന്ന കണ്ടംചിറ-ആണ്ടൂപ്പടി-മുട്ടപ്പള്ളി- ഉരുളിപ്പാടം-നീറിക്കാട് റോഡ്.

**ബൈപ്പാസ് റോഡുകൾ**

മണർകാട് അയർക്കുന്നം റോഡിൽ ഇല്ലിമൂലയിൽ നിന്നും കോട്ടയം തിരുവഞ്ചൂർ റോഡിൽ വാഴേപ്പടിയിൽ വന്നു ചേർന്ന് ആറുമാനൂർ റോഡിൽ പ്രവേശിച്ച് നിലവിലുള്ള കുമ്പളന്താനംപടി - കോപ്പറേറ്റീവ് ബാങ്ക് പടി റോഡ് വീതികൂട്ടി ഒരു ബൈപ്പാസ് നിർമ്മിച്ചാൽ ടൗണിൻെറ തിരക്ക് ഒഴിവാക്കുന്നതിനും ടൗണിൻെറ വികസനത്തിനും വളരെ ഉത്തമമായിരിക്കും.

അല്ലെങ്കിൽ പെട്രോൾ പമ്പിന് മുമ്പിൽ നിന്നും പൂട്ടുചിറപ്പാലത്തിൻെറ സൈഡിലേക്ക് ഒരു ബൈപ്പാസ് നിർമ്മിക്കാവുന്നതാണ്.

പഞ്ചായത്തിൽ നിലവിലുള്ള റോഡുകളുടെ വിവരങ്ങളും ചെയ്തു തീർക്കേണ്ട പണികളും വാർഡു തിരിച്ച് പട്ടിക രണ്ടിൽ ചേർത്തിരിക്കുന്നു.

## പഞ്ചായത്തിലെ നിലവിലുള്ള റോഡുകളെ സംബന്ധിച്ച വിവരങ്ങൾ

### വാർഡ് 1 അമയന്നൂർ

| നമ്പ: | റോഡിൻെറ പേര് | നീളം മീറ്റർ | വീതി മീറ്റർ | ചെയ്തു തീർക്കേണ്ട പണികൾ |
|---|---|---|---|---|
| 1. | തേക്കിൻപടി-മിനി ഇൻഡസ്ട്രിയൽ | 750 | 4 | മെറ്റലിംഗ് - ടാറിംഗ് |
| 2. | ചിറപ്പാലം-പുളിയമ്മാക്കൽ | 1500 | 3.5 | വീതികൂട്ടണം, ടാറിംഗ് |
| 3. | അരീപ്പറമ്പ്-കറ്റുവട്ടിൽ | 1800 | 8 | ടാറിംഗ് പൂർത്തിയാക്കണം |
| 4. | കറ്റുവീട്ടിൽ- മെത്രാഞ്ചേരി | 1250 | 8 | ടാറിംഗ് |
| 5. | പൂതിരി - താന്നിക്കൽപടി | 600 | 4 | വീതികൂട്ടി, ടാറിംഗ് പൂർത്തിയാക്കണം |
| 6. | പൂതിരിക്കൽ- മെത്രാൻചേരി | 400 | 4 | വീതികൂട്ടി, ടാറിംഗ് പൂർത്തിയാക്കണം |
| 7. | പൂതിരി-കൂടത്തുമാക്കൽ | 400 | 4 | വീതികൂട്ടി, ടാറിംഗ് പൂർത്തിയാക്കണം |
| 8. | പൂതിരി-വള്ളികാട് ക്ലബ്ബ് | 300 | 4 | വീതികൂട്ടി, ടാറിംഗ് പൂർത്തിയാക്കണം |
| 9. | പൂതിരി-പള്ളിക്കുന്ന് | 250 | 3 | വീതികൂട്ടി, ടാറിംഗ് പൂർത്തിയാക്കണം |
| 10. | കല്ലറക്കൽ പടി-വള്ളികാട് | 500 | 3 | വീതികൂട്ടി, ടാറിംഗ് പൂർത്തിയാക്കണം |
| 11. | വള്ളിക്കാട്-കല്ലുപുരപടി | 400 | 4 | വീതികൂട്ടി, ടാറിംഗ് പൂർത്തിയാക്കണം |
| 12. | പള്ളിക്കുന്ന്-കല്ലുപുരപടി | 300 | 3 | വീതികൂട്ടി, ടാറിംഗ് പൂർത്തിയാക്കണം |
| 13. | കുമരംകോടത്ത്-കൂടത്തുമുക്കിൽ | 300 | 3 | വീതികൂട്ടി, ടാറിംഗ് പൂർത്തിയാക്കണം |
| 14. | തോപ്പുംപടി-മെത്രാഞ്ചേരി | 400 | 3 | വീതികൂട്ടി, ടാറിംഗ് പൂർത്തിയാക്കണം |
| 15. | കുമരംകോടത്ത്-വാരിക്കാട്ട് ക്ഷേത്രപടി | 350 | 3 | വീതികൂട്ടി, ടാറിംഗ് പൂർത്തിയാക്കണം |
| 16. | മെത്രാഞ്ചേരി-കണ്ണൻകുന്ന്പടി | 400 | 6 | വീതികൂട്ടി, ടാറിംഗ് പൂർത്തിയാക്കണം |
| 17. | ആമക്കാട്ട് പടി-അരീപ്പറമ്പ് | 1000 | 3.5 | വീതികൂട്ടി, ടാറിംഗ് പൂർത്തിയാക്കണം |
| 18. | എട്ടുപറ-വള്ളികാട് | 200 | 3 | വീതികൂട്ടി, ടാറിംഗ് പൂർത്തിയാക്കണം |
| 19. | എട്ടുപറ-പറപ്പേട്ട് | 150 | 6 | വീതികൂട്ടി, ടാറിംഗ് പൂർത്തിയാക്കണം |
| 20 | ചുണ്ടേൽപറമ്പ്-പൂതിരി നേഴ്സറി | 250 | 3 | വീതികൂട്ടി, ടാറിംഗ് പൂർത്തിയാക്കണം |

### വാർഡ് 2 അമയന്നൂർ

| | | | | |
|---|---|---|---|---|
| 1. | ചപ്പാത്ത്- വരകുമല | 1000 | 4 | വീതികൂട്ടി, ടാറിംഗ് പൂർത്തിയാക്കണം |
| 2. | വരകുമല-വെളുത്തേടത്ത് | 100 | 4 | വീതികൂട്ടി, ടാറിംഗ് പൂർത്തിയാക്കണം |
| 3. | ഇല്ലത്ത് പടി-ആറാട്ട് കടവ് | 400 | 4 | വീതികൂട്ടി, ടാറിംഗ് പൂർത്തിയാക്കണം |

| | | | | |
|---|---|---|---|---|
| 4. | തിരുമേനിപ്പടി-മാലത്ത് പാടം | 1000 | 4 | വീതികൂട്ടി, ഓടതീർത്ത് ടാറ് ചെയ്യണം |
| 5. | ഇല്ലിമുകുളേൽ-വാലേപ്പടി | 600 | 4 | വീതികൂട്ടി, ഓടതീർത്ത് ടാറ് ചെയ്യണം |
| 6. | ഇല്ലിമുകുളേൽപടി-ചുണ്ടേൽപടി | 400 | 3 | വീതികൂട്ടി, ടാറ് ചെയ്യണം |
| 7. | നിഷ്കളങ്ക-പുളിങ്കുന്ന് | 600 | 4 | ടാറ് ചെയ്യണം |
| 8. | മടത്തൂപ്പറമ്പ്-തൂത്തൂട്ടി | 700 | 4 | വീതികൂട്ടി, ടാറ് ചെയ്യണം |
| 9. | അമയന്നൂർ - പാറപ്പുറം | 1250 | 5 | വീതികൂട്ടി, ടാറ് ചെയ്യണം |
| 10. | പാതയിൽപടി - സഹകരണസംഘം | 1000 | 5 | വീതികൂട്ടി, ടാറ് ചെയ്യണം |
| 11. | ഒറവയ്ക്കൽ -വടക്കൻമണ്ണൂർപള്ളി | 750 | 5 | മെയിൻറനൻസ് നടത്തണം |
| 12. | ചുണ്ടേപ്പടി-പള്ളിത്താഴെ റോഡ് | 600 | 3 | മെയിൻറനൻസ് നടത്തണം |
| 13. | അമയന്നൂർ - താന്നിക്കൽപടി | 1250 | 8 | റീ ടാറിംഗ് |

## വാർഡ് 3 അമയന്നൂർ

| | | | | |
|---|---|---|---|---|
| 1. | പുളിയമ്മാക്കൽ-ചിറപ്പാലം | 2000 | 4 | ടാറിംഗ് പൂർത്തിയാക്കണം |
| 2. | പുളിയമ്മാക്കൽ-വാഴേപ്പറമ്പിൽ | 1500 | 4 | റോഡ് ലെവൽ ചെയ്ത്, ടാറിംഗ് |
| 3. | ചൂരനാനിക്കൽ-കോളനി | 1000 | 4 | വീതികൂട്ടി, ടാറ് ചെയ്യണം |
| 4. | വെള്ളറ- പന്തംമാക്കൽ | 1000 | 3.5 | വീതികൂട്ടി, ടാറ് ചെയ്യണം |
| 5. | പുതുപ്പള്ളിക്കുന്നേൽ-ചപ്പാത്ത് | 2000 | 6 | വീതികൂട്ടി, ടാറ് ചെയ്യണം |
| 6. | ചിറക്കരോട്ടുപടി-പാറപ്പുറം | 1500 | 5 | വീതികൂട്ടി, ടാറ് ചെയ്യണം |
| 7. | നടേമാമ്മൂട്-മണ്ണുംമൂട്ടിൽപടി | 1500 | 4 | വീതികൂട്ടി, ടാറ് ചെയ്യണം |
| 8. | പാറപ്പുറം-ചപ്പാത്ത് | 2000 | 6 | വീതികൂട്ടി, ടാറ് ചെയ്യണം |
| 9. | യക്ഷികുളം-ഇലവുങ്കൽപ്പടി | 1000 | 5 | വീതികൂട്ടി, ടാറ് ചെയ്യണം |
| 10. | നെടുവേലി-പെരുമ്പക്കുന്നേൽ | 3250 | 3 | വീതികൂട്ടി, ടാറ് ചെയ്യണം |
| 11. | അരിമ്പാച്ചിറ-ഇടയ്ക്കാട്ടുപടി | 1000 | 3 | വീതികൂട്ടി, ടാറ് ചെയ്യണം |
| 12. | പൊടിമറ്റംപടി-കോയിപ്പുറം | 1500 | 3 | വീതികൂട്ടി, ടാറ് ചെയ്യണം |
| 13. | നെടുവേലി-പനച്ചിത്താംകുന്ന് | 1000 | 4 | വീതികൂട്ടി, ടാറ് ചെയ്യണം |
| 14. | ഖാദിറോഡ്-മാണാട്ടുകുന്ന് | 200 | 4 | പാറപ്പുറം റോഡുമായി ബന്ധിക്കണം |
| 15. | ചേന്നാമറ്റം-അമയന്നൂർ താന്നിക്കാല | 5000 | 7 | വീതികൂട്ടി, ടാറ് ചെയ്യണം |
| 16. | ഇല്ലിച്ചുവട്-മെത്രാഞ്ചേരി | 1500 | 7 | വീതികൂട്ടി, ടാറ് ചെയ്യണം |
| 17. | വാലേപ്പീടികപ്പടി -വഴനത്തോട്ടം | 500 | 3 | വീതികൂട്ടി, ടാറ് ചെയ്യണം |
| 18. | അമയന്നൂർ ക്ഷേത്രപ്പടി റോഡ് | 1000 | 3 | പുതുപ്പള്ളി റോഡുമായി ബന്ധിപ്പിക്കണം |

## വാർഡ് 4 അമയന്നൂർ

| | | | | |
|---|---|---|---|---|
| 1. | ചെറുകുന്ന്-പുളിയമ്മാക്കൽ റോഡ് | 1000 | 6 | ടാറിംഗ് പൂർത്തിയാക്കണം |
| 2. | ഇല്ലിമൂല-മെത്രാഞ്ചേരി റോഡ് | 2200 | 8 | വീതികൂട്ടി, ടാറ് ചെയ്യണം |
| 3. | തൈക്കൂട്ടം-ചേന്നാമറ്റം റോഡ് | 1000 | 6 | വീതികൂട്ടി, ടാറ് ചെയ്യണം |
| 4. | വെട്ടുവേലി-തൈക്കൂട്ടം റോഡ് | 800 | 4 | വീതികൂട്ടി, ടാറ് ചെയ്യണം |
| 5. | കല്ലേത്തറ-വെട്ടിക്കാപ്പുഴ റോഡ് | 1400 | 4 | കയറ്റം കുറയ്ക്കുക |
| 6. | മരുതുകുഴി-ചാമനാട്ടുപടി-ചേന്നാമറ്റം | 1000 | 4 | വീതികൂട്ടി, ടാറ് ചെയ്യണം |
| 7. | വാഴേപ്പറമ്പ്-മറുകുംചിറ | 800 | 4 | വീതികൂട്ടി, ടാറ് ചെയ്യണം |
| 8. | മുണ്ടപ്ലാവ്-ചൂരപ്പാറ | 800 | 4 | വീതികൂട്ടി, ടാറ് ചെയ്യണം |
| 9. | ഇളപ്പാനി- നല്ലമ്മക്കുഴി | 1000 | 4 | വീതികൂട്ടി, ടാറ് ചെയ്യണം |
| 10. | ഇളപ്പാനി-കൊങ്ങാണ്ടൂർ | 600 | 3.8 | വീതികൂട്ടി, ടാറ് ചെയ്യണം |
| 11. | ഇളപ്പാനി-ചേന്നാമറ്റം | 800 | 5 | വീതികൂട്ടി, ടാറ് ചെയ്യണം |
| 12. | താളിക്കല്ല്-ടോവള്ളിറോഡ് | - | - | വെട്ടി തുറന്ന് ടാറിംഗ് നടത്തണം |

## വാർഡ് 5 അയർക്കുന്നം

| | | | | |
|---|---|---|---|---|
| 1. | നരിവേലിപ്പള്ളി-പന്നിക്കുഴി റോഡ് | 2500 | 5.35 | ടാറിംഗ് പൂർത്തിയാക്കണം |
| 2. | നരിവേലിപ്പള്ളി-കൊറ്റംചൂരപ്പാറ | 1000 | 4.7 | വീതികൂട്ടി, ടാറ് ചെയ്യണം |
| 3. | പന്നിക്കുഴി-കളപ്പുരയ്ക്കൽ റോഡ് | 450 | 5 | വീതികൂട്ടി, ടാറ് ചെയ്യണം |
| 4. | കൊറ്റത്തിൽപ്പടി-കളപ്പുരയ്ക്കൽ റോഡ് | 450 | 4.8 | വീതികൂട്ടി, ടാറ് ചെയ്യണം |
| 5. | വെട്ടുവേലിപ്പള്ളി-കുന്നപ്പള്ളിറോഡ് | 800 | 5.3 | വീതികൂട്ടി, ടാറ് ചെയ്യണം |
| 6. | കല്ലേമാക്കൽ-ഒറ്റപ്ലാക്കൽ കോളനി(1) | 1000 | 5.3 | വീതികൂട്ടി, ടാറ് ചെയ്യണം |
| 7. | മാർക്കറ്റ്-കുഴുത്തടി റോഡ് | 1000 | 4.4 | വീതികൂട്ടി, ടാറ് ചെയ്യണം |
| 8. | കോണിയ്ക്കൽ-കൊടിഞ്ഞാമറ്റം റോഡ് | 900 | 3.7 | വീതികൂട്ടി, ടാറ് ചെയ്യണം |
| 9. | പാപ്പാലമുകളേൽ-തീയേറ്റർപടി | 700 | 3 | വീതികൂട്ടി, ടാറ് ചെയ്യണം |
| 10. | താളിക്കല്ല് കുന്നത്തേട്ട് റോഡ് | 700 | 3.7 | വീതികൂട്ടി, ടാറ് ചെയ്യണം |
| 11. | ചിത്തിര-ഗവ: ആശുപത്രിപ്പടി | 200 | 4.3 | വീതികൂട്ടി, ടാറ് ചെയ്യണം |
| 12. | ഇല്ലിവളവ്-തൈക്കൂട്ടം റോഡ് | 800 | 8 | വീതികൂട്ടി, ടാറ് ചെയ്യണം |
| 13 | കോളനി - ഒറ്റപ്ലാക്കൽ റോഡ് | 300 | 4.5 | വീതികൂട്ടി, ടാറ് ചെയ്യണം |

| വാർഡ് 6 കൊങ്ങാണ്ടൂർ | | നീളം | വീതി | ചെയ്ത് തീർക്കേണ്ടത് |
|---|---|---|---|---|
| 1. | പുതുക്കുളങ്ങര-ചൂരപ്പാറ റോഡ് | 810 | 4 | വീതികൂട്ടി, ടാറ് ചെയ്യണം |
| 2. | വള്ളിക്കാട്ട്-മരുതൂർ റോഡ് | 1300 | 4 | വീതികൂട്ടി, ടാറ് ചെയ്യണം |
| 3. | പുല്ലുവേലി-മുടപ്പാല റോഡ് | 1400 | 8 | വീതികൂട്ടി, ടാറ് ചെയ്യണം |
| 4. | ഇളപ്പാനി-പുല്ലുവേലിറോഡ് | 2000 | 8 | വീതികൂട്ടി, ടാറ് ചെയ്യണം |
| 5. | പന്നഗം-മാളിയേക്കൽ റോഡ് | 1000 | 4 | വീതികൂട്ടി, ടാറ് ചെയ്യണം |
| 6. | ചെറുപുഷ്പം-പാറേവളവ് | 1900 | 8 | വീതികൂട്ടി, ടാറ് ചെയ്യണം |
| 7. | മാടപ്പള്ളി-തേക്കനാംകുന്നേൽ | 1000 | 4 | വീതികൂട്ടി, ടാറ് ചെയ്യണം |
| 8. | ചൂരപ്പാറ-ആക്കാമറ്റം | 1300 | 4 | വീതികൂട്ടി, ടാറ് ചെയ്യണം |
| 9. | പുതുപ്പറമ്പ്-കട്ടക്കയത്തുമറ്റം റോഡ് | 780 | 4 | വീതികൂട്ടി, ടാറ് ചെയ്യണം |
| 10. | മാടപ്പള്ളി-ഹെൽത്ത്സെൻറർ റോഡ് | 1000 | 4 | വീതികൂട്ടി, ടാറ് ചെയ്യണം |
| 11. | പുതുപ്പള്ളി-ചൂരപ്പാറ റോഡ് | 700 | 4 | വീതികൂട്ടി, ടാറ് ചെയ്യണം |
| 12. | തുണ്ടത്തിൽപ്പറമ്പ്-മരുത്തൂർ റോഡ് | 1000 | 4 | വീതികൂട്ടി, ടാറ് ചെയ്യണം |
| 13. | ചാരാത്തുപടി-മരുത്തൂർറോഡ് | 2000 | 6 | വീതികൂട്ടി, ടാറ് ചെയ്യണം |
| 14. | വെട്ടുകാട്-പുല്ലുവേലിറോഡ് | 700 | 5 | വീതികൂട്ടി, ടാറ് ചെയ്യണം |
| 15. | വടക്കേപ്പറമ്പ്-ഇളപ്പാനി റോഡ് | 1000 | 4 | വീതികൂട്ടി, ടാറ് ചെയ്യണം |
| 16. | കുന്നപ്പടി-ചാമക്കാലാ റോഡ് | 1900 | 4 | വീതികൂട്ടി, ടാറ് ചെയ്യണം |
| 17. | പാറേവളവ്-ചൂരപ്പാറകുന്ന് | 2000 | 4 | വീതികൂട്ടി, ടാറ് ചെയ്യണം |
| 18. | ഒഴുകേപ്പടി-ചൂരപ്പാറ | 2000 | 4 | വീതികൂട്ടി, ടാറ് ചെയ്യണം |
| 19. | മുന്നോടികുന്ന്-വെട്ടുകാട് റോഡ് | 1900 | 4 | വീതികൂട്ടി, ടാറ് ചെയ്യണം |

**വാർഡ് 7 പുന്നത്തറ**

| | | | | |
|---|---|---|---|---|
| 1. | കല്ലിട്ടുനട-കരുനാട്ടുകവല | 1400 | 8 | ടാറിംഗ് പൂർത്തിയാക്കണം |
| 2. | വട്ടിത്തറമറ്റം-കിടങ്ങൂർ | 2100 | 8 | ടാറ് ചെയ്യണം |
| 3. | പഴയപള്ളി-പള്ളിക്കടവ് | 300 | 8 | ടാറ് ചെയ്യണം |
| 4. | കമ്പനിക്കടവ്-വെള്ളാപ്പള്ളി-പാലംറോഡ് | 800 | 8 | ടാറ് ചെയ്യണം |
| 5. | പോസ്റ്റാഫീസ്-ആയാംകുടിറോഡ് | 800 | 4 | വീതികൂട്ടി, ടാറ് ചെയ്യണം |
| 6. | പള്ളിക്കടവ്-കിടങ്ങൂർ റോഡ് | 600 | 4 | വീതികൂട്ടി, ടാറ് ചെയ്യണം |
| 7. | കേതുൻകുന്ന്-മുല്ലപ്പള്ളി | 700 | 4 | വീതികൂട്ടി, ടാറ് ചെയ്യണം |

| | | | | |
|---|---|---|---|---|
| 8. | പോസ്റ്റാഫീസ്-പോളയ്ക്കൽപടി | 800 | 4 | വീതികൂട്ടി, ടാറ് ചെയ്യണം |
| 9. | അയർക്കുന്നം-കിടങ്ങൂർ (പന്നഗം പാലംവരെ) | 1400 | 8 | ടാറ് ചെയ്യണം |
| 10. | കമ്പനിക്കടവ്-പതിയിൽ റോഡ് | 1600 | 4 | വീതികൂട്ടി, ടാറ് ചെയ്യണം |
| 11. | വളേളാംകുന്ന്-മരുത്തൂർപാലം | 400 | 4 | പാലം വീതികൂട്ടി, ടാറ് ചെയ്യണം |
| 12. | പെരുമാരൂർ-കണിതാഴത്ത് | 400 | 3.5 | വീതികൂട്ടി, ടാറ് ചെയ്യണം |
| 13. | ഒഴുങ്ങാലിപ്പടി-തോട്ടത്തിൽ റോഡ് | 600 | 4 | വീതികൂട്ടി, ടാറ് ചെയ്യണം |

## വാർഡ് 8 അയർക്കുന്നം

| | | | | |
|---|---|---|---|---|
| 1. | സർവ്വീസ്ബാങ്ക്പടി-ശ്രീകൃഷ്ണസ്വാമി ക്ഷേത്രപടി | 1050 | 4 | വീതികൂട്ടി, ടാറ് ചെയ്യണം |
| 2. | വാഴേപ്പടി-കുത്തിയതോട്-ആറുമാനൂർ | 1639 | 7 | വീതികൂട്ടി, ടാറ് ചെയ്യണം |
| 3. | കണ്ടച്ചിറ-പുളിഞ്ചുവട് | 1329 | 5.5 | വീതികൂട്ടി, ടാറ് ചെയ്യണം |
| 4. | പള്ളിത്താഴെ-നെടുങ്കരി റോഡ് | 1020 | 4 | വീതികൂട്ടി, ടാറ് ചെയ്യണം |
| 5. | കുമ്പിളത്താനത്തുപടി-മഞ്ഞപ്പള്ളിക്കുന്ന് | 450 | 3 | ആറുമാനൂർ റോഡുമായി ബന്ധിക്കണം |
| 6. | മണ്ണുംമൂട്ടിൽപ്പടി-നടമൂട്ടിൽപ്പടിറോഡ് | 900 | 4 | വീതികൂട്ടി, ടാറ് ചെയ്യണം |

## വാർഡ് 9 ആറുമാനൂർ

| | | | | |
|---|---|---|---|---|
| 1. | നരിവേലി-ചെത്തികുളം റോഡ് | 2500 | 4 | വീതികൂട്ടി, ടാറ് ചെയ്യണം |
| 2. | പുലിയിളക്കുഴി-കുളക്കാട്ടിൽ പടി | 2000 | 4 | വീതികൂട്ടി, ടാറ് ചെയ്യണം |
| 3. | തേക്കനാംകുന്ന്- കാഞ്ഞിരത്തുങ്കൽറോഡ് | 1500 | 4 | വീതികൂട്ടി, ടാറ് ചെയ്യണം |
| 4. | മയിലാടുംകുന്ന്-റോഡ് | 500 | 4 | വീതികൂട്ടി, ടാറ് ചെയ്യണം |
| 5. | കോട്ടേപ്പടവ്-ചെത്തിക്കുളം റോഡ് | 1000 | 4 | വീതികൂട്ടി, ടാറ് ചെയ്യണം |
| 6. | മരങ്ങാട്ടിൽപ്പടി-ചെത്തിക്കുളം റോഡ് | 300 | 4 | വീതികൂട്ടി, ടാറ് ചെയ്യണം |
| 7. | കരിങ്ങോട്ടിൽപ്പടി- മുളന്താനത്തു റോഡ് | 1000 | 4 | വീതികൂട്ടി, ടാറ് ചെയ്യണം |
| 8. | പാറേക്കടവ്-ചൊറിച്ചീക്കടവ് | 1250 | 4 | വീതികൂട്ടി, ടാറ് ചെയ്യണം |
| 9. | പാറേക്കടവ്-പൈമ്പള്ളിക്കുഴി റോഡ് | 1000 | 4 | വീതികൂട്ടി, ടാറ് ചെയ്യണം |
| 10. | പനന്താനത്തുപടി-മുണ്ടിത്തോട് | 500 | 4 | വീതികൂട്ടി, ടാറ് ചെയ്യണം |
| 11. | നെടിമ്പതുണ്ടം-ചെത്തിക്കുളം | 1000 | 4 | വീതികൂട്ടി, ടാറ് ചെയ്യണം |
| 12. | മംഗലംതാഴെപ്പടി-ഐക്കരക്കടവ് | 500 | 4 | വീതികൂട്ടി, ടാറ് ചെയ്യണം |
| 13. | യു.പി.എസ്. ആറുമാനൂർ-ഐക്കരറോഡ് | 500 | 4 | വീതികൂട്ടി, ടാറ് ചെയ്യണം |
| 14. | വാഴത്തറപ്പടി-നീറിക്കാട്പാലം | 500 | 4 | വീതികൂട്ടി, ടാറ് ചെയ്യണം |

| | | | | |
|---|---|---|---|---|
| 15. | ഗുർഖണ്ഡസാരി-ഞെഴുകുമറ്റം-നീറിക്കാട് | 1000 | 4 | വീതികൂട്ടി, ടാറ് ചെയ്യണം |
| 16. | വാഴത്തറപ്പടി-വപ്പാത്തുപടി | 250 | 4 | വീതികൂട്ടി, ടാറ് ചെയ്യണം |
| 17. | നാഞ്ഞിലത്തുപടി-ചെത്തികുളം | 1000 | 4 | വീതികൂട്ടി, ടാറ് ചെയ്യണം |
| 18. | മംഗലത്തുപടി-ആലുംചുവട് | 1000 | 4 | വീതികൂട്ടി, ടാറ് ചെയ്യണം |
| 19. | കുടിലൻപറമ്പ്-മാണിക്കണ്ടം | 300 | 4 | വീതികൂട്ടി, ടാറ് ചെയ്യണം |

## വാർഡ് 10 നീറിക്കാട്

| | | | | |
|---|---|---|---|---|
| 1. | കുരിശുപള്ളി-കാക്കത്തോട് | 740 | 8 | ടാറ് ചെയ്യണം |
| 2. | തോട്ടത്തിൽ-ചക്കുംമൂട്ടിൽ റോഡ് | 160 | 4 | ടാറ് ചെയ്യണം |
| 3. | കറ്റുവട്ടിൽ-പയറ്റുകുഴി റോഡ് | 350 | 6 | ടാറ് ചെയ്യണം |
| 4. | വടക്കേടത്തുപടി-ഷാപ്പുപടി | 765 | 4 | ടാറ് ചെയ്യണം |
| 5. | കൊച്ചുപുരയ്ക്കൽപടി-പയറ്റുകുഴി | 500 | 4 | ടാറ് ചെയ്യണം |

## വാർഡ് 11-നീറിക്കാട് (തിരുവഞ്ചൂർ)

| | | | | |
|---|---|---|---|---|
| 1. | ചപ്പാത്ത്-നീറിക്കാട്(എസ്.എൻ.ഡി.പി)റോഡ് | 1400 | 4.9 | വീതികൂട്ടി ടാറ് ചെയ്യണം |
| 2. | എസ്.എൻ.ഡി.പി-പുതിയപുരയിടം റോഡ് | 500 | 4 | വീതികൂട്ടി ടാറ് ചെയ്യണം |
| 3. | കൂലേട്ട്പടി-പാണകുന്ന് റോഡ് | 800 | 9.6 | വീതികൂട്ടി ടാറ് ചെയ്യണം |
| 4. | തൂത്തൂട്ടി-അയ്യൻകോയിക്കൽ അമ്പലം റോഡ് | 1000 | 5.2 | ടാറ് ചെയ്യണം |
| 5. | തണ്ടാശേരി-കാക്കാരിമറ്റം റോഡ് | 285 | 3.7 | ടാറ് ചെയ്യണം |
| 6. | തൂത്തൂട്ടി-ചെറുകുന്ന് റോഡ് | 275 | 3.6 | ടാറ് ചെയ്യണം |
| 7. | പോളച്ചിറ-നീറിക്കാട് | 1100 | 6 | ടാറ് ചെയ്യണം |
| 8. | മണിയാർ-തുരുത്തേൽ റോഡ് | 1000 | 4.9 | ടാറ് ചെയ്യണം |
| 9. | ചുമയങ്കര-വന്നല്ലൂർക്കര | 985 | 3.7 | ടാറ് ചെയ്യണം |
| 10. | പള്ളിയമ്പിൽ-ഹരിജൻ കോളനി റോഡ് | 750 | 4 | ടാറ് ചെയ്യണം |
| 11. | കോളനി-നവജ്യോതി-പാണകുന്ന് റോഡ് | 1000 | 4 | ടാറ് ചെയ്യണം |

## വാർഡ് 12 തിരുവഞ്ചൂർ

| | | | | |
|---|---|---|---|---|
| 1. | കുരിശുപള്ളി-അരിമ്പനച്ചിറ റോഡ് | 1400 | 4 | വീതി കൂട്ടി ടാറ് ചെയ്യണം |
| 2. | തൂത്തൂട്ടി-അരിമ്പനച്ചിറ റോഡ് | 450 | 4 | വീതി കൂട്ടി ടാറ് ചെയ്യണം |
| 3. | പൂവത്തുംമൂട്-കിടങ്ങേടത്തുപടി | 550 | 4 | വീതി കൂട്ടി ടാറ് ചെയ്യണം |
| 4. | ഇറഞ്ഞാൽ-കൈപ്പാലത്തോട് | 900 | 4 | വീതി കൂട്ടി ടാറ് ചെയ്യണം |

| | | | | |
|---|---|---|---|---|
| 5. | ഇറഞ്ഞാൽ-പാറമ്പുഴ | 900 | 4 | വീതി കൂട്ടി ടാറ് ചെയ്യണം |
| 6. | കുരിശുങ്കൽ നിറവുപടി | 980 | 4 | വീതി കൂട്ടി ടാറ് ചെയ്യണം |
| 7. | ഹൈസ്കൂൾ-തിരുവഞ്ചൂർ കവല | 600 | 3 | വീതി കൂട്ടി ടാറ് ചെയ്യണം |
| 8. | നിറവുപടി-പോളച്ചിറ | 1100 | 4 | വീതി കൂട്ടി ടാറ് ചെയ്യണം |
| 9. | പടിപ്പുരക്കൽ-അരിമ്പനച്ചിറ | 800 | 4 | വീതി കൂട്ടി ടാറ് ചെയ്യണം |
| 10. | പോളച്ചിറ-ക്ലാമറ്റം | 700 | 5 | വീതി കൂട്ടി ടാറ് ചെയ്യണം |
| 11. | തിരുവഞ്ചൂർ ക്ഷേത്രം-കൈപ്പാലത്തോട് | 1400 | 4 | വീതി കൂട്ടി ടാറ് ചെയ്യണം |
| 12. | ചെട്ടിയിൽ-ചാണകംചേരി | 600 | 4 | വീതി കൂട്ടി ടാറ് ചെയ്യണം |
| 13. | ചോറാറ്റിൽപ്പടി-വാട്ടർ വർക്സ് റോഡ് | 1100 | 3.5 | വീതി കൂട്ടി ടാറ് ചെയ്യണം |
| 14. | കുന്നുംപുറത്തുപടി-നരിമറ്റം ക്ഷേത്രം | 700 | 3 | വീതി കൂട്ടി ടാറ് ചെയ്യണം |
| 15. | കല്ലേക്കടമ്പുപടി-കോടിക്കുളംറോഡ് | 150 | 4.5 | വീതി കൂട്ടി ടാറ് ചെയ്യണം |
| 16. | കല്ലേക്കടമ്പുപടി-ചാണകംചേരി റോഡ് | 150 | 2 | വീതി കൂട്ടി ടാറ് ചെയ്യണം |
| 17. | നിലത്തുപ്പൂർ-വാര്യത്തുപടി റോഡ് | 400 | 2.5 | വീതി കൂട്ടി ടാറ് ചെയ്യണം |
| 18. | തിരുവഞ്ചൂർ ക്ഷേത്രം-ആനത്തുകിഴി | 300 | 2.5 | വീതി കൂട്ടി ടാറ് ചെയ്യണം |

## ഊർജം

1959ൽ അയർക്കുന്നത്തെ ചില വീടുകളിൽ കുറച്ച് ബൾബുകൾ പ്രകാശിച്ചതോടുകൂടിയാണ് ആധുനിക പുരോഗതിയുടെ അടിസ്ഥാന ശക്തിയായ വൈദ്യുതി കടന്നുവന്നത്. ആധുനികതയെ തന്നെ കൈക്കുള്ളിൽ ഒതുക്കിക്കൊണ്ട് 1964-ൽ ടെലിഫോൺ സൗകര്യം എത്തി. വൈദ്യുതി ലഭിച്ചിട്ട് 37 വർഷം കഴിഞ്ഞുവെങ്കിലും പഞ്ചായത്തിന്റെ പല ഭാഗങ്ങളിലും ഇന്നും വൈദ്യുതി എത്തിയിട്ടില്ല എന്ന ദു:ഖസത്യവും നിലനിൽക്കുന്നു. വൈദ്യുതി എത്തിയിടത്തു തന്നെ വോൾട്ടേജ് ക്ഷാമം ഒരു തീരാശാപമായി നിലനിൽക്കുന്നു. പ്രസരണത്തിലുള്ള വൈദ്യുതി നഷ്ടം ആരും കാണാതെയും ശ്രദ്ധിക്കാതെയും പോകുന്നു. ചെറിയ മഴയുണ്ടായാൽ അപ്പോൾ തന്നെ വൈദ്യുതി വിതരണം നിലയ്ക്കുന്ന പ്രവണത തുടരുന്നു. ചെറുകിട വ്യവസായങ്ങൾ പോലും തുടങ്ങുവാനുള്ള വൈദ്യുതി ലഭിക്കാൻ നീണ്ട കാലയളവ് കാത്തിരിക്കേണ്ടിവരുന്നു. സ്ട്രീറ്റ് ലൈറ്റുകൾ ആവശ്യത്തിന് ഇല്ല. ഉള്ളവതന്നെ കുത്തുന്നില്ല. ഇങ്ങനെ പോകുന്നു നമ്മുടെ പഞ്ചായത്തിലെ വൈദ്യുതി മേഖലയിലെ പ്രശ്നങ്ങൾ.

അയർക്കുന്നം പഞ്ചായത്തിൽ 8711 കെട്ടിടങ്ങൾ രജിസ്റ്റർ ചെയ്തിരിക്കുന്നു. (ഗാർഹികം, വ്യാപാരം, വ്യവസായം എന്നിവകൾക്കായി) ഇതിൽ5461 കെട്ടിടങ്ങൾക്ക് കണക്ഷൻ നൽകിയിരിക്കുന്നു. ഇനി 3250 കെട്ടിടങ്ങളിൽ നാളിതുവരെ കറന്റ് എത്തിയിട്ടില്ല.

12 വാർഡിലുമായി പഞ്ചായത്ത്, പി.ഡബ്ല്യൂ.ഡി റോഡിൽ ആകെ 786 സ്ട്രീറ്റ് ലൈറ്റ് സ്ഥാപിച്ചിരിക്കുന്നു.

ഗാർഹികാവശ്യങ്ങൾക്കു വേണ്ടി 340 കണക്ഷന് രജിസൻറ്റർ ചെയ്തെങ്കിലും 252 എണ്ണത്തിന് ഇനിയും കണക്ഷൻ നൽകാനുണ്ട്.

| സ്ഥിതി വിവരം താഴെ ചേർക്കുന്നു | | | | | |
|---|---|---|---|---|---|
| വാർഡ് | പഞ്ചായത്തിൽ രജിസ്റ്റർ ചെയ്ത കെട്ടിടങ്ങൾ | ട്രാൻസ് ഫോർമർ | കെ.വി.എ | നിലവിലുള്ള കണക്ഷൻ | |
| 1 | 912 | 6 | 870 | ഗാർഹികം- | 4661 |
| 2. | 661 | 3 | 450 | വ്യാപാരം | 665 |
| 3 | 778 | 2 | 163 | വ്യവസായം | 135 |
| 4 | 569 | 3 | 263 | കൃഷി | 83 |
| 5 | 659 | - | - | വാട്ടർ വർക്സ് | 4 |
| 6 | 713 | 2 | 200 | കോഴി വളർത്തൽ | 5 |
| 7 | 620 | 1 | 160 | സ്ട്രീറ്റ് ലൈൻ | 745 |
| 8 | 669 | 3 | 450 | റ്റ്യൂബ് ലൈറ്റ് | 41 |
| 9 | 729 | 3 | 360 | ഹരിജൻ കോളനി | 31 |
| 10 | 574 | 3 | 300 | | |
| 11 | 728 | 1 | 100 | | |
| 12 | 1099 | 2 | 450 | | |
| **ആകെ** | **8711** | **29** | **3766** | | |

അയർക്കുന്നം മേജർ സെക്ഷനിൽ തൻവർഷം രജിസ്റ്റർ ചെയ്തിട്ടുള്ള കണക്ഷൻ സംബന്ധിച്ചുള്ള വിവരങ്ങൾ താഴെ കൊടുക്കുന്നു.

| | രജിസ്റ്റർ | കണക്ഷൻ നൽകിയത് | ബാക്കി |
|---|---|---|---|
| 1. Ordiary | 179 | 66 | 113 |
| 2.OTP | 25 | 7 | 18 |
| 3. Oyec | 136 | 15 | 121 |
| ആകെ | 340 | 88 | 252 |

വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനും ആവശ്യക്കാർക്ക് തത്കാലം സപ്ലൈ നല്കുന്നതിനും ഉള്ള ഒരേ ഒരു മാർഗ്ഗം സബ്സ്റ്റേഷൻ വരുകയെന്നുള്ളതാണ്. പക്ഷെ ആവശ്യത്തിനുള്ള സ്ഥലം കിട്ടാത്തതിനാൽ സബ്സ്റ്റേഷൻ നിർമ്മാണം നീണ്ടുപോകുകയാണ്. അതിനാൽ പ ഞ്ചായത്ത് ഈ പ്രശ്നം കാര്യമായി എടുത്ത് സ്വകാര്യവ്യക്തികളിൽ നിന്നു വിലയ്ക്കോ സാധിക്കുന്നില്ലായെങ്കിൽ പൊന്നും വിലയ്ക്കോ സ്ഥലമെടുത്ത് എത്രയും വേഗം ഈ പദ്ധതി നടപ്പാക്കേണ്ടതാണ്. നമ്മുടെ മുൻപോട്ടുള്ള പുരോഗതിക്ക് ഈ സബ്സ്റ്റേഷൻ നിർമ്മാണത്തിൻെറ പ്രാധാന്യം മനസിലാക്കി പഞ്ചായത്തും പൊതുജനങ്ങളും ഒന്നിച്ചു നീങ്ങണം.

കൂടാതെ, ഇപ്പോൾ മേജർ സെക്ഷനായിട്ട് പ്രവർത്തിക്കുന്ന അയർക്കുന്നം കേന്ദ്രമാക്കി അയർക്കുന്നം വിജയപുരം, അകലക്കുന്നം കിടങ്ങൂർ എന്നീ പഞ്ചായത്തികളിലെ ഏകദേശം 25000 കൺസ്യൂമേഴ്സിനെ ഉൾപ്പെടുത്തി അവർക്ക് ഉപകാരപ്രദമാകുന്നവിധത്തിൽ ഒരു ''സബ്ഡിവിഷനായി'' അയർക്കുന്നത്തെ ഉയർത്തണം.

12 വാർഡുകളിലും ഇപ്പോൾ നിലനില്ക്കുന്ന വോൾട്ടേജ് ക്ഷാമം പരിഹരിക്കുവാൻ ആവശ്യമായ ട്രാൻസ്ഫോർമറുകൾ വയ്ക്കണം.

ഈ പഞ്ചായത്തിലെ എല്ലാ ഉപഭോക്താക്കൾക്കും ഉള്ള വൈദ്യുതി വിതരണം അയർക്കുന്നം മേജർ സെക്ഷന്റെ കീഴിൽ ആക്കണം.

വിതരണത്തിലുണ്ടാകുന്ന ഭീമമായ വൈദ്യുതി നഷ്ടം ഒഴിവാക്കുവാൻ ലൈനുകളിലേക്ക് കിടക്കുന്ന കമ്പുകളും മറ്റും യഥാസമയം നീക്കം ചെയ്യാൻ ബോർഡ് അധികാരികൾ വേണ്ടത്ര ശ്രദ്ധകാണിക്കണം.

പുതിയ കണക്ഷനുകൾ നല്കുന്നതിനുള്ള കാലതാമസം ഒഴിവാക്കണം.

ഒ.വൈ.ഇ.സി സമ്പ്രദായം അനുസരിച്ച് വൈദ്യുതി എടുക്കുവാൻ കഴിവില്ലാത്ത സാമ്പത്തികമായി പിന്നോക്കം നില്ക്കുന്നവർക്കായി 'മിനിമം ഗാരണ്ടി' അടിസ്ഥാനത്തിൽ പ്രയോറിട്ടി നഷ്ടപ്പെടാതെ വൈദ്യുതി കണക്ഷനുകൾ നല്കുന്നതിന് ആവശ്യമായ നിയമ നിർമ്മാണം നടത്തുന്നതിന് ഗവർമെന്റ് തലത്തിൽ സമ്മർദ്ദം ചെലുത്തണം.

പുതിയ കണക്ഷൻ നല്കുന്നതിന് ബോർഡ് നിർബ്ബന്ധിക്കുന്ന 'കൺസന്റ്' സമ്പ്രദായം നിയമപരമായി നിലനില്ക്കാത്തതിനാൽ ഈ നടപടിക്രമങ്ങളിൽ വേണ്ട ഉപദേശം വ്യക്തികൾക്ക് നല്കുവാൻ പഞ്ചായത്ത് തലത്തിൽ സംവിധാനം ഉണ്ടാകണം. ഇതിന് സന്നദ്ധ സംഘടനകളുടെ സഹായം അഭ്യർത്ഥിക്കാവുന്നതാണ്.

## കുടിൽജ്യോതി

കുടിൽജ്യോതി പദ്ധതിപ്രകാരം അർഹരായ എല്ലാവർക്കും വൈദ്യുതി നൽകേണ്ടതാണ്.

പഞ്ചായത്തിലെ ആവശ്യമായ എല്ലാ പ്രധാന വീഥികളിലും കവലകളിലും പൊതുസ്ഥലങ്ങളിലും പൊതു സ്ഥാപനങ്ങളുടെ മുമ്പിലും ട്യൂബ് ലൈറ്റുകൾ സ്ഥാപിക്കണം. മാർക്കറ്റിന്റെ നാലു മൂലയ്ക്കും ട്യൂബ് ലൈറ്റുകൾ സ്ഥാപിക്കുകയും രാത്രികാലങ്ങളിൽ അവ കത്തുമെന്ന് ഉറപ്പാക്കുകയും വേണം.

അയർക്കുന്നത്ത് പൊതുമേഖലയിൽ കുക്കിംഗ് ഗ്യാസ് വിതരണം നടത്തുന്നതിനുവേണ്ടി ഒരു ഏജൻസി ആരംഭിക്കണം.

അയർക്കുന്നം മാർക്കറ്റിലെ ചപ്പ്ചവറുകളും മറ്റും ഉപയോഗിച്ച് ഒരു ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കാവുന്നതും ഇതിൽ നിന്നും ലഭിക്കുന്ന പാചക വാതകം സമീപവാസികളായവർക്ക് വിതരണം ചെയ്യാവുന്നതുമാണ്. ഇതിന് പഞ്ചായത്ത് മുൻകൈ എടുക്കണം. ഈ സംവിധാനം പഞ്ചായത്തിലെ വിവിധ കോളനികളിലും പരീക്ഷിക്കാവുന്നതാണ്.

ചെറുകിട ബയോഗ്യാസ് പ്ലാൻറുകളെ കുറിച്ചും പുകയില്ലാത്ത അടുപ്പുകളെക്കുറിച്ചും സാധാരണ ജനങ്ങളെ ബോധവാന്മാരാക്കുവാൻ ഗ്രാമസഭകളുടെ ആഭിമുഖ്യത്തിൽ വിദഗ്ദ്ധരായവരെ കൊണ്ട് സെമിനാറുകൾ നടത്തേണ്ടതാണ്.

അയർക്കുന്നത്ത് തുടർച്ചയായുണ്ടാകുന്ന വൈദ്യുതി വിതരണത്തിലെ തടസം ഒഴിവാക്കുവാൻ കോട്ടയം ലൈനും ഏറ്റുമാനൂർ ലൈനും തമ്മിലുള്ള ചെയ്ഞ്ചിംഗ് ഫീഡർ വീണ്ടും നെടുങ്കരി ട്രാൻസ്ഫോർമറിന് സമീപം സ്ഥാപിക്കേണ്ടതാണ്.

## മാർക്കറ്റ്

കൊല്ലവർഷം 1114 ചിങ്ങമാസം 4-ാം തീയതി കോട്ടയം അഡീഷണൽ സബ് രജിസ്ട്രാർ ഓഫീസിൽ രജിസ്റ്റർ ചെയ്ത 114/20-ാംനമ്പർ ഭാഗ ഉടമ്പടി പ്രകാരം 10 പേർ എഴുതി കൊടുത്ത സ്ഥലത്താണ് ഇന്നത്തെ അയർക്കുന്നം ചന്ത സ്ഥിതി ചെയ്യുന്നത്. പൂട്ടു ചിറചന്ത എന്ന പേരിൽ അറിയപ്പെട്ടിരുന്ന അയർക്കുന്നം ചന്ത തുടങ്ങിയതും കൊല്ലവർഷം 1114-ൽ തന്നെയായിരുന്നു. ഇതിനും മുമ്പ് ഒരു ചന്ത തിരുവഞ്ചൂരിൽ ഉണ്ടായിരുന്നതായി പറയപ്പെടുന്നു.

ഇവിടത്തെ കൃഷിക്കാരുടേയും കർഷകത്തൊഴിലാളികളുടേയും വ്യാപാരികളുടേയും ജീവനാടിയായിരുന്ന ഈ ചന്തയുടെ ഇന്നത്തെ സ്ഥിതി വളരെ പരിതാപകരമാണ്. ഈ മാർക്കറ്റിന്റെ പുനരുദ്ധാരണത്തേപ്പറ്റി ആരും തന്നെ ശ്രദ്ധിക്കുന്നില്ല എന്നുള്ളത് അതിലും പരിതാപകരമാണ്.

കർഷകർ അവരുടെ ഉല്പന്നങ്ങൾ മാർക്കറ്റിൽ കൊണ്ടു വന്ന് വില്ക്കുകയും അവർക്കാവശ്യമുള്ള സാധനങ്ങൾ മാർക്കറ്റിൽ നിന്ന് വാങ്ങുകയും ചെയ്യുമ്പോഴാണ് ഒരു മാർക്കറ്റ് സജ്ജീവമാകുന്നത്. എന്നാൽ എന്തുകൊണ്ടോ പരിമിതമായ ഉല്പന്നങ്ങൾ പോലും അയർക്കുന്നം മാർക്കറ്റിൽ കൊണ്ടുവരാൻ കർഷകർ ഇന്ന് വിമുഖത കാണിക്കുകയാണ്. ഈ സാഹചര്യം മാറിയാലെ മാർക്കറ്റിൻെറ വികസനം ബാധിക്കുകയുള്ളൂ.

പച്ചക്കറികൃഷിയും അതുപോലുള്ള കാർഷികവിളകളുടെ ഉല്പാദനവും വർദ്ധിപ്പിക്കുവാൻ ശ്രമിക്കുന്ന ഈ കാലഘട്ടത്തിൽ മാർക്കറ്റിൻെറ പ്രാധാന്യം വർദ്ധിപ്പിക്കേണ്ടതാണ്. അതിനായി കർഷകരേയും കർഷകത്തൊഴിലാളികളേയും വ്യാപാരികളേയും മറ്റ് സന്നദ്ധ സംഘടനകളേയും പങ്കെടുപ്പിച്ചുകൊണ്ട് പഞ്ചായത്തിൻെറ ആഭിമുഖ്യത്തിൽ ഒരു തുറന്ന ചർച്ച സംഘടിപ്പിക്കേണ്ടതും മാർക്കറ്റിൻെറ വികസനത്തിനായുള്ള അവരുടെ നിർദ്ദേശങ്ങൾ സ്വീകരിക്കേണ്ടതുമാണ്.

മാർക്കറ്റിനകത്തെ വൃത്തിഹീനതയും സാധനങ്ങൾ കൊണ്ടുവരുന്നവർക്കും വാങ്ങുവാൻ വരുന്നവർക്കും വളരെയധികം ബുദ്ധിമുട്ടുണ്ടാകുന്നു. മാർക്കറ്റിനുള്ളിൽ എവിടെയും മത്സ്യമാംസാദികളുടേയും പച്ചക്കറികളുടേയും അവശിഷ്ടങ്ങൾ അഴുകി ദുർഗ്ഗന്ധം വമിക്കുന്നു. മാർക്കറ്റിൻെറ ചുറ്റുമുള്ള സ്ഥലം ചില സ്വകാര്യവ്യക്തികൾ കൈവശപ്പെടുത്തിയിരിക്കുന്നതിനാൽ ചുറ്റും നിർമ്മിച്ചിരിക്കുന്ന ഓടകൾ പ്രയോജനരഹിതമായി തീർന്നിരിക്കുന്നു. സ്വകാര്യവ്യക്തികൾ മാർക്കറ്റിനകത്ത് കന്നുകാലികളെ കെട്ടിയും പന്നി കോഴി എന്നിവയെ വളർത്തിയും മാർക്കറ്റിനകം വൃത്തിഹീനമാക്കുന്നു. മാർക്കറ്റിലേക്കുള്ള റോഡിനായി എഴുതി തന്നിരിക്കുന്ന സ്ഥലത്തിൻെറ മൂന്നിലൊന്ന് ഭാഗംമാത്രമേ ഇപ്പോൾ റോഡിനായി ഉപയോഗിക്കുന്നുള്ളൂ. ഇപ്പോൾ ഉപയോഗിക്കുന്ന റോഡിൻെറ ഇരട്ടി വിസ്തീർണ്ണമുള്ള സ്ഥലം റോഡിൻെറ ഇരുവശങ്ങളിലുമായി സ്വകാര്യവ്യക്തികൾ കൈവശപ്പെടുത്തിയിരിക്കുന്നു.

തിരുവഞ്ചൂർ പുന്നത്തുറ എന്നീ വാർഡുകളിൽ ഉണ്ടായിരുന്ന ഗ്രാമ ചന്തകൾ ഇപ്പോൾ പ്രവർത്തിക്കുന്നില്ല.

## നിർദ്ദേശങ്ങൾ:

ചന്തക്ക് ചുറ്റും ഉള്ള ഓടകൾ താഴ്ത്തി മലിന ജലം ഒഴുകിപ്പോകുന്നതിനു വേണ്ട സൗകര്യം ഉണ്ടാക്കുക.

ചന്തയിലുള്ള മാംസവിൽപ്പന കേന്ദ്രം ആധുനീക രീതിയിൽ പുതുക്കി പണിയുക.

മാർക്കറ്റിനുള്ളിൽ തുകൽ സൂക്ഷിക്കുവാൻ അനുവദിക്കാതിരിക്കുക.

മാർക്കറ്റിനുള്ളിൽ മൂത്രപ്പുരയും കക്കൂസും നിർമ്മിക്കുക.

മാർക്കറ്റ് വൃത്തിയായി സൂക്ഷിക്കുന്നതിനു വേണ്ടി വളർത്തു മൃഗങ്ങളെ മാർക്കറ്റിനകത്ത് വളർത്തുന്നത് തടയുക.

മാർക്കറ്റിൻെറ ഉള്ളിലെ സ്ഥലം സ്വകാര്യവ്യക്തികൾ കൈവശപ്പെടുത്താതിരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുക.

മാർക്കറ്റിലേക്കുള്ള വഴി വീതികൂട്ടി നിർമ്മിക്കുക.

ചന്തദിവസം കച്ചവടം കഴിഞ്ഞ് ചന്ത കഴുകി വൃത്തിയാക്കുവാൻ വേണ്ട സംവിധാനം ഒരുക്കുക.

ചന്തയിലെ മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനയി വളരെ വലിയ ഒരു കമ്പോസ്റ്റു കുഴി നിർമ്മിക്കേണ്ടതും മാലിന്യങ്ങൾ നിത്യവും നീക്കം ചെയ്യുവാനും കമ്പോസ്റ്റു കുഴിയിൽ തന്നെ അത് ഇടുവാനുമുള്ള സംവിധാനം ഉണ്ടാകേണ്ടതുമാണ്.

കമ്പോസ്റ്റിൽ നിന്നും ബയോഗ്യാസ് ഉണ്ടാക്കാവുന്നതും അത് സമീപവാസികൾക്ക് വിതരണം ചെയ്ത് പഞ്ചായത്തിന് ഒരു സ്ഥിര വരുമാനമാക്കാവുന്നതാണ്. ഇതിനായി വിദഗ്ദ്ധോപദേശം സ്വീകരിക്കാവുന്നതാണ്.

വഴിയോരങ്ങളിൽ നടത്തുന്ന എല്ലാ കച്ചവടങ്ങളും ചന്തയിലെ നിർദ്ദിഷ്ട സ്ഥലങ്ങളിൽ നടത്തുവാൻ പഞ്ചായത്ത് തീരുമാനമെടുത്ത് നടപ്പിൽ വരുത്തണം.

കർഷകർക്ക് ന്യായമായ വില ലഭിക്കുന്നതിന് ഇന്നാട്ടിലെ കർഷകരെ ചേർത്തുകൊണ്ടുള്ള ഒരു സൊസൈറ്റി രൂപീകരിച്ച് പ്രവർത്തിക്കേണ്ടതാണ്.

അയർക്കുന്നം പഞ്ചായത്തിന് മൊത്തമായ ഉപയോഗം ഉണ്ടാകത്തക്ക രീതിയിൽ ഒരു വെയർ ഹൗസും അതുപോലെ ഒരു പാഴ്സലാഫീസും ഉണ്ടാകേണ്ടത്.

കർഷകരുടേയും വ്യവസായകരുടേയും സൗകര്യത്തിനായി സ്റ്റേറ്റിറ്റ് ബാങ്കിൻെറ ഒരു ബ്രാഞ്ച് ആത്യന്താപേഷിതമാണ്. ■

## 5.5 വിദ്യാഭ്യാസം

അയർക്കുന്നം ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളിലും വിദ്യാലയങ്ങൾ ഉണ്ട്. ആകെയുള്ള 17 വിദ്യാലയങ്ങളിൽ 9 ലോവർ പ്രൈമറി സ്കൂളുകളും (ഗവ:2, എയ്ഡഡ് 7) 3 അപ്പർ പ്രൈമറി സ്കൂളുകളും (ഗവ:1, എയ്ഡഡ് 2) 5 ഹൈസ്കൂളുകളും (എയ്ഡഡ്) ഉൾപ്പെടുന്നു. ഇവയിലെല്ലാം കൂടിയുള്ള വിദ്യാർത്ഥികളുടെ എണ്ണം 5037 ആകുന്നു. വിദ്യാർത്ഥികളെ സംബന്ധിച്ച പൊതു വിവരങ്ങൾ (സ്റ്റാൻഡേർഡ് തിരിച്ചുള്ളവ) കാണിക്കുന്ന പട്ടിക താഴെ കൊടുക്കുന്നു.

**പഞ്ചായത്തിലെ മൊത്തം കുട്ടികളുടെ സ്റ്റാൻഡാർഡ് തലത്തിലുള്ള വിവരങ്ങൾ**

| സ്റ്റാൻഡാർഡ് | ആകെ കുട്ടികൾ | | | SC/ST കുട്ടികൾ | | | തോറ്റു പഠിക്കുന്നവർ SC/ST | | | തോറ്റു പഠിക്കുന്നവർ മറ്റുള്ളവർ | | | പഠനം നിർത്തിയവർ SC/ST | | | പഠനം നിർത്തിയവർ മറ്റുള്ളവർ | | | പഠനം നിർത്തിയവർ ആകെ |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | |
| I | 230 | 231 | 461 | 6 | 17 | 23 | 0 | 1 | 1 | 0 | 0 | 0 | 0 | 0 | 0 | 0 | 3 | 3 | 3 |
| II | 268 | 249 | 517 | 21 | 17 | 38 | 5 | 7 | 12 | 14 | 9 | 23 | 0 | 0 | 0 | 1 | 2 | 3 | 3 |
| III | 234 | 247 | 481 | 18 | 15 | 33 | 2 | 4 | 6 | 14 | 12 | 26 | 0 | 0 | 0 | 1 | 1 | 2 | 2 |
| IV | 271 | 245 | 516 | 19 | 20 | 39 | 4 | 0 | 4 | 17 | 11 | 28 | 0 | 0 | 0 | 1 | 2 | 3 | 3 |
| V | 246 | 238 | 484 | 22 | 24 | 46 | 9 | 12 | 21 | 19 | 16 | 35 | 0 | 1 | 1 | 3 | 1 | 4 | 5 |
| VI | 264 | 230 | 494 | 19 | 19 | 38 | 4 | 2 | 6 | 19 | 18 | 37 | 4 | 0 | 4 | 4 | 4 | 8 | 12 |
| VII | 287 | 233 | 520 | 24 | 24 | 48 | 8 | 1 | 9 | 39 | 23 | 62 | 0 | 3 | 3 | 4 | 4 | 8 | 11 |
| VIII | 284 | 267 | 551 | 30 | 33 | 63 | 9 | 11 | 20 | 29 | 30 | 59 | 0 | 3 | 3 | 12 | 6 | 18 | 21 |
| IX | 310 | 248 | 558 | 20 | 29 | 49 | 7 | 6 | 13 | 38 | 18 | 56 | 0 | 1 | 1 | 12 | 9 | 21 | 22 |
| X | 220 | 235 | 455 | 17 | 18 | 35 | 0 | 2 | 2 | 0 | 0 | 0 | 0 | 1 | 1 | 1 | 3 | 4 | 5 |
| Total | 2614 | 2423 | 5037 | 196 | 216 | 412 | 48 | 46 | 94 | 189 | 137 | 326 | 4 | 9 | 13 | 39 | 35 | 74 | 87 |

അവലംബം സ്ക്കൂൾ രേഖകൾ

## വിദ്യാലയങ്ങളെ സംബന്ധിച്ച പൊതുവിവരങ്ങളും ഭൗതിക സൗകര്യങ്ങളും

മിക്ക വിദ്യാലയങ്ങൾക്കും ചുറ്റു മതിലുകളില്ല. സ്കൂൾ ഫർണിച്ചറുകളുടെ അറ്റകുറ്റപ്പണി യഥാസമയം നടക്കുന്നില്ല. ആവശ്യത്തിനുള്ള ഫർണിച്ചറുകൾ റഫറൻസ് ബുക്കുകൾ- ലൈബ്രറി പുസ്തകങ്ങൾ, ടി.വി, വി.സി.ആർ തുടങ്ങിയ ദൃശ്യശ്രാവ്യ ഉപകരണങ്ങൾ എല്ലാ സ്കൂളുകളുടെയും പൊതു ആവശ്യമായിക്കാണുന്നു. ഇവയൊഴിച്ച് ഓരോ സ്കൂളിനെയും സംബന്ധിച്ചുള്ള വിവരങ്ങൾ താഴെപ്പറയുന്നു.

### ലോവർ പ്രൈമറി സ്കൂളുകൾ

**1. സി.എം.എസ്.എൽ.പി.എസ് അമയന്നൂർ**

ഒന്നാം വാർഡിൽ സ്ഥിതി ചെയ്യുന്ന ഈ സ്കൂളിൽ കളിസ്ഥലം തീരെ അപര്യാപ്തമാണ്. കൂടാതെ ആറുമാസക്കാലം നേരിടുന്ന കുടിവെള്ള ക്ഷാമം പരിഹരിക്കാനുള്ള നടപടികൾ സ്വീകരിക്കണം.

**2. സെൻറ് ആൽബർട്സ് എൽ.പി.എസ്. അമയന്നൂർ**

കളിസ്ഥലം അപര്യാപ്തമാണ്.

**3. സി.എം.എസ്.എൽ.പി.എസ്. തിരുവഞ്ചൂർ:**

കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് കുഴൽക്കിണർ എത്രയും വേഗം സ്ഥാപിക്കണം. നിലവിലുള്ള തരിശു സ്ഥലം ഉപയോഗിച്ച് കളിസ്ഥലത്തിൻെറ വിസ്തൃതി വർദ്ധിപ്പിക്കണം.

**4. സെൻറ് തോമസ് L.P.S, അമയന്നൂർ.**

50 സെൻറ് സ്ഥലമുള്ള ഈ സ്കൂളിനു സമീപം കളിസ്ഥലത്തിൻെറ അപര്യാപ്തത ഒരു പ്രശ്നമാണ്- വളരെ പഴക്കം ചെന്ന പ്രധാന കെട്ടിടം പുനർ നിർമ്മിക്കേണ്ടത് അത്യാവശ്യമാണ്.

**5. സെൻറ് ജോസഫ്സ് L.P.S, കൊങ്ങാണ്ടൂർ**

സ്കൂളിനു സ്വന്തമായി 34 സെൻറ് സ്ഥലം മാത്രമാണുള്ളത്. കളിസ്ഥലം തീരെ ഇല്ലെന്നു തന്നെ പറയാം. ഉപയോഗശൂന്യമായ മൂത്രപ്പുര നന്നാക്കേണ്ടത് അത്യാവശ്യമാണ്.

**6. സെൻറ് ജോസഫ്സ് L.P.S, പുന്നത്തുറ**

കുടിവെള്ളം ലഭ്യമാക്കണം.

**7. സെൻറ് തോമസ് എൽ.പി.എസ്. പുന്നത്തുറ**

ഏഴാം വാർഡിൽ സ്ഥിതിചെയ്യുന്ന ഈ സ്കൂളിലെ സൗകര്യങ്ങൾ തൃപ്തികരമാണ്.

**8. ഗവ:എൽ.പി.സ്കൂൾ അയർക്കുന്നം**

50 സെൻറു സ്ഥലമുള്ളതിൽ 20 സെൻറ് കളിസ്ഥലമായി ഉപയോഗിക്കുന്നു. ഉപയോഗശൂന്യമായ കക്കൂസ് നന്നാക്കേണ്ടതായിട്ടുണ്ട്. വിദ്യാർ ത്ഥികളുടെ അഭാവം മൂലം 4 ക്ലാസ്സ് മുറികൾ ഒഴിഞ്ഞു കിടക്കുന്നു.

**9. ഗവ.എൽ.പി.എസ്. തിരുവഞ്ചൂർ**

ഈ സ്കൂൾ കെട്ടിടത്തിൻെറ അറ്റകുറ്റപ്പണികൾ 3 വർഷമായി നടക്കുന്നില്ല. സ്കൂൾ കോമ്പൗണ്ടിൽ വെറുതെ കിടക്കുന്ന 50 സെൻറ് സ്ഥലം കളിക്കളമായി മാറ്റാവുന്നതാണ്.

### യു.പി. സ്കൂൾ

**10. സിസ്റ്റർ അൽഫോൻസാസ് യു.പി.എസ്., ചേന്നാമറ്റം**

കുടിവെള്ളം ക്ഷാമം, ഈ സ്കൂളിൽ അതിരൂക്ഷമാണ്.

**11. ഗവ.യു.പി. സ്കൂൾ, ആറുമാനൂർ**

1 ഏക്കർ 77 സെൻറ് സ്ഥലമുള്ളതിൽ 69 സെൻറ് കളിസ്ഥലമായി ഉപയോഗിക്കുന്നു. 12 ക്ലാസ്സ് മുറികൾ ഉള്ളതിൽ ഏഴു ക്ലാസ്സുകൾ മാത്രമേ പ്രവർത്തിക്കുന്നുള്ളു.

**12. സെൻറ് മേരീസ് യു.പി.എസ്. നീറിക്കാട്**

10-ാം വാർഡിൽ പ്രവർത്തിക്കുന്ന ഈ സ്കൂളിൽ ആവശ്യത്തിന് കളിസ്ഥലം ഇല്ല.

### ഹൈസ്കൂളുകൾ

**13. അമയന്നൂർ എച്ച്.എസ്.**

കളിസ്ഥലത്തിൻെറ വിസ്തീർണ്ണം 2 ഏക്കർ ഉള്ള സ്കൂളിൽ 923 വിദ്യാർത്ഥികൾ പഠിക്കുന്നു. പഞ്ചായത്തിൽ ഏറ്റവും അധികം വിദ്യാർത്ഥികൾ പഠിക്കുന്ന സ്കൂൾ എന്ന ബഹുമതിയും ഈ സ്കൂളിനുള്ളതാണ്.

**14. സെൻറ് ജോസഫ്സ് H.S, പുന്നത്തുറ**

പഞ്ചായത്തിൽ ഏറ്റവും വിസ്തൃതിയുള്ള കളിക്കളമുള്ള ഈ സ്കൂളിലെ കളിക്കളത്തിൻെറ വിസ്തീർണ്ണം മൂന്ന് ഏക്കറാണ്.

**15. സെൻറ് തോമസ് ഗേൾസ് H.Sപുന്നത്തുറ**

ഈ പഞ്ചായത്തിൽ പെൺകുട്ടികൾ മാത്രം പഠിക്കുന്ന ഏക സ്കൂൾ ആയ ഇവിടെ 2.75 ഏക്കർ കളിസ്ഥലം ഉണ്ട്. കലാമത്സരങ്ങളിൽ പലപ്രാവശ്യം ഇവിടുത്തെ വിദ്യാർത്ഥിനികൾ സംസ്ഥാന ബഹുമതി നേടിയിട്ടുണ്ട്. എസ്.എസ്.എൽ.സി.ക്ക് കഴിഞ്ഞ അഞ്ചുവർഷങ്ങളിൽ നാലു പ്രാവശ്യം 100% വിജയത്തിൻെറ അവകാശി കൂടിയാണ് ഈ സ്കൂൾ.

**16. സെൻറ്. സെബാസ്റ്റ്യൻസ് എച്ച്.എസ്. അയർക്കുന്നം**

ഈ സ്കൂളിൽ 3 ഏക്കർ വിസ്തീർണ്ണമുള്ള കോമ്പൗണ്ടിൽ 50 × 40 ച.മീ. കളിസ്ഥലം ഉണ്ട്.

**17. പി.ഇ.എം.എച്ച്.എസ്, തിരുവഞ്ചൂർ**

2640 ച.മീ, കളിസ്ഥലമുള്ള ഈ സ്കൂളിന് 2 ഹെക്ടർ കോമ്പൗണ്ട് ഉണ്ട്. ഉപയോഗമില്ലാതെ 1 ഹെക്ടർ സ്ഥലം ഉണ്ട്.

ഗ്രാമപഞ്ചായത്തിലെ വിദ്യാലയങ്ങളിൽ 206 അദ്ധ്യാപകരും 29 അനദ്ധ്യാപകരും ഉള്ളതായി കാണുന്നു.

ഒരു സ്കൂളിനും പുതിയ കെട്ടിടം ആവശ്യമുള്ളതായി കാണുന്നില്ല. എങ്കിലും ചില എയ്ഡഡ് ലോവർ പ്രൈമറി സ്കൂളുകളിലെ കെട്ടിടങ്ങൾ കാലപ്പഴക്കം കൊണ്ട് പുനർ നിർമ്മിക്കേണ്ട നിലയിലാണ്.

**പഞ്ചായത്തിലെ സ്കൂളുകളുടെ പൊതുവിവരം**

| നമ്പർ | സ്ക്കൂളിൻെറ പേര് | വാർഡ് | കുട്ടികളുടെ എണ്ണം ആൺ | പെൺ | ആകെ | അദ്ധ്യാപകരുടെ എണ്ണം | ഡിവിഷനുകളുടെ എണ്ണം |
|---|---|---|---|---|---|---|---|
| 1 | പി.ഇ.എം.എച്ച്.എസ്. സ്ക്കൂൾ, തിരുവഞ്ചൂർ | 12 | 318 | 216 | 534 | 21 | 15 |
| 2 | സെൻറ് ജോസഫ്സ് ഹൈസ്ക്കൂൾ, പുന്നത്തുറ | 7 | 154 | 100 | 254 | 12 | 8 |
| 3 | സെൻറ് തോമസ് ഹൈസ്ക്കൂൾ പുന്നത്തുറ | 7 | 0 | 293 | 293 | 19 | 9 |
| 4 | സെൻറ് സെബാസ്റ്റ്യൻസ് ഹൈസ്ക്കൂൾ, അയർക്കുന്നം | 5 | 423 | 309 | 732 | 36 | 19 |
| 5 | അമയന്നൂർ ഹൈസ്ക്കൂൾ, അമയന്നൂർ | 3 | 545 | 378 | 923 | 38 | 21 |
| 6 | സെൻറ് മേരീസ് യു.പി.സ്ക്കൂൾ, നീറിക്കാട് | 10 | 194 | 168 | 362 | 14 | 12 |
| 7 | ഗവ. യു.പി.സ്ക്കൂൾ, ആറുമാനൂർ | 9 | 92 | 91 | 183 | 7 | 7 |
| 8 | സിസ്റ്റർ അൽഫോൻസാസ് യു.പി.സ്ക്കൂൾ, ചേന്നാമറ്റം | 4 | 59 | 58 | 117 | 7 | 4 |
| 9 | സി.എം.എസ്. എൽ.പി.എസ്., തിരുവഞ്ചൂർ | 2 | 86 | 72 | 158 | 4 | 5 |
| 10 | സെൻറ് ജോസഫ്സ് എൽ.പി.എസ്., പുന്നത്തുറ | 7 | 43 | 50 | 93 | 4 | 4 |
| 11 | സെൻറ് ജോസഫ്സ് എൽ.പി.എസ്., കൊങ്ങാണ്ടൂർ | 6 | 54 | 61 | 115 | 4 | 4 |
| 12 | ഗവ. എൽ.പി.എസ്, അയർക്കുന്നം | 8 | 136 | 110 | 246 | 8 | 8 |
| 13 | സെൻറ് തോമസ് എൽ.പി.എസ്. , പുന്നത്തുറ | 7 | 85 | 96 | 181 | 5 | 5 |
| 14 | സെൻറ് ആൽബർട്ട്സ് എൽ.പി.എസ്. , അമയന്നൂർ | 2 | 66 | 54 | 120 | 4 | 4 |
| 15 | സി.എം.എസ്. എൽ.പി.എസ്. , അമയന്നൂർ | 1 | 35 | 37 | 72 | 3 | 4 |
| 16 | സെൻറ് തോമസ് എൽ.പി.എസ്, അമയന്നൂർ | 3 | 174 | 174 | 348 | 11 | 10 |
| 17 | ഗവ. എൽ.പി.എസ്., തിരുവഞ്ചൂർ | 11 | 150 | 156 | 306 | 9 | 8 |

അവലംബം സ്ക്കൂൾ രേഖകൾ

**അക്കാദമിക്ക് സൗകര്യങ്ങളും നിലവാരവും**

എല്ലാ വിദ്യാലയങ്ങളിലും അദ്ധ്യാപക-രക്ഷാകർത്തൃ സമിതികൾ സജീവമാണ്. ക്ലാസ്സ് പി.ടി.എ. കൾ ഭൂരിപക്ഷം സ്കൂളുകളിലും സജീവമല്ല. കുട്ടികളുടെ പൊതുനിലവാരം പരീക്ഷയുടെ മാർക്കിന്റെ അടിസ്ഥാനത്തിൽ താഴെ ചേർക്കുന്നു

| സ്റ്റാൻ ഡേർഡ് | ആകെ കുട്ടികൾ | 30%ത്തിൽ താഴെ | 30-40 ശതമാനം | 40-50 ശതമാനം | 50-60 ശതമാനം | 60%ത്തിനു മുകളിൽ |
|---|---|---|---|---|---|---|
| 3 | 459 | 44 | 89 | 85 | 81 | 160 |
| 4 | 401 | 47 | 93 | 117 | 115 | 129 |
| 5 | 491 | 40 | 62 | 160 | 81 | 148 |
| 6 | 500 | 188 | 87 | 62 | 74 | 89 |
| 7 | 520 | 152 | 96 | 144 | 63 | 63 |
| 8 | 551 | 161 | 106 | 164 | 60 | 60 |
| 9 | 558 | 167 | 110 | 176 | 53 | 52 |
| 10 | 455 | 145 | 71 | 61 | 116 | 62 |

അവലംബം സ്കൂൾ രേഖകൾ

കഴിഞ്ഞ അഞ്ചുവർഷത്തെ എസ്.എസ്.എൽ.സി. വിജയശതമാനം

| സ്കൂളിന്റെ പേര് | 91-92 | 92-93 | 93-94 | 94-95 | 95-96 |
|---|---|---|---|---|---|
| അമയന്നൂർ എച്ച്.എസ് | 94.06 | 82.4 | 80.3 | 91.73 | 79.1 |
| സെ.സെബാസ്റ്റ്യൻസ് എച്ച്.എസ് അയർക്കുന്നം | ...... | 87.8 | 72.00 | 88.00 | 85.00 |
| സെ. തോമസ് ജി.എച്ച്. എസ്. പുന്നത്തുറ | 100 | 100 | 100 | 100 | 98 |
| സെ. ജോസഫ്സ് എച്ച്.എസ് പുന്നത്തുറ | 69 | 70 | 59 | 61 | 81 |
| പി.ഇ.എം ഹൈസ്ക്കൂൾ തിരുവഞ്ചൂർ | — | — | — | 50.6 | 32 |

ലഭ്യമായ കണക്കുകൾ അനുസരിച്ച് പഞ്ചായത്തിലെ വിദ്യാലയങ്ങളിൽ 95-96ൽ ശരാശരി 194 അദ്ധ്യയന ദിവസങ്ങൾ ഉണ്ടായിരുന്നു. സമരം മൂലം വെറും 4 ദിവസങ്ങൾ മാത്രമേ നഷ്ടപ്പെട്ടിട്ടുള്ളു.

**കുട്ടികൾക്കു ലഭിച്ചിട്ടുള്ള അവാർഡുകൾ**

കലാകായിക പ്രവൃത്തി പരിചയ ശാസ്ത്രമേളകളിൽ സംസ്ഥാനതലത്തിലും ജില്ലാതലത്തിലും അവാർഡുകൾ ലഭിച്ചിട്ടുള്ള കുട്ടികളുടെ കണക്ക്

| സ്കൂളിൻെറ പേര് | ഇനം | ജില്ലാതലം ആൺ | ജില്ലാതലം പെൺ | സംസ്ഥാനതലം ആൺ | സംസ്ഥാനതലം പെൺ |
|---|---|---|---|---|---|
| 1. സെ. തോമസ് G.H.S പുന്നത്തുറ | പ്രവൃത്തിപരിചയം | ..... | 2 | .... | .... |
| ,, | യുവജനോത്സവം | ..... | 10 | .... | 7 |
| ,, | സ്പോർട്സ് ആൻഡ് ഗെയിംസ് | .... | 9 | .... | ... |
| 2) സെ. സെബ:H.S, അയർക്കുന്നം | സ്പോർട്സ് | 1 | .... | 1 | ..... |
| 3) P.E.M.H.S, തിരുവഞ്ചൂർ | പ്രവൃത്തിപരിചയം | 1 | ... | .... | .. |
| 4) സെ. മേരീസ് U.P.Sനീറിക്കാട് | ശാസ്ത്രമേള | ...... | 1 | ..... | ...... |
| 5) ആറുമാനൂർ യു.പി.എസ് | സ്പോർട്സ് | 1 | ...... | ...... | ..... |
| ,, | ബാലകലോത്സവം | 2 | 5 | .... | .... |
| 6) സിസ്റ്റർ അൽഫോൻസാസ് U.P.S ചേന്നാമറ്റം | ശാസ്ത്രമേള | 2 | .... | ... | .... |
| | സ്പോർട്സ് | ..... | 1 | ... | ... |

ലോവർ പ്രൈമറി സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് ഉപജില്ലയിലും ജില്ലയിലും അവാർഡുകൾ ലഭിച്ചിട്ടുള്ളതായി കാണുന്നു.

സ്കോളർഷിപ്പാനുകൂല്യങ്ങൾ ലഭിക്കുന്ന കുട്ടികളുടെ എണ്ണം

| | |
|---|---|
| എൽ.എസ്.എസ് / യു.എസ്.എസ് | -15 |
| ലംപ്സംഗ്രാൻറ് | - 878 |
| മുസ്ലീം ഗേൾസ് | -1 |
| വികലാംഗർ | - 14 |
| ജവാൻ | - 4 |
| മെറിറ്റോറിയൽ SC/ST | - 26 |
| മെൻറലി റിട്ടാർഡ് | - 2 |

വിദ്യാലയങ്ങളുടെ നടത്തിപ്പിനുള്ള ആവർത്തന സ്വഭാവമുള്ള ചിലവുകൾ സംബന്ധിക്കുന്ന സ്ഥിതി വിവരം ചുവടെ ചേർക്കുന്നു. ഇതിൽ ശമ്പളമായി കൊടുക്കുന്ന തുക ഉൾപ്പെട്ടിട്ടില്ല.

| ചിലവിനം | തുക | വരവിനംതുക | |
|---|---|---|---|
| കെട്ടിടം-അറ്റകുറ്റപ്പണി | 58612 | സർക്കാരിൽ നിന്ന് | 26384 |
| ഉപകരണ-റിപ്പയർ | 14021 | തദ്ദേശസ്വയംഭരണസ്ഥാപനം | 19128 |
| ഉപകരണം രാസവസ്തുക്കൾ | 4177 | ഫീസിനം | 25049 |
| സ്പോർട്സ് | 9946 | | |
| കലാവിനോദങ്ങൾ | 5585 | എൻഡോവ്മെൻറ് | 15418 |
| ലൈബ്രറി | 2701 | പി.ടി.എ | 49323 |
| ഉച്ചക്കഞ്ഞി | 63704 | മറ്റിനം | 18015 |
| മറ്റിനങ്ങൾ | 11023 | ... | .. |
| **ആകെ** | **169769** | **ആകെ** | **153317** |

**നിർദ്ദേശങ്ങൾ**

1. എല്ലാ സ്കൂളുകൾക്കും കളിസ്ഥലം നിർമ്മിക്കുന്നതിനും ഉള്ളവ വിപുലപ്പെടുത്തി ആധുനികവൽക്കരിക്കുന്നതിനുമുള്ള സംവിധാനം ഉണ്ടാകണം.

2) എല്ലാ സ്കൂളുകളും ചുറ്റുമതിൽകെട്ടി അടവാക്കണം.

3) ഓരോ സ്കൂളിനും ആവശ്യമായി കാണിച്ചിരിക്കുന്ന ഫർണിച്ചറുകൾ ലഭ്യമാക്കേണ്ടതാണ്. നിലവിലുള്ള ഉപയോഗശൂന്യമായവ റിപ്പയർ ചെയ്യേണ്ടതുമാണ്.

4) കുടിവെള്ളത്തിനു ബുദ്ധിമുട്ട് അനുഭവിക്കുന്ന സ്കൂളുകളിൽ അതിനുള്ള പരിഹാരം ഉണ്ടാക്കണം.

5) മൂത്രപ്പുര, കക്കൂസ് എന്നിവ ആവശ്യമുള്ളിടത്ത് നിർമ്മിക്കുകയും റിപ്പയറിംഗ് ആവശ്യമുള്ളവ യഥാസമയം റിപ്പയർ ചെയ്യുകയും വേണം.

6) സെമിപെർമിനൻറ്- കെട്ടിടങ്ങൾ സ്ഥിരകെട്ടിടങ്ങളാക്കാനുള്ള നടപടി സ്വീകരിക്കണം.

7) വാർഷിക മെയിൻറനൻസ് യാഥാസമയം നടത്തേണ്ടതാണ്.

8) ഭിത്തികൾ ഇല്ലാത്ത ഹാളുകളിൽ സ്ക്രീനുകൾ വച്ച് ക്ലാസ്സുകൾ വേർതിരിക്കണം.

9) സ്കൂൾ പി.ടി.എ, ക്ലാസ് പി.ടി.എ, മാതൃസംഗമം എന്നിവ എല്ലാ സ്കൂളുകളിലും സജീവമാക്കി കുട്ടികളുടെ അദ്ധ്യയന കാര്യങ്ങളിൽ പ്രോത്സാഹനം കൊടുക്കണം.

10) ഓരോ ക്ലാസ്സിലും ഉയർന്ന മാർക്കു നേടുന്ന കുട്ടികൾക്ക് പഞ്ചായത്തടിസ്ഥാനത്തിൽ പ്രോത്സാഹനം കൊടുക്കണം.

11) കലാകായിക വിഷയങ്ങളിൽ വിദഗ്ധരായ അദ്ധ്യാപകരെ നിയമിക്കണം.

12) ബാലകലോത്സവം, യുവജനോത്സവം എന്നിവയിൽ കുട്ടികളെ പങ്കെടുപ്പിക്കുവാൻ പ്രാപ്തരാക്കുന്ന പരിശീലനം നൽകി പ്രോത്സാഹിപ്പിക്കണം.

13) എല്ലാ സ്കൂളുകളിലും ലൈബ്രറികളുടെ പ്രവർത്തനം ഫലപ്രദമാക്കണം.

14) ടി.വി., വീഡിയോ, ടേപ്പ് റിക്കാർഡർ, കമ്പ്യൂട്ടർ എന്നിവ എല്ലാ സ്കൂളുകളിലും ലഭ്യമാക്കണം.

15) കാർഷിക മേഖലയിൽ കുട്ടികളിൽ താൽപര്യം വളർത്താൻ, എല്ലാ സ്കൂളുകളിലും കൃഷി ക്ലബ്ബുകൾ ആരംഭിക്കണം.

16) എൽ.പി സ്കൂളില്ലാത്ത 4-ാം വാർഡിൽ ഒരെണ്ണം അനുവദിക്കണം.

17) 11-ാം വാർഡിലെ ഗവ. എൽ.പി.സ്കൂൾ അപ്ഗ്രേയ്ഡ് ചെയ്യണം.

18) 9-ാം വാർഡിൽ സ്ഥിതി ചെയ്യുന്ന ഗവ. യു.പി.എസ് അപഗ്രെയ്ഡ് ചെയ്ത് എച്ച്.എസ്. ആക്കണം.

19) സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളും തൊഴിലധിഷ്ഠിത വിദ്യാഭ്യാസ സ്ഥാപനങ്ങളും പാരാമെഡിക്കൽ കോഴ്സുകൾ നടത്തുന്ന സ്ഥാപനങ്ങളും പഞ്ചായത്ത് മുൻകൈ എടുത്ത് കൊണ്ടു വരേണ്ടതാണ്.

20) പഞ്ചായത്തിൽ നിലവിലുള്ള ഹൈസ്കൂളിൽ ഹയർസെക്കൻഡറി വൊക്കേഷണൽ ഹയർസെക്കൻഡറി എന്നിവ തുടങ്ങാനുള്ള സൗകര്യമുള്ളവയാകയാൽ അവ തുടങ്ങാനുള്ള നടപടികൾ സ്വീകരിക്കണം.

21) പഞ്ചായത്തിൽ പ്രീപ്രൈമറി/ നേഴ്സറി സ്കൂൾ/ അംഗൻവാടികൾ എന്നിവ അപര്യാപ്തമാണ്. എല്ലാ വാർഡുകളിലും എൽ.പി., യു.പി സ്കൂളുകളോടനുബന്ധിച്ച് ഇവ തുടങ്ങാവുന്നതാണ്.

22) ശിശുപരിപാലന കേന്ദ്രങ്ങൾ തുടങ്ങുകയും തുടർ സാക്ഷരതാ പ്രവർത്തനം തുടങ്ങുകയും വേണം.

23) വിദ്യാർത്ഥികളുടെ കായിക പരിശീലനത്തിനും കലാരംഗങ്ങളിലുള്ള പരിശീലനത്തിന് ഉതകുന്ന വിധത്തിൽ പഞ്ചായത്ത് ആസ്ഥാനത്ത് ഒരു സ്റ്റേഡിയവും കമ്മ്യൂണിറ്റി ഹാളും തുടങ്ങണം.

24) പതിനേഴു സ്കൂളുകൾ പ്രവർത്തിക്കുന്ന ഈ പഞ്ചായത്തിൽ ഒരു ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ് തുടങ്ങണം.

# കുടിവെള്ളവും പൊതുജനാരോഗ്യവും

## 5.6

ജീവജലം ജീവവായു പാർപ്പിടം ഇവ ഒരു ജനതയുടെ ആരോഗ്യത്തിന് അവിഭാജ്യഘടകങ്ങളാണ്. അതുകൊണ്ട് പ്രകൃതി ജന്യമായ വായുവും വെള്ളവും ഏറ്റവും ശുചിയായി സൂക്ഷിക്കേണ്ടിയിരിക്കുന്നു.

ഈ പഞ്ചായത്തിലെ 98% ആൾക്കാരും ശുദ്ധജലത്തിനായി കിണറുകളെ ആശ്രയിക്കുന്നു. വർഷകാലത്ത് വെള്ളപ്പൊക്കവും വേനൽക്കാലത്ത് വരൾച്ചയും കുടിവെള്ളക്ഷാമവും പഞ്ചായത്തിന്റെ എല്ലാ ഭാഗത്തും അനുഭവപ്പെടുന്നു. അയർക്കുന്നം ടൗണിൽ വാട്ടർ അതോറിറ്റി വക വാട്ടർ സപ്ലൈ ഉണ്ട്. എങ്കിലും അറ്റകുറ്റപണികൾ സമയത്തു നടത്താത്തതുമൂലവും ഉദ്യോഗസ്ഥരുടെ അനാസ്ഥ മൂലവും മിക്കസമയങ്ങളിലും ടാപ്പുകളിൽ വെള്ളം ലഭിക്കുന്നില്ല എന്നുള്ളതാണ് അനുഭവം. വേനൽക്കാലത്തെ കാര്യം പറയുകയും വേണ്ട.

അയർക്കുന്നം ഒറ്റ പ്ലാക്കൽ കോളനി ആവശ്യത്തിനായി പ്രവർത്തിക്കുന്ന വാട്ടർ സപ്ലൈയും മുകളിൽ പറഞ്ഞ വൈകല്യങ്ങൾ ഉള്ളതാണ്.

ടാപ്പുഴ പദ്ധതി എന്ന പേരിൽ ലോകബാങ്കിന്റെ സഹായത്തോടെ ചുറ്റുപാടുള്ള പഞ്ചായത്തുകൾക്കുകൂടി പ്രയോജനം കിട്ടത്തക്ക രീതിയിൽ വിപുലമായ വാട്ടർ സപ്ലൈ സ്കീമിന്റെ പ്രാഥമിക പണികൾ ആരംഭിച്ചുവെങ്കിലും അധികൃതരുടെ അനാസ്ഥമൂലം ഇതുവരെയും നടപ്പിലാക്കുവാൻ സാധിച്ചിട്ടില്ല. ഈ പദ്ധതി നടപ്പിൽ വന്നിരുന്നെങ്കിൽ നമ്മുടെ പഞ്ചായത്തിലെ കുടിവെള്ളക്ഷാമം ഒരു പരിധിവരെ പരിഹരിക്കുവാൻ സാധിക്കുമായിരുന്നു. പ്രസ്തുത പദ്ധതി നടപ്പിലാക്കുവാൻ സർക്കാർ തലത്തിൽ സമ്മർദ്ദം ചെലുത്തി പൂർത്തിയാക്കേണ്ടതാണ്.

"ദീപസ്തംഭത്തിൻ ചുവട് എപ്പോഴും അന്ധകാരാവൃതം" എന്ന ചൊല്ല് അന്വർത്ഥമാക്കത്തക്കവിധം തിരുവഞ്ചൂരുള്ള ജലവിതരണ പദ്ധതി കോട്ടയം പട്ടണത്തിനാകമാനം ശുദ്ധജലം വിതരണം ചെയ്യുമ്പോൾ, സമീപത്തുള്ള തിരുവഞ്ചൂർ നിവാസികളിൽ ഭൂരിപക്ഷത്തിനും ദാഹജലത്തിനു വേണ്ടി മറ്റു ജല സ്രോതസ്സുകളെ ആശ്രയിക്കേണ്ടിയിരിക്കുന്നു.

### പ്രശ്നങ്ങളും പരിഹാരനിർദ്ദേശങ്ങളും

1. ഒന്നാം വാർഡിൽപെട്ട പഞ്ചായത്തു വക വാരിക്കാട്ടുകുളം കെട്ടി വൃത്തിയാക്കി, പള്ളിക്കുന്നിലോ, മെത്രാഞ്ചേരി കുന്നിലോ ടാങ്ക് നിർമിച്ചാൽ പൂതിരി, മെത്രാഞ്ചേരി പുളിയമ്മാക്കൽ എന്നീ പ്രദേശങ്ങളിലെ കുടിവെള്ളക്ഷാമം പരിഹരിക്കാവുന്നതാണ്.

2. 2-ാം വാർഡിലെ ആറാട്ടുകടവ് വൃത്തിയാക്കി, താഴ്ത്തി, ഇല്ലിമുകൾകുന്നും പുറത്ത് ടാങ്ക് കെട്ടി, 2-ാം വാർഡിൽ വെള്ളം എത്തിക്കുവാൻ സാധിക്കും.

3. 3-ാം വാർഡിൽ പെട്ട വല്യേലികുളം, ചേന്നാമറ്റത്തുള്ള കുളം എന്നിവയിൽ നിന്നുള്ള ജലം 4-ാം വാർഡിലുള്ള പള്ളിക്കുന്നു ഭാഗത്ത് ടാങ്ക് കെട്ടി, 4, 5 വാർഡുകളിൽ വിതരണം ചെയ്യാവുന്നതാണ്.

4. 6-ാം വാർഡിൽപെട്ട മരുതൂർ ഭാഗത്ത് വലിയ ഒരു കുളം കുഴിച്ച് നെല്ലിക്കൽ കുന്നും പുറത്ത് ടാങ്ക് നിർമ്മിച്ചാൽ 6- 9 വാർഡുകളിൽ കുടിവെള്ളം എത്തിക്കുവാൻ സാധിക്കും.

5. 7-ാം വാർഡിൽ പെട്ട പഞ്ചായത്തുവക 85 സെൻറു സ്ഥലത്ത് കുളം കുഴിച്ച് കണ്ണിതാത്തുകുന്നും പുറത്ത് ടാങ്കുകെട്ടിയാൽ ഏഴാം വാർഡിൽ ആവശ്യത്തിനുള്ള ശുദ്ധജലം ലഭിക്കുന്നതായിരിക്കും.

6. എട്ടാം വാർഡിലെ അയർക്കുന്നം ജലാശയം നന്നാക്കി കൊച്ചുമലക്കുന്നിൽ ടാങ്ക് കെട്ടി വെള്ളം സംഭരിച്ചാൽ 8-ാം വാർഡിലെ കുടിവെള്ള ക്ഷാമത്തിന് പരിഹാരമുണ്ടാകുന്നതാണ്.

7. നീറിക്കാടുപാടത്തിനു കിഴക്കുവശം പഞ്ചായത്തുവക പത്ത് സെൻറുള്ള കല്ലുവാലിൽ കുളം കുഴിച്ച് കോളനി കുന്നിൽ ടാങ്ക് നിർമ്മിച്ചാൽ നീറിക്കാടുപ്രദേശത്ത് ആവശ്യത്തിനുള്ള ശുദ്ധജലം എത്തിക്കാവുന്നതാണ്.

8. തുരുത്തേൽ കുളം കുഴിച്ച് വന്നല്ലൂർക്കര കുന്നിൽ ടാങ്ക് നിർമിച്ചാൽ വന്നല്ലൂർക്കര പ്രദേശത്തെ ശുദ്ധജല ക്ഷാമം പരിഹാരിക്കുവാൻ സാധിക്കും.

9. പാലമുറി പാലത്തിന് കിഴക്കുവശം കുളം കുഴിച്ച് നരവാടി കുന്നും പുറത്ത് ടാങ്ക് കെട്ടിയാൽ തിരുവഞ്ചൂർ പ്രദേശമാകെ ശുദ്ധജലം

വിതരണം ചെയ്യാവുന്നതാണ്.

## പൊതുജനാരോഗ്യം

ആരോഗ്യമുള്ള ജനസമൂഹമാണ് ഒരു രാഷ്ട്രത്തിൻെറ സമ്പത്ത്. മറ്റു ശാസ്ത്ര ശാഖകളേക്കാൾ ഈ നൂറ്റാണ്ടിൽ വൈദ്യശാസ്ത്രം പുരോഗതി കൈവരിച്ചിട്ടുണ്ട്. എങ്കിലും ഈ രംഗത്തുള്ള അഴിമതിയും, കച്ചവടവൽക്കരണവും സാധാരണ ജനങ്ങൾക്ക് ഇന്നും ഉന്നതനിലവാരമുള്ള വൈദ്യസഹായം അപ്രാപ്യമാക്കുന്നു. രോഗം വന്നിട്ടു ചികിത്സിക്കുന്നതിനേക്കാൾ എത്രയോ നല്ലതാണ് രോഗം വരാതെ സൂക്ഷിക്കുകഎന്നുള്ളത്. ചികിത്സയേക്കാൾ ഭേദകരമാണ് രോഗപ്രതിരോധപ്രവർത്തനം.

അയർക്കുന്നം പഞ്ചായത്തിൽ പ്രാഥമികാരോഗ്യരംഗത്തുള്ള ഗവൺമെൻറു സ്ഥാപനങ്ങൾ വളരെ അപര്യാപ്തമാണ്. എങ്കിലും മെഡിക്കൽകോളേജിലേക്കുള്ള അകലക്കുറവ് ആശ്വാസമാണ്.

ഗവൺമെൻറുടമയിൽ നാലുസ്ഥാപനങ്ങൾ മാത്രമാണ് പഞ്ചായത്തിൽ ആരോഗ്യരംഗത്ത് പ്രവർത്തിക്കുന്നത്.

1. പ്രാഥമികാരോഗ്യകേന്ദ്രം, 2. ഹോമിയോ ഡിസ്പൻസറി, 3. ആയുർവേദ ഡിസ്പൻസറി, 4. കുടുംബക്ഷേമ കേന്ദ്രങ്ങൾ

## പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും

**1. പ്രാഥമികാരോഗ്യകേന്ദ്രം അയർക്കുന്നം**

നിലവിൽ ഐ. പി വാർഡ് പണിതെങ്കിലും ആരോഗ്യവകുപ്പ് ഏറ്റെടുക്കാത്തതിനാൽ ഐ.പി പ്രവർത്തനം ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ല. ആവശ്യമായ സ്റ്റാഫ് നെ നിയമിച്ച്

ഐ. പി വിഭാഗം എത്രയും വേഗം ആരംഭിക്കേണ്ടതാണ്.

ഐ. പി. വാർഡും ഡിസ്പൻസറിയും തമ്മിൽ മേൽക്കൂരയിട്ടു ബന്ധിപ്പിക്കണം. നിലവിലുള്ള സെപ്ടിക് ടാങ്ക് അയൽവാസികൾക്ക് ദോഷമില്ലാത്ത സ്ഥലത്തേക്ക് മാറ്റി സ്ഥാപിക്കണം. വാട്ടർ ടാങ്കിൻെറ ചോർച്ച നീക്കി ശേഷി വർദ്ധിപ്പിക്കണം. മുഴുവൻ സമയം ഡോക്ടറുടെ സേവനം ഉറപ്പു വരുത്തണം. ആവശ്യമുള്ള ഒ. പി ടിക്കറ്റുകളും മരുന്ന് പൊതിഞ്ഞുകൊടുക്കുന്നതിനുള്ള കടലാസും ലഭ്യമാക്കണം.

ചുറ്റുമതിൽ കെട്ടി സെക്യൂരിറ്റിയെ നിയമിക്കണം ഗ്രാമസഭകളുടെ ആഭിമുഖ്യത്തിൽ, പകർച്ചവ്യാധികളെ സംബന്ധിച്ചുള്ള ബോധവൽക്കരണം എല്ലാ വാർഡിലും നടത്തണം. ക്വാർട്ടേഴ്സിൻെറ പുനരുദ്ധാരണം നടത്തണം.

**2. ആയുർവേദ ആശുപത്രി.**

പഞ്ചായത്തിലെ നാലാം വാർഡിൽ ഉള്ള ആയുർവേദ ആശുപത്രിയിൽ യാതൊരു പ്രാഥമിക സൗകര്യങ്ങളുമില്ല.രോഗികൾക്ക് ആവശ്യമായ മരുന്ന്, എണ്ണ, കുഴമ്പ് എന്നിവ കിട്ടാത്തതിനാൽ ദുർബ്ബലവിഭാഗക്കാർക്ക് ഈ ആശുപത്രികൊണ്ട് ഉദ്ദേശിച്ച ഗുണം ലഭിക്കുന്നില്ല.

10 കിടക്കകൾ എങ്കിലുമുള്ള ഐ. പി വിഭാഗം എത്രയും വേഗം ആരംഭിക്കണം. ഐ.പി ആരംഭിക്കുമ്പോൾ ആവശ്യമായ സാങ്കേതിക സൗകര്യങ്ങളും ഡോക്ടർമാരുടെ സേവനവും ലഭ്യമാക്കണം.

**3. ഹോമിയോ ആശുപത്രി**

7-ാം വാർഡിൽ പ്രവർത്തിക്കുന്ന ഹോമിയോ ആശുപത്രി ഇപ്പോൾ ഒരു താല്ക്കാലിക കെട്ടിടത്തിലാണ്. ദിവസേന 170 മുതൽ 200 വരെ രോഗികൾ വന്നുകൊണ്ടിരിക്കുന്ന ഈ സ്ഥാപനത്തിൽ അവർക്കു നില്ക്കാനും ഇരിക്കാനും ഉള്ള സൗകര്യം പോലും ഇല്ല. ഡോക്ടർക്കും മറ്റു സ്റ്റാഫിനും ജോലി ചെയ്യുന്നതിനും മറ്റു പ്രാഥമിക ആവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള സൗകര്യങ്ങളും നിലവിലില്ല.

അത്യാവശ്യമായി റിക്കാർഡുകളും മരുന്നുകളും സൂക്ഷിക്കുന്നതിന് അലമാരകളും (2 എണ്ണം) രോഗികളെ കിടത്തി പരിശോധിക്കുന്നതിന് ഒരു മേശയും മരുന്ന് എടുത്തുവച്ചു കൊടുക്കുന്നതിനുള്ള മേശയും ഡ്രസ്സിംഗ് മെറ്റീരിയൽസും അനുവദിക്കണം.

**4. കുടുംബക്ഷേമ കേന്ദ്രങ്ങൾ**

ഇവയുടെ പ്രവർത്തനം വളരെ പരിമിതമാണ്. എല്ലാ വാർഡുകളിലും ഡോക്ടർമാരുടെ സേവനം ആഴ്ചയിൽ ഒരു ദിവസമെങ്കിലും ഉറപ്പു വരുത്തേണ്ടതാണ്. സാധാരണക്കാർക്ക് ഉപകാരപ്രദമായ ഒരു ചികിത്സാ സംവിധാനം ഇവയിലൂടെ ലഭ്യമാക്കേണ്ടതാണ്.

പഞ്ചായ്ത്തിൽ ഏകദേശം 12 സ്വകാര്യ ആശുപത്രികൾ ഉണ്ട്. എല്ലാം തന്നെ ചെറുകിട ആശുപത്രികൾ ആണ്. നാല് ആശുപത്രികളിൽ എക്സ്റേ എടുക്കുന്നതിനും കിടത്തി ചികിത്സിക്കുന്നതിനും ഉള്ള സംവിധാനമുണ്ട്.

**5. കക്കൂസ്**

പഞ്ചായത്തിലാകെ ഒരു സർവ്വേ നടത്തി കക്കൂസില്ലാത്ത വീട്ടുകാർക്ക് കക്കൂസ് ഉണ്ടാക്കുന്നതിനുള്ള പദ്ധതി ഉണ്ടാക്കണം.

അയർക്കുന്നം ബസ് സ്റ്റാൻഡിലും മാർക്കറ്റിലും കംഫർട്ട് സ്റ്റേഷനുകൾ സ്ഥാപിക്കുക.

**6. പരിസരശുചിത്വം:**

ബസ് സ്റ്റാൻറ്, മാർക്കറ്റ്, നിരത്തുകൾ എന്നിവടങ്ങളിലെ ചപ്പുചവറു നിക്ഷേപിക്കുന്നതിന് കമ്പോസ്റ്റ് കുഴി സ്ഥാപിക്കുക.

**7. പൊതുശ്മശാനം:**

പഞ്ചായത്തിലൊരു പൊതുശ്മശാനം ഉണ്ടാക്കുക.

**8. ഹെൽത്ത് കാർഡ് സംവിധാനം:**

ഒരു വ്യക്തിയുടെ മുൻകാല ആരോഗ്യനില, രോഗവിവരം, രക്തഗ്രൂപ്പ് മുതലായവയെ സൂചിപ്പിക്കുന്ന കാർഡ് വിതരണം ചെയ്യുക. ■

# പാർപ്പിടവും സാമൂഹ്യക്ഷേമവും

5.7

സാമാന്യം തൃപ്തികരമായ പാർപ്പിടസൗകര്യങ്ങളോടു കൂടിയ ഒരു ഗ്രാമപഞ്ചായത്ത് ആണ് അയർക്കുന്നം. വിദേശ പണത്തിൻെറ സ്വാധീനം ഈ പഞ്ചായത്തിലെ ഭവന നിർമ്മാണത്തിലെ പ്രധാന ഘടകമാണ്. ഈ പഞ്ചായത്തിൽ 6382 വീടുകളിൽ 52 കുടുംബങ്ങൾ പുറമ്പോക്കിൽ താമസിക്കുന്നു. വാസയോഗ്യമല്ലാത്ത 100-ൽപരം വീടുകളും പ്രാഥമിക സൗകര്യങ്ങൾ ഇല്ലാത്ത 800-ഓളം വീടുകളും ഉണ്ട്. പഞ്ചായത്തിലെ ലക്ഷം വീടുകോളനികൾ വാസയോഗ്യമല്ലാതായി തീർന്നിരിക്കുകയാണ്. വൈദ്യുതീകരിക്കാത്ത ധാരാളം വീടുകൾ എല്ലാ വാർഡുകളിലും ഉണ്ട്.

വിദേശ പണത്തിൻെറ അമിതമായ സ്വാധീനം ഭൂമിയുടെ വില കുതിച്ചുയരാൻ കാരണമായി. ഇതും കെട്ടിടനിർമ്മാണ സാമഗ്രികളുടെ അമിതമായ വില വർദ്ധനവും സാധാരണക്കാരന് കെട്ടിടനിർമ്മാണം അപ്രാപ്യ സ്വപ്നമായി മാറുന്നു. കെട്ടിട നിർമ്മാണരംഗത്തുണ്ടായ കൂലി വർദ്ധന കൂടി പരിഗണിക്കുമ്പോൾ ചിലവു കുറഞ്ഞ വീടുകളുടെ പ്രസക്തി വർദ്ധിക്കുന്നു.

പഞ്ചായത്തിൽ ചുടുകട്ട, സിമൻറിഷ്ടിക എന്നിവയുടെ നിർമ്മാണം വൻതോതിൽ നടക്കുന്നുണ്ട്. മീനച്ചിലാറ്റിൽ നിന്നും കെട്ടിട നിർമ്മാണത്തിനാവശ്യമായ മണൽ സുലഭമായി ലഭിക്കുന്നുണ്ട്.

### പ്രശ്നങ്ങൾ

1. പഞ്ചായത്തിൽ ഭവന നിർമ്മാണ ഏജൻസികളോ സഹകരണ സംഘങ്ങളോ പ്രവർത്തിക്കുന്നില്ല.
2. ലക്ഷം വീടുകോളനികൾ വാസയോഗ്യമല്ല.
3. പഞ്ചായത്തിലെ ഒരു വാർഡിലും പൂർണ്ണമായി വൈദ്യുതി എത്തിച്ചേർന്നിട്ടില്ല.
4. കെട്ടിട നിർമ്മാണ സാമഗ്രികളുടെയും ഭൂമിയുടെയും ഭീമമായ വിലക്കയറ്റം ഭവന നിർമ്മാണം ദുഷ്കരമാക്കുന്നു.

### സാധ്യതകൾ

1. ഭവന നിർമ്മാണ വായ്പാ സഹകരണസംഘം ആരംഭിക്കുക.
2. നിലവിലുള്ള ബാങ്കുകളിൽ നിന്നും ഭവനനിർമ്മാണ വായ്പ ലഭിക്കുന്നതിനുള്ള നടപടികൾ ലഘൂകരിക്കുകയും, വായ്പാ തുകയും തിരിച്ചട യ്ക്കുന്നതിനുള്ള തവണയും വർദ്ധിപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുക.
3. മൈത്രീ ഭവന പദ്ധതിയുടെ ആനുകൂല്യം പഞ്ചായത്തിലെ എല്ലാ ദുർബ്ബല വിഭാഗക്കാർക്കും ലഭ്യമാക്കുക.
4. ലക്ഷം വീടു കോളനികളിലെ വീടുകൾ പുനരുദ്ധരിക്കുക.
5. പഞ്ചായത്തിലെ എല്ലാ വീടുകളിലും വൈദ്യുതി എത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.
6. പുറമ്പോക്കു നിവാസികൾക്ക് പാർപ്പിട സൗകര്യവും അടിയന്തിരമായി ഉണ്ടാക്കുക.
7. കുറഞ്ഞ വിലയിലുള്ള വീടുകളുടെ നിർമ്മാണം സംബന്ധിച്ച് ജനങ്ങളെ ബോധവൽക്കരിക്കുക.
8. നിർമിതി കേന്ദ്രത്തിൻെറ ഒരു ശാഖ അയർക്കുന്നം പഞ്ചായത്തിൽ ആരംഭിക്കുക.

ഭവനനിർമ്മാണത്തെ സംബന്ധിക്കുന്ന വിവരം

| | |
|---|---|
| വീട് ആവശ്യമുള്ള കുടുംബങ്ങളുടെ എണ്ണം | -681 |
| അനുവദിച്ച വീടുകൾ | -85 |
| പൂർത്തീകരിച്ച വീടുകൾ | -62 |
| പൂർത്തീകരിക്കാനുള്ള വീടുകൾ | -23 |
| അനുവദിക്കേണ്ട വീടുകളുടെ എണ്ണം | -596 |

### സാമൂഹ്യക്ഷേമം

സാമൂഹ്യക്ഷേമരംഗത്ത് ദാരിദ്ര്യരേഖക്ക് താഴെയുള്ളവരെ ഉദ്ധരിക്കുന്നതിന് തൊഴിലാളി ക്ഷേമത്തിനുള്ള പദ്ധതികളാണ് നിലവിലുള്ളത്.

നിലവിലുള്ള പദ്ധതികൾ വളരെ അപര്യാപ്തമാണ്. സാധാരണ ജനങ്ങൾ വിവിധ പദ്ധതികളെപ്പറ്റി ബോധവന്മാരല്ല. ഉദ്യോഗസ്ഥതലത്തിലുള്ള അഴിമതി, കാലതാമസം ഇവ യഥാർത്ഥ ഉപഭോക്താക്കൾക്ക് ആനുകൂല്യം ലഭിക്കുന്നതിനു തടസ്സമാകുന്നു.

## നിലവിലുള്ള പദ്ധതികൾ

**1. സംയോജിത ഗ്രാമവികസനപരിപാടി (ഐ. ആർ.ഡി.പി)**

ദാരിദ്ര നിർമ്മാർജ്ജനം എന്ന ലക്ഷ്യം നേടിയെടുക്കുവാനായി കേന്ദ്രസംസ്ഥാന ഗവ.കൾ തുല്യതോതിൽ ചെലവ് പങ്കിടുന്ന ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയാണ് ഐ.ആർ.ഡി.പി. സ്വയം തൊഴിൽ സംരംഭങ്ങൾ ഏറ്റെടുത്തുകൊണ്ട് ദാരിദ്ര രേഖ തരണം ചെയ്യുവാൻ ദാരിദ്രരേഖയ്ക്ക് താഴെയുള്ള ഗ്രാമീണ കുടുംബങ്ങളെ സഹായിക്കുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

പ്രതിവർഷ കുടുംബവരുമാനം 1100 രൂപയിൽ കുറവായ ഗ്രാമീണരെ ഈ വകുപ്പിൽ ഉൾപ്പെടുത്തുന്നു. പാവപ്പെട്ടവരിൽ പാവപ്പെട്ടവരെ സഹായിക്കുക എന്നുള്ള സമീപനമാണ് ഐ.ആർ.ഡി.പി സഹായം നൽകുന്നതിന് അനുവർത്തിക്കുന്നത്. ആകെ വാർഷിക ലക്ഷ്യത്തിന്റെ 50% എസ്.സി/എസ്.റ്റി വിഭാഗത്തിനും 40% വനിതകൾക്കും 3% വികലാംഗകർക്കും സംവരണം ചെയ്തിരിക്കുന്നു. ഒരു സർവ്വേ നടത്തിയാണ് അർഹരെ കണ്ടുപിടിക്കുന്നത്.

**2. ഗ്രാമീണ വനിതാശിശു വികസന പരിപാടി**

ഐ.ആർ.ഡി.പിയുടെ അനുബന്ധമായി നടപ്പാക്കുന്ന ഒരു പരിപാടിയാണിത്. വനിതകളുടെ സ്വാശ്രയത്വം മുൻ നിർത്തി അവരുടെ കുടുംബ വരുമാനം വർദ്ധിപ്പിക്കുന്നതിനാവശ്യമായ കൂട്ടായ സാമ്പത്തിക പരിപാടികൾക്ക് വായ്പയും സഹായധനവും നൽകുന്നു. വ്യക്തികൾക്കല്ല വനിതകളുടെ ഗ്രൂപ്പുകൾക്കാണ് ഇതിൽ പ്രാധാന്യം നൽകുന്നത്. 10 മുതൽ 15വരെ അംഗങ്ങളുടെ ഗ്രൂപ്പുകൾക്കാണ് ധനസഹായം.

**3) ജവഹർ തൊഴിൽ ദാനപരിപാടി**

**(ജെ.ആർ.വൈ)**

ജെ.ആർ.വൈ. എന്ന ചുരുക്കപ്പേരിൽ അറിയുന്ന ജവഹർ തൊഴിൽ ദാനപരിപാടി (ജവഹർ റോസ്ഗാർയോജന) 1989ൽ ആരംഭിച്ചു. തൊഴിൽ രഹിതരായ ഗ്രാമീണർക്ക് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയാണ് പരിപാടിയുടെ മുഖ്യലക്ഷ്യം. ഈ പദ്ധതിയുടെ നടത്തിപ്പിന് സന്നദ്ധസംഘടനകളുടെ സഹായം തേടുകയും ചെയ്യുന്നുണ്ട്.

ഈ പഞ്ചായത്തിൽ കർഷകത്തൊഴിലാളികൾ, കെട്ടിട നിർമ്മാണ തൊഴിലാളികൾ, ഇഷ്ടിക നിർമ്മാണ തൊഴിലാളികൾ, മണൽവാരൽ തൊഴിലാളികൾ തുടങ്ങിയവർ ധാരാളമുണ്ട്. ഈ വിഭാഗത്തിൽപെട്ട തൊഴിലാളികൾക്ക് സാമൂഹ്യക്ഷേമ രംഗത്തെ ആനുകൂല്യങ്ങൾ വേണ്ടത്ര ലഭിക്കുന്നില്ല.

മഹിളാസമാജങ്ങളുടെ പ്രവർത്തനം ഏതാനും വാർഡുകളിൽ മാത്രമായി ചുരുങ്ങിയിരിക്കയാണ്. മഹിളാ സമാജങ്ങൾ ഇല്ലാത്ത വാർഡുകളിൽ ഇപ്പോൾ ഫീഡിംഗ് സെൻററുകളുടെ ആനുകൂല്യം ലഭിക്കുന്നില്ല.

### കുട്ടികളുടെ ആരോഗ്യ പോഷണ നിലവാരം

| പ്രായം | നോർമൽ | | 1-ാം ഗ്രേഡ് | | 2-ാം ഗ്രേഡ് | | 3-ാം ഗ്രേഡ് | |
|---|---|---|---|---|---|---|---|---|
| | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 |
| 1 വയസിൽ താഴെ | 135 | 129 | 68 | 72 | 32 | 29 | 9 | 11 |
| 1-3 വയസ് | 328 | 294 | 196 | 194 | 112 | 98 | 48 | 42 |
| 3-6 വയസ് | 446 | 397 | 260 | 212 | 194 | 89 | 64 | 72 |

1-ാം ഗ്രേഡ് - ലഘുവായ പോഷണക്കുറവുള്ളവർ
2-ാം ഗ്രേഡ്- മിതമായ പോഷണക്കുറവുള്ളവർ
3-ാം ഗ്രേഡ് - ഗുരുതരമായ പോഷണക്കുറവുള്ളവർ

### വിവിധയിനം പെൻഷനുകൾ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു

| | | | |
|---|---|---|---|
| അഗതി പെൻഷൻ | - 203 | ക്ഷയരോഗി പെൻഷൻ | - 24 |
| വിധവാ പെൻഷൻ | - 81 | കാൻസർ രോഗി പെൻഷൻ | - 2 |
| വികലാംഗ പെൻഷൻ | - 70 | കർഷക തൊഴിലാളി പെൻഷൻ | - 64 |
| വാർദ്ധക്യകാല പെൻഷൻ | - 52 | തൊഴിലില്ലായ്മ വേതനം | - 470 |
| അവശകലാകാര പെൻഷൻ | - 2 | | |

ബാലവാടികളെ സംബന്ധിച്ച വിവരങ്ങൾ

| | | |
|---|---|---|
| 1. | പഞ്ചായത്തിലെ ആകെ ജനസംഖ്യ | 31818 |
| 2. | പുരുഷന്മാർ | 16010 |
| 3. | സ്തീകൾ | 15808 |
| 4. | പട്ടികജാതി ജനസംഖ്യ | 1989 |
| 5. | പട്ടിക വർഗ ജനസംഖ്യ | 92 |
| 6. | ബാലവാടികളുടെ എണ്ണം | 6 |
| 7. | ഒരു വയസ്സിനു താഴെ പ്രായമുള്ള കുട്ടികൾ | 485 |
| 8. | 1-2 വയസ്സുവരെ പ്രായമുള്ള കുട്ടികൾ | 618 |
| 9. | 2-3 വയസുവരെ പ്രായമുള്ള കുട്ടികൾ | 694 |
| 10. | 3-5 വയസുവരെ പ്രായമുള്ള കുട്ടികൾ | 889 |
| 11. | വാർഡിലെ ആകെ ഗർഭിണികളുടെ എണ്ണം | 560 |
| 12. | ഇവരിൽ പ്രത്യേക പരിചരണം ആവശ്യമുള്ളവരുടെ എണ്ണം | 16 |
| 13. | മുലയൂട്ടുന്ന അമ്മമാരുടെ എണ്ണം (6 മാസംവരെ പ്രായമുള്ള കുട്ടികൾ) | 206 |
| 14. | കഴിഞ്ഞ വർഷത്തിൽ ആകെ ജനനങ്ങൾ | 538 |
| 15. | ചാപിള്ള ജനനങ്ങൾ | .... |
| 16. | ഒരു വയസിൽ താഴെ പ്രായത്തിൽ മരിച്ച കുട്ടികളുടെ എണ്ണം (95-96) | 8 |
| 17. | 1-3 വയസുവരെ മരിച്ച കുട്ടികളുടെ എണ്ണം | 4 |
| 18. | 3-6 വയസുവരെ മരിച്ച കുട്ടികളുടെ എണ്ണം | 11 |
| 19. | ഗർഭസംബന്ധമായ അസുഖങ്ങളാൽ മരിച്ച സ്ത്രീകളുടെ എണ്ണം | 2 |
| 20. | മറ്റു മരണങ്ങളുടെ എണ്ണം | 198 |
| 21. | അനുപൂരക പോഷകാഹാരം ലഭിക്കുന്ന കുട്ടികളുടെ എണ്ണം | 140 |
| 22. | അനുപൂരകപോഷകാഹാരം ലഭിക്കുന്ന ഗർഭിണികളുടെ എണ്ണം | 90 |
| 23. | അനുപൂരക പോഷകാഹാരം ലഭിക്കുന്ന മുലയൂട്ടുന്ന അമ്മമാരുടെ എണ്ണം | 106 |

വികലാംഗകരെ സംബന്ധിച്ച വിവരങ്ങൾ

| ചലനവൈകല്യം | മന്ദബുദ്ധി | ബധിരർ | അന്ധർ | ബധിരമൂകർ | മൊത്തം |
|---|---|---|---|---|---|
| 70 | 16 | 16 | 8 | 3 | 113 |

## സാദ്ധ്യതകൾ

1. നിലവിലുള്ള സാമൂഹ്യക്ഷേമ പദ്ധതികളെകു റിച്ച് ഗ്രാമസഭകളുടെ ആഭിമുഖ്യത്തിൽ ബോധവൽക്കരണ സെമിനാറുകൾ നടത്തുക.
2. അർഹതപ്പെട്ട എല്ലാ ദുർബ്ബല ജനവിഭാഗങ്ങൾക്കും പെൻഷൻ ആനുകൂല്യങ്ങൾ ലഭ്യമാക്കുക.
3. എല്ലാ വാർഡുകളിലും മഹിളാ സമാജങ്ങളും ഫീഡിംഗ് സെൻററുകളും ആരംഭിക്കുക.

# സംസ്ക്കാരം

## 5.8

മനുഷ്യന്റെ മാത്രം പ്രത്യേകതയാണ് സംസ്ക്കാരം. മനുഷ്യന്റെ എല്ലാ ജീവിത വ്യാപാരത്തിലും അവന്റെ സംസ്ക്കാരത്തിന്റെ പ്രതിഫലനങ്ങൾ കാണാവുന്നതാണ്. മദ്ധ്യതിരുവിതാംകൂറിന്റെ എല്ലാ സംസ്ക്കാര വിശേഷങ്ങളും അയർക്കുന്നം പഞ്ചായത്തിൽ ദർശിക്കാവുന്നതാണ്. ഈ പഞ്ചായത്തിലെ വിദ്യാലയങ്ങൾ, ക്ഷേത്രങ്ങൾ, പള്ളികൾ, ലൈബ്രറികൾ, ക്ലബ്ബുകൾ, ഉത്സവങ്ങൾ, പെരുനാളുകൾ ഇവ ഈ നാട്ടിലെ സംസ്ക്കാരത്തിന്റെ പ്രതിഫലനങ്ങളാണ്. പ്രധാനമായും ഹിന്ദു, ക്രിസ്ത്യൻ മതവിഭാഗങ്ങളിലെ ജനങ്ങൾ ഈ പഞ്ചായത്തിൽ ഇടകലർന്ന് മൈത്രിയോടെ ജീവിക്കുന്നു. ഈ നൂറ്റാണ്ടിലെ ദേശീയ പ്രസ്ഥാനങ്ങളോട് യോജിക്കുകയും അവയിൽ ആവേശത്തോടെ പ്രവർത്തിക്കുകയും ചെയ്ത പാരമ്പര്യം ഈ പഞ്ചായത്തിലെ ആൾക്കാർക്കുണ്ട്.

കേരളത്തിലെ ഗ്രന്ഥശാലാപ്രസ്ഥാനങ്ങളുടെ ആരംഭകാലത്തു തന്നെ പുരോഗമനചിന്താഗതിക്കാരായ ഏതാനും ആളുകൾ പ്രവർത്തിച്ചതിന്റെ ഫലമാണ് ഈ പഞ്ചായത്തിൽ വിവിധ ഭാഗങ്ങളിലായി പ്രവർത്തിക്കുന്ന ഗ്രന്ഥശാലകൾ.

**തിരുവഞ്ചൂർ പബ്ലിക് ലൈബ്രറി**

1947-ൽ പ്രവർത്തനമാരംഭിച്ച ഈ ലൈബ്രറിയിൽ ഇപ്പോൾ 790- ഓളം അംഗങ്ങളും പതിനായിരത്തിൽ പരം പുസ്തകങ്ങളുമുണ്ട്. ഗ്രേഡ് എ വിഭാഗത്തിൽ പെടുന്ന ഈ ലൈബ്രറിയിൽ ദിവസേന നാൽപതോളം പുസ്തകങ്ങൾ വിതരണം ചെയ്യുന്നുണ്ട്. ഏഴു പത്രങ്ങളും മുപ്പതോളം പ്രസിദ്ധീകരണങ്ങളും ഇവിടെയുണ്ട്. സ്വന്തമായി കെട്ടിടമുള്ള ഈ സ്ഥാപനത്തിൽ ഒരു റിക്രിയേഷൻ സെൻററും അതിൽ റ്റി. വി, റേഡിയോ സൗകര്യങ്ങളും ഉണ്ട്. കെട്ടിടത്തിന്റെ വിപുലീകരണ പ്രവർത്തനങ്ങൾ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നു.

**അമയന്നൂർ പബ്ലിക് ലൈബ്രറി**

ഗ്രേഡ് എയിൽ ഉൾപ്പെടുന്ന ഈ ലൈബ്രറി 1952-ൽ പ്രവർത്തനം ആരംഭിച്ചു. എണ്ണൂറിൽ പരം അംഗങ്ങളും എണ്ണായിരത്തിൽ പരം പുസ്തകങ്ങളും ഇവിടെയുണ്ട്. സ്വന്തമായി ഇരുനില കെട്ടിടവും റ്റി. വി , റേഡിയോ സൗകര്യവും ഇവിടെയുണ്ട്. പത്രങ്ങളും പീരിയോഡിക്കത്സും ഇവിടെ റഫറൻസിനായി ലഭ്യമാണ്.

**പബ്ലിക് ലൈബ്രറി ആൻഡ് റീഡിംഗ് റൂം, നീറിയ്ക്കാട്**

1960-ൽ സ്ഥാപിച്ച ഈ ഗ്രന്ഥാലയത്തിൽ 488 അംഗങ്ങളും അയ്യായിരത്തിൽപരം പുസ്തകങ്ങളും ഉണ്ട്. ഗ്രേഡ് ബിയിൽപെട്ട ഈ ലൈബ്രറിയിൽ ദിവസേന 40 -ഓളം പുസ്തകങ്ങൾ വിതരണം ചെയ്യപ്പെടുന്നു. 5 പത്രങ്ങളും 10 മാസികകളും ഇവിടെ വരുത്തുന്നുണ്ട്. സ്വന്തമായുള്ള കെട്ടിടത്തിൽ ഒരു ആർട്സ് ക്ലബ്ബും പ്രവർത്തിക്കുന്നു.

**പബ്ലിക് ലൈബ്രറി ആൻഡ് റീഡിംഗ് റൂം, കൊങ്ങാണ്ടൂർ**

1963-ൽ പ്രവർത്തനം ആരംഭിച്ച ഗ്രേഡ് സിയിൽ ഉൾപ്പെട്ട ഈ ലൈബ്രറിയിൽ അയ്യായിരത്തിൽ പരം പുസ്തകങ്ങൾ ഉണ്ട്. സ്ഥാപക സെക്രട്ടറി സംഭാവന ചെയ്ത രണ്ട് സെൻറ് സ്ഥലത്ത് നാട്ടുകാരുടെ സഹകരണത്തോടെ ഇരുനിലകെട്ടിടത്തിന്റെ പണി ആരംഭിച്ചിട്ടുണ്ട്.

**യുവഭാവന പബ്ലിക് ലൈബ്രറി, അയർക്കുന്നം**

1980-ൽ ആരംഭിച്ച ഈ ലൈബ്രറിയിൽ അയ്യായിരത്തിൽ പരം പുസ്തകങ്ങളും 470 ഓളം അംഗങ്ങളും ഉണ്ട്. പൊതുജനങ്ങളുടെ താൽപര്യക്കുറവുമൂലവും സ്ഥലസൗകര്യങ്ങളുടെ അഭാവത്താലും ഈ ലൈബ്രറിയുടെ പ്രയോജനം പൂർണ്ണമായും നാട്ടുകാർക്ക് ലഭ്യമാകുന്നില്ല.

ഈ പറഞ്ഞിരിക്കുന്ന സ്ഥാപനങ്ങൾ ഈ പഞ്ചായത്തിന്റെ സംസ്ക്കാരിക ഉന്നമനത്തിനായി നൽകിയ സംഭാവനകൾ വളരെ വലുതാണ്. എങ്കിലും റ്റി. വി, കേബിൾ റ്റി. വി ഇവയുടെ സ്വാധീനത്താൽ ഗ്രന്ഥശാല പ്രസ്ഥാനങ്ങളോട് യുവജനങ്ങൾക്ക് ഒരു അകൽച്ചയുള്ളതായി മനസ്സിലാക്കാം. ഇവയുടെ പ്രവർത്തന വിപുലീകരണത്തിനായി പൊതുജനങ്ങളുടെയും പഞ്ചായത്തിന്റെയും വിവിധ സാംസ്കാരിക ഏജൻസികളുടെയും സർക്കാരിന്റെയും സാമ്പത്തിക സഹായവും പ്രോത്സാഹനവും അത്യാവശ്യമാണ്. നിലവിലുള്ള കെട്ടിടങ്ങളുടെ അറ്റ കുറ്റപണികൾക്കും, ഫർണീച്ചർ വാങ്ങുക, പുസ്തകങ്ങൾ

വാങ്ങുക, പഴയ പുസ്തകങ്ങളുടെ കേടുപാടുകൾ തീർക്കുക തുടങ്ങിയ ആവശ്യങ്ങൾക്കും വളരെയധികം തുക ആവശ്യമാണ്. ഈ വായനശാലകളിൽ സ്ത്രീകളുടെ വിഭാഗം, കുട്ടികളുടെ വിഭാഗം, കലാസാംസ്കാരിക വിഭാഗം മുതലായവ ആരംഭിക്കേണ്ടതാണ്.

ഈ പഞ്ചായത്തിൻെറ എല്ലാ വാർഡുകളിലും ക്ലബ്ബുകൾ പ്രവർത്തിക്കുന്നുണ്ട്. പള്ളം ബ്ലോക്കിൽ ഏറ്റവും നന്നായി പ്രവർത്തിച്ചതിനുള്ള അവാർഡു കിട്ടിയ ആറുമാനൂർ സഹൃദയാ ആർട്സ് ആൻഡ് സ്പോർട്സ് ക്ലബ്ബ്, അതുപോലെതന്നെ നല്ല നിലയിൽ പ്രവർത്തിക്കുന്ന അമയന്നൂർ ധന്യാ ആർട്സ് ആൻഡ് സ്പോർട്സ് ക്ലബ്ബ് ഇവയുടെ പ്രവർത്തനങ്ങൾ പ്രംശസനീയമാണ്. സ്വാതന്ത്ര്യ ദിനറാലികൾ, ഓണാഘോഷങ്ങൾ, ക്രിസ്മസ് കരോൾ മുതലായവയുടെ നടത്തിപ്പിലൂടെ ഈ ക്ലബ്ബുകൾ ജനഹൃദയങ്ങളിൽ സ്ഥിരപ്രതിഷ്ഠ നേടിയിട്ടുണ്ട്. ക്ലബ്ബുകളുടെ ആഭിമുഖ്യത്തിൽ നടത്താറുളള വടംവലി തുടങ്ങിയ കായിക മത്സരങ്ങൾ ഓണക്കാലത്ത് ഹരമാകുന്നു.

പ്രശസ്ത മനശ്ശാസ്ത്രജ്ഞനായ ഫ്രോയിഡിൻെറ അഭിപ്രായത്തിൽ "ലോകത്തിൽ ജീവജാലങ്ങൾ ഉള്ളടത്തോളം കാലം ശാശ്വതമായിരിക്കുന്ന പ്രതിഭാസമാണ് കല". നെൽകൃഷി റബ്ബറിനായി വഴിമാറുമ്പോൾ ഞാറ്റുപാട്ടിൻെറ ഈരടികൾ പുതിയ തലമുറക്ക് അന്യമാവുകയാണ്. കോൽക്കളി, പരിചമുട്ടുകളി, മാർഗംകളി മുതലായ കലാരൂപങ്ങൾ പഞ്ചായത്തിൻെറ പല വാർഡുകളിലും പ്രചാരത്തിലുണ്ട്.

ധനുമാസത്തിൽ എല്ലാ വാർഡുകളിലും തിരുവാതിരകളി പ്രചാരത്തിലുണ്ട്.തിരുവാതിര രംഗത്ത് ശിക്ഷണം നൽകുന്ന ഒരു വിദഗ്ദ്ധ അമയന്നൂരിൽ ഉണ്ട്.ഗരുഡൻ പറവയിൽ വിദഗ്ദ്ധരായവർ ഈ പഞ്ചായത്തിൻെറ പല ഭാഗങ്ങളിലും ഉണ്ടായിരുന്നെങ്കിലും ഇപ്പോൾ ഈ രംഗത്ത് പ്രഗത്ഭർ കുറവാണ്. പഞ്ചവാദ്യ വിദഗ്ദ്ധർ അമയന്നൂർ കരയിൽ ഉണ്ട്. ഈ കലയിൽ അഭ്യസനവും ഇവിടെ നടക്കുന്നു. തായമ്പക, കഥകളി രംഗങ്ങളിൽ വ്യക്തിമുദ്ര പതിപ്പിച്ചവർ തിരുവഞ്ചൂർ, അമയന്നൂർ കരകളിലുണ്ട്.

പ്രശസ്ത കൃതിയായ ഐതിഹ്യമാലയുടെ കർത്താവായ കൊട്ടാരത്തിൽ ശങ്കുണ്ണിയുടെ പൂർവഗൃഹം ഈ പഞ്ചായത്തിൽപെട്ട അമയന്നൂർ കരയിലാണെന്ന് വിശ്വസിക്കപ്പെടുന്നു. അമയന്നൂർ കരയെക്കുറിച്ച് ഐതിഹ്യമാലയിൽ പലയിടത്തും പരാമർശമുണ്ട്. (അധ്യായം 78) പ്രശസ്ത കവി ശ്രീ സി.ജെ മണ്ണുമൂടിൻെറ ജന്മഗൃഹവും ഈ പഞ്ചായത്തിൽ തന്നെയാണ്. ആട്ടക്കഥാരംഗത്തേയ്ക്ക് ചുവടുവെച്ച മനോജ് കുറൂർ ഈ പഞ്ചായത്തിൽപെട്ട തിരുവഞ്ചൂർ കരയിലാണ് താമസം.

ടെലിവിഷൻെറ അതിപ്രസരം യുവതലമുറയുടെ സംസ്കാരത്തെ ബാധിയ്ക്കുന്നുണ്ട്. നിലവാരമില്ലാത്ത സീരിയലുകൾ യുവജനങ്ങളുടെ സമയം പ്രയോജനഹരിതമാകുന്നു. അയർക്കുന്നത്ത് ഒരു സിനിമാതിയേറ്റർ ഉണ്ടായിരുന്നെങ്കിലും ഇപ്പോൾ പ്രവർത്തിക്കുന്നില്ല. ഭംഗിയായി പ്രവർത്തിച്ചിരുന്ന ഫിലിം സൊസൈറ്റിയുംഫൈൻ ആർട്സ് സൊസൈറ്റിയും നിർജ്ജീവമാണ്. ജിംനേഷ്യം, കരാട്ടേ സ്കൂൾ മുതലായവ പ്രവർത്തിക്കുന്നുണ്ട്.

ഈ പ്രദേശത്തിൻെറ തനതായ കായികവിനോദമായിരുന്ന നാടൻ പന്തുകളി ഇന്ന് ക്രിക്കറ്റിന് വഴിമാറി കൊടുത്തിരിയ്ക്കുന്നു. ആധുനിക പരിശീലന സൗകര്യങ്ങളുടെയും സ്റ്റേഡിയത്തിൻെറയും അഭാവത്താൽ കായിക രംഗത്ത് വ്യക്തിമുദ്ര സ്ഥാപിക്കുവാൻ ഇതുവരെ സാധിച്ചിട്ടില്ല.

നിലവിലുള്ള ഗ്രന്ഥശാലകളുടെ വികസനത്തിനും പുതിയ ഗ്രന്ഥശാലകൾ തുടങ്ങുന്നതിനും അധികാരികൾ മുൻകൈ എടുക്കേണ്ടതാണ്. വായനാശീലത്തിലൂടെ മാത്രമേ സംസ്കാരസമ്പന്നമായ ഒരു യുവതലമുറയെ കെട്ടിപ്പെടുക്കുവാൻ സാധിയ്ക്കുകയുള്ളൂ. ആർട്സ് ആൻഡ് സ്പോർട്സ് ക്ലബ്ബുകളുടെ ശരിയായ പ്രവർത്തനങ്ങളിലൂടെ യുവജനശക്തിയെ കർമോത്സുകമാക്കുവാൻ സാധിയ്ക്കും. നാടൻ കലാ രൂപങ്ങൾക്ക് അർഹമായ പരിഗണനയും പ്രോത്സാഹനവും നൽകുന്നുണ്ടോ എന്ന കാര്യം നമ്മൾ പരിശോധിയ്ക്കേണ്ടതാണ്. കായികരംഗത്ത് പ്രതിഭകളെ കണ്ടെത്തുവാൻ തീവ്രമായ ഒരു ശ്രമം തന്നെ ആവശ്യമാണ്. ഒരു സാംസ്കാരിക നിലയത്തിൻെറയും സ്റ്റേഡിയത്തിൻെറയും നിർമാണത്തിലൂടെ ഈ ന്യൂനതകൾ ഒരു പരിധിവരെ പരിഹരിയ്ക്കാവുന്നതാണ്. പരമ്പരാഗത ഉത്സവങ്ങളുടെ തനിമ നിലനിർത്തിക്കൊണ്ട് ഒരു കാർഷിക മേള വർഷത്തിൽ ഒരിക്കൽ നടത്തുകയാണെങ്കിൽ അത് അവഗണിയ്ക്കപ്പെട്ട കാർഷിക രംഗത്തോട് ആരോഗ്യകരമായ ഒരു കാഴ്ചപ്പാട് ഉണ്ടാക്കുന്നതിന് സഹായകരമായിരിക്കും.

ഈ ഗ്രാമപഞ്ചായത്തിൽ സിരാകേന്ദ്രമായ അയർക്കുന്നത്ത് ഒരു ഗ്രന്ഥശാലയും വായനശാലയും ഒരു പബ്ലിക് ഇൻഫർമേഷൻ സെൻററും ആരംഭിക്കേണ്ടതാണ്.

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന യുവകലാപ്രതിഭകളെ അവരുടെ കഴിവിനനുസരിച്ച് പ്രോത്സാഹിപ്പിക്കുന്നതിനും സഹായങ്ങൾ പഞ്ചായത്തുതലത്തിൽ നിന്നും ഉണ്ടാകണം.

■

# വനിതാക്ഷേമം

## 5.9

സംസ്ക്കാരത്തിൻെറ ഉച്ചകോടിയിൽ എത്തിനില്ക്കുന്നു എന്നഭിമാനിക്കുന്ന 20-ാം നൂറ്റാണ്ടിൻെറ പടിയിറക്കത്തിൻെറ ഈ കാലഘട്ടത്തിൽ, സമ്പൂർണ്ണ സാക്ഷരത ആദ്യം കൈവരിച്ച കേരളത്തിലുൾപ്പെടുന്ന അയർക്കുന്നം പഞ്ചായത്തിൽ സ്ത്രീകളുടെ സാമൂഹ്യ സാംസ്കാരിക വളർച്ച അമ്പേ പടുകുഴിയിൽ തന്നെയെന്ന് വ്യസന പൂർവ്വം പറയേണ്ടി വരുന്നു. വനിതാ വിമോചന പ്രസ്ഥാനങ്ങളും സാംസ്ക്കാരികമായി വളർച്ചയിലേയ്ക്ക് ഉയരുന്നതിനുള്ള മാർഗ്ഗരേഖകളും തൊഴിൽപരമായ മുന്നേറ്റത്തിന് ആവശ്യമായ സാമ്പത്തിക സഹായങ്ങളും നിലനില്ക്കുന്ന ഈ കാലഘട്ടത്തിൽ, ഇതൊന്നുമറിയാതെ, അറിയിക്കാതെ, അല്ലെങ്കിൽ അവഗണിച്ചുകൊണ്ട് ഗ്രാമത്തിൻെറ അസ്വസ്ഥതയിൽ സ്ത്രീ അവഗണിക്കപ്പെട്ട അന്തരീക്ഷത്തിൽ മയങ്ങുന്നു.

സാമൂഹ്യ പ്രവർത്തനങ്ങൾ, വിദ്യ അഭ്യസിക്കൽ തുടങ്ങിയ കാര്യങ്ങളിൽ പഴയകാലത്ത് സ്ത്രീ പങ്കാളിത്വം ഇവിടെ ഇല്ലായിരുന്നു. സമൂഹത്തിൻെറ മുഖ്യധാരയിലേക്ക് വരുന്ന കാര്യത്തിൽ സ്തീകൾ ഇന്നും വിമുഖത കാണിക്കുന്നു. രാഷ്ട്രീയ പ്രവർത്തനങ്ങൾ, ബഹുജന സംഘടനകൾ തുടങ്ങിയവയിൽ സ്ത്രീകൾ വേണ്ടത്ര മുൻകൈ എടുത്ത് പ്രവർത്തിക്കാൻ പറ്റിയ അന്തരീക്ഷമല്ല സമൂഹത്തിലുള്ളത്. ഒപ്പം കഴിവും അറിവും ഉള്ളവർ സമൂഹത്തിലേക്ക് ഇറങ്ങി പ്രവർത്തിക്കാൻ വിമുഖരും വ്യക്തികൾ വിരക്തിയുള്ളവർ ആയിതീരുകയും ചെയ്തിരിക്കുന്നു.

സമുദായ സംഘടനകളിൽ വനിതകൾക്ക് പ്രത്യേക ഗ്രൂപ്പുകളും, സംഘടനകളും ഉണ്ടെങ്കിലും പ്രവർത്തനങ്ങളിൽ മുന്നിട്ടു നില്ക്കുന്നവർ വിരലിലെണ്ണാൻ പോലും ഇല്ല. ഈ അഭാവം രാഷ്ട്രീയ തലത്തിലും വന്നിട്ടുണ്ട്. രാഷ്ട്രീയ തലത്തിൽ മൂന്നു നാല് വനിതകളും സമുദായീക തലത്തിൽ ഒന്നുരണ്ട് വനിതകളും മാത്രമാണ് മുന്നോട്ട് വന്നിട്ടുള്ളത്. ആദ്യത്തെ തിരഞ്ഞെടുക്കപ്പെട്ട വനിതാ പഞ്ചായത്ത് മെമ്പർ ശ്രീമതി ഗൗരിയമ്മ (തിരുവഞ്ചൂർ)യാണ്.

സാക്ഷരതയുടെ കാര്യത്തിൽ ഏകദേശം പുരുഷനോടൊപ്പം നില്ക്കുമെങ്കിലും ഉന്നത സാങ്കേതിക വിദ്യാഭ്യാസ കാര്യത്തിൽ വനിതകൾ വളരെ പുറകിൽ തന്നെ ആയിരുന്നു. എന്നാൽ ഇന്ന് വനിതകൾ ഉന്നതബിരുദം തേടുന്നതിൽ മുൻപോട്ട് വന്നുകൊണ്ടിരിക്കുന്നു. അയർക്കുന്നം പഞ്ചായത്തിൽ ചുരുക്കമായെങ്കിലും ഡോക്ടർമാരും എൻജിനീയർമാരും ഉണ്ട്. ഈ പഞ്ചായത്തിൽ നിന്ന് I.A.S നേടിയ ഏകവ്യക്തി വനിതയായ (ഒ.പി. ശോശാമ്മ, ഓമത്തിൽ) ആണ്.

പഞ്ചായത്തിലെ വിവിധ മേഖലകളിലുള്ള സ്ത്രീപുരുഷാനുപാതം ചുവടെ ചേർക്കുന്നു.

| | പു. | സ്ത്രീ. | ആകെ |
|---|---|---|---|
| ജനസംഖ്യ | 16010 | 15808 | 31818 |
| വോട്ടർമാർ | 11369 | 11383 | 22752 |
| അദ്ധ്യാപകർ | 93 | 131 | 224 |
| സ്കൂളിൽ പഠിക്കുന്ന കുട്ടികൾ | 2614 | 2423 | 5037 |
| സാക്ഷരത | 98% | 95% | 97% |

ഖാദിനൂൽ നൂൽ, റബ്ബർ ബാൻഡ് വ്യവസായ യൂണിറ്റുകൾ, പൈനാപ്പിൾ സൊസൈറ്റി, മിനി ഇഡസ്ട്രിയൽ എസ്റ്റേറ്റ് എല്ലാം തന്നെ വനിതകളാണ് തൊഴിൽ ചെയ്യുന്നത്. നാമമാത്രമായ വേതനമാണ് ഈ വനിതകൾ കൈപ്പറ്റുന്നത്. വിദേശസംസ്ക്കാരത്തെ ദത്തെടുത്ത പഞ്ചായത്താണെങ്കിലും തൊഴിൽ വിവേചിച്ച് ആഢ്യത്വം നല്കുന്ന നമ്മുടെ സംസ്കാരം ഇന്നും നില നില്ക്കുന്നു. 2 ഖാദി നൂൽ നൂൽപ് കേന്ദ്രത്തിൽ 25 വനിതകളും 12 റബ്ബർ ബാൻഡ് നിർമ്മാണ കേന്ദ്രത്തിൽ 100 ഓളം വനിതകളും തൊഴിൽ ചെയ്യുന്നുണ്ട്. കാലിവളർത്തൽ കോഴിവളർത്തൽ തുടങ്ങിയവയിൽ സ്ത്രീകളാണ് കൂടുതൽ താല്പര്യം കാണിക്കുന്നത്.

പ്രാഥമിക വിദ്യാഭ്യാസം നേടാൻ പെൺകുട്ടികൾക്ക് പ്രത്യേകമായി ഒരു സ്കൂൾ പ്രവർത്തിച്ചിട്ടു കൂടി ആൺകുട്ടികളേക്കാൾ വളരെ കുറവാണ് പെൺകുട്ടികൾ എന്ന് കണക്കുകൾ കാണിക്കുന്നു.

| | | വിദ്യർത്ഥികൾ | | അദ്ധ്യപകർ | | |
|---|---|---|---|---|---|---|
| സ്കൂൾ | സ്കൂളുകളുടെ എണ്ണം | ആൺ | പെൺ | പുരു | സ്ത്രീ. | മൊത്തം |
| L.P. | 9 | 829 | 810 | 21 | 37 | 58 |
| U.P. | 3 | 345 | 317 | 16 | 15 | 31 |
| H.S | 5 | 1440 | 1296 | 56 | 79 | 135 |
| ആകെ | 17 | 2614 | 2423 | 93 | 131 | 224 |

കൃഷി, കച്ചവടം, വ്യവസായം തുടങ്ങിയവയുടെ നടത്തിപ്പുകളിലും കുടുംബത്തിൻെറ നേതൃത്വത്തിലും പുരുഷന്മാർ തന്നെ നില നില്ക്കുന്നു. ഭൂമിയുടെ ഉടമസ്ഥാവകാശത്തിലും സ്ത്രീകളുടെ എണ്ണം വളരെ കുറവാണ്. ഭാര്യയും ഭർത്താവും ഒത്തൊരുമിച്ച് പൊതുവായ ധാരണയിൽ കാര്യങ്ങൾ തീരുമാനിക്കുന്ന കുടുംബങ്ങൾ താരതമ്മ്യേന വളരെ കുറവാണ്. സംഘടനാപ്രവർത്തനത്തേക്കാൾ ആജ്ഞാനുസരണം പ്രവർത്തിക്കാൻ സ്ത്രീകൾ കൂടുതൽ താല്പര്യം കാണിക്കുന്നു.

മഹിളാ സമാജങ്ങൾ വനിതാ ശിശുക്ഷേമ കേന്ദ്രങ്ങൾ, മഹിളാ സൊസൈറ്റികൾ തുടങ്ങിയവ വളരെ കുറവാണ്. സ്ത്രീകൾ സംഘം ചേർന്ന് സർക്കാർ ധനസഹായവും വായ്പയും ഉപയോഗിച്ച് തുടങ്ങിയിട്ടുള്ള മൂന്ന് D.W.C.R.A. യൂണിറ്റുകൾ മാത്രവും പാൽ ഉല്പന്നമുണ്ടാക്കുന്ന മിൽമയുടെ 1 യൂണിറ്റും ആണ് അയർക്കുന്നം പഞ്ചായത്തിലുള്ളത്. സംഘടിതരായ 10 മുതൽ 15 വരെയുള്ള സ്ത്രീകൾക്ക് ഓരോ യൂണിറ്റുകൾ തുടങ്ങാൻ സർക്കാർ സാമ്പത്തിക സഹായവും വായ്പയും നല്കുന്ന സാഹചര്യത്തിൽ, വ്യവസായങ്ങളുടെ നടത്തിപ്പിന് സ്ത്രീകൾക്ക് പ്രത്യേകാനുകാല്യങ്ങളും സാമ്പത്തിക സഹായങ്ങളും വായ്പയും നല്കാൻ സന്നദ്ധത പ്രകടിപ്പിക്കുന്ന ഈ സമയത്ത് സംഘടിക്കാനോ, കായിക മാനവശേഷി ഉപയോഗിക്കാനോ തയ്യാറാവാതെ സ്വയം തീർത്ത ചിപ്പിക്കുള്ളിൽ പ്രസിദ്ധീകരണങ്ങളുടെ മായാ ലോകത്ത് സ്വപ്നങ്ങൾ കണ്ടുകൊണ്ട് തൊഴിൽ രഹിതരായി കഴിഞ്ഞുകൂടുകയാണ് അയർക്കുന്നം പഞ്ചായത്തിലെ സാമ്പത്തിക ബുദ്ധിമുട്ടനുഭവിക്കുന്ന ഒട്ടുമുക്കാലും കുംടുംബത്തിലെ വനിതകൾ. കണക്കുകൾ ഇത് തെളിയിക്കുന്നു.

| തൊഴിൽ പങ്കാളിത്തം | | | തൊഴിൽ രഹിതർ | | |
|---|---|---|---|---|---|
| പു. | സ്ത്രീ. | ആകെ. | പു. | സ്ത്രീ | ആകെ |
| 52.57% | 9.46% | 31.15% | 7594 | 14312 | 21906 |

| തൊഴിൽ പങ്കാളിത്തം | | | |
|---|---|---|---|
| തൊഴിൽ | പു. | സ്ത്രീ. | ആകെ |
| 1. കർഷകർ | 2258 | 61 | 2319 |
| 2. കർഷക തൊഴിലാളി | 2336 | 293 | 2629 |

| തൊഴിൽ | പു. | സ്ത്രീ. | ആകെ |
|---|---|---|---|
| 3. ഖാദി നൂൽനൂൽപ്പ് | - | 25 | 25 |
| 4. റബ്ബർ ബാൻഡ് | 804 | 108 | 912 |
| 5. അദ്ധ്യാപകർ | 93 | 131 | 224 |
| 6. മറ്റ് സേവന തുറകൾ | 2874 | 1054 | 3928 |

സാക്ഷരതാ പ്രവർത്തനങ്ങൾ ജനകീയമായപ്പോൾ ഒട്ടേറെ സ്ത്രീകൾ നേതൃത്വപരമായി മുന്നോട്ട് വന്നെങ്കിൽ പോലും സാസ്കാരികമായ ഉന്നമനം നേടാൻ ഇവിടുത്തെ സ്ത്രീകൾക്ക് കഴിഞ്ഞിട്ടില്ല. നേതൃത്വപരമായ കടമകൾ ഏറ്റെടുക്കാൻ ജനകീയാസൂത്രണ പ്രസ്ഥാനം പോലെയുള്ള ജനകീയ പരിപാടികളിലെ ഉയർന്ന പങ്കാളിത്തം സ്ത്രീകളെ സഹായിക്കും.

നിർദ്ദേശങ്ങൾ:-

1. കൂടുതൽ വനിതാ വ്യവസായ സഹകരണ സംഘങ്ങൾ രൂപീകരിക്കാനുള്ള നടപടികൾ സ്വീകരിക്കുക.
2. വനിതാവ്യവസായ ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിന് പഞ്ചായത്ത് തലത്തിൽ സംവിധാനം ഏർപ്പെടുത്തുക.
3. പുരുഷന്മാർക്കൊപ്പം വേതനം സ്ത്രീകൾക്കും ലഭിക്കുവാനുള്ള നടപടികൾ സ്വീകരിക്കുക.
4. വിധവകൾക്ക് പെൻഷൻ അനുവദിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുക.
5. അങ്കണവാടികൾ, മഹിളാ സമാജങ്ങൾ ഇവ എല്ലാ വർഡിലും ആരംഭിക്കണം.
6. മാതൃശിശു സംരക്ഷണ കേന്ദ്രങ്ങൾ ആരംഭിക്കുക.
7. വിധവകളുടെ കുട്ടികൾക്ക് വേണ്ടത്ര സൗജന്യ വിദ്യാഭ്യാസം നൽകുക.
8. സ്ത്രീധന നിരോധന നിയമങ്ങൾ കർശനമാക്കുക.
9. മദ്യനിരോധന നടപടികൾ വ്യാപകമാക്കുക.
10 ബസുകളിൽ സ്ത്രീകൾക്ക് ഉള്ള സംവരണം ഉറപ്പു വരുത്തുക.
11. പൊതുപ്രവർത്തനരംഗങ്ങളിൽ സ്ത്രീകൾക്ക് തുല്യപ്രാതിനിധ്യം ഉറപ്പു വരുത്തുക. അസംബ്ലിയിലും പാർലമെൻറിലും സ്ത്രീകൾക്ക് 1/3 ഭാഗം സീറ്റുകൾ സംവരണം ചെയ്യുക.
12. സഹകരണ ബാങ്കുകളിൽ വനിതകൾക്ക് 33% സംവരണം ഉറപ്പ് വരുത്തുക.
13. വനിതകൾ മാത്രം വസിക്കുന്ന വീടുകളിൽ പ്രത്യേകം മുൻഗണന നൽകി വൈദ്യുതി കണക്ഷൻ നല്കുക.
14.പരമ്പരാഗത തൊഴിൽ ചെയ്യുന്ന വനിതകൾക്ക് തൊഴിൽ സ്ഥിരത ഉറപ്പാക്കുക.
15 വനിതാ സമാജങ്ങളുടെ കീഴിൽ വനിതകളുടെ കലാകായിക മത്സരങ്ങൾ സംഘടിപ്പിക്കുക.
16. അശ്ലീല സാഹിത്യം, താരതമ്യേന വില കുറഞ്ഞ പ്രസിദ്ധീകരണങ്ങളുടെ അതിപ്രസരം തുടങ്ങിയവയെപ്പറ്റി ബോധവൽക്കരണം,നടത്തുക.
17. കിൻറർ ഗാർട്ടൻ ബേബികെയർ യൂണിറ്റുകൾ തുടങ്ങിയവ സ്ഥാപിക്കണം.
18. സ്ത്രീകൾക്ക് വേണ്ടി പഞ്ചായത്ത്തലത്തിൽ ബോധവൽക്കരണ സെമിനാറുകൾ നടത്തുക.

ഇങ്ങനെ വിവിധങ്ങളായ മേഖലകളിലൂടെ സ്ത്രീകളുടെ സാമൂഹിക സാസ്കാരിക സാമ്പത്തിക വളർച്ച ഉയർത്തിക്കൊണ്ട് വരാൻ സാധിക്കും.

# സഹകരണം

## 5.10

കടത്തിൽ ജനിച്ച് കടത്തിൽ വളർന്ന് കടത്തിൽ മരിക്കുന്ന കേരളത്തിലെ കൃഷിക്കാരുടെ ആശ്വാസകേന്ദ്രമായി വളർന്നു കൊണ്ടിരിക്കുന്ന സഹകരണ പ്രസ്ഥാനങ്ങളുടെ അയർക്കുന്നം ഗ്രാമപഞ്ചായത്തിനുള്ളിലെ വേരോട്ടം എത്രമാത്രമുണ്ടെന്ന് നമുക്കൊന്ന് വിലയിരുത്താം. 3 സർവ്വീസ് സഹകരണബാങ്കുകളും, 4 ക്ഷീരോൽപാദക സഹകരണസംഘങ്ങളും, ഒരു ഹരിജൻ സഹകരണസംഘവും, ഒരു കൺസ്യൂമർ സഹകരണ സംഘവും, രണ്ട് വ്യവസായ സഹകരണസംഘങ്ങളും, അഞ്ച് സ്കൂൾ സഹകരണസംഘങ്ങളും ഒരു മൃഗസംരക്ഷണ സഹകരണസംഘവും, മൂന്നു മാർക്കറ്റിംഗ് സഹകരണ സംഘങ്ങളും ഉൾപ്പെടെ 20 സഹകരണസംഘങ്ങൾ അയർക്കുന്നം ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 9-ാം പഞ്ചവത്സര പദ്ധതി ആസൂത്രണം ചെയ്യുന്ന ഈ വേളയിൽ സഹകരണമേഖലയിൽ ആവശ്യമായ മുതൽ മുടക്കും ആസൂത്രണവും കൂടിയേ തീരൂ. അയർക്കുന്നം പഞ്ചായത്തിലെ ഭൂരിപക്ഷം വ്യക്തികളും പലകാര്യങ്ങൾക്കായി ഏതെങ്കിലും സഹകരണസ്ഥാപനത്തെ ആശ്രയിക്കുന്നു. കാർഷിക വായ്പ, വളം, കീടനാശിനി, ചിട്ടിക്കുറികൾ, നിക്ഷേപങ്ങൾ, സ്വർണ്ണപണയം, കാർഷികേതര വായ്പ തുടങ്ങി ഒട്ടേറെ പ്രവർത്തനങ്ങൾഈ സ്ഥാപനങ്ങൾ മുഖേന നടത്തുന്നു.

### 1.സഹകരണ ബാങ്കുകൾ

അയർക്കുന്നം സർവ്വീസ് സഹകരണ ബാങ്ക്, തിരുവഞ്ചൂർ സർവ്വീസ് സഹകരണ ബാങ്ക്, പുന്നത്തുറ സർവ്വീസ് സഹകരണ ബാങ്ക് എന്നിവ കാർഷിക മേഖലയിലും മറ്റിതര മേഖലയിലും സഹകാരികൾക്ക് മികച്ച സേവനം കാഴ്ച വയ്ക്കുന്നു. ഇവയെ സംബന്ധിച്ച സ്ഥിതി വിവരങ്ങൾ താഴെ ചേർക്കുന്നു.

പട്ടിക (1)

| ബാങ്കിൻെറ പേര് | സ്ഥാപിതം | അംഗത്വം | ഓഹരിമൂലധനം |
|---|---|---|---|
| 1. അയർക്കുന്നം സർവീസ് സഹകരണ ബാങ്ക് കെ. 4147 | 1957 | 9400 | 22 ലക്ഷം |
| 2. പുന്നത്തു സർവീസ് സഹകരണ ബാങ്ക് കെ. 1712 | 1928 | 3100 | 6 ലക്ഷം |
| 3. തിരുവഞ്ചൂർ സർവീസ് സഹകരണ ബാങ്ക് കെ1942 | 1930 | 6216 | 17 ലക്ഷം |

### 2.ക്ഷീരോല്പാദക സഹകരണ സംഘങ്ങൾ

ചേന്നാമറ്റം, ആറുമാനൂർ, കൊങ്ങാണ്ടൂർ, നീറിക്കാട് എന്നിവിടങ്ങളിലാണ് ക്ഷീരോൽപാദന സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നത്. മൃഗസംരക്ഷണ മേഖലയിലും ക്ഷീരോല്പാദനരംഗത്തും ഈ സംഘങ്ങൾ കർഷകർക്ക് സഹായം നൽകുന്നു. അവയെ സംബന്ധിച്ച സ്ഥിതി വിവരക്കണക്കുകൾ മറുവശത്ത് ചേർത്തിരിക്കുന്നു.

| സംഘത്തിൻെറ പേര് | സ്ഥാപിതം | അംഗത്വം | ഓഹരി | സർക്കാർ ഓഹരി | ശേഖരിക്കുന്ന പാൽ | ജീവനക്കാർ |
|---|---|---|---|---|---|---|
| ചേന്നാമറ്റം ക്ഷീരോൽപാദക സഹകരണസംഘം | 1986 | 208 | 2150 | ഇല്ല | 156.5 ലി. | 3 |
| ആറുമാനൂർ ക്ഷീരോത്പാദക സഹകരണസംഘം | 1995 | 165 | 1650 | 4950 | 125 ലി. | 2 |
| കൊങ്ങാണ്ടൂർ ക്ഷീരോത്പാദക സഹകരണസംഘം | 1994 | 94 | 940 | ഇല്ല | 70 ലി. | 2 |
| തൂത്തൂട്ടി ക്ഷീരോത്പാദക സഹകരണ സംഘം, നീറിക്കാട് | 1987 | 172 | ..... | .... | 70 ലി. | 2 |

## 3. മാർക്കറ്റിംഗ് സഹകരണ സംഘങ്ങൾ

ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന 3 മാർക്കറ്റിംഗ് സഹകരണസംഘങ്ങൾ താഴെപ്പറയുന്നവയാണ്.

1. അമയന്നൂർ പൈനാപ്പിൾ മാർക്കറ്റിംഗ് സഹകരണസംഘം
2. ടപ്പിയോക്കാ ആൻറ് അദർ റ്റ്യൂബേഴ്സ് പ്രോസസിംഗ് ആൻറ് മാർക്കറ്റിംഗ് കോ ഓപ്പറേറ്റീവ് സൊസൈറ്റി
3. അയർക്കുന്നം പഞ്ചായത്ത് ജനറൽ മാർക്കറ്റിംഗ് സൊസൈറ്റി.

## 4. കൺസ്യൂമർ സഹകരണ സംഘം

അയർക്കുന്നം പഞ്ചായത്തിലെ ഏക കൺസ്യൂമർ സഹകരണസംഘം അമയന്നൂർ ജംഗ്ഷനിൽ പ്രവർത്തിക്കുന്ന അയർക്കുന്നം പഞ്ചായത്ത് സഹകരണ കൺസ്യൂമർ സ്റ്റോർ ആണ്. 1974-ൽ സ്ഥാപിച്ചു. 475 അംഗങ്ങളുണ്ട്. അയർക്കുന്നത്ത് ഒരു ബ്രാഞ്ച് പ്രവർത്തിക്കുന്നു. 4 ജീവനക്കാർ ഉണ്ട്.

## 5. ഹരിജൻ സഹകരണ സംഘം

1985-ൽ സ്ഥാപിക്കപ്പെട്ട ഈ സംഘത്തിൽ 140 അംഗങ്ങളുണ്ട്.

## 6. വ്യവസായ സഹകരണ സംഘം

ആറുമാനൂർ ഗൂർഘണ്ടസാരി വ്യവസായ സഹകരണസംഘം, ആറുമാനൂർ വനിതാ വ്യവസായ സഹകരണസംഘം എന്നിവയാണ് ഈ പഞ്ചായത്തിലെ രണ്ടു വ്യവസായ സഹകരണ സംഘങ്ങൾ. ഗൂർഘണ്ടസാരി 1960-ൽ പ്രവർത്തനം ആരംഭിച്ചു. ഇപ്പോൾ 178 അംഗങ്ങളുണ്ട്. കരിമ്പിൽ നിന്നും ശർക്കര ഉത്പാദിപ്പിക്കുകയാണ് ഇതിൻെറ പ്രവർത്തനം, വനിതാ വ്യവസായ സഹകരണ സംഘം നെല്ലുകുത്തി അരിയാക്കിക്കൊടുക്കുന്നു.

## 7. സ്കൂൾ സഹകരണ സംഘങ്ങൾ

പഞ്ചായത്തിലെ ആകെയുള്ള 5 ഹൈസ്കൂളുകളിലും സ്കൂൾ സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നു. കുട്ടികൾക്കാവശ്യമായ പഠനോപകരണങ്ങൾ മിതമായ വിലയ്ക്ക് വിതരണം ചെയ്യുകയാണ് ഇവയുടെ മുഖ്യപ്രവർത്തനം.

## പ്രശ്നങ്ങളും പരിഹാരനിർദ്ദേശങ്ങളും

1. വർഷം തോറും കൃത്യമായും ഓഡിറ്റ് നടത്തണം.
2. വസ്തു ഈടിൻമേലുള്ള വായ്പകൾക്കുള്ള രജിസ്ട്രേഷൻ ഫീസ് ലഘൂകരിക്കണം.
3. സഹകരണ സംഘങ്ങളിലെ ജീവനക്കാർക്കും കമ്മറ്റി അംഗങ്ങൾക്കും വേണ്ടി പരിശീലന ക്ലാസ്സുകൾ ആരംഭിക്കുക.
4. വിദ്യാഭ്യാസം, സ്വയം തൊഴിൽ മുതലായ മേഖലകളിൽ സഹകരണസംഘങ്ങൾ സഹായം നൽകണം.

6. വായ്പകൾ യഥാസമയം തിരിച്ചടയ്ക്കുന്നവർക്ക് അർഹമായ സബ്സിഡികളും പ്രൊഡക്ഷൻ ഇൻസൻറീവും കാലാകാലങ്ങളിൽ നൽകുക.

6. മാർക്കറ്റിംഗ് സഹകരണസംഘങ്ങൾ സജ്ജീവമാക്കുക.

7. ക്രെഡിറ്റ് സഹകരണസംഘങ്ങൾ കാർഷികോല്പന്നങ്ങളുടെ വിപണനത്തിനു സഹായിക്കുക.

8. സ്വന്തമായി സ്ഥലവും കെട്ടിടവും വർക്കിംഗ് കാപ്പിറ്റലും സഹകരണസംഘങ്ങൾക്ക് ലഭ്യമാക്കണം.

9. വ്യവസായസഹകരണസംഘം വനിതാ വ്യവസായ സഹകരണ സംഘം എന്നിവയുടെ പ്രവർത്തനം കാര്യക്ഷമമാക്കുക.

10. അയർക്കുന്നത്തെ പട്ടികജാതി പട്ടിക വർഗ്ഗസഹകരണ സംഘത്തിൻെറ പ്രവർത്തനം വിപുലപ്പെടുത്തുക.

11. പഞ്ചായത്തിൽ ഒരു ആർട്ടിസാൻസ് സഹകരണസംഘം സ്ഥാപിക്കുക.

12. റബ്ബർ അധിഷ്ഠിത വ്യവസായ സഹകരണ സംഘം രൂപീകരിക്കുക.

13. ഹൗസിംഗ് സഹകരണസംഘം രൂപീകരിച്ച് ജനങ്ങളുടെ പാർപ്പിട പ്രശ്നം പരിഹരിക്കുക.

14. സഹകരണ മേഖലയിൽ സ്പിന്നിംഗ് മില്ലുകൾ ആരംഭിക്കുക.

15. റെഡിമെയ്ഡു വസ്ത്രങ്ങളുടെ നിർമ്മാണത്തിന് ഒരു വനിതാ സഹകരണസംഘം രൂപീകരിക്കണം.

16. സഹകരണാടിസ്ഥാനത്തിൽ ഒരു പാരലൽ കോളേജ്, ഒരു ആശുപത്രി എന്നിവ രൂപീകരിക്കുക.

17. ഇഷ്ടിക വ്യവസായ സഹകരണസംഘം ആരംഭിക്കണം.

18. പരമ്പരാഗത വ്യവസായ സഹകരണസംഘം ആരംഭിച്ച് കുട്ട, വട്ടി, പായ് എന്നിവയുടെയും പ്ലാസ്റ്റിക്, പനനാര്, വാഴനാര് തുടങ്ങിയവ ഉപയോഗിച്ചുള്ള കരകൗശലവസ്തുക്കൾ എന്നിവയുടെയും നിർമ്മാണത്തെ പ്രോത്സാഹിപ്പിക്കുക.

# പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം

## 5.11

ഈ പഞ്ചായത്തിൽ അഞ്ഞൂറിലധികം പട്ടിക ജാതി കുടുംബങ്ങളിലായി 1989 പേരും ഇരുപതു പട്ടിക വർഗ്ഗ കുടുംബങ്ങളിലായി 92 പേരും സ്ഥിരമായി താമസിച്ചു വരുന്നു. സ്ഥിരമായ വരുമാനമുള്ളവർ കുറവായ ഈ വിഭാഗത്തിൻെറ 95% ദാരിദ്ര്യരേഖയ്ക്ക് താഴെയാണ് ജീവിക്കുന്നത്. ഇവരിൽ ഭൂരിഭാഗവും കർഷക ത്തൊഴിലാളികളാണെങ്കിലും ഇവരിൽ പലരും സ്വന്തമായി ഭൂമിയിന്മല്ലന്നുള്ളതാണ് വസ്തുത. രണ്ടും മൂന്നും സെൻറ് സ്ഥലത്ത് ചെറിയ വീടുകൾ വെച്ചു കഴിയുകയാണ് ഇവരിൽ പലരും. തുഛമായ വരുമാന മാർഗ്ഗങ്ങളിൽ നിന്നും സ്വന്തമായി ഭൂമി സമ്പാദിക്കുവാൻ കഴിഞ്ഞിട്ടില്ലാത്ത ഇവരിൽ പലരും പുറമ്പോക്കുകളിൽ കുടിൽ കെട്ടി താമസിക്കുവാൻ നിർബന്ധിതരാകുന്നു.

ഈ പഞ്ചായത്തിലെ പട്ടിക ജാതി പട്ടികവർഗ്ഗവിഭാഗത്തിൽപെട്ട ആളുകളുടെ വീടുകൾ ഭൂരിഭാഗവും പണിതീരാത്ത വീടുകളാണ്. ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, മറ്റു ഗവൺമെൻറ് ഏജൻസികൾ എന്നിവയിൽ നിന്നും വിവിധ ഭവന നിർമ്മാണ പദ്ധതികൾ പ്രകാരം ഈ ജനവിഭാഗത്തിന് സാമ്പത്തിക സഹായം അനുവദിച്ചിട്ടുള്ളതാണ്. എങ്കിലും പണിപൂർത്തിയാക്കുവാൻ വേണ്ടിടത്തോളം പണം ബന്ധപ്പെട്ട കേന്ദ്രങ്ങളിൽ നിന്നും അനുവദിക്കുന്നില്ല. പട്ടികജാതി പട്ടികവർഗ്ഗങ്ങൾക്ക് വരുംകാലങ്ങളിൽ ഭവനനിർമ്മാണ പദ്ധതികൾ പ്രകാരം ഫണ്ട് അനുവദിക്കുമ്പോൾ കാലോചിതമായ വർദ്ധനവ് ഉണ്ടാകേണ്ടതാണ്.

ഈ ജനവിഭാഗത്തിന് വീടുവെയ്ക്കുന്നതിനും കൃഷി ചെയ്യുന്നതിനുമായി ഭൂമി വാങ്ങുന്നതിന് സർക്കാർ സ്ഥാപനങ്ങളിൽ നിന്നും തുക അനുവദിക്കുന്നുണ്ടെങ്കിലും ഇവർക്ക് അനുവദിക്കുന്ന തുകകൾ പൂർണ്ണമായും ലാപ്സാകുന്നതായി കാണുന്നു. ഭൂമിയുടെ വിലവർദ്ധനയ്ക്ക് ആനുപാതികമായി ധനസഹായം വർദ്ധിപ്പിക്കേണ്ടതും പ്രസ്തുത സഹായം ലഭ്യമാകുന്നതിനുള്ള ഉപാധികൾ ലഘൂകരിക്കേണ്ടതുമാണ്.

ഈ പഞ്ചായത്തിൽ രണ്ടു പട്ടികജാതി കോളനികളും ഒന്നിലധികം ലക്ഷംവീട് കോളനികളും ഉണ്ട്. പട്ടികജാതി കോളനികളിൽ പൂർണ്ണമായും മറ്റ് കോളനികളിൽ പകുതിയിലധികവും ഈ വിഭാഗം ജനങ്ങൾ താമസിക്കുന്നു. ഈ കോളനികളിൽ അടിയന്തിരമായി വൈദ്യുതി, കുടിവെള്ളം, ഇവയെത്തിക്കണം. കക്കൂസ് നിർമ്മാണം, വീടുകളുടെ അറ്റകുറ്റപ്പണികൾ എന്നിവ നടത്തിക്കൊടുക്കേണ്ടതാണ്. നിലവിലുള്ള വീടുകളിൽ പലതും പ്രകൃതിക്ഷോഭത്തിലും കാലപ്പഴക്കത്തിലും പെട്ട് നശിച്ചുകൊണ്ടിരിക്കുന്നവയാണ്. മേൽക്കൂര പുതുക്കി പണിയുന്നതിനും ഭിത്തികൾ സിമൻറ് ഉപയോഗിച്ച് തേക്കുന്നതിനും പ്രത്യേകം സ്കീമിൽപെടുത്തി ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് എന്നിവ മുഖേനയും സർക്കാർ ഏജൻസികൾ വഴിയും സാമ്പത്തിക സഹായങ്ങൾ ചെയ്യുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

അയർക്കുന്നം പഞ്ചായത്തിലെ പട്ടികജാതി, വർഗ്ഗവിഭാഗക്കാർക്ക് സർക്കാരിൻെറ ശുദ്ധജല പദ്ധതികളുടെ പ്രയോജനം ലഭിക്കുന്നില്ല. ഈ ജനവിഭാഗങ്ങൾ കൂടുതലായി താമസിച്ചുവരുന്ന സ്ഥലങ്ങളിലും കോളനികളിലും ശുദ്ധജലം എത്തിക്കുന്നതിനു വേണ്ട പദ്ധതികൾ നടപ്പിലാക്കേണ്ടതാണ്. ബന്ധപ്പെട്ട കേന്ദ്രങ്ങളിൽ നിന്നും കിണർ കുഴിക്കുന്നതിനുവേണ്ടി പല പദ്ധതികളും ഉണ്ടെങ്കിലും അതു വിനിയോഗിക്കുവാൻ സാധിക്കാതെ വരുന്നു. കിണർ കുഴിക്കുന്നതിന് പതിനഞ്ചും മുപ്പതും സെൻറ് സ്ഥലം വേണമെന്നുള്ള പരിധി പലപ്പോഴും ഈ വിഭാഗം ജനത്തിന് താങ്ങാനാവുന്നതല്ല. കൂടാതെ കിണർ കുഴിച്ചു കഴി

ഞ്ഞാൽ മാത്രമേ പണം ലഭിക്കുകയുമുള്ളു. ആയതിനാൽ ഈ പദ്ധതികൾ പ്രാവർത്തികമാക്കുന്നതിന് വേണ്ടി ശാസ്ത്രീയമായി പരിഷ്കരിക്കേണ്ടതാണ്.

പട്ടികജാതി, പട്ടിക വർഗ്ഗ വിഭാഗം ജനങ്ങളുടെ വീടുകൾ സൗജന്യമായി വൈദ്യുതീകരിക്കുന്നതിനുള്ള പദ്ധതി നിലവിലുണ്ടെങ്കിലും പ്രസ്തുത പദ്ധതി പ്രകാരം കണക്ഷൻ ലഭിക്കുന്നതിന് നിലവിലുള്ള കാലതാമസം ഒഴിവാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

വിദ്യാഭ്യാസപരമായി പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് വാർഡുതലത്തിൽ പട്ടികജാതി, വർഗ്ഗവിഭാഗത്തിനായി അംഗൻവാടികളും ഫീഡിംഗ് സെൻററുകളും സ്ഥാപിക്കേണ്ടതാണ്. നിരക്ഷരത പരിഹരിക്കുന്നതിന് വയോജനവിദ്യാഭ്യാസ കേന്ദ്രങ്ങൾ എല്ലാ വാർഡുകളിലും ഉണ്ടാകണം.

ഈ പഞ്ചായത്തിലെ പട്ടിക ജാതി പട്ടികവർഗ്ഗവിഭാഗങ്ങളടക്കമുള്ള ജനങ്ങൾക്ക് സാംസ്കാരികമായ ഉന്നമനത്തിന് ഒരു സാംസ്കാരിക നിലയമോ ലൈബ്രറിയോ ഇല്ലാത്തത് വളരെ ബുദ്ധിമുട്ടുണ്ടാക്കുന്നു. ഈ കുറവ് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

അഞ്ഞൂറിൽപരം പട്ടികജാതി പട്ടികവർഗ്ഗകുടുംബങ്ങൾ താമസിക്കുന്ന ഈ പഞ്ചായത്തിൽ, ഈ ജനവിഭാഗത്തിനു മാത്രമായി ഒരു സഹകരണസംഘം അനിവാര്യമാണ്. സഹകരണാടിസ്ഥാനത്തിൽ തൊഴിലുകൾ ചെയ്യുന്നതിനും അതിനുള്ള സാമ്പത്തിക സഹായങ്ങൾ ലഭ്യമാക്കുന്നതിനും പ്രസ്തുത സംഘത്തിന് വളരെ പ്രയോജനകരമായി പ്രവർത്തിക്കാനാവും. നിലവിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന പട്ടികജാതി പട്ടികവർഗ്ഗസഹകരണ സംഘത്തിൻെറ പ്രവർത്തനം പുനരുദ്ധരിച്ച് ക്ഷേമകരമാക്കേണ്ടതാണ്.

അയർക്കുന്നം പഞ്ചായത്തിൽ നാല്, ഏഴ്, ഒമ്പത്, പതിനൊന്ന് എന്നീ വാർഡുകളിൽ നിലവിൽ പട്ടികജാതി വർഗ്ഗവിഭാഗങ്ങൾക്കായി പൊതു ശ്മശാനം ഉണ്ട്. എങ്കിലും പ്രസ്തുത ശ്മശാനങ്ങൾക്ക് ചുറ്റുമതിലോ അതിലേക്ക് വഴികളോ ഇല്ല. നാലാം വാർഡിൽ ശ്മശാനത്തിലേക്ക് പ്രവേശിക്കണമെങ്കിൽ നൂറ് മീറ്റർ ദൂരത്തോളം വഴി പോലും ഇല്ലാത്ത അവസ്ഥയാണ്. മേൽപറഞ്ഞ കുറവുകൾ അടിയന്തിരമായി പരിഹരിക്കേണ്ടതും ശ്മശാനം ഇല്ലാത്ത വാർഡുകൾ അതിനുള്ള സൗകര്യങ്ങളും എത്രയും വേഗം നടപ്പിലാക്കേണ്ടതാണ്.

പട്ടികജാതി, വർഗ്ഗവിഭാഗങ്ങളിലെ തൊഴിൽ രഹിതരായ യുവതീയുവാക്കളുടെ ക്ഷേമത്തെക്കരുതി ചെറുകിട വ്യവസായ യൂണിറ്റുകൾ, ഖാദി വ്യവസായ യൂണിറ്റുകൾ അനുവദിക്കുന്നതിന് വ്യവസ്ഥകൾ ഉദാരമാക്കണം. ഈ ക്രമീകരണം വഴി സാമ്പത്തിക ഉന്നമനവും സാംസ്കാരിക ഉന്നമനവും ഉണ്ടാക്കിയെടുക്കുന്നതിൽ ഒരു പരിധിവരെ വിജയം പ്രതീക്ഷിക്കാവുന്നതാണ്.

പഞ്ചായത്ത് തലത്തിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ബോധവത്ക്കരണ സെമിനാറുകൾ വർഷത്തിൽ രണ്ടു തവണയെങ്കിലും നടത്തേണ്ടതാണ്.

സർക്കാരിൻെറ വിവിധ ഏജൻസികളിൽ നിന്നും പട്ടികജാതി പട്ടികവർഗ്ഗത്തിൻെറ ക്ഷേമത്തിനും, ഈ വിഭാഗങ്ങളിലെ ജനങ്ങൾക്ക് ലഭ്യമാകുന്ന വിവിധ ധനസഹായങ്ങളെക്കുറിച്ചും വായ്പാ പദ്ധതികളെക്കുറിച്ചും വിവരം നൽകുന്നതിന് ഒരു ഇൻഫെർമേഷൻ സെൻറർ സ്ഥാപിക്കേണ്ടതാണ്. ഈ വിഭാഗത്തിലെ വിദ്യാസമ്പന്നരായ യുവജനങ്ങളുടെ സേവനം ഇതിനായി ഉപയോഗപ്പെടുത്താവുന്നതാണ്.

# വിഭവസമാഹരണം

## 5.12

ഏതൊരു സ്ഥാപനത്തിൻെറയും വികസനം പ്രധാനമായിട്ട് അതിൻെറ ധനസ്ഥിതിയെ ആശ്രയിച്ചിരിക്കുന്നു. അയർക്കുന്നം ഗ്രാമപഞ്ചായത്തിൻെറ ധനസ്ഥിതി താഴെ വിവരിക്കുന്ന പ്രകാരമാണ്.

| 1995-96 വർഷത്തെ വരവ് കണക്ക് | | | |
|---|---|---|---|
| ഇനം | ധനാഭ്യർത്ഥന | പിരിച്ചത് | കുടിശിക |
| 1.കെട്ടിടനികുതി | 357397. 15 | 296829. 55 | 60567. 60 |
| 2.സർവ്വീസ് ചാർജ് | 67361. 20 | 57147. 70 | 10213. 50 |
| 3.തൊഴിൽ നികുതി | 206720. 00 | 149686. 00 | 57034. 00 |
| 4.ചന്ത വരുമാനം | 26325. 00 | 26325. 00 | |
| 5.വസ്തു കൈമാറുന്ന നികുതി 75% | 199131.00 | 199131. 00 | |
| 6. വസ്തു കൈമാറുന്ന നികുതി 25% | 225000.00 | 225000.00 | |
| 7.സർക്കാർ ഗ്രാൻറുകൾ | 1233300.00 | 1233300. 00 | |
| 8.ഡപ്പോസിറ്റ് | 12763. 50 | 12763. 50 | |
| 9.മറ്റുള്ളവ | 64948 .00 | 64918. 00 | |
| **ആകെ** | **2392945.85** | **2265130.75** | **127815.10** |

പഞ്ചായത്തു രാജ് നിയമപ്രകാരം വിവിധ വകുപ്പുകളിൽ നിന്നും 1995-96-ൽ പഞ്ചായത്തിനു കൈമാറിയത്.

| വകുപ്പ് | തുക | | |
|---|---|---|---|
| | പദ്ധതിവിഹിതം | പദ്ധതിയേതര | ആകെ |
| 1. മൃഗസംരക്ഷണം | - | 2358. 00 | 2,358. 00 |
| 2. ആരോഗ്യം | 63557. 00 | | 63557. 00 |
| 3. കൃഷി | 572949. 00 | | 572949. 00 |
| 4. പി.ഡബ്ല്യു.ഡി | 118600. 00 | | 118600. 00 |
| 5. ഹരിജനക്ഷേമം | 3557. 00 | | 3557. 00 |
| 6. മറ്റുള്ളവ | 1000. 00 | | 1000. 00 |
| **ആകെ** | **759663. 00** | **2358. 00** | **762021. 00** |

വിവിധ വകുപ്പുകളിൽ നിന്നും പഞ്ചായത്തിനു ലഭിച്ച തുക അതാതു വകുപ്പുകളിൽ മുൻകൂട്ടി നിശ്ചയിച്ചിട്ടുള്ള ആവശ്യങ്ങൾക്കായി പഞ്ചായത്തിൽ നിന്നും നേരിട്ടു ചിലവാക്കേണ്ടിയിരിക്കുന്നു.

| ചെലവു സംബന്ധിച്ച വിവരങ്ങൾ | | |
|---|---|---|
| | ഇനം | തുക |
| 1. | ഭരണചിലവ് | 665527. 50 |
| 2. | പൊതുമരാമത്ത് | 509116. 00 |
| 3. | വിദ്യാഭ്യാസം | 26067. 00 |
| 4. | ജലവിതരണം, ഓടകൾ | |
| 5. | പൊതുജനാരോഗ്യം | 465957. 00 |
| 6. | തെരുവുവിളക്കുകൾ | 104484. 00 |
| 7. | വൈദ്യുതിചാർജ് | |
| 8. | മറ്റുള്ളവ | 656522. 50 |
| ആകെ | | 2427674. 00 |

## പൊതുസാമ്പത്തികനില

| | പൊതുകണക്ക് | മൂലധന കണക്ക് | കടംകണക്ക് |
|---|---|---|---|
| വരവ് | 1913594. 45 | 479351. 00 | 3413. 50 |
| ചിലവ് | 1967203. 00 | 452421. 00 | 8050. 00 |

അയർക്കുന്നം ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന ധനകാര്യസ്ഥാപനങ്ങളുടെ ധനസ്ഥിതി വായ്പാ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ബാങ്കിൻെറ പേര് | ഡപ്പോസിറ്റ് | വായ്പകൾ |
|---|---|---|
| 1.സ്റ്റെയിറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ ആറുമാനൂർ | 5.5 കോടി | 1.5കോടി |
| 2.സ്റ്റെയിറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ തിരുവഞ്ചൂർ | 4 കോടി | 1കോടി |
| 3.അയർക്കുന്നം സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്- | 3 കോടി | 2കോടി |
| 4.തിരുവഞ്ചൂർ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | 1.5 കോടി | 1.26കോടി |
| 5.പുന്നത്തറ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | 34 ലക്ഷം | 62 ലക്ഷം |
| 6.ദി സൗത്ത് ഇൻഡ്യൻ ബാങ്ക് ലിമിറ്റഡ് | 6 കോടി | 2കോടി |
| 7.കോട്ടയം കോ-ഓപ്പറേറ്റീവ് അർബൻ ബാങ്ക് അയർക്കുന്നം ശാഖ | 1.4 കോടി | 1.3 കോടി |
| 8.ധനലക്ഷ്മി ബാങ്ക് അയർക്കുന്നം | 1.3 കോടി | 4കോടി |

കൂടാതെ മുത്തൂറ്റ് ബാങ്കേഴ്സ് ചിട്ടിഫണ്ട്, തെക്കനാട്ട് ബാങ്കേഴ്സ് ആൻറ് ചിട്ടി ഫണ്ട്, വേങ്കടത്ത് ഫൈനാൻസിയേഴ്സ് ആൻറ് ചിട്ടിഫണ്ട്, നെല്ലമ്പുഴ ഫൈനാൻസിയേഴ്സ്, പാറയിൽ ഫൈനാൻസിയേഴ്സ് തുടങ്ങിയ സ്വകാര്യ പണമിടപാട് സ്ഥാപനങ്ങൾ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു.

ധനകാര്യസ്ഥാപനങ്ങളുടെ നിലവിലുള്ള പ്രവർത്തനങ്ങൾ ഒരു ചെറിയ അളവിൽ നാടിൻെറ വികസനത്തെ സഹായിക്കുണ്ടെങ്കിലും അതുവേണ്ട വിധം പ്രയോജനപ്പെടുത്താൻ നമുക്കു കഴിഞ്ഞിട്ടില്ല. മാത്രമല്ല കഴിഞ്ഞ കാലങ്ങളിൽ പഞ്ചായത്തുകൾ തങ്ങൾക്കു ലഭിക്കുന്ന ഫണ്ടിൽ ഒതുങ്ങി

നിന്നുകൊണ്ടുള്ള പ്രവർത്തനം മാത്രമേ നടത്തിയിരുന്നുള്ളൂ.അന്നത്തെ പഞ്ചായത്തിൻെറ ഘടന അതായിരുന്നു.

പഞ്ചായത്ത് രാജ് നിയമം നിലവിൽ വന്ന സാഹചര്യത്തിൽ പ്രാദേശികമായ വിഭവ സമാഹരണത്തിനു സാദ്ധ്യതകൾ ഏറി."നാം ഒരു കുടുംബം" എന്ന മുദ്രാവാക്യം പഞ്ചായത്തിലെ ജനങ്ങൾ സ്വീകരിച്ചാൽ വൻതോതിലുള്ള വിഭവസമാഹരണവും അതുപയോഗിച്ച് വികസന പ്രവർത്തനങ്ങളും കാര്യക്ഷമമായി നടത്തുവാൻ നമുക്കു കഴിയും.

## സാദ്ധ്യതകൾ

**1. ഗവൺമെൻറിൻെറ വിഹിതം**

പദ്ധതികൾ പൂർണ്ണമായും പദ്ധതികാലത്തുതന്നെ നടപ്പിലാക്കുന്നതിനുള്ള വിഭവസമാഹരണത്തെക്കുറിച്ചു പഠിച്ചതിൽ ഗവൺമെൻറിൻെറ വിഹിതമാണ് മുഖ്യമായിട്ടുള്ളത്.കേരള ഗവൺമെൻറിൽ നിന്നും ഏതാണ്ടു 5 കോടി രൂപ പദ്ധതി വിഹിതമായി ലഭിക്കും എന്നാണു സൂചന,

**2.പഞ്ചായത്തിൻെറ സ്വന്തം ഫണ്ട്**

പഞ്ചായത്തിൻെറ തനതു വരുമാനവും ഒരു പ്രധാന ഘടകമാണ്. ഇക്കാര്യത്തിൽ പഞ്ചായത്തിൻെറ നിലവിലുള്ള അവസ്ഥ വളരെ പരിതാപകരമായതിനാൽ വരുമാനം ആവശ്യാനുസരണം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കണം.

## നിർദ്ദേശങ്ങൾ

1.നികുതികൾ കൃത്യമായി കൊടുക്കുന്ന കാര്യത്തിൽ ജനങ്ങളും പിരിച്ചെടുക്കുന്ന കാര്യത്തിൽ അധികാരികളും ശ്രദ്ധിക്കണം.

2.പഞ്ചായത്തിൽ കൂടുതൽ തൊഴിൽ ശാലകൾ(വ്യവസായം) ഉണ്ടാകാനുള്ള സാഹചര്യങ്ങൾ സൃഷ്ടിക്കുന്നതിലൂടെ പഞ്ചായത്തിൻെറ വരുമാനം വർദ്ധിക്കുന്നു. അതിനായി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് തുടങ്ങാവുന്നതാണ്.

3.വികസന പദ്ധതികളിൽ 50% പഞ്ചായത്തുകൾക്ക് വരുമാനം ലഭിക്കുന്ന തരത്തിലുള്ളതായിരിക്കണം. ഉദ: കമ്മ്യൂണിറ്റി ഹാൾ, കുട്ടികളുടെ പാർക്ക്, ഷോപ്പിംഗ് കോംപ്ലക്സ്, ആംബുലൻസ് സർവ്വീസ്, വാഹന സ്റ്റാൻറുകൾ, മാർക്കറ്റ്, വ്യവസായ എസ്റ്റേറ്റ് മുതലായവ.

4.നാഷണൽ സേവിംഗ് സ്കീമിൻെറ കമ്മീഷൻ പഞ്ചായത്തുകൾക്കു ലഭ്യമാക്കി വരുമാനം വർദ്ധിപ്പിക്കാം.

5.പഞ്ചായത്തിൻെറ ഉടമസ്ഥതയിൽ ബാങ്കിംഗ് പ്രവർത്തനം തുടങ്ങിയാൽ സ്വന്തം ഫണ്ടും ഗവൺമെൻറ് തരുന്ന ഫണ്ടും ജനങ്ങളിൽ നിന്നും ലഭിക്കുന്ന ഡപ്പോസിറ്റും സ്വീകരിച്ച്, ജനങ്ങൾക്കു തന്നെ ഉപകാരപ്രദമായ വിധത്തിൽ തുകകൾ ചിലവഴിക്കാൻ സാധിക്കും. ചിട്ടി, ലോട്ടറി തുടങ്ങിയവ നടത്തിയും പഞ്ചായത്തിൻെറ വരുമാനം വർദ്ധിപ്പിക്കുവാൻ കഴിയും.

എൻ. ആർ. ഐ അക്കൗണ്ട് തുടങ്ങിയാൽ വിദേശമലയാളികളുടെ പണവും നമ്മുടെ വികസന പ്രവർത്തനത്തിന് ഉപയോഗിക്കുവാൻ സാധിക്കും.

**3.ധനകാര്യസ്ഥാപനങ്ങൾ**

നമ്മുടെ വികസന പ്രവർത്തനത്തിനുള്ള വിഭവസമാഹരണത്തിൻെറ് മറ്റൊരു ഘടകം ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ധനകാര്യസ്ഥാപനങ്ങളാണ്. സ്റ്റെയിറ്റ് ബാങ്കുകളെ സംബന്ധിച്ച്

നിലവിൽ ഇവിടെ ലഭിക്കുന്ന ഡപ്പോസിറ്റിൻെറ 25% ആണ് ഇവിടെ ചിലവഴിക്കുന്നത്. പഞ്ചായത്തിൻെറ മേൽനോട്ടത്തിൽ കൂടുതൽ തുക ഈ പഞ്ചായത്തു മേഖലകളിൽ പ്രത്യുൽപ്പാദന പ്രവർത്തനങ്ങൾക്ക് മുടക്കാൻ അവരെ പ്രേരിപ്പിക്കേണ്ടതാണ്. ഇങ്ങനെ മുടക്കുന്ന തുക നമ്മുടെ വികസനത്തെ സഹായിക്കുമെന്നു മാത്രമല്ല പഞ്ചായത്തിൻെറ വരുമാനം വർദ്ധപ്പിക്കുകയും ചെയ്യും.

സഹകരണ ബാങ്കുകളുടെ സേവനം കാർഷികേതരമേഖലകളിലേയ്ക്കു മാറ്റി വ്യാപിപ്പിക്കുകയും വായ്പയ്ക്ക് ഓഹരി ക്ലിപ്തപ്പെടുത്തുകയും നടപടികൾ ലഘൂകരിക്കുകയും ചെയ്യണം. സഹകരണ ബാങ്കിൽ നിന്ന് വായ്പ എടുക്കുമ്പോൾ പ്രമാണം രജിസ്റ്റർ ചെയ്യുന്നതിനും, കിഴിവ് എഴുതുന്നതിനും ഫീസ് ഈടാക്കുന്ന നിയമം മാറ്റി രജിസ്റ്റർ ചെയ്യുമ്പോൾ മാത്രം ഫീസ് ഈടാക്കുന്ന നിയമം കൊണ്ടുവരണം.

സ്വകാര്യ പണമിടപാടുകാരെ പഞ്ചായത്തിൻെറ കീഴിൽ നിയന്ത്രിക്കണം. അവരുടെ സേവനം വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കണം.

**സംഭാവന**

4. പൊതു ജനങ്ങളിൽ നിന്നും, സ്ഥാപനങ്ങ ളിൽ നിന്നും ട്രസ്റ്റുകളിൽ നിന്നും സംഭാവനകൾ സ്വീകരിക്കാവുന്നതാണ്.
5. ഉപയോഗശൂന്യമായി കിടക്കുന്ന പഞ്ചായത്തിൻെറ ആസ്തികൾ ഉപയോഗയോഗ്യമാക്കി വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്. ഉദാ: തരിശുഭൂമി പാട്ടത്തിനു കൊടുക്കുക. പ്രകൃതിവിഭവങ്ങൾ മീനച്ചിലാറിൻെറ സൗകര്യങ്ങൾ ഇവ പഞ്ചായത്തിൻെറ വരുമാനം വർദ്ധിപ്പിക്കാൻ ഉപകരിക്കും.

## 6.സേവനം

**ജനപങ്കാളിത്തം**

പഞ്ചായത്തിലെ ജനങ്ങളുടെ വ്യക്തിപരവും സംഘടനാപരവുമായ സേവനം, മനുഷ്യപ്രയത്നം എന്നിവ വികസനപ്രവർത്തനങ്ങളിൽ ഉണ്ടാകുമ്പോൾ വലിയ അളവിൽ സാമ്പത്തിക ലാഭം ആ രംഗത്തുണ്ടാകുന്നു. ഒരു കുടുംബത്തിൽ നിന്നും ഒരു വർഷം 10 മനുഷ്യപ്രയത്നം പഞ്ചായത്തിനു ലഭിച്ചാൽ ഒരു വാർഡിൽ ശരാശരി 300 കുടുംബങ്ങൾക്ക് 3000 പ്രവർത്തി കിട്ടുന്നു. 12 വാർഡിലായി 3600 പ്രവർത്തി കിട്ടുന്നു. ഒരു പ്രവർത്തിക്ക് 75 രൂപാ കണക്കാക്കിയാൽ 27 ലക്ഷം രൂപ ലാഭിക്കാൻ കഴിയുന്നു. 5 വർഷത്തേക്ക് 1 കോടി 35 ലക്ഷം രൂപായുടെ വികസനപ്രവർത്തനം ഇതുമൂലം നടത്താൻ കഴിയുന്നു. ഇതു നമ്മുടെ പദ്ധതി വിഹിതമായി കിട്ടാൻ പോകുന്നു. 2.5കോടി രൂപയുടെ പകുതിയിൽ കൂടുതൽ ആണെ ന്നും കാണാൻ കഴിയും. ജനങ്ങളുടെ ആത്മാർത്ഥമായ സഹകരണം ഉണ്ടെങ്കിൽ ഈ നേട്ടം നമുക്കു യാഥാർത്ഥ്യമാക്കാൻ കഴിയും.

## 7.സുതാര്യത

പദ്ധതി നടത്തിപ്പിൽ ജനപങ്കാളിത്തവും സുതാര്യതയും ഉണ്ടാകുമ്പോൾ വൻതോതിലുള്ള അഴിമതിയും ദുർവ്യയവും ഒഴിവാകുന്നു. പദ്ധതിയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നു. ഇങ്ങനെ ഉണ്ടാകുന്ന ലാഭം- കാര്യക്ഷമത- നമ്മുടെ വിഭവസമാഹരണത്തിൻെറ ഒരു ഭാഗമാണ്.

**വിദേശപണം**

വികസനത്തിൻെറ ഒരു പ്രധാന ഘടകം വിദേശ പണമാണ്, ഇത് കാർഷിക വ്യവസായ വിഭവ സമാഹരണ രംഗങ്ങളിൽ മുതൽ മുടക്കുന്നതിന് പ്രേരിപ്പിക്കുന്നു.

പഞ്ചായത്തിലെ ജനങ്ങൾ "നാമൊരു കുടുംബം" എന്ന മുദ്രാവാക്യം ഉൾക്കൊണ്ടുകൊണ്ട് അയർക്കുന്നം ഗ്രാമപഞ്ചായത്ത് തറവാട്ടിൽ നിന്നും സഹകരിച്ചു പ്രവർത്തിച്ചാൽ നാം രൂപം കൊടുത്ത വികസനറിപ്പോർട്ടിലെ മുഴുവൻ കാര്യങ്ങളും പദ്ധതികാലയളവിൽ തന്നെ നടപ്പിലാക്കാൻ സാധിക്കും. അതിനുള്ള വിഭവങ്ങൾ നമ്മുടെ കൈയിൽ തന്നെയുണ്ട്.

# അയർക്കുന്നം ഗ്രാമപഞ്ചായത്ത് ഗ്രാമവികസന സമിതി

1. ചെയർമാൻ : എം.ജി വേലപ്പൻ നായർ (ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട്)
2. വൈസ് ചെയർമാൻ : ജോസഫ് ചാമക്കാല (ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡണ്ട്)
3. ജനറൽ കൺവീനർ : എ.എ. മാത്യു ഏലന്താനം.
4. ജോ. കൺവീനർ : കെ.എം. മത്തായി, ഒഴുകയിൽ, കൊങ്ങാണ്ടൂർ.
5. ട്രഷറർ : സിറിൾ എം. ജോസഫ്

**കമ്മറ്റിയംഗങ്ങൾ**

6. ഏലിയാമ്മ ബാബു - (പഞ്ചായത്തു മെമ്പർ)
7. മോനി പനവേലിമറ്റം - (പഞ്ചായത്തു മെമ്പർ)
8. മറിയാമ്മാ ജോർജ്ജുകുട്ടി - (പഞ്ചായത്തു മെമ്പർ)
9. രാമൻ ശാന്തി - (പഞ്ചായത്തു മെമ്പർ)
10. മേരി ജോർജ് - (പഞ്ചായത്തു മെമ്പർ)
11. കുഞ്ഞുമോൻ വി.സി - (പഞ്ചായത്തു മെമ്പർ)
12. ജോയി കൊറ്റത്തിൽ - (പഞ്ചായത്തു മെമ്പർ)
13. റ്റി.ബി. പത്മകുമാരി - (പഞ്ചായത്തു മെമ്പർ)
14. പി.ഇ.ജി. നമ്പൂതിരി - (പഞ്ചായത്തു മെമ്പർ)
15. ഫ്ളോറി മാത്യു - (ബ്ലോക്ക് പഞ്ചായത്തു വൈസ് പ്രസിഡണ്ട്)
16. റ്റി. മാണി വള്ളികാട് - (ബ്ലോക്ക് പഞ്ചായത്ത് മെമ്പർ)
17. പോൾ ജേക്കബ് - (സെക്രട്ടറി ഗ്രാമപഞ്ചായത്ത്)
18. എം.എസ് ഏബ്രഹാം - (ഡിസ്ട്രിക്ട് റിസോഴ്സ് പേഴ്സണൽ)
19. ബേബിച്ചൻ കുമരംകോടത്ത് - ,, ,, ,,
20. ആര്യൻ നമ്പൂതിരി - ,, ,, ,,
21. ചെറിയാൻ കെ.എസ്. - ,, ,, ,,
22. വി.ഡി. ദാമോദരൻ - ,, ,, ,,
23. സുനിൽ കുമാർ റ്റി. കെ. - ,, ,, ,,
24. കുരുവിള സി. മാത്യു - ,, ,, ,,
25. റ്റി. വി. ജോസഫ് തോട്ടത്തിൽ - (വിഷയഗ്രൂപ്പ് കൺവീനർ- കൃഷി ജലസേചനം)
26. ബിനു ജോസഫ് , കണ്ണമ്പാടം - (,, ,, - മൃഗസംരക്ഷണം-മത്സ്യബന്ധനം
27. കെ.സി. ഏബ്രഹാം മണ്ണുമ്മൂട്ടിൽ - ( ,, ,, വിദ്യാഭ്യാസം)
28. കെ.ജി. ശശി നീർപ്പടിയിൽ - (,, ,, കുടിവെള്ളം- ആരോഗ്യം)
29. ജെ.പി. ചിത്തിര ദാസ് - (,, ,, വ്യവസായം)
30. പി.കെ. ദാമോദരൻ പോളയ്ക്കൽ - (,, ,, ഗതാഗത ഊർജ്ജം)
31. വി.ഐ. ജോർജ്ജ്, വായിത്ര - ( ,, ,, പാർപ്പിടം- സാമൂഹ്യക്ഷേമം)
32. എം.ജി. ശ്രീനിവാസ് മാളിയേക്കൽ - (,, ,, സംസ്കാരം)
33. പി.എസ്. രമണി, പുത്തൻപുരയിൽ - (,, ,, വനിത)
34. എ.സി ബേബിച്ചൻ - (,, ,, സഹകരണം)
35. പി.എം. രാജൻ - (,, ,, വിഭവസമാഹരണം)

36. പി.എം. ശശി - (,, ,, പട്ടികജാതി- പട്ടികവർഗ്ഗ ക്ഷേമം)

37. എൻ.ഐ. കുരുവിള നെടുമ്പറമ്പിൽ - (കൺവീനർ- വാർഡ് നമ്പർ 1)

38. പി.എസ്. ജോൺ പ്ലാത്തോട്ടം - (,, ,, വാർഡ് നമ്പർ 2)

39. ജോൺ വി.എ. വെള്ളാറങ്കാലായിൽ - (,, ,, വാർഡ് നമ്പർ 3)

40. എം.കെ വിശ്വംഭരൻ മേത്തുരുത്തിൽ - (,, ,, വാർഡ് നമ്പർ 4)

41. വി.ജെ. ജോസഫ് വാവലുമാക്കൽ - (,, ,, വാർഡ് നമ്പർ 5)

42. ഡൊമിനിക് നാഗമറ്റത്തിൽ - (,, ,, വാർഡ് നമ്പർ 6)

43. എൻ.സി. ജോസഫ് നല്ലുവീട്ടിൽ - (,, ,, വാർഡ് നമ്പർ 7)

44. റ്റി.ആർ. ബാലചന്ദ്രൻ, താഴത്തേൽ - (,, ,, വാർഡ് നമ്പർ 8)

45. സി.എ. തങ്കച്ചൻ മാസ്റ്റർ ഗംഗാഭവൻ - (,, ,,വാർഡ് നമ്പർ 9)

46. റ്റി.ഇ. മാത്യു തറയിൽ - (,, ,, വാർഡ് നമ്പർ 10)

47. എൻ.റ്റി. സുരേഷ് വടശേരിൽ - ( ,, ,, വാർഡ് നമ്പർ 11)

48. എൻ.പി നാരായണൻ നെടിയതുണ്ടത്തിൽ - (,, ,, വാർഡ് നമ്പർ 12)

49. സി.സി. മത്തായി - (ജന. കൺവീനർ / ദ്വിതീയ വിവരശേഖരണം)

50. സോമശേഖരൻ നായർ ഉഷസ് - (കൺവീനർ / ജോ. കൺവീനർ ,, ,,)

51. സി.കെ. കുമാരക്കുറുപ്പ് - ( " " )

52. സതീശൻ ഇല്ലിമുളകേൽ - ( " " )

53. വാരിജാക്ഷൻ, ചക്കുമ്മൂട്ടിൽ - ( " " )

54. കുമാരൻ കുട്ടിനായർ - ( " " )

55. വി.എൻ. ശ്രീനിവാസൻ നായർ - ( " " )

56. ഡായി ഏബ്രഹാം - ( " " )

57. ജോർജ് കുന്നത്തേട്ട് - ( " " )

58. ജയിംസ് പുത്തൻ വീട്ടിൽ - ( " " )

59. എം.ഡി. സജി മണിലേട്ട് - ( " " )

60. കെ.വൈ. ജോസഫ് - ( " " )

61. ഇ.കെ. ജയദേവൻ നമ്പൂരയ്ക്കൽ - ( " " )

62. ജോർജ് തൊണ്ടംപള്ളി - ( " " )

63. അഗസ്റ്റിൻ താമരശ്ശേരി - ( " " )

64. ലംബോദരൻ പേഴുങ്കാട്ടിൽ - ( " " )

65. ബൈജു ചിറമറ്റത്തിൽ - ( " " )

66. വി.എം. കരുണാകരൻ - ( ,, ,, വിഭവ ഭൂപടനിർമ്മാണം.)

67. റ്റി.വി. മോഹൻ കുമാർ - ( ,, ,, പഠനപര്യടനം)

68. കെ.ഒ. തൊമ്മൻ - ( ,, ,, ചരിത്രപഠനം)

69. ഡോ. ബി. പത്മകുമാർ - ഗവ. വെറ്റിനറി ഡോക്ടർ

70. സാറാമ്മ പി. ഐസക് - അഗ്രികൾച്ചർ ഓഫീസർ

# ഉപസംഹാരം

അയർക്കുന്നം ഗ്രാമത്തിലെ വികസന പ്രശ്നങ്ങൾ അംഗീകൃതവേദികളിൽ
ശാസ്ത്രീയമായിത്തന്നെ ചർച്ച ചെയ്യപ്പെട്ടു. അത് തികഞ്ഞ യാഥാർത്ഥ്യബോധത്തോടെ
ആയിരുന്നുതാനും! അതിൻെറ ഫലമായി രൂപം കൊണ്ടതാണ് ഈ വികസന രേഖ.
സ്വതന്ത്രഭാരതത്തിലെ സ്വതന്ത്ര വായു ശ്വസിച്ച് വളർന്ന നമ്മൾ
ഐശ്വര്യ സമ്പുഷ്ടമായ ഒരു ഭാരതത്തെ സ്വപ്നം കണ്ടിരുന്നു.
അതിലേക്കുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുകയും ചെയ്തു.
അവയുടെ ഉറവിടവും ഗതിയും വഴിതെറ്റിയതായിരുന്നു.
അതിനാൽ ഐശ്വര്യ സമ്പുഷ്ടമായ ഭാരതമെന്നത് ഒരു ദിവാസ്വപ്നമായിത്തന്നെ
അവശേഷിച്ചു. സാമൂഹ്യജീവിതത്തിൽ പല വ്യതിയാനങ്ങളും ഉണ്ടായി.
കാർഷികവൃത്തിയിൽ കാതലായ മാറ്റം വന്നു.
ഗതാഗത രംഗത്ത് വിപ്ലവം സൃഷ്ടിച്ചു. വിദേശനാണ്യം രാജ്യത്തേക്ക് ഒഴുക്കി.
പരിസ്ഥിതിയിലും മാറ്റങ്ങളുണ്ടായി.
പരമ്പരാഗത കാർഷികോല്പന്നങ്ങൾ റബറിന് വഴിമാറി.
ഈ നിർണ്ണായക സന്ദർഭത്തിലാണ് ഒമ്പതാം പഞ്ചവത്സരപദ്ധതിയുടെ തുടക്കം.
ജനങ്ങളുടെ ആവശ്യങ്ങൾ, അഭിലാഷങ്ങൾ ഇവയ്ക്ക് അവരുതന്നെ രൂപം കൊടുത്ത്
അവർക്കുവേണ്ടി അവർ തന്നെ നടപ്പിലാക്കുകയാണ്.
ഇതാണ് ജനകീയാസൂത്രണത്തിൻെറ കാതൽ.

ഇത് ലോകചരിത്രത്തിൽ വികസനരംഗത്ത് ഒരു പുതിയ കാൽവയ്പാണ്.
ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളും അതിനുവേണ്ടി
ലോകരാഷ്ട്രങ്ങളും അത്യാകാംക്ഷയോടെ ഇതിനെ ഉറ്റു നോക്കുന്നു.
തികഞ്ഞ അവധാനതയോടും കൃതാർത്ഥതയോടും കൂടി മാർഗദർശകർ എന്ന നിലയിൽ
എല്ലാവരുടേയും സഹകരണത്തിലും സഹായത്തിലും ഊന്നൽ നൽകിക്കൊണ്ട്
നമുക്ക് കർമരംഗത്തേയ്ക്ക് ഇറങ്ങാം. ഇതോടെ മഹാത്മാഗാന്ധി വിഭാവനം ചെയ്ത
"ഗ്രാമസ്വരാജ്" എന്ന മഹനീയ ആശയം യാഥാർത്ഥ്യമാവുകയും ചെയ്യും.

# നൂറ്റാണ്ടിന്റെ ചരിത്രം പറയുന്നവർ



കൊങ്ങാണ്ടൂർ ചൂലപ്പുഴ തൊമ്മൻ ജോസഫ്
(108 വയസ്സ്)



അമയന്നൂർ 'കിഴക്കേനടയിൽ' മറിയാമ്മ ചാക്കോ
(112 വയസ്സ്)



"ബ്രിട്ടീഷുകാരുടെ നുകത്തിൻകീഴിൽനിന്ന് ഇൻഡ്യയെ മോചിപ്പിക്കുക എന്നതു മാത്രമല്ല എന്റെ ലക്ഷ്യം. എല്ലാത്തരം അടിമത്തത്തിൽ നിന്നും രാജ്യത്തെ മോചിപ്പിക്കാൻ ഞാൻ ദൃഢ പ്രതിജ്ഞ ചെയ്തിരിക്കുകയാണ്. ഒരു രാജ ഭരണത്തിനുപകരം മറ്റൊരു രാജഭരണം ഏർപ്പെ ടുത്തുന്നതിൽ എനിക്ക് താല്പര്യമില്ല. രാജ്യ ത്തിലെ ഏറ്റവും എളിയവൻപോലും സ്വതന്ത്ര നാവുക എന്നതാണ് എന്നെ സംബന്ധിച്ചിട ത്തോളം സ്വരാജിന്റെ അർത്ഥം. അധികാരം ഏതാനും വ്യക്തികളിലേക്ക് പകർന്നു കിട്ടു ന്നതുകൊണ്ട് യഥാർത്ഥ സ്വരാജ് സ്ഥാപിത മാകുമെന്ന് ഞാൻ കരുതുന്നില്ല. സ്വരാജ് യാതാർത്ഥ്യമാകുന്നത്, അധികാരം ദുർവിനി യോഗം ചെയ്യുമ്പോൾ അതിനെ എതിർക്കാൻ ജനതയാകെ ശക്തി സംഭരിക്കുന്ന അവസര ത്തിൽ മാത്രമായിരിക്കും."

- ഗാന്ധിജി

# അനുബന്ധം

**1997 ജനുവരി 4 ശനിയാഴ്ച അയർക്കുന്നം ഗവ.എൽ.പി സ്കൂളിൽ വച്ചു നടന്ന വികസന സെമിനാറിലെ ചർച്ചകളുടെ അടിസ്ഥാനത്തിൽ ഉയർന്നു വന്നതും ഈ വികസന രേഖയിലെ വിവിധ വിഷയങ്ങൾ സംബന്ധിച്ചുള്ള പ്രശ്നങ്ങൾ, പരിഹാര മാർഗ്ഗങ്ങൾ, സാധ്യതകൾ എന്നിവയോട് അനുബന്ധമായി ചേർക്കേണ്ടതുമായ പുതിയ നിർദ്ദേശങ്ങൾ താഴെ ചേർക്കുന്നു.**

## അദ്ധ്യായം 5-1
## കൃഷിയും ജലസേചനവും

1. കുരുമുളക്, തെങ്ങ് എന്നീ കൃഷികളെ ബാധിക്കുന്നദ്രുത വാട്ടരോഗം, കാറ്റുവീഴ്ച, ബസ്റോട്ട് തുടങ്ങിയ രോഗങ്ങൾക്ക് കീടനാശിനിയും മരുന്നു തളിയന്ത്രവും 50% സബ്സിഡിയോടു കൂടി ലഭ്യമാക്കണം.

2. ജാതി, ഗ്രാമ്പൂ, ഇഞ്ചി, മഞ്ഞൾ തുടങ്ങിയ സുഗന്ധവിളകൾക്ക് പ്രോത്സാഹനം നൽകണം.

3. പച്ചക്കറി കൃഷിക്ക് വിത്ത്, വളം, കീടനാശിനി എന്നിവയ്ക്ക് സഹായധനം ലഭ്യമാക്കണം. പച്ചക്കറിക്ക് പഞ്ചായത്തിൽ തന്നെ വിത്തുല്പാദിപ്പിക്കുവാൻ പ്രത്യേക പദ്ധതി തയ്യാറാക്കണം.

4. സമഗ്ര നെല്ലുല്പാദക പദ്ധതി തുടരേണ്ടതാണ്.

5. രണ്ടാം വാർഡിലെ അമയന്നൂർ പാടശേഖരത്തിൽപ്പെട്ട വെങ്കഴൂപ്പ് പാടം, മലേക്കണ്ടം എന്നിവിടങ്ങളിൽ കെട്ടി നിൽക്കുന്ന, വെള്ളം ഒഴുകിപോകാൻ ആവശ്യമായ വാച്ചാൽ നിർമ്മിക്കേണ്ടതാണ്.

6. ആറാട്ടു കടവു ഭാഗത്തു ബണ്ടു നിർമ്മിക്കുക.

7. 38-ാം നമ്പരിൽ ചേർത്തിരിക്കുന്ന ''രണ്ടാം വാർഡിലെ പുന്നവേലി പാടത്ത് കൃഷിക്കാർ നിർമ്മിച്ചിരിക്കുന്ന''ബണ്ടിന്'' എന്നതിനു പകരം കൃഷിക്കാർ നിർമ്മിച്ചിരിക്കുന്ന പമ്പ് ഹൗസിനു സമീപം എന്നു തിരുത്തണം.

8. സ്ഥല പരിമിതിയുള്ളവർക്ക് സൗജന്യമായും സബ്സിഡി നിരക്കിലും തെങ്ങിൻ തൈകൾ, കമുകിൻ തൈകൾ കുരുമുളകു തൈകൾ മുതലായവ വിതരണം ചെയ്യുക.

## അദ്ധ്യായം 5-2:
## മൃഗസംരക്ഷണവും മത്സ്യബന്ധനവും

**ക്ഷീര വികസനം**

<u>പ്രശ്നങ്ങൾ</u>

1. നല്ലയിനത്തിൽപെട്ട പശുക്കളുടെ ലഭ്യത കുറവ്
2. പശു വളർത്തലിന് ധനസഹായം ലഭ്യമല്ല.
3. പാലിൻെറ വില ലാഭകരമല്ല.
4. പാലിൻെറ ഉപഭോഗം ഇന്നും ആവശ്യമായ അളവിൽ നിന്നും വളരെ കുറവാണ്.
5. ക്ഷീര വികസന യൂണിറ്റിൻെറ അഭാവം.
6. ക്ഷീര വികസന ഓഫീസിൻെറ അഭാവം.

ഏഴു പഞ്ചായത്തുകൾക്കും ഒരു മുനിസിപ്പൽ പ്രദേശത്തിനും കൂടി ഒരു ക്ഷീര വികസന ഓഫീസ് മാത്രമാണുള്ളത്.

<u>പരിഹാര നിർദ്ദേശങ്ങൾ</u>

1. പാലിൻെറ ഉപഭോഗം വർദ്ധിപ്പിക്കുക.

2. കന്നു കുട്ടികളുടെ പരിപാലനത്തിന് ധനസഹായം നൽകുക.

3. ക്ഷീരകർഷകർക്ക് സബ്സിഡി നിരക്കിൽ കാലിത്തീറ്റ ലഭ്യമാക്കുക.

4. പശുക്കുട്ടികളുടെ ആരോഗ്യ പരിപാലനത്തിന് ക്ഷീരസംഘങ്ങളുടെ നേതൃത്വത്തിൽ വൈദ്യപരിശോധന നടപ്പിലാക്കുക. മിനറൽ മിക്സചർ, വൈറ്റമിൻസ് എന്നിവ സബ്സിഡി നിരക്കിൽ ലഭ്യമാക്കുക.

5. ക്ഷീര കർഷകർക്ക് പെൻഷൻ പദ്ധതി നടപ്പിലാക്കുക. ഒരു വർഷം 180 ദിവസം അല്ലെങ്കിൽ പാൽ അളക്കുകയും അങ്ങനെ '10'വർഷം പൂർത്തിയാക്കുകയും ചെയ്യുന്ന കർഷകരെ പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്.

6. തീറ്റപ്പുൽ കൃഷി നടപ്പിലാക്കുന്നതിന് ധനസഹായം നൽകുക.

7. വാണിജ്യാടിസ്ഥാനത്തിൽ പുൽകൃഷിക്ക് ധനസഹായം നൽകുക.

8. കാലിത്തീറ്റ ക്ഷീരസംഘങ്ങൾ വഴി സബ്സിഡി നിരക്കിൽ ക്ഷീരകർഷകർക്ക് ലഭ്യമാക്കുക.

9. മാതൃകാ ഡയറി യൂണിറ്റുകൾ ആരംഭിക്കുന്നതിന് ധനസഹായം നൽകുക- അഭ്യസ്ത വിദ്യർക്ക് തൊഴിൽ നൽകുന്നതിന് ഇതു മുഖേന സാധിക്കും.

10. പരിമിത കർഷകർക്ക് കറവപ്പശുക്കളെ വാങ്ങുന്നതിന് ധനസഹായവും വായ്പയും ലഭ്യമാക്കുക.

11. പാൽ ഉല്പാദനം, പശു പരിപാലനം, പാൽ ഉപഭോഗം, ആധുനിക രീതിയിലുള്ള പുൽകൃഷി തുടങ്ങിയ വിഷയങ്ങളിൽ അറിവു നൽകുന്നതിനുള്ള ബോധവൽക്കരണ ക്ലാസുകൾ നടത്തുക.

12. ക്ഷീരോല്പന്ന നിർമ്മാണത്തിന് ആധുനിക സാങ്കേതിക വിദ്യകൾ ലഭ്യമാക്കുക.

13. ക്ഷീര സംഘങ്ങൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനും ആവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിനും ധനസഹായം നൽകുക.

14. ക്ഷീര സഹകരണ സംഘങ്ങളിൽ ക്ഷീര കർഷകർക്ക് അളക്കുന്ന പാലിന് അനുസൃതമായി ഇൻസെൻറീവ് നൽകുക.

15. നാടൻ ക്ഷീരോല്പന്ന യൂണിറ്റ് ആരംഭിക്കുന്നതിന് ധനസഹായം;- പാലിൻെറ ഉപഭോഗം വർദ്ധിക്കുന്നതോടൊപ്പം വനിതകൾക്ക് സ്വയം തൊഴിൽ കണ്ടെത്താനുള്ള അവസരം ലഭിക്കുന്നു.

16. ക്ഷീരസംഘങ്ങൾ വഴി- അംഗനവാടി മുതൽ സ്കൂൾ തലം വരെ പാവപ്പെട്ട കുട്ടികൾക്ക് സൗജന്യനിരക്കിൽ പാൽ വിതരണം നടത്തുക.

17. ഹ്രസ്വകാല വിളകൾ;- പാടശേഖരങ്ങളിൽ നെൽകൃഷിക്കുശേഷം ഇടവിളയായി വൻപയർ, മെയ്സ് എന്നിവ കൃഷി ചെയ്യുന്നതിനുള്ള ധനസഹായം നൽകുക.

18. ക്ഷീരവികസന യൂണിറ്റ് പഞ്ചായത്ത് തലത്തിൽ സ്ഥാപിക്കുക.

## അദ്ധ്യായം 5:3
## വ്യവസായം

1. കാർപ്പൻററി, ആർട്ടിസാൻസ്, ബിൽഡിംഗ് മെറ്റീരിയൽസ് എന്നിവയുടെ വ്യവസായ സഹകരണസംഘങ്ങൾ സ്ഥാപിക്കുക. ഈ ആവശ്യത്തിന് ധനസഹായം നൽകുക.

2. അമയന്നൂർ തുടങ്ങാൻ തീരുമാനിച്ചിരുന്ന 'കെൽ' (കെ.ഈ.എൽ) ഫാക്ടറിയുടെ പ്രവർത്തനം എത്രയും വേഗം ആരംഭിക്കുക.

## അദ്ധ്യായം 5:4.
## ഗതാഗതം- ഊർജ്ജം- മാർക്കറ്റ്

| നമ്പർ | വാർഡിൻെറ പേര് | ചെയ്തു തീർക്കേണ്ട ജോലികൾ |
|---|---|---|
| വാർഡ് 2 | 1. ആറാട്ടു കടവ്- വാലുങ്കൽ റോഡ് | കടവുങ്കൽ റോഡ് ഉയർത്തി കലുങ്ക് നിർമ്മിക്കുക |
| വാർഡ് 3 | 1. അമയന്നൂർ ക്ഷേത്രം- ഇടയ്ക്കാട്ടുപടി- അരിമ്പാൻചിറ റോഡ് | ഇടയ്ക്കുള്ള തടസ്സം നീക്കി നിലവിലുള്ള റോഡു നീട്ടുക |
| | 2. മണ്ണുംമൂട്ടിൽ പടി- വാഴപ്പറമ്പിൽ റോഡ് | 3 മീ. വീതിയിൽ നിന്നും 6 മീ. വീതിയാക്കി ടാർ ചെയ്യുക |
| | 3. അറയ്ക്കൽ പറമ്പിൽ- പതിയ്ക്കൽ താഴെ റോഡ് | 200മീ. നീളമുള്ള റോഡ് നിർമിക്കുക |
| | 4. പതിയ്ക്കൽ താഴെ മേച്ചേരിൽപടി റോഡ് | 300 മീ. നീളം പുതിയ റോഡ് നിർമ്മിക്കുക |
| | 5. ഇലവുങ്കൽപടി- കുഴികാട്ടിൽപടി റോഡ് | വീതി 3 മീറ്ററിൽ നിന്ന് 6 മീറ്ററാക്കി നന്നാക്കുക |
| വാർഡ് 4 | 1. കിഴക്കേ ഇളപ്പാനി- ചേന്നാമറ്റം റോഡ് (കൂരോപ്പട- അയർക്കുന്നം പഞ്ചായത്ത് അതിർത്തി റോഡ്) | വീതികൂട്ടി ടാർ ചെയ്യുക |
| | 2. പാലമൂട്ടിൽപടി- പന്തമ്മാക്കൽ റോഡ് | 6 മീറ്റർ വീതിയിൽ റോഡ് നിർമിക്കുക |
| വാർഡ് 6 | 1. വെട്ടുകാട്- മൂടപ്പാല റോഡ് | ടാറിംഗ് നടത്തണം |
| വാർഡ് 7 | കൊങ്ങാണ്ടൂർ (പന്നഗം) കുളക്കാട്ട് പാലം | അപ്രോച്ച് റോഡ് ടാർ ചെയ്യണം |
| വാർഡ് 8 | 1. ചൊറിച്ചിപാലം റോഡ് | വീതികൂട്ടി ടാർ ചെയ്യണം |
| | 2. കുന്നത്തേട്ടുപടി- ആശാരിപറമ്പ് റോഡ് | വീതികൂട്ടി ടാർ ചെയ്യണം |
| വാർഡ് 10 | പുത്തൻ പുര-തോട്ടത്തിൽ -ചക്കുംമൂട് റോഡ് | പുതിയ റോഡ് നിർമ്മിക്കണം |

**ഊർജ്ജം:- (വൈദ്യുതി)**

1. പുരയിടങ്ങളിൽ കൂടിയുള്ള ഇലക്ട്രിക് ലൈൻ പൊതുവഴിയിൽ കൂടിയാക്കി വഴിവിളക്കു സ്ഥാപിക്കുക.

2. അമയന്നൂർ പുളിയമ്മാക്കൽ ഭാഗത്ത് ട്രാൻസ് ഫോർമർ സ്ഥാപിക്കുക.

3. അമയന്നൂർ ശ്രീമഹാദേവ ക്ഷേത്രത്തിനു സമീപത്തു കൂടി കടന്നുപോകുന്ന മൂന്നുവഴികളിലും സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുകയും ക്ഷേത്രത്തിനു മുമ്പിൽ മെർക്കുറി ലാമ്പ് സ്ഥാപിക്കുകയും ചെയ്യുക.

## അദ്ധ്യായം 5 (5)
## വിദ്യാഭ്യാസം

1. എല്ലാ സ്കൂളുകളിലും ഉച്ചക്കഞ്ഞി മുടക്കം കൂടാതെ കൊടുക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുക.

2. അയർക്കുന്നം പഞ്ചായത്തിൽ ഒരു സബ് ട്രഷറി ആരംഭിക്കുക.

3. നിലവിലുള്ള സ്കൂൾ കോംപ്ലക്സുകൾ കാര്യക്ഷമമാക്കുക.

4. എല്ലാ സ്കൂളുകളിലും ഇംഗ്ലീഷ് മീഡിയം പാരലൽ ഡിവിഷൻസ് ആരംഭിക്കുക.

## അദ്ധ്യായം 5(6)
## കുടിവെള്ളവും പൊതുജനാരോഗ്യവും

**കുടിവെള്ളം**

1. തിരുവഞ്ചൂർ കുരിശു പണിക്കു സമീപമുള്ള പഞ്ചായത്തുവക കരിമറ്റം കുളം നന്നാക്കി നിരവുപാടിക്കുന്നിൽ ടാങ്കു പണിത് ജലവിതരണം നടത്തേണ്ടതാണ്.

2. രണ്ടാംവാർഡിൽ ഉൾപ്പെട്ട വാലുങ്കൽ ഭാഗത്ത് പൊതുകിണർ നിർമ്മിച്ച് മോട്ടോർ സ്ഥാപിക്കുക.

3. 3-ാം വാർഡിൽ ഉൾപ്പെട്ട ആയിരം പാടത്ത് കുളം നിർമ്മിച്ച് മോട്ടോർ സ്ഥാപിച്ച് പെരുമ്പക്കുന്നുവാസികളുടെ കുടിവെള്ളം പ്രശ്നം പരിഹരിക്കാം.

4. ടാപ്പുഴ പദ്ധതി ഏറ്റവും മുൻഗണന നൽകി നടപ്പിലാക്കണം.

5. 6-ാം വാർഡിൽ പുല്ലുവേലി- മൂടപ്പാല പ്രദേശത്തെ ജനങ്ങളുടെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനുവേണ്ടി ഒലോപ്ര പാടശേഖരത്തിൽ കുളം നിർമ്മിച്ച് മോട്ടോർ വച്ച് റോഡ് സൈഡിൽ ടാങ്ക് കെട്ടി വെള്ളം ശേഖരിക്കാവുന്നതാണ്.

6. കുടിവെള്ളക്ഷാമം നേരിടുന്ന എല്ലാ പ്രദേശങ്ങളിലും പൊതുകിണറുകളും കുഴൽക്കിണറുകളും നിർമ്മിക്കേണ്ടതാണ്.

7. റിപ്പോർട്ടിൽ പ്രശ്നങ്ങളും പരിഹാരനിർദ്ദേശങ്ങളും എന്ന പട്ടികയിൽ (പേജ് 49) ക്രമനമ്പർ 3-ൽ പറയുന്ന 3-ാം വാർഡിൽ എന്നു പറയുന്നത് 4-ാം വാർഡിൽ എന്നു തിരുത്തണം.

**പൊതുജനാരോഗ്യം**

1. അയർക്കുന്നം പഞ്ചായത്തിലുള്ള 3 സർക്കാർ ചികിത്സാ സ്ഥാപനങ്ങളുടെയും സേവനം 12 വാർഡുകളിലും കൂടിയുള്ള മുപ്പത്തീരായിരം ജനങ്ങൾക്ക് പ്രയോജനകരമാക്കണം. ഇതിനായി 4 വാർഡുകൾ വീതമുള്ള 3 യൂണിറ്റായി വാർഡുകളെ വിഭജിക്കുക. ഓരോ യൂണിറ്റും ക്ലാസ് റൂമുകൾ സ്ഥിരമായി ഒഴിഞ്ഞു കിടക്കുന്ന ഏതെങ്കിലും വിദ്യാലയങ്ങളിലോ പബ്ലിക് ലൈബ്രറികളിലോ അല്ലെങ്കിൽ ഉപയോഗമില്ലാതെ കിടക്കുന്ന ഏതെങ്കിലും സർക്കാർ വക കെട്ടിടങ്ങളിലോ (ഉദാ: അയർക്കുന്നം ഔട്ട് പോസ്ററ് വക കെട്ടിടം) കണ്ടെത്തുക. ഓരോ ചികിത്സാ സമ്പ്രദായത്തിന്റെയും ഈരണ്ടു വീതം ഒ.പി വിഭാഗങ്ങൾ ഒന്നിടവിട്ട ദിവസങ്ങളിൽ ഈ യൂണിറ്റുകളിൽ പ്രവർത്തിക്കുന്നതിനുള്ള പദ്ധതികൾ തയ്യാറാക്കുക.

2. പുന്നത്തുറ താല്ക്കാലിക കെട്ടിടത്തിൽ അയർക്കുന്നം ഗവ: ഹോമിയോ ഡിസ്പെൻസറിക്കുവേണ്ടിയുള്ള കെട്ടിടത്തിന്റെ പണി ത്വരിതപ്പെടുത്തണം.

3. ഇളപ്പാനിയിൽ പ്രവർത്തിക്കുന്ന അയർക്കുന്നം ഗവ.ആയുർവേദ ഡിസ്പെൻസറി ആശുപത്രിയായി ഉയർത്തണം. നിലവിലുള്ള 25 സെൻറു സ്ഥലത്തിനു പുറമെ 25 സെൻറ് സ്ഥലം കൂടി അക്വയർ ചെയ്യണം. ഇപ്പോഴുള്ള കെട്ടിടത്തിനു ചുറ്റുമതിൽ നിർമ്മിച്ച് ഗെയിറ്റ് വയ്ക്കണം.

4. അയർക്കുന്നം പ്രൈമറി ഹെൽത്ത് സെൻററിൽ രോഗികളെ പരിശോധിക്കുന്നതിനുള്ള ഒരു പ്രത്യേക മുറി ഉണ്ടാകണം. ലാബറട്ടറി സൗകര്യം ഉണ്ടാക്കുന്നതോടൊപ്പം ആവശ്യമുള്ള ഉപകരണങ്ങൾ ലഭ്യമാക്കണം.

5. ആരോഗ്യരംഗത്ത് പെട്ടെന്നു നടത്തേണ്ട കാര്യങ്ങൾ നടപ്പിലാക്കുന്നതിന് ഒരു എമർജൻസി സംവിധാനം ഉണ്ടാക്കണം.

6. ഇപ്പോൾ വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന കുടുംബക്ഷേമ കേന്ദ്രങ്ങൾക്ക് സ്വന്തമായി കെട്ടിടങ്ങൾ ഉണ്ടാകണം.

7. പരിസര ശുചീകരണം, കൊതുകു നശീകരണം, എലി നശീകരണം തുടങ്ങിയവയ്ക്ക് മതിയായ സംവിധാനം ഉണ്ടാകണം.

8. ആശുപത്രി വികസന സമിതികൾ സജീവമാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കണം.

9. സ്വകാര്യ ആശുപ്രതികൾക്കുവേണ്ട പ്രോത്സാഹനവും സഹകരണവും നൽകണം.

## അദ്ധ്യായം 5.7

## പാർപ്പിടവും സാമൂഹ്യക്ഷേമവും

**സാമൂഹ്യക്ഷേമം**

1. ഐ.ആർ.ഡി.പി., ജെ.ആർ.വൈ സ്കീമിൽ ഈ പഞ്ചായത്തിലെ ഓരോ വാർഡിൽ നിന്നും ഓരോ വർഷവും 25 പേർക്കെങ്കിലും അവസരങ്ങൾ ഉണ്ടാക്കിക്കൊടുക്കണം.

2. 9-ാം വാർഡിലെ ഐക്കര കടവിൽ നേരത്തെയുണ്ടായിരുന്ന കുളികടവ് നല്ലരീതിയിൽ കെട്ടി നിർമ്മിക്കണം. ഇതിനോടു ചേർന്നുള്ള ഇലക്ട്രിക് പോസ്റ്റിൽ ട്യൂബ്ലൈറ്റ് പ്രകാശിപ്പിക്കണം. പദ്ധതി നടത്തിപ്പിന് ഇതിനോടു ചേർന്നു നില്ക്കുന്ന ചേരു വൃക്ഷം വെട്ടിമാറ്റണം.

## അദ്ധ്യായം 5.8.

## സംസ്ക്കാരം

**പബ്ലിക് ലൈബ്രറികളുടെ വിവരണം**

1. ആറുമാനൂർ പബ്ലിക് ലൈബ്രറി ആൻഡ് റീഡിംഗ് റൂം. (രജി. 5089)

1987-ൽ ഇതിന്റെ പ്രവർത്തനം ആരംഭിച്ചു. 176 അംഗങ്ങളുണ്ട്. 1460 പുസ്തകങ്ങളും 3 പത്രങ്ങളും 6 ആനുകാലിക പ്രസിദ്ധീകരണങ്ങളുമുണ്ട്. ഒരു ടെലിവിഷൻസെറ്റ് പ്രവർത്തിക്കുന്നുണ്ട്.

2. അമയന്നൂർ പബ്ലിക് ലൈബ്രറിക്ക് കെട്ടിട നിർമ്മാണത്തിന് 4 ലക്ഷം രൂപയും ഫർണിച്ചർ, പുസ്തകങ്ങൾ എന്നിവയ്ക്ക് ഒരു ലക്ഷം രൂപയും ഗ്രാൻറായി നൽകണം.

**ഗ്രാമവികസന സമിതി**

രണ്ടാംവാർഡിൽ പാണകുന്നേൽ ഭാഗം കേന്ദ്രമാക്കി ഒരു ഗ്രാമവികസന സമിതി പ്രവർത്തിക്കുന്നു.

## അദ്ധ്യായം 5-9

## വനിതാക്ഷേമം

1) വനിതാ വ്യവസായ സഹകരണസംഘം രൂപീകരിച്ച് റെഡിമെയ്ഡ് വസ്ത്രങ്ങൾ, അച്ചാർ നിർമ്മാണം, കറിപൗഡറുകൾ, സ്ക്വാഷ് തുടങ്ങിയവ നിർമ്മിക്കുന്ന യൂണിറ്റുകൾ എല്ലാവാർഡിലും ആരംഭിക്കാവുന്നതാണ്. അങ്ങനെയാരംഭിച്ചാൽ പഞ്ചായത്തിലെ തൊഴിലില്ലാത്ത സ്ത്രീകൾക്ക് ജീവിതോപാധിയായിത്തീരും. ഇതിനാവശ്യമായ വർക്കിംഗ് ക്യാപിറ്റൽ ഗവൺമെൻറിൽ നിന്നും അനുവദിക്കുക. ഈ സംഘത്തിന്റെ നേതൃത്വത്തിൽ അയർക്കുന്നത്ത് ഒരു കാൻറിൻ സ്ഥാപിക്കുക. ഇതിന് ഖാദിബോർഡ്, ജില്ലാസഹകരണബാങ്ക്, ഗവൺമെൻറ് തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നും ധനസഹായം ലഭ്യമാക്കുക.

പഞ്ചായത്തിൽ നിന്നും വനിതാ വ്യവസായ ഉല്പന്നങ്ങളുടെ വിപണനത്തിനായി ഒരു വിപണി സൗകര്യപ്രദമായി ഉണ്ടാക്കണം.

2. അംഗനവാടികൾ, മഹിളാ സമാജങ്ങൾ തുടങ്ങിയവ എല്ലാ വാർഡിലും രൂപീകരിച്ച് ഇവ കേന്ദ്രമാക്കിക്കൊണ്ട് തൊഴിലധിഷ്ഠിത വിദ്യാഭ്യാസം നൽകാനുള്ള സംവിധാനം ഏർപ്പെടുത്തുക.

3. നിലവിലുള്ള വനിതാ സമാജങ്ങളുടെയും ബാലവാടികളുടെയും കെട്ടിടം, ചുറ്റുമതിൽ, കക്കൂസ് തുടങ്ങിയവ നിർമ്മിച്ചു കൊടുക്കുവാൻ ധനസഹായം നൽകണം.

4. വനിതകൾക്കായി ക്ഷീരോല്പന്ന നിർമ്മാണ യൂണിറ്റുകൾ, പരമ്പരാഗത തൊഴിൽ മേഖലയിൽ വട്ടി, കൊട്ട, പനനാർ, കരകൗശല വസ്തുക്കൾ നിർമ്മിക്കുന്ന യൂണിറ്റുകൾ എന്നിവ ആരംഭിക്കുക.

5. വനിതാ സമാജങ്ങളോടനുബന്ധിച്ച് റീഡിംഗ് റൂമുകളും ലൈബ്രറികളും ആരംഭിക്കുവാൻ ധനസഹായം ലഭിക്കണം.

6. ദരിദ്രരായ സ്ത്രീതൊഴിലാളികൾ (ചുടുകട്ട, കരിങ്കൽ പണി) ധാരാളമുള്ള പുന്നത്തുറയിൽ കരുനാട്ടു കവല

കേന്ദ്ര മാക്കി ഒരു കോഴി വളർത്തൽ കേന്ദ്രമോ തയ്യൽ കേന്ദ്രമോ ആരംഭിക്കുക.

7. സ്ത്രീകൾക്ക് കേറ്ററിംഗ് പരിശീലനം നൽകുക.

8. സംസ്ഥാന സാമൂഹ്യ വനിതാ വികസന ഉപദേശക ബോർഡിൽ നിന്നും വനിതകൾക്കു ലഭിക്കാവുന്ന ആനുകൂല്യങ്ങൾ ഈ പഞ്ചായത്തിലെ വനിതകൾക്കും ലഭ്യമാക്കണം. ഓട്ടോറിക്ഷാ ഡ്രൈവിംഗ് ലൈസൻസ് വനിതകൾക്ക് കരസ്ഥമാക്കുന്നതിനുള്ള നിയമങ്ങൾ ലഘൂകരിക്കുക.

## അദ്ധ്യായം 5.10
## സഹകരണം

1. അമയന്നൂർ കൺസ്യൂമർ സഹകരണ സംഘത്തിലെ കാപ്പിപ്പൊടി നിർമ്മാണം, സ്പൈസസ് പൗഡറിംഗ്, നെല്ലുകുത്ത് തുടങ്ങിയവ വിപുലമായി നടത്തിയാൽ അനവധി പേർക്ക് തൊഴിൽ സാദ്ധ്യതയും നാട്ടുകാർക്ക് പ്രയോജനവും ലഭിക്കും. അതിനാവശ്യമായ ധനസഹായം നൽകണം.

2. റബ്ബർ മാർക്കറ്റിംഗ് പ്രൊസസിംഗ് സൊസൈറ്റി സ്ഥാപിക്കുന്നതിനുള്ള പദ്ധതി ആവിഷ്ക്കരിക്കുക.

3. ആറുമാനൂർ ശർക്കര-പഞ്ചസാര വ്യാവസായ സഹകരണ സംഘം പുനരുദ്ധരിക്കുവാനും പഞ്ചസാര വ്യവസായം പുനസ്ഥാപിക്കുവാനും ആവശ്യമായ പദ്ധതികൾ ആവിഷ്ക്കരിക്കുക.

4. അയർക്കുന്നം സർവ്വീസ് സഹകരണ ബാങ്കിന്റെ ബ്രാഞ്ച് നീറിക്കാടും-പുന്നത്തുറ സർവ്വീസ് സഹകരണബാങ്കിന്റെ ബ്രാഞ്ച് ആറുമാനൂരും ആരംഭിക്കണം.

5. ക്ഷീര സഹകരണസംഘങ്ങൾ തിരുവഞ്ചൂർ, അമയന്നൂർ, പുന്നത്തുറ എന്നീ സ്ഥലങ്ങളിൽ സ്ഥാപിച്ച് പ്രവർത്തിച്ചാൽ ക്ഷീരകർഷകർക്ക് പ്രയോജനകരമായിരിക്കും. ഇതിനാവശ്യമായ പ്രവർത്തന മൂലധനം ഗവൺമെന്റു നൽകണം.

6. അമയന്നൂർ പൈനാപ്പിൾ മാർക്കറ്റിംഗ് സൊസൈറ്റിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കണം.

7. ആറുമാനൂർ വനിതാ വ്യവസായ സഹകരണ സംഘത്തിന്റെ പ്രവർത്തനം വിപുലപ്പെടുത്തണം.

8. അയർക്കുന്നം സർവ്വീസ് സഹകരണ ബാങ്കും പുന്നത്തുറ സർവ്വീസ് സഹകരണ ബാങ്കും തിരുവഞ്ചൂർ സർവ്വീസ് സഹകരണബാങ്കും കാർഷിക വിളകളുടെ വിപണനത്തിനുള്ള സംവിധാനം ഏർപ്പെടുത്തണം.

9. ക്ഷീര സംഘങ്ങളിൽ കൂടി കാലിത്തീറ്റ നിർമ്മിക്കുന്ന വ്യവസായ യൂണിറ്റുകൾ ഉണ്ടാകണം.

10. സഹകരണ സംഘം ഭരണസമിതിയംഗങ്ങൾക്കും ജീവനക്കാർക്കും പരിശീലനം നൽകണം.

11. മൂന്നു സർവ്വീസ് സഹകരണബാങ്കുകളിലും കമ്പ്യൂട്ടർ സംവിധാനം ഏർപ്പെടുത്തണം.

## അദ്ധ്യായം 5.11
## പട്ടിക ജാതി-പട്ടികവർഗ്ഗ ക്ഷേമം

1. കിണർ കുഴിക്കുന്നതിന് പതിനഞ്ചും മുപ്പതും സെൻറും സ്ഥലം വേണമെന്നുള്ള നിയമം ലഘൂകരിച്ച് പട്ടികജാതി-പട്ടികവർഗ്ഗക്കാർ തിങ്ങിപ്പാർക്കുന്ന പ്രദേശങ്ങളിൽ ആവശ്യമുള്ള കിണറുകൾ, കുഴൽക്കിണറുകൾ എന്നിവ നിർമ്മിക്കാനുള്ള പദ്ധതികളാവിഷ്ക്കരിക്കുക.

2. സ്വന്തമായി ഭൂമിയും വീടും ഇല്ലാത്ത പട്ടികജാതി-പട്ടികവർഗ്ഗങ്ങൾക്ക് വാസയോഗ്യമായ വീടു നിർമ്മിക്കുന്നതിനും നിലവിലുള്ള വീടുകൾക്ക് അറ്റകുറ്റപ്പണി ആവശ്യമുണ്ടെങ്കിൽ അതു നിർവ്വഹിക്കുന്നതിനും ആവശ്യമായ സാമ്പത്തിക സഹായം നൽകേണ്ടതാണ്.

3. ടി വിഭാഗത്തിൽപ്പെട്ടവർക്ക് കൃഷിഭൂമി വാങ്ങുന്നതിന് ആവശ്യമായ തുക അനുവദിക്കുന്നുണ്ടെങ്കിലും ടി വ്യവസ്ഥകളിലെ സാങ്കേതിക തടസ്സങ്ങൾ ഒഴിവാക്കി ടി തുക ലാപ്സാകുന്ന സാഹചര്യം ഇല്ലാതാക്കണം.

4. നിലവിലുള്ള നിയമങ്ങൾക്ക് അയവുവരുത്തിക്കൊണ്ട് പട്ടികജാതി. പട്ടികവർഗ്ഗ വിഭാഗത്തിൽപെട്ട എല്ലാ കുടുംബങ്ങൾക്കും വൈദ്യുതി കണക്ഷൻ ലഭ്യമാക്കുക.

5. 1985-ൽ സ്ഥാപിതമായതും ടി വിഭാഗത്തിലുള്ളവരുടെ ഉന്നമനം ലക്ഷ്യമാക്കി പ്രവർത്തിച്ചുവരുന്നതുമായ നിലവിലുള്ള സഹകരണസംഘം പുനരുദ്ധരിച്ച് അതിന്റെ പ്രവർത്തനം കാര്യക്ഷമമാക്കണം.

6. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളിലെ തൊഴിൽ രഹിതരായ വ്യക്തികൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിന് ക്ഷീരവികസന വകുപ്പ്, ചെറുകിട വ്യവസായ വകുപ്പ് തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നും ആവശ്യമായ സഹായങ്ങൾ ലഭ്യമാക്കുക.

7. പഞ്ചായത്തിന്റെ അധികാരത്തിൽ അവകാശപ്പെട്ടതും നിലവിൽ ഉപയോഗിമില്ലാതെ കിടക്കുന്നതുമായ വെറും ഭൂമി സ്വന്തമായി ഭൂമിയില്ലാത്ത ടി വിഭാഗത്തിൽ പെട്ടവർക്ക് നൽകണം.

8. അയർക്കുന്നം പഞ്ചായത്തിൽ സൗകര്യപ്രദമായ സ്ഥലത്ത് ടി വിഭാഗത്തിലുള്ളവർക്കായി ഒരു പൊതു ശ്മശാനം നിർമ്മിക്കുക. (റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നത് പൊതു സ്മശാനമല്ല.)

9. ടി വിഭാഗത്തിലുള്ളവരെ സംബന്ധിച്ചുള്ള വികസന പദ്ധതികൾ ത്വരിതഗതിയിൽ നടപ്പിൽ വരുത്താൻ മാത്രം പഞ്ചായത്ത് തലത്തിൽ ഒരു പ്രത്യേക വികസനക്കമ്മറ്റി രൂപീകരിക്കുക.

## അദ്ധ്യായം 5-12
## വിഭവസമാഹരണം

1. എല്ലാ വിഭാഗം തൊഴിലുകൾക്കും നിശ്ചിത തോതിൽ നികുതി ഏർപ്പെടുത്തണം.

2. പഞ്ചായത്ത് പുറമ്പോക്കുകളിൽ പുതിയ വൃക്ഷങ്ങൾ വെച്ചു പിടിപ്പിച്ചും വളർച്ച പൂർത്തിയായവ വെട്ടി വിൽക്കുന്നതിൽ കൂടിയും വരുമാനം വർദ്ധിപ്പിക്കാം.

പഴമയും പുതുമയും



അയർക്കുന്നം 1996-ൽ



അയർക്കുന്നം എഴുപതുകളിൽ

KERALA INSTITUTE OF LOCAL ADMINISTRATION ★ THRISSUR
LIBRARY
4243



ഏഴ്-ഒമ്പത് വാർഡുകളെ ബന്ധിപ്പിക്കുന്ന
പഞ്ചായത്തിലെ വലിയ പാലം